ജി. ചേടിയത്ത്

# സാക്ഷികളുടെ നിര

OIRSI
No. 319

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2009

**G.CHEDIATH, SAKSHIKALUDE NIRA**

A Publication of the Oriental Institute of Religious studies, P. B. No.10.
Vadavathoor, Kottayam, 686010. Kerala. India.

© G. Chediath, 2009

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : 50 /-

ISBN : 978-81-88456-44-4

# ഉള്ളടക്കം

| | | |
|---|---|---|
| | ആമുഖം | 4 |
| 1 | കർത്താവായ ഈശോമിശിഹാ | 7 |
| 2 | വി. യൗസേപ്പും വി. കന്യകാമറിയവും | 17 |
| 3 | വി. സ്തേഫാനോസ് | 21 |
| 4 | വി. പൗലോസ് ശ്ലീഹാ | 26 |
| 5 | അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (+110) | 41 |
| 6 | വി. ജസ്റ്റിൻ (+165) | 48 |
| 7 | സ്മിർണായിലെ വി. പോളിക്കാർപ്പ് (+156) | 56 |
| 8 | രക്തസാക്ഷികളുടെ സാക്ഷ്യം | 63 |
| 9 | ഒരിജൻ (+253) | 71 |
| 10 | വി. സിപ്രിയാൻ (+258) | 76 |
| 11 | വി. അത്തനാസ്യോസ് (+373) | 83 |
| 12 | വി. അപ്രേം (+373) | 89 |
| 13 | വി. ബേസിലും (+379) വി. ഗ്രിഗറി നസ്യാൻസനും (+390) | 96 |
| 14 | വി. ജോൺ ക്രിസൊസ്തോം (+407) | 103 |

# ആമുഖം

നമുക്കു ചുറ്റും സാക്ഷികളുടെ ഒരു വലിയ സമൂഹമുണ്ട്. നമുക്കു മുമ്പേ പോയി വഴിതെളിച്ച ആ മഹാരഥന്മാരെ അനുസ്മരിക്കുന്നത് ഉചിതമാണ്, അനുഗ്രഹപ്രദമാണ്. എബ്രായലേഖനത്തിൽ പറയുന്നതുപോലെ, "നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണതയിൽ എത്തിക്കുന്നവനുമായ യേശുവിനെ നാം എപ്പോഴും മുന്നിൽ കാണണം" (12,2). "അവൻ എന്തുചെയ്തു എന്ന് തുടർന്ന് വിവരിക്കുന്നു: അവൻ തനിക്കുണ്ടായിരുന്ന സന്തോഷം ഉപേക്ഷിച്ച്, അപമാനം വകവയ്ക്കാതെ കുരിശ് ക്ഷമയോടെ സ്വീകരിച്ചു..." (12,2-3). അവിടുന്ന് എന്തിനവേണ്ടി സഹിച്ചെന്നും പറയുന്നു: "സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിനു പുറത്തുവച്ച് പീഡനമേറ്റു" (13,12). "തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു" (10,20). അവിടുന്ന് സഹനത്തിലൂടെ അനുസരണം അഭ്യസിച്ചു (5,7-8). രക്ഷയുടെ കർത്താവ് സഹനത്തിലൂടെ പരിപൂർണനാക്കപ്പെട്ടു. എല്ലാക്കാര്യങ്ങളിലും അവൻ പരീക്ഷണവിധേയനായി. എന്നാൽ അവൻ തന്റെ ദൗത്യം നിറവേറ്റി: "അവൻ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി സാക്ഷ്യപ്പെടുത്തി" (യോഹ.3,32). സത്യദൈവത്തെപ്പറ്റി മനുഷ്യരെ പഠിപ്പിച്ചു. അവരെ സത്യാരാധനയിലേക്ക് ആനയിച്ചു: "ദൈവം ആത്മാവാകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ.4,23-24). അവിടുന്ന് നിരന്തരം പിതാവിന്റെ തിരുഹിതം നിറവേറ്റി: "പിതാവ് ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധിക്കയില്ല. എന്നാൽ പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു" (യോഹ.5,19). എപ്പോഴും പിതാവിന്റെ തിരുഹിതം നിറവേറ്റിയ പുത്രൻ കുരിശിൽ കിടന്ന്, 'എല്ലാം പൂർത്തിയായിരിക്കുന്നു' എന്നുപറഞ്ഞുകൊണ്ട് തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു (യോഹ.19,30).

ഈ യേശുവിനെ മുന്നിൽ കണ്ടുകൊണ്ട് തങ്ങളുടെ കുരിശെടുത്ത് യേശുവിന്റെ പിന്നാലെ പോയ സാക്ഷികളുടെ ഒരു വലിയ നിരയെ സഭാചരിത്രത്തിൽ കാണാൻ കഴിയും. മിശിഹായുടെ വരവിനു മുമ്പ് മിശിഹായെ പ്രതീക്ഷിച്ചുകൊണ്ട് പീഡ സഹിച്ച വൻനിരയെപ്പറ്റി എബ്രായലേഖനം സൂചിപ്പിക്കുന്നു (എബ്രാ.11,35-38). വരാനിരിക്കുന്ന നല്ല വസ്തുക്കളുടെ പ്രതീക്ഷയാണ് ക്ഷമാപൂർവമായ സഹനത്തിന് അവരെ പ്രേരിപ്പിച്ചത്. അവരുടെ ചരിത്രം നമ്മെ ഉത്സാഹഭരിതരാക്കേണ്ടതാണ്. കർത്താവിനെ പെറ്റു വളർത്തിയ പരിശുദ്ധ കന്യകമറിയം, "ഇതാ, ഞാൻ കർത്താവിന്റെ ദാസി" എന്ന് ഒരിക്കൽ ഉച്ചരിച്ച വചനം ജീവിതകാലം മുഴുവൻ അന്വർഥമാക്കി; മറിയത്തോടുചേർന്ന് വിശുദ്ധ യൗസേപ്പും. ആദ്യരക്തസാക്ഷിയായ സ്തേഫാനോസ്, തന്നെ കല്ലെറിയുന്നവർക്കുവേണ്ടി പ്രാർഥിച്ചുകൊണ്ട് ദൈവമഹത്വത്തിലേക്ക് പ്രവേശിച്ചു. മാനസ്സാന്തരപ്പെട്ട ശൗൽ ലോകഗുരുവായിത്തീരുകയും നിരവധി പീഡനങ്ങളിലൂടെ സുവിശേഷസന്ദേശം സന്തോഷപൂർവം പങ്കുവയ്ക്കുകയും ചെയ്തു.

"എന്റെ ദൈവത്തിന്റെ പീഡാനുഭവം ഞാൻ അനുകരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ട്, ദൈവവാഹകനും അഗ്നിമയനുമായ ഇഗ്നേഷ്യസ് റോമൻകൊളോസിയത്തിലേക്കിറങ്ങി വന്യമൃഗങ്ങളെ മാടിവിളിച്ചു. "ഞാൻ ഒരു ക്രിസ്ത്യാനിയാണ്" എന്ന് ജസ്റ്റിനും തന്റെ കൂട്ടുകാരും തങ്ങളുടെ രക്തസാക്ഷിത്വത്തിനു മുമ്പ് ഉറക്കെ വിളിച്ചുപറഞ്ഞു. "ദൈവത്തിന്റെ ഇഷ്ടം നടക്കട്ടെ" എന്നാണ് വി. പോളിക്കാർപ്പ് പ്രഖ്യാപിച്ചത്.

റോമൻ സാമ്രാജ്യത്തിലെ വിവിധ പ്രദേശങ്ങളിൽ ധീരരക്തസാക്ഷികൾ സഹിച്ച വിവിധതരം പീഡകളെപ്പറ്റി സഭാചരിത്രകാരനായ എവുസേബിയസ് തന്റെ സഭാചരിത്രം എട്ടാംപുസ്തകത്തിൽ വിവരിക്കുന്നു. പുരാതനസഭയിലെ ഒരുജ്ജ്വലതാരമായ ഒരിജൻ എന്ന പ്രശസ്തപണ്ഡിതന് തന്റെ സ്വന്തം സഭാനേതൃത്വത്തിൽ നിന്നുണ്ടായ അപമാനവും എവുസേബിയസ് വരച്ചുകാട്ടുന്നു. 'സഭാപരവും ശ്ലൈഹികവുമായ പാരമ്പര്യത്തിൽ നിന്ന് വ്യത്യാസമില്ലാത്തതു മാത്രമേ സത്യമായി അംഗീകരിക്കാവൂ' എന്ന് ഒരിജൻ തന്റെ പ്രധാനകൃതിയുടെ ആമുഖത്തിൽ പറയുന്നു. "അദ്ദേഹത്തിന്റെ വാക്കുപോലെ ആയിരുന്നു ജീവിതം; ജീവിതംപോലെ വാക്കും. ഇക്കാരണത്താൽ ദിവ്യശക്തിയുടെ സഹകരണത്തോടെ അദ്ദേഹം അനേകരെ തന്റെ തീക്ഷ്ണതയിൽ പങ്കുകാരാക്കി" (സഭാചരിത്രം,6,3.7).

തന്റെ തല വെട്ടിക്കൊല്ലാനുള്ള വിധിവാചകം കേട്ടപ്പോൾ വി.സിപ്രിയാൻ ദൈവത്തിനു നന്ദിപറഞ്ഞു. മഹാനായ അത്തനാസ്യോസിന് പതിനേഴുവർഷം ഒളിവിൽ കഴിയേണ്ടിവന്നു. ആരിയൻ പക്ഷപാതികളായ മെത്രാന്മാരുടെ ഉപജാപങ്ങൾ അദ്ദേഹത്തെ വളരെ ക്ലേശിപ്പിച്ചു. ജൂലിയൻ എന്ന വിശ്വാസധ്വംസക ചക്രവർത്തിയുടെ ദുഷ്ടതമൂലം മാർ അപ്രേമിനും കൂടെയുള്ള ക്രൈസ്തവജനതയ്ക്കും നാടും നഗരവും നഷ്ടപ്പെട്ട്, ഒളിച്ചോടേണ്ടിവന്നു. മഹാനായ ബേസിൽ സത്യവിശ്വാസത്തിനുവേണ്ടി അടിയുറച്ച് നിലകൊണ്ടു; രാഷ്ട്രീയാധികാരികളുടെ മുമ്പിൽ അൽപംപോലും മുട്ടുമടക്കാതെയും ഒത്തുതീർപ്പുകൾ ഉണ്ടാക്കാതെയും സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. "നാടുകടത്തൽ ഞാൻ അറിയുന്നില്ല, ഈ നാടും നാടുകടത്തപ്പെടുന്ന ഏതു നാടും ദൈവത്തിന്റേതാണ്" എന്ന്, 'നാടുംകടത്തും കണ്ടു

കെട്ടും' എന്നൊക്കെ പറഞ്ഞുവന്ന മൊദെസ്തുസ് എന്ന ഉദ്യോഗസ്ഥനോട് ബേസിൽ വെട്ടിത്തുറന്നു പറഞ്ഞു. വി.ഗ്രിഗറി നസ്യാൻസൻ കലഹത്തിൽ നിന്നും തർക്കങ്ങളിൽനിന്നും സ്ഥാനമാനങ്ങളിൽ നിന്നും അകന്നുകഴിയാൻ ആഗ്രഹിച്ച മഹാനാണ്. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് രാജിവ ച്ചുപോയപ്പോൾ ചെയ്ത പ്രസംഗം ഹൃദയസ്പൃക്കാണ്. "കുറേപ്പേരെങ്കിലും എന്റെ മാതൃക അനുകരിച്ചാൽ സഭയ്ക്ക് സമാധാനം കിട്ടുമായിരുന്നു" എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അന്ത്യോക്യൻ സഭയിലെ ജ്യോതിർഗോളവും സ്വർണനാവുകാരനുമായ വി.ജോൺ ക്രിസൊസ്തോം നാടുകടത്തപ്പെട്ട്, വിപ്രവാസത്തിലാണ് മരിച്ചത്. ക്രിസ്തുവിന്റെ സത്യത്തിനുവേണ്ടി വലത്തു കൈയും നാക്കും ഛേദിക്കപ്പെട്ട് കഠിനവേദന അനുഭവിച്ചാണ് മാക്സിമൂസ് മരിച്ചത്.

ഇതുപോലെ എത്രയെത്ര മഹാരഥന്മാർ സഭയിൽ ഉണ്ടായി! ചിലർക്ക് രാഷ്ട്രീയനേതാക്കളിൽ നിന്നും ചിലർക്ക് സഭാനേതാക്കളിൽനിന്നും പീഡ നമേൽക്കേണ്ടിവന്നു. "അവർ നിങ്ങളെ ന്യായാധിപസംഘങ്ങൾക്ക് ഏൽപ്പി ച്ചുകൊടുക്കും. സിനഗോഗുകളിൽവച്ച് നിങ്ങളെ പ്രഹരിക്കും. ദേശാധിപതി കളുടെയും രാജാക്കന്മാരുടെയും മുമ്പാകെ എനിക്കു സാക്ഷ്യം നൽകാൻ നിങ്ങൾ നിൽക്കും" (മർക്കോ.13,9) എന്ന കർതൃവചനം അവർ ഓർത്തു. "ഞാനോ ഇതാ, ലോകാവസാനംവരെ എല്ലാ നാളുകളും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ഉറപ്പിൽ അവർ വിശ്വസിച്ചു (മത്താ.28,20). മനോ ധൈര്യം അസ്തമിച്ച് തളർന്നുപോകാതെ അവർ ക്രൂശിതന്റെ പിറകേ നട ന്നു. യഥാർഥ ക്രിസ്തുശിഷ്യരാകാൻ സഹനം അത്യന്താപേക്ഷിതമാണെ ന്ന് അവരൊക്കെ വിശ്വസിച്ചു. അവനുവേണ്ടി അപമാനം സഹിച്ചുകൊണ്ട് അവർ അവന്റെ പക്കലേക്കുപോയി. അനേകായിരങ്ങളിൽനിന്ന് വളരെ കുറച്ചു പേരേ മാത്രമേ ഇവിടെ എടുത്തുകാട്ടിയിട്ടുള്ളു. "അവരുടെ മാതൃക അനു കരിക്കുവിൻ" എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ്, മെത്രാന്മാർ അവരുടെ നാമധാരികളായിരിക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച എല്ലാ വരെയും നന്ദിപൂർവം ഓർക്കുന്നു. ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീക രണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണം ഡയറക്ടർ ബ. മേക്കാട്ടു കുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനി പ്രസിലെ അധി കാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോ ഷപൂർവം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, ജി.ചേടിയത്ത്
കാട്ടാക്കട, ചൂണ്ടുപലക. തിരുവനന്തപുരം. 695572.
സെപ്റ്റംബർ 20, 2009.



# 1

# കർത്താവായ ഈശോമിശിഹാ

കർത്താവായ ഈശോമിശിഹാ പിതാവായ ദൈവത്തിന്റെ സത്യസാ ക്ഷിയായിരുന്നു. അവിടുന്ന് നിരന്തരം പിതാവിന് സാക്ഷ്യം നൽകി. പിതാ വിൽ നിന്ന് കേട്ടവ മനുഷ്യരെ അറിയിച്ചു, പിതാവിന്റെ സവിധത്തിൽ കണ്ട തുപോലെ അവിടുന്ന് പ്രവർത്തിച്ചു. പിതാവിനെ മനുഷ്യകുലത്തിന് വെളി പ്പെടുത്തിക്കൊടുത്തു. "പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ. 1,18). തനിക്ക് പിതാവുമായുള്ള ബന്ധം വ്യക്തമാക്കി. "അവിടുന്ന് യഥാകാലം നൽകപ്പെട്ട സാക്ഷ്യമായിരുന്നു" (1തിമോ.2,5-6). പുതിയനിയമഗ്രന്ഥങ്ങളിൽ, പ്രത്യേകിച്ച് യോഹന്നാന്റെ സുവിശേഷത്തിൽ, നമ്മുടെ കർത്താവ് പിതാ വിനെപ്പറ്റി മനുഷ്യരെ ഗ്രഹിപ്പിക്കാൻ പരിശ്രമിച്ചതിന്റെ ദൃഷ്ടാന്തങ്ങൾ കാണാം.

മനുഷ്യരക്ഷയ്ക്കായി മന്നിൽ പിറന്ന ഈശോമിശിഹായുടെ ജീവി തവും മരണവും ആർക്കു വിവരിക്കാൻ കഴിയും? ആ മനുഷ്യസ്നേഹി സഹിച്ച സഹനങ്ങൾ കരളലിയിക്കുന്നതാണ്. ഭൂമിയിൽ ജീവിച്ച കാലത്ത് അവിടുന്ന് നന്മ മാത്രം പ്രവർത്തിച്ചു. പിതാവിന്റെ തിരുഹിതം നിവർത്തി ക്കുന്നതിൽ നിരന്തരം ജാഗരൂകനായിരുന്നു. അവിടുന്ന് ജനതകളുടെ പ്രകാ ശമായി അവതരിച്ചു. ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹം ഈശോയായി മനുഷ്യമധ്യത്തിൽ ജീവിച്ചു. യേശു തന്റെ സ്നേഹത്തിൽ നിന്ന് ആരെയും ഒഴിവാക്കിയില്ല. തന്നിൽ വിശ്വസിച്ച സകലരെയും, തന്നെ സമീപിച്ച സകല രെയും അവിടുന്ന് സമാശ്വസിപ്പിച്ചു. ആത്മശരീരങ്ങളുടെ യഥാർഥവൈദ്യ നായി അവിടുന്ന് മനുഷ്യരോട് ഇടപെട്ടു. "അവിടുത്തെ വായിൽ വഞ്ചന ഇല്ലായിരുന്നു" (1 പത്രോ 2,22). "നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോ പിക്കാൻ കഴിയും?" എന്ന് അവിടുന്ന് ചോദിച്ചു. അവിടുന്ന് സത്യമായും ദൈവസുതനാണെന്ന് അടയാളങ്ങൾകൊണ്ടും അത്ഭുതങ്ങൾകൊണ്ടും സ്ഥിരീകരിച്ചു.

ഈശോയുടെ കാലത്തെ യഹൂദപ്രമാണിമാരും പ്രധാന പുരോഹിതന്മാരും നിയമജ്ഞരും മോശയുടെ നിയമത്തിന് നൽകിയ പല വ്യാഖ്യാനങ്ങളും അവിടുന്ന് അംഗീകരിച്ചില്ല. മോശയിലൂടെ നൽകപ്പെട്ട നിയമത്തെ അവിടുന്ന് പൂർത്തിയാക്കി. അതിന്റെ അന്തസ്സത്ത മനസ്സിലാക്കിക്കൊടുത്തു. അവിടുന്ന് പാപികളെയും ചുങ്കക്കാരെയും വേശ്യകളെയും കവർച്ചക്കാരെയും സമറിയാക്കാരെയും ഒക്കെ സ്നേഹിച്ചു. അവിടുന്ന് എപ്പോഴെങ്കിലും ആരെയെങ്കിലും അകറ്റിയതായി കേട്ടിട്ടില്ല. എന്നാൽ മോശയുടെ നിയമത്തെ വളച്ചൊടിച്ച്, സ്വാർഥമതികളും അഹങ്കാരികളുമായി കഴിഞ്ഞ യഹൂദപ്രമാണികളെ അവിടുന്ന് നിശ്ശിതമായി വിമർശിച്ചു, കുറ്റപ്പെടുത്തി. അപ്രകാരം ചെയ്തതും അവർ മാനസ്സാന്തരപ്പെടുന്നതിനു വേണ്ടിയാണ്. എന്നാൽ അവർക്കതിന് മനസ്സുവന്നില്ല: "പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു"(യോഹ. 3,20).

യഹൂദജനം നൂറ്റാണ്ടുകളായി രക്ഷകനുവേണ്ടി കാത്തിരുന്നു. രക്ഷകൻ വന്നപ്പോൾ അവർ സൗകര്യപൂർവം അവനെ തിരസ്ക്കരിച്ചു. അവർ വിഭാവന ചെയ്ത രീതിയിലല്ല രക്ഷകൻ വന്നത്, പിന്നെയോ, പ്രവചിക്കപ്പെട്ടിരുന്ന രീതിയിലത്രേ. അതുൾക്കൊള്ളാൻ അക്കാലത്തെ യഹൂദപ്രമാണികൾക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അവരെല്ലാം ഒത്തുകൂടി ഈശോയെ പിടികൂടി പീഡിപ്പിക്കുകയും കുരിശിൽ തറച്ചു കൊല്ലുകയും ചെയ്തു. "പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി" ഒറ്റുകാരനൊപ്പം പുരോഹിതപ്രമുഖരും പടയാളികളും ഫരിസേയരുടെ സേവകരും ഈശോയെ പിടിക്കാനെത്തി" (യോഹ.18,3). വഞ്ചകനായ ശിഷ്യൻ "ഗുരുവേ, സ്വസ്തി" എന്നു പറഞ്ഞ് ചുംബിച്ചുകൊണ്ടാണ് മുപ്പതു വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുത്തത് (മത്താ.26,49). അപ്പോഴും ഈശോ അവനെ "സ്നേഹിതാ" എന്നാണ് വിളിച്ചത്. അവരോട് അവിടുന്നു പറഞ്ഞു: "കവർച്ചക്കാരനെതിരെ എന്നപോലെ വാളുകളും വടികളുമായി നിങ്ങൾ എന്നെ ബന്ധിക്കാൻ വന്നിരിക്കുന്നുവോ? ഞാൻ ദിവസവും നിങ്ങളോടുകൂടെ ദേവാലയത്തിൽ ആയിരുന്നപ്പോൾ നിങ്ങൾ എന്നെ പിടിച്ചില്ല. എന്നാലിത് നിങ്ങളുടെ സമയമാണ്, അന്ധകാരത്തിന്റെ ആധിപത്യവും" (ലൂ.22,52-53). അവർ യേശുതമ്പുരാനെ പിടിച്ചുകെട്ടി വലിച്ചിഴച്ച് പ്രധാനപുരോഹിതന്റെ അടുക്കലേക്ക് കൊണ്ടുപോയി. "അപ്പോൾ ശിഷ്യന്മാരെല്ലാം അവനെ വിട്ട് ഓടിപ്പോയി" (മർക്കോ. 14,50). അതായത് ഈശോയുടെ പക്ഷത്ത് ആരും ഉണ്ടായിരുന്നില്ല. പത്രോസ് അവന്റെ പിന്നാലെ അൽപ്പനേരം നടന്നശേഷം കടന്നുകളഞ്ഞു, തള്ളിപ്പറയാനും ആണയിടാനും തുടങ്ങി. ഇത്രയധികം മനുഷ്യർക്ക് നന്മ ചെയ്തിട്ടും, ഈശോയ്ക്കുവേണ്ടി വാദിക്കാനോ, ഈശോയുടെ കൂടെ നിൽക്കാനോ, എതിരാളികളെ തടയാനോ ആരും ഇല്ലായിരുന്നു എന്നത് അത്യാശ്ചര്യകരം തന്നെ. അതിന് ഈശോയുടെ പ്രതികരണം ഇപ്രകാരമായിരുന്നു: "എനിക്ക് എന്റെ പിതാവിനോട് അപേക്ഷിക്കാൻ കഴിയുകയില്ലെന്നും ഉടൻ തന്നെ അവിടുന്ന് എനിക്ക് തന്റെ ദൂതന്മാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചുതരികയില്ലെന്നും വിചാരിക്കുന്നുവോ?" (മത്താ.26,53).



ന്യായാധിപസംഘത്തിനു മുമ്പിൽ കെട്ടപ്പെട്ടവനായി നിന്ന ഈശോയ്ക്കെതിരെ പല കള്ളസാക്ഷികളും കടന്നുവന്നെങ്കിലും, അവർക്ക് സാക്ഷ്യമൊന്നും കിട്ടിയില്ല. അവസാനം രണ്ടുപേർ മുമ്പോട്ടുവന്ന് ദേവാലയം സംബന്ധിച്ച് ദുരാരോപണവും കള്ളസാക്ഷിയും നൽകി (മത്താ.26,60-61). "ഇക്കാര്യത്തിലും അവരുടെ സാക്ഷ്യങ്ങൾ പൊരുത്തപ്പെട്ടില്ല" (മർക്കോ.14,59). ദുരാരോപണങ്ങളും മഹാപുരോഹിതരുടെ സേവകരുടെ കള്ളസാക്ഷ്യങ്ങളും കേട്ടിട്ടും "അവൻ നിശ്ശബ്ദനായിരുന്നു, മറുപടിയൊന്നും പറഞ്ഞില്ല"(മർക്കോ. 14,61). "താഴ്മ നിമിത്തം അവൻ വായ് തുറന്നില്ല" (ഏശാ. 53,7). സർവജ്ഞന്റെ മുമ്പിൽ അവർക്കെങ്ങനെ കള്ളസാക്ഷ്യം നൽകാൻ കഴിഞ്ഞു!

ചോദ്യം ചെയ്യലോ, വിസ്താരമോ ഒന്നും കൂടാതെ തന്നെ അവൻ മരണാർഹനാണെന്ന് അവരെല്ലാവരും തീർപ്പു കൽപ്പിച്ചു (മത്താ.26,66). "ഈശോയ്ക്ക് കാവൽ നിന്നിരുന്നവർ അവനെ പരിഹസിക്കുകയും അടിക്കുകയും ചെയ്തു. അവർ അവന്റെ കണ്ണുകൾ മൂടിക്കൊണ്ട്, 'നിന്നെ അടിച്ചവൻ ആരെന്ന് പ്രവചിക്കുക' എന്നു പറഞ്ഞു. അവർ അവനെ അധിക്ഷേപിച്ച്, അവനെതിരെ പലതും പറഞ്ഞു" (ലൂ.22,63-65). "ചിലർ അവനെ തുപ്പാനും മുഖം മൂടിക്കെട്ടി മുഷ്ടികൊണ്ട് ഇടിക്കാനും തുടങ്ങി. ഭൃത്യന്മാർ അവന്റെ ചെകിട്ടത്തടിച്ചു" (മർക്കോ. 14,65). പ്രധാനപുരോഹിതൻ ചോദ്യം ചെയ്തപ്പോൾ ഈശോ പറഞ്ഞു: "എല്ലാ യഹൂദരും ഒരുമിച്ചു കൂടുന്ന സിനഗോഗിലും ദേവാലയത്തിലുമാണ് ഞാൻ എപ്പോഴും പഠിപ്പിച്ചിട്ടുള്ളത്. രഹസ്യമായി ഞാൻ ഒന്നും സംസാരിച്ചിട്ടില്ല. ഞാൻ പറഞ്ഞത് എന്താണെന്ന് അത് കേട്ടവരോട് ചോദിക്കുക". അടുത്തുനിന്ന സേവകന് അത് പിടിച്ചില്ല. "ഇങ്ങനെയാണോ പ്രധാനപുരോഹിതനോട് മറുപടി പറയുന്നത്?"എന്നു ചോദിച്ചുകൊണ്ട് അവൻ ഈശോയെ അടിച്ചു. അപ്പോൾ അവനോട് ഈശോ പറഞ്ഞു: "ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ അത് തെളിയിക്കുക. ശരിയാണ് പറഞ്ഞതെങ്കിൽ, നീയെന്തിന് എന്നെ അടിക്കുന്നു?" (യോഹ.18,19-24). സുഖമാക്കപ്പെട്ട വരണ്ട കൈകൊണ്ടുതന്നെ ഈശോയ്ക്ക് അടികൊള്ളണമായിരുന്നു. അതാണല്ലോ മാനുഷിക കൃതജ്ഞത!

ഇവൻ ചെയ്ത തെറ്റ് എന്താണെന്ന് പീലാത്തോസ് യഹൂദരുടെ പ്രധാന പുരോഹിതരോട് ഒന്നിലേറെ പ്രാവശ്യം ചോദിച്ചു. അവർക്ക് ന്യായ

മായ ഉത്തരമൊന്നും നൽകാനില്ലായിരുന്നു. "ഇവൻ തിന്മ പ്രവർത്തിക്കുന്നവൻ അല്ലെങ്കിൽ ഞങ്ങൾ ഇവനെ നിനക്ക് ഏൽപ്പിച്ചു തരികയില്ലായിരുന്നു" (യോഹ.18,30). അവർ നന്മയ്ക്കുവേണ്ടി നിലകൊള്ളുന്നവരും ദൈവപുത്രൻ തിന്മ പ്രവർത്തിക്കുന്നവനും! കുറ്റവിചാരണയ്ക്കുശേഷം പീലാത്തോസ് മഹാപുരോഹിതന്മാരോടും ജനപ്രമാണിമാരോടും കുറ്റാരോപകരോടും പറഞ്ഞു: "നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളിൽ ഒന്നുപോലും ഇവനിൽ ഞാൻ കണ്ടില്ല. ഹേറോദേസും കണ്ടില്ല. മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഇവൻ ചെയ്തിട്ടില്ല." അതിനാൽ ഞാൻ ഇവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയക്കും" (ലൂ.23,15-16.22). കുറ്റം ആരോപിക്കയല്ലാതെ തെളിയിക്കാൻ യഹൂദർക്ക് കഴിഞ്ഞില്ല."അവനെ ക്രൂശിക്കുക"എന്ന് എല്ലാവരും പറഞ്ഞു. കുറ്റം ചെയ്യാത്തവനെ ചമ്മട്ടികൊണ്ട് അടിക്കുന്നതെന്തിന്? "മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഞാൻ അവനിൽ കണ്ടില്ല. അതുകൊണ്ട് ഞാൻ അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയക്കും"(ലൂ. 23,22). - ഇതാണ് പീലാത്തോസിന്റെ നീതിയും ന്യായവിധിയും! ദുരാരോപകർ ശിക്ഷാർഹരാണെന്നുള്ള നിയമംപോലും പീലാത്തോസ് സൗകര്യപൂർവം വിസ്മരിച്ചു. ജനങ്ങളുടെ ആരവാരം മാത്രം ശ്രവിച്ചു. തന്റെ തടിയും നോക്കി: "ഇവനെ മോചിപ്പിച്ചാൽ നീ സീസറിന്റെ സ്നേഹിതനല്ല" എന്ന ജനങ്ങളുടെ പ്രസ്താവനയും പീലാത്തോസിനെ നടുക്കി (യോഹ. 19,12). താൻ നിരപരാധിയാണെന്നു കാണിക്കാൻ പീലാത്തോസ് കൈകൾ കഴുകി (മത്താ.27,24). നീതി പ്രവർത്തിക്കേണ്ടവൻ ഒഴിഞ്ഞുമാറി നീതി നടപ്പാക്കാതിരിക്കുന്നതാണോ ആത്മാർഥത? ഈശോയെ അടിച്ചതിനു പകരം പീലാത്തോസ് യഹൂദപ്രമാണികളെയാണ് അടിച്ചു പുറത്താക്കേണ്ടിയിരുന്നത്. പീലാത്തോസ് തന്റെ കൈ കഴുകിയിട്ട് ഈശോയെ ക്രൂശിക്കാനായി അവർക്കേൽപ്പിച്ചുകൊടുത്തു. ഇതുപോലെ ക്രൂരവും നീതിരഹിതവുമായ ഒരു വിധി ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല! ഇതുപോലെ ഒരനുഭവം മറ്റാർക്കും ഉണ്ടായിട്ടില്ല!

നമ്മുടെ കർത്താവിൽ ഒരു കുറ്റവും കണ്ടെത്താൻ ആർക്കും കഴിഞ്ഞില്ല. അവൻ പാപിനിയെ സ്നേഹിച്ചതാണോ കുറ്റം? വിധവയുടെ മകനെ ജീവിപ്പിച്ചതാണോ കുറ്റം? ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചതാണോ കുറ്റം? (മത്താ.4,23). തളർവാദരോഗിയെ സുഖപ്പെടുത്തിയതാണോ കുറ്റം? ഒരു മനുഷ്യനും ഒരിക്കലും പറയാത്ത രീതിയിൽ "ശത്രുക്കളെ സ്നേഹിക്കാൻ" ഉപദേശിച്ചതാണോ കുറ്റം? സത്യദൈവത്തെ എങ്ങനെ ആരാധിക്കണമെന്ന് കാട്ടിക്കൊടുത്തതാണോ കുറ്റം? പിശാചുബാധിതരെ സുഖപ്പെടുത്തിയതാണോ കുറ്റം? (മത്താ.8,28). രക്തസ്രാവക്കാരിയെ സാന്ത്വനപ്പെടുത്തിയതാണോ കുറ്റം? ഭരണാധിപന്റെ മകളെയും ലാസറി



നെയും ഉയർപ്പിച്ചതാണോ കുറ്റം? അന്ധർക്കു കാഴ്ചയും ഊമർക്ക് സംസാരശക്തിയും നൽകിയതാണോ കുറ്റം? കൈ ശോഷിച്ചവനെ സുഖപ്പെടുത്തിയതാണോ കുറ്റം? അപ്പം വർധിപ്പിച്ചുകൊടുത്ത്, വിശന്നുവലഞ്ഞ ആയിരങ്ങളെ തീറ്റിപ്പോറ്റിയതാണോ കുറ്റം? മുടന്തർ, വികലാംഗർ, അന്ധർ, ഊമർ തുടങ്ങി പലരേയും അവൻ സുഖപ്പെടുത്തിയതാണോ കുറ്റം? (മത്താ.15,30 -31). അഥവാ, അപസ്മാരരോഗിയെ സൗഖ്യമാക്കിയതാണോ കുറ്റം? കുഷ്ഠരോഗിയെ സൗഖ്യമാക്കിയതാണോ കുറ്റം? (മർക്കോ.1,40). കടലിനെ ശാന്തമാക്കിയതാണോ കുറ്റം? മൂകനും ബധിരനുമായവനെ സുഖപ്പെടുത്തിയതാണോ കുറ്റം? - അവർക്ക് ഒറ്റ മറുപടി മാത്രമേ ഉണ്ടായിരുന്നുള്ളു. "അവനെ കൊണ്ടുപോകുക, ക്രൂശിക്കുക, അവനെ ക്രൂശിക്കുക". "അവനെ ക്രൂശിക്കണമെന്ന് അവർ നിർബന്ധപൂർവം ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു" (ലൂ.23,23). അവസാനം അവരുടെ നിർബന്ധം തന്നെ വിജയിച്ചു. എന്നും എക്കാലവും അവരുടെ നിർബന്ധം തന്നെ വിജയിക്കുകയും ചെയ്യും. ഈശോയുടെ അനുഗ്രഹം പ്രാപിച്ചവരും ആ ജനക്കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കാം. അതല്ലെങ്കിൽ ആ അവസരം അവരെല്ലാം എവിടെപ്പോയി? എല്ലാവരും സൻഹെദ്രിൻ സംഘത്തിന്റെ ഗൂഢാലോചനയാൽ നിശ്ശബ്ദരായി നിന്നു.

നമ്മുടെ കർത്താവും ആദ്യമാദ്യം കുറെയൊക്കെ ന്യായവാദം നടത്തിയെങ്കിലും, അവർ അതൊന്നും ശ്രദ്ധിക്കുന്നില്ലെന്നു മനസ്സിലാക്കി. ഇതാണ് തന്റെ പിതാവിന്റെ തിരുഹിതമെന്ന് ഗ്രഹിച്ച്, "ഈശോ പിന്നെ മറുപടി ഒന്നും പറഞ്ഞില്ല" (യോഹ.19,9). "ഞങ്ങൾക്കൊരു നിയമമുണ്ട്. ആ നിയമം അനുസരിച്ച് ഇവൻ മരിക്കണം. കാരണം, ഇവൻ തന്നെത്തന്നെ ദൈവപുത്രനാക്കിയിരിക്കുന്നു എന്ന് അവർ അലറി വിളിച്ചുപറഞ്ഞു" (യോഹ. 19,7). അതുതന്നെ പച്ചക്കള്ളം. കാരണം, "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്ന് ഒന്നിലേറെ പ്രാവശ്യം സ്വർഗത്തിൽ നിന്ന് പിതാവിന്റെ സാക്ഷ്യമുണ്ടായി (മത്താ. 3,17;17,5). യഹൂദർ പറഞ്ഞ നിയമം രോഗികളോടും ആകുലരോടും പാപികളോടും ദരിദ്രരോടും അജ്ഞരോടും ചുങ്കക്കാരോടും സമറിയാക്കാരോടും വ്യഭിചാരിണികളോടും കരുണാരഹിതമായി പ്രവർത്തിക്കുന്നതായിരുന്നു. കൊതുകിനെ അരിക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നതായിരുന്നു ആ നിയമവ്യാഖ്യാനങ്ങൾ. നമ്മുടെ കർത്താവ് അതിനെ ചോദ്യം ചെയ്യുകയും നിരാകരിക്കുകയും, മോശയിലൂടെ നൽകപ്പെട്ട നിയമത്തിന്റെ യഥാർഥയർഥം കാട്ടിക്കൊടുക്കുകയും ചെയ്തു. "ഞാൻ ബലിയല്ല, കരുണയാണ് ആഗ്രഹിക്കുന്നത്" എന്ന് സ്പഷ്ടമായി പറഞ്ഞു പഠിപ്പിച്ചു (മത്താ.12,7). അതാണ് അവരെ കുപിതരാക്കിയത്. അവരുടെ നിലനിൽപ്പിനെത്തന്നെ അവിടുന്ന് ചോദ്യം ചെയ്തു എന്ന് അവർക്ക് തോന്നി. അവനെ വകവരുത്തിയാൽ തങ്ങളുടെ നിലനിൽപ്പ് ഉറപ്പാകുമെന്ന്

അവർ ചിന്തിച്ചു. എന്നാൽ അവർ ആശ്രയം അർപ്പിച്ച റോമൻ സീസർ തന്നെ അവരുടെ ആലയവും നഗരവും രാജ്യവും തകർത്ത് അവരെ നാനാഭാഗങ്ങളിലേക്കും ചിതറിച്ചുകളഞ്ഞു. അതാണ് ടൈറ്റസും ഹഡ്രിയാനും ചെയ്തത്. "സീസർ അല്ലാതെ ഞങ്ങൾക്ക് മറ്റ് രാജാവില്ല" എന്ന് ആർത്തു വിളിച്ചതിന്റെ പ്രതിഫലം അവർക്കു കിട്ടി.

"ജനത്തിനുവേണ്ടി ഒരു മനുഷ്യൻ മരിക്കണം" എന്ന് കയ്യാഫാസ് പറഞ്ഞത് അക്ഷരശ്ശഃ ശരിയായിരുന്നു. ജനത്തിനു മാത്രമല്ല, ലോകം മുഴുവൻ ചിതറപ്പെട്ടു കിടക്കുന്ന അനേകർക്കുവേണ്ടി കൂടി അവിടുന്ന് മരിക്കണമായിരുന്നു. മനുഷ്യകുലത്തിനുവേണ്ടി അവൻ "പാപവും ശാപവും ആയിത്തീർന്നു" (2 കൊറി 5,21; ഗലാ 3,13). "അവന്റെ വായിൽ വഞ്ചന ഇല്ലാതിരുന്നിട്ടും" (1പത്രോ 2,22) വഞ്ചകർക്കുവേണ്ടി അവൻ പാപവും ശാപവും ആയിത്തീരുകയും വഞ്ചകർക്കുവേണ്ടി മരിക്കുകയും ചെയ്തു. അവൻ തന്നെത്തന്നെ പീഡകർക്ക് കയ്യാളിച്ചു.

തുടർന്ന് "പീലാത്തോസ് ഈശോയെ ചമ്മട്ടി കൊണ്ട് അടിപ്പിച്ചു" (യോഹ. 19,1). എന്തിന്? പീലാത്തോസ് കുറ്റമൊന്നും കണ്ടില്ലല്ലോ! മനുഷ്യത്വരഹിതമായ പ്രവൃത്തി! അന്ധകാരത്തിന്റെ നാഴികയിൽ അന്ധകാരശക്തികൾ വിജയിക്കുന്നു. "പടയാളികൾ ഒരു മുൾക്കിരീടം ഉണ്ടാക്കി അവന്റെ തലയിൽ വച്ചു. ഒരു ചെമന്ന മേലങ്കി അവനെ അണിയിച്ചു" (യോഹ.19,1). അവന്റെ കൈയിൽ ഒരു ഞാങ്ങണയും കൊടുത്തു. "യഹൂദന്മാരുടെ രാജാവേ, സ്വസ്തി" എന്നു പറഞ്ഞ് അവനെ പരിഹസിച്ചു. മുൾക്കിരീടം വച്ച തലയിൽ ഞാങ്ങണകൊണ്ട് അവരടിച്ചു. അവന്റെ മേൽ തുപ്പി. പരിഹാസിതനും കെട്ടപ്പെട്ടവനും നിരാലംബനുമായ ഈശോയ്ക്കെതിരെ പടയാളികളെ മുഴുവൻ അണിനിരത്തി"(മർക്കോ. 15,16). തന്റെ പക്ഷത്തുള്ള സൈന്യനിരയെ കാണാതിരിക്കാൻ യേശു അവരുടെ കണ്ണുകൾ അടച്ചുകളഞ്ഞു. പഴയനിയമത്തിൽ യഹൂദജനത്തിന്റെ പക്ഷത്തുള്ള അദൃശ്യസൈന്യനിരയെ പ്രവാചകൻ കാണിച്ചതുപോലൊന്നും കാണിക്കാൻ യേശു കൂട്ടാക്കിയില്ല. "എന്റെ പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ?" എന്നു ചോദിക്കുക മാത്രം ചെയ്തു.

ഈശോയെ സൂചനാപരമായി ചെമന്ന വസ്ത്രം ധരിപ്പിച്ചപ്പോൾ, "പ്രധാനപുരാഹിതൻ തന്റെ വസ്ത്രം വലിച്ചുകീറി"(മർക്കോ. 14,63). അങ്ങനെ പ്രതീകാത്മകമായി യഹൂദപുരോഹിതരിൽ നിന്ന് പൗരോഹിത്യം നീങ്ങി യേശുവിൽ വന്നുചേർന്നു. അവർ അവനെ അണിയിച്ച പട്ടുവസ്ത്രം ദേവാലയത്തിലെ ബലിപീഠത്തിൽ ഇട്ടിരുന്ന വിരിയായിരുന്നു എന്നൊരു പുരാതന പാരമ്പര്യം മാർ അപ്രേം ഉദ്ധരിക്കുന്നു. അത് അവനെ ധരിപ്പിച്ചപ്പോൾ, അവർ യഹൂദ പൗരോഹിത്യം അവസാനിപ്പിച്ച് അവനിൽ എത്തിക്കുകയായിരുന്നു. ഒന്നിന്റെ അന്ത്യം കുറിച്ച് മറ്റൊന്ന് ആരംഭിക്കുകയായിരുന്നു. "അവൻ മൽക്കീസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ ആയിത്തീർന്നു." അവനെ ധരിപ്പിച്ച മുൾക്കിരീടവും കൈയിലെ ഞാങ്ങണയും അവരുടെ രാജത്വം അവസാനിപ്പിച്ച് ഈശോയിൽ എത്തിച്ചേർന്നെന്ന് സൂചിപ്പിക്കുന്നു. മിശിഹാകർത്താവിനെ കാത്തിരുന്ന സൂചനകളെല്ലാം ഈശോയിൽ എത്തിച്ചേർന്ന് അവസാനിച്ചു.



അവർ അവന്റെ മുഖത്ത് തുപ്പി. തുപ്പൽ കൊണ്ട് ചേറുണ്ടാക്കി അന്ധന്റെ കണ്ണു തുറന്നവനാണവൻ. ആ അന്ധൻ തന്നെ അവന്റെ മേൽ തുപ്പി. അവനെ തൂണിൽ ചേർത്തുകെട്ടി. ചമ്മട്ടികൊണ്ട് അടിച്ചു. ശരീരമാസകലം മുറിവേറ്റ് രക്തം വാർത്തിക്കളയുന്ന പീഡനോപകരണമാണ് ചമ്മട്ടി! കണ്ണിൽ കണ്ട സേവകരും ഭൃത്യന്മാരും ദാസരും അടിമകളും പടയാളികളുമൊക്കെ അവന്റെ മേൽ തുപ്പുകയും നിന്ദിക്കുകയും മുഷ്ടിചുരുട്ടി ഇടിക്കുകയും തൊഴിക്കുകയും ചെയ്തു. ഓരോതരം പരിഹാസവാക്കുകളാൽ ഇക്കൂട്ടരൊക്കെ അവനെ അവഹേളിച്ചു. എന്നാൽ അവൻ മനുഷ്യകുലത്തിനുവേണ്ടി മൗനമായി അവയെല്ലാം സഹിക്കുക മാത്രം ചെയ്തു. ഒരു മനുഷ്യവ്യക്തിയോട് ചെയ്യാവുന്നതിലധികം ക്രൂരത അവർ അവനോടു കാട്ടി. ദൈവപുത്രനായ അവിടുന്ന് പിശാചുബാധിതൻ ആണെന്നും സുബോധം നഷ്ടപ്പെട്ടവനാണെന്നും അവർ പറഞ്ഞു. അവൻ പിശാചുക്കളെ കൊണ്ടാണ് പിശാചുക്കളെ പുറത്താക്കുന്നതെന്ന് ദൂഷണം പറഞ്ഞു. സമറിയാക്കാരിയോട് സംസാരിച്ചതിനാൽ "സമറിയാക്കാരൻ" എന്നു വിളിച്ചു. എന്നാൽ മനുഷ്യകുലത്തിന്റെ "നല്ല സമറിയാക്കാരൻ" ആണ് അവനെന്ന് അവർ ഓർത്തില്ല. അവർ അവനെ "ദൈവദൂഷകൻ" എന്നും നിയമം അനുസരിക്കാത്തവനെന്നും സാബത് ലംഘിക്കുന്നവനെന്നും സീസറിന് നികുതി കൊടുക്കാത്തവനെന്നുമൊക്കെ ദുഷിച്ചു. പാപിനിക്ക് സാന്ത്വനമരുളിയവനെപ്പറ്റി, "അവൾ ആരാണെന്ന് അറിയാത്തവനാണ് അവൻ" എന്ന് അവർ പറഞ്ഞു. അവന്റെ തല മൂടിയിട്ട് അവർ തലയിൽ അടിച്ചു. എന്നിട്ട് "അടിച്ചതാരെന്ന് പ്രവചിക്കുക" എന്ന് വെല്ലുവിളിച്ചു. "ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവരാൻ"അവർ കൽപ്പിച്ചു!

ഗോഗുൽതായിൽ രണ്ടു കള്ളന്മാരുടെ മധ്യത്തിൽ അവർ അവനെ കുരിശിൽ തറച്ചു. അവന്റെ വിലാവിൽ കുന്തംകൊണ്ട് കുത്തി. അതിൽ നിന്ന് രക്തവും വെള്ളവും ഒഴുകി. പീഡനങ്ങൾക്കും കുരിശിൽ തറപ്പിനും വിധേയനായി മൂന്നുമണിക്കൂർ അവിടുന്ന് ആകാശത്തിനും ഭൂമിക്കും മധ്യേ തൂങ്ങിക്കിടന്നു. ദാഹാർത്തനായ അവിടുത്തേക്ക് അവർ കയ്പ്പുകലർത്തിയ വിനാഗിരി കൊടുത്തു. ലോകത്തിലെ ജീവജാലങ്ങൾക്കെല്ലാം ദാഹജലം നൽകുന്നവന് നൽകാൻ അവരുടെ പക്കൽ വിനാഗിരി മാത്രമാണ് ഉണ്ടായിരുന്നത്. "ദാഹാർത്തരേ, നിങ്ങളെല്ലാവരും എന്റെ പക്കലെത്തി കുടിക്കുവിൻ" എന്ന്

അരുളിച്ചെയ്തവന് (യോഹ. 7,37-38) കൊടുക്കാൻ അവരുടെ പക്കൽ ജലമില്ലായിരുന്നു. കാരണം, അവർ അവനിൽ വിശ്വസിച്ചിരുന്നില്ല. "എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും"(യോഹ.7,38). തങ്ങൾക്കുള്ള, ഈജിപ്തിലെ കയ്പ് അവർ അവനു നൽകി. കാരണം, അവരുടെ പക്കൽ കാട്ടുമുന്തിരിങ്ങായും അതിന്റെ കയ്ക്കുന്ന ചാറുമേ ഉണ്ടായിരുന്നുള്ളു.

രക്തം വാർന്നൊഴുകി വേദന സഹിച്ച് അവിടുന്ന് കുരിശിൽ കിടന്നു മരിച്ചു.''പിതാവേ, ഇവരോട് ക്ഷമിക്കണമേ. തങ്ങൾ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയുന്നില്ല" എന്ന്, തന്നെ ക്രൂശിച്ചവർക്കുവേണ്ടിയും അവിടുന്ന് പ്രാർഥിച്ചു. തന്റെ സഹായം തേടിയ കള്ളനോട് പറഞ്ഞു: "നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും". തന്നിൽ വിശ്വസിക്കുന്ന എല്ലാ പാപികളുടെയു പ്രതീകമാണ് ആ കള്ളൻ! "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്ന് ഈശോ ഉച്ചത്തിൽ നിലവിളിച്ചു. ആ സ്വരം ഗോഗുൽത്താ മുതൽ ജറുസലേം മുഴുവനും ഭൂമിയുടെ അറ്റം വരെയും മുഴങ്ങി. അതിന്റെ പ്രതിധ്വനി അനേകം പ്രാവശ്യം ഉണ്ടായി. അത്ര ഉച്ചത്തിലായിരുന്നു ആ ശബ്ദം. അതുപോലൊരു ശബ്ദം ഒരു മനുഷ്യവ്യക്തിയും ഉണ്ടാക്കിയിട്ടില്ല. അതിന്റെ അലയടി പാതാളം വരെയെത്തി. "എല്ലാം പൂർത്തിയായി" എന്നു ശാന്തമായി പറഞ്ഞ് അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു (യോഹ.19,30).

ആ സ്വരംകേട്ട് ആകാശവും ഭൂമിയും കിടിലം കൊണ്ടു. ആകാശവും ആകാശഗോളങ്ങളും അമ്പരപ്പോടെ സ്തംഭിച്ചുനിന്നു. സൂര്യൻ ഇരുണ്ടു, ഭൂമി കുലുങ്ങി, പാറ പിളർന്നു, കല്ലറകൾ തുറന്നു, മരിച്ചവർ ഉയിർത്തു, പാതാളം നടുങ്ങി. പാതാളകവാടം പൊട്ടിപ്പിളർന്നു. ഇരുൾ നിറഞ്ഞ പാതാളത്തിൽ പ്രകാശം പരന്നു. സാത്താനും പിശാചും മരണവും ഭ്രമിച്ച് ഓടിയൊളിച്ചു. കൊല്ലപ്പെട്ടവൻ, മരിച്ചവരുടെ ഇടം തകർത്ത് മൃതരെ അവിടെനിന്ന് പുറത്താക്കി, പറുദീസായിലേക്ക് കടത്തി. അന്ന് പാതാളത്തിൽ ഏറ്റവും വലിയ കൊള്ള നടന്നു. "ഈ മനുഷ്യൻ സത്യമായും നീതിമാനായിരുന്നു" എന്ന് ഈ സംഭവങ്ങളെല്ലാം കണ്ടുനിന്ന ശതാധിപൻ ദൈവത്തെ സ്തുതിച്ചുകൊണ്ട് സാക്ഷ്യപ്പെടുത്തി (ലൂ.24,47). ഈ സമയം പടയാളികൾ അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ച്, ഓരോ പടയാളിയും ഓരോ ഭാഗം എടുത്തു. സഭയെ പിളർത്തി വിഘടിതസമൂഹങ്ങൾ ഉണ്ടാക്കുന്നവരുടെ പ്രതീകമാണ് ഈ പടയാളികൾ! തുന്നലില്ലാതെ നെയ്തെടുത്ത അവന്റെ വസ്ത്രം അവർ നറുക്കിട്ടെടുത്തു; അത് കീറിയില്ല. ദൈവത്തിന്റെ സഭയുടെ പ്രതീകമാണത്. യഹൂദർക്ക് പ്രകൃതിക്ഷോഭത്താൽ മാനസ്സാന്തരമുണ്ടായില്ല. അവന്റെ കഥ കഴിച്ചതിനാൽ, എല്ലാം അവസാനിച്ചെന്നു കരുതി അവർ സ്വസ്തമായുറങ്ങി. അതിനുമുമ്പ് അവർ കബറിന് മുദ്രവച്ച് കാവലും ഏർപ്പെടുത്തി.



അവിടുന്ന് മൂന്നാംനാൾ മഹത്വത്തോടെ ഉത്ഥാനം ചെയ്തപ്പോൾ, അവരുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റി. അവൻ ശരീരത്തിൽ ആയിരുന്നതിനേക്കാൾ ഉത്ഥാനാനന്തരം ശക്തനായിത്തീർന്നു. ദൈവം യഹൂദർക്കു പകരം ലോകം മുഴുവനുമുള്ള വിജാതിയരുടെ സഭയെ തെരഞ്ഞെടുത്തു. യഹൂദരിൽ നിന്നുള്ള ഒരു ശേഷിപ്പുമാത്രം രക്ഷപ്രാപിച്ചു. ബാക്കിയുള്ളവർ, തങ്ങൾ കുത്തിത്തുളച്ചവനിലേക്ക് തിരിയുന്നതുവരെ മരുഭൂമിയിലൂടെ "നാൽപ്പതു വർഷം" അലഞ്ഞുനടക്കത്തക്കവിധം അവർക്ക് ഹൃദയാന്ധതയുണ്ടായി. ഈ നാൽപ്പതുവർഷം നാനൂറാണോ, നാലായിരമാണോ എന്ന് ദൈവത്തിനുമാത്രം അറിയാം! മരിച്ചവരിൽ നിന്നുള്ള ഉത്ഥാനംപോലെ, അവരുടെ തിരിച്ചുവരവ് പ്രപഞ്ചത്തിന് മുഴുവൻ ആനന്ദദായകം ആയിരിക്കും.

മിശിഹാകർത്താവ് ക്ലേശങ്ങളിലൂടെ മഹത്വം പ്രാപിച്ചു; ക്ലേശിതരെ കിരീടം അണിയിക്കുന്ന ജീവാത്മാവായിത്തീർന്നു. തന്റെ അനുയായികളും കുരിശിന്റെ പാതയിലൂടെ ചരിക്കണമെന്ന് അവിടുന്ന് കൽപ്പിച്ചു: "പച്ചമരത്തോട് അവർ ഇപ്രകാരം ചെയ്യുന്നെങ്കിൽ, ഉണങ്ങിയതിന് എന്തു സംഭവിക്കയില്ല!" (ലൂ. 23,31). "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന് അവിടുന്ന് ആഹ്വാനം ചെയ്യുന്നു. ചരിത്രം ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കും. ഹേറോദേസും പീലാത്തോസും കയ്യാഫാസും സൻഹെദ്രിൻസംഘവും പ്രമാണികളും എക്കാലത്തും ഉണ്ടാകാം. അവരുടെ അന്യായമായ വിധികളും കുരിശിൽ തറപ്പിനേൽപ്പിക്കലും ചരിത്രത്തിൽ ആവർത്തിച്ചുകൊണ്ടിരിക്കും. ക്രിസ്തുവിന്റെ യഥാർഥ ശിഷ്യർ ഇവ സ്വീകരിക്കാൻ തയാറായിരിക്കണം. "അവസാനംവരെ സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും" എന്ന് അവിടുന്ന് മുൻകൂട്ടിത്തന്നെ പറഞ്ഞിരിക്കുന്നു. കാലാകാലങ്ങളിൽ രാഷ്ട്രനേതാക്കന്മാരിൽ നിന്ന് സഭയ്ക്ക് നേരിടേണ്ടിവന്ന ക്ലേശങ്ങൾ ചരിത്രവിദ്യാർഥികൾക്കറിയാം. ഇന്നും അതാവർത്തിച്ചു കൊണ്ടിരിക്കുന്നു. "എന്നാൽ ഞാനോ ഇതാ, ലോകാവസാനംവരെ എല്ലാ നാളുകളും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന നമ്മുടെ കർത്താവിന്റെ വാഗ്ദാനം നമുക്ക് ശക്തി പകരുന്നു.

ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സാക്ഷികളാണ്. "നിങ്ങൾ ജറുസലേമിലും യൂദയായിലും സമറിയായിലും ലോകാതിർത്തിവരെയും എനിക്ക് സാക്ഷ്യം നൽകും" എന്ന് അവിടുന്ന് കൽപ്പിച്ചിരിക്കുന്നു (നട. 1,8). ഈ യേശുവാണ് നമ്മുടെ സാക്ഷ്യത്തിന് ശക്തി പകരുന്നത്. "നന്മ പ്രവർത്തിച്ചിട്ട് കഷ്ടത അനുഭവിക്കുന്നതാണ് ദൈവഹിതമെങ്കിൽ, തിന്മ പ്രവർത്തിച്ചിട്ട് കഷ്ടത അനുഭവിക്കുന്നതിനേക്കാൾ നല്ലതെന്ന് പത്രോസ് പഠിപ്പിക്കുന്നത് അനുകരണീയമാണ് (1പത്രോ.3,17). പത്രോസ് തുടരുന്നു, "ക്രിസ്തു തന്നെയും പാപങ്ങൾക്കുവേണ്ടി ഒരിക്കൽ മരിച്ചു. അത് നീതിരഹിതർക്കുവേണ്ടിയുള്ള, നീതിമാന്റെ മരണമായിരുന്നു. ശരീരത്തിൽ മരിച്ച്, ആത്മാ

വിൽ ജീവൻ പ്രാപിച്ചുകൊണ്ട്, നിങ്ങളെ ദൈവസന്നിധിയിൽ എത്തിക്കുന്ന തിനുവേണ്ടിയായിരുന്നു അത്" (1പത്രോ. 3,18). "അൽപ്പകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്ക് വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ (1പത്രോ. 1,6). "ദൈവം നമുക്ക് നിത്യജീവൻ തന്നു. ഈ ജീവൻ അവന്റെ പുത്രനിലാണ്. പുത്രനെ സ്വന്തമാക്കിയവൻ ജീവൻ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവന് ജീവനില്ല" (1യോഹ.5,11-12). ഇതാണ് നമുക്കുള്ള സാക്ഷ്യം!

ഗലാത്യരോട് വി.പൗലോസ് ശ്ലീഹാ പറഞ്ഞത് നമുക്കും ബാധകമാണ്: നമ്മുടെ കർത്താവീശോമിശിഹായുടെ കുരിശിലല്ലാതെ മറ്റൊന്നിലും പ്രശംസിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ.... ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല മിശിഹായാണ് എന്നിൽ ജീവിക്കുന്നത് (6,14;2,20). മിശിഹായ്ക്കു സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു എന്നും (കൊളോ 1,24) മിശിഹായിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു എന്നും അവനോടൊപ്പം നമുക്കും പറയാം (ഫിലി 1:29).

സ്വന്തം കുരിശെടുത്ത് തന്നെ പിഞ്ചെല്ലാൻ നമ്മുടെ കർത്താവ് നൽകിയ ആഹ്വാനം (മത്താ 16:24) ശ്രവിക്കയല്ലാതെ ആർക്കും തന്റെ ശിഷ്യനാകാൻ സാധ്യമല്ല. ഇതാണ് ക്രൈസ്തവ സാക്ഷ്യം.

"അവന്റെ ഗർഭധാരണം നമ്മുടെ അനുഗ്രഹങ്ങളുടെ നിക്ഷേപമാകുന്നു. അവന്റെ ജനനം നമ്മുടെ സന്തുഷ്ടിയുടെ കലവറയാണ്. അവന്റെ സ്നാനം നമ്മുടെ പാപമോചനത്തിന്റെ അടിസ്ഥാനമാണ്. അവന്റെ മരണം നമ്മുടെ ജീവന്റെ ഹേതുവാണ്. അവൻ തന്റെ ഉത്ഥാനത്തിൽ മരണത്തെ മാത്രം ദുഃഖിപ്പിച്ചു" എന്ന് മാർ അപ്രേം ദനഹാഗീതത്തിൽ പറയുന്നത് (10,4) ഓർത്ത് അവനു നന്ദിപറയാം.



# 2
# വി. യൗസേപ്പും വി. കന്യകാമറിയവും

യേശുവിനെ ഗർഭം ധരിക്കുകയും പ്രസവിച്ച് വളർത്തുകയും ചെയ്ത ഭൗമിക തരുണിയായിരുന്നു പരിശുദ്ധ കന്യകാമറിയം. യേശുവിന്റെ ഭൗമിക പിതാവായി അറിയപ്പെടുകയും മറിയത്തോടൊപ്പം യേശുവിനെ വളർത്തു കയും ചെയ്ത ആളായിരുന്നു നീതിമാനായ യൗസേപ്പ്. ലൗകികദൃഷ്ട്യാ നോക്കിയാൽ അവരുടെ ജീവിതം വളരെ ക്ലേശഭൂയിഷ്ഠമായിരുന്നു. മറിയം പരിപൂർണ്ണമായി ദൈവതിരുമനസ്സിന് തന്നെത്തന്നെ സമർപ്പിച്ചു. മറിയം പരി ശുദ്ധാത്മാവിനാൽ പൂരിതയായിരുന്നു; മറ്റുള്ളവരിലേക്ക് പരിശുദ്ധാത്മാവിനെ പകരാൻ കഴിവുള്ളവളായിത്തീരുകയും ചെയ്തു. യൗസേപ്പുമായി വിവാ ഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ ഗർഭി ണിയായി. ഇതറിഞ്ഞ യൗസേപ്പിന്റെ മാനസ്സികനില ഊഹിക്കാവുന്നതേ യുള്ളൂ. അവളെ പുറന്തള്ളി കല്ലെറിഞ്ഞുകൊല്ലാൻ, ഒരുവശത്ത് യഹൂദനി യമം നിർബന്ധിക്കുന്നു. മറുവശത്ത് അവളുടെ സംശുദ്ധതയെപ്പറ്റി അവന് ഉറച്ച ബോധ്യമുണ്ടായിരുന്നു. ചുറ്റുമുള്ളവരോട് പറഞ്ഞ് ബഹളമുണ്ടാക്കി നാലുപേരറിഞ്ഞ് അവളെ അപമാനിച്ച് അവഹേളിക്കാൻ നിയമവും അതിന്റെ അക്കാലത്തെ വ്യാഖ്യാനവും കർക്കശമായി നിർബന്ധിച്ചിരുന്നു. "എന്നാൽ അവളെ അപമാനിതയാക്കാൻ അവന് മനസ്സുവന്നില്ല. അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഇതേപ്പറ്റി അവൻ ചിന്തിച്ചുകൊണ്ടിരു ന്നു"(മത്താ.1,19-20). ഇതാണ് യൗസേപ്പിന്റെ നീതി! ഇതുതന്നെയാണ് ദൈവ നീതിയും! ഈ നീതി മാനുഷികനീതിയിൽ നിന്നു വ്യത്യസ്തമാണ്. മാനു ഷികചിന്തകൾക്ക് ഉപരിസ്ഥവുമാണ്. സംഗമിക്കുന്നതിനു മുമ്പുണ്ടാകുന്ന ശിശു അന്യന്റേതാണ്, അതിന്റെ പിതൃത്വം എന്തിനേറ്റെടുക്കണം എന്നൊ ക്കെ, മറ്റൊന്നും ചിന്തിക്കാതെ പ്രതികരിക്കുകയാണ് സാധാരണ മാനുഷിക രീതി.

യൗസേപ്പ് വ്യത്യസ്തനായിരുന്നു. മറ്റുള്ളവരോട്, തെറ്റുകാരെന്ന് പ്രഥമ ദൃഷ്ട്യാ തോന്നിയ വ്യക്തിയോടു പോലും, ശാന്തത കൈവെടിയാതെ

പ്രവർത്തിക്കാൻ യൗസേപ്പിനു കഴിഞ്ഞു. അതു ധർമിഷ്ഠർക്കു മാത്രമേ കഴിയൂ. അത്തരക്കാർ ഒരിക്കലും കേട്ടുകേൾവിക്കു വഴങ്ങില്ല! ദൈവസ്വരം തിരിച്ചറിഞ്ഞു മാത്രമേ തുടർനടപടികളിലേക്കു കടക്കുകയുള്ളു. ഇന്നത്തെ മനുഷ്യർ എത്ര വ്യത്യസ്തം! തകർക്കാനും കൊല്ലാനും കല്ലെറിയാനും നാടു കടത്താനും ഇല്ലായ്മ ചെയ്യാനും വെമ്പൽപൂണ്ട ഫരിസേയ പ്രമുഖരെ അനുകരിക്കുന്നവരാണേറെയും. യൗസേപ്പിനെപ്പോലെ ചിന്തിക്കുന്നവർ എത്ര തുച്ഛം!

ഇതേപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്ന യൗസേപ്പിന് ദൈവികസന്ദേശം ലഭിച്ചു. അതിനായി കാതോർക്കുന്നവർക്ക് അത് നിശ്ചയമായും ലഭിക്കുമെന്ന് യൗസേപ്പിന്റെ ദൃഷ്ടാന്തം നമ്മെ പഠിപ്പിക്കുന്നു. "അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും" (മത്താ.1,20-21). ഇതിനപ്പുറത്തൊന്നും യൗസേപ്പിന് അപ്പോൾ ആവശ്യമില്ലായിരുന്നു. അതുകൊണ്ട് യൗസേപ്പ് തൃപ്തനായി. "യൗസേപ്പ് നിദ്രയിൽ നിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ ചെയ്തു. അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു" (മത്താ.1,18-25).

ഒരു പ്രതിസന്ധി തരണം ചെയ്തുകഴിഞ്ഞപ്പോൾ, യൗസേപ്പിനും മറിയത്തിനും മറ്റൊന്നുണ്ടായി. ബേത്‌ലഹേമിൽ പോയി പേരെഴുതിക്കാനുള്ള രാജകീയ കൽപ്പന! എല്ലാവരും താന്താങ്ങളുടെ സ്വന്തം നഗരത്തിൽ പോയി പേരെഴുതിക്കാനായിരുന്നു കൽപ്പന. അവർ ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവരാകയാൽ, ഗലീലയിലെ നസ്രത്തിൽ നിന്ന് ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്ക് പോയി. പൂർണഗർഭിണിയായ ഭാര്യയോടു കൂടെയുള്ള യാത്ര കഠിനതരമായിരുന്നു. യൗസേപ്പ് അതിനും മുതിർന്നു. അവിടെ ആയിരിക്കുമ്പോൾ അവൾക്ക് പ്രസവസമയം അടുത്തു. സത്രങ്ങളെല്ലാം നിറഞ്ഞിരുന്നതിനാൽ, അടുത്തു കണ്ട കാലിത്തൊഴുത്തിൽ മറിയം തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. നാടോടികളെപ്പോലെ, അനാഥരെപ്പോലെ, പാവപ്പെട്ട തെരുവുമനുഷ്യരെപ്പോലെ, മറിയം രാജാധിരാജനെ പിള്ളക്കച്ചകൾകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി (ലൂ.2,1-7).

ഗബ്രിയേൽ ദൈവദൂതന്റെ സന്ദേശം ലഭിച്ചവളായിരുന്നു മറിയം: "ദൈവകൃപ ലഭിച്ചവളേ, സ്വസ്തി! കർത്താവ് നിന്നോടുകൂടെ. നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിത്തീരും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും" എന്നു തുടങ്ങിയുള്ള ദൂതന്റെ സന്ദേശം ശ്രവിച്ചിട്ടും, പ്രസവസമയം കാലിത്തൊഴുത്തു ലഭിച്ചതിൽ മറിയം പിറുപിറുത്തില്ല. ദൂതന്റെ സന്ദേശത്തിനുള്ള തെളിവ് എലിസബത്തിൽ



നിന്ന് ലഭിക്കുകയും ചെയ്തു. തന്റെ അഭിവാദനസ്വരം കേട്ടപ്പോൾ എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞതും അവളുടെ ഉദരത്തിൽ ശിശു സന്തോഷത്താൽ കുതിച്ചു ചാടിയതും മറിയം കണ്ടതാണ്. എന്നിട്ടും മറിയത്തിനു ക്ലേശങ്ങൾക്കുമേൽ ക്ലേശമുണ്ടായി. ഇതാണ് ദൈവികപദ്ധതി! ദൈവികപദ്ധതികൾ മാനുഷികചിന്തയ്ക്ക് ഉപരിസ്ഥമാണ്. അതിന്റെ ആഴം അളക്കാനാവില്ല. അതു സംഭവിച്ചുകഴിയുമ്പോൾ മാത്രമേ നാമതു ഗ്രഹിക്കുകയുള്ളു.

ദിവ്യസന്ദേശം ലഭിച്ച ആട്ടിടയന്മാർ വന്ന് ശിശുവിനെ കണ്ടു. അവർ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും സ്തുതിച്ചുകൊണ്ടും തിരിച്ചുപോയി. അതുപോലെ ദിവ്യപ്രേരണയാൽ കിഴക്കുനിന്ന് വിദ്വാന്മാർ വന്ന് ശിശുവിന് കാഴ്ചകളർപ്പിച്ചു (ലൂ.2,8; മത്താ.2,1.). "മറിയമാകട്ടെ, ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു"(ലൂ.2,19). തുടർന്ന് മോശയുടെ നിയമം അനുസരിച്ചുള്ള പരിച്ഛേദനവും ശുദ്ധീകരണത്തിനുള്ള ബലിയർപ്പണവും! ദേവാലയത്തിലെ അർപ്പണാവസരം ശെമയോൻ പ്രവചിച്ചു: "സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു" (ലൂ.2,31). ഇതുതന്നെയാണ് ദൂതന്മാർ ഇടയന്മാരോട് പറഞ്ഞതും: "ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂ.2,10). "അവനെക്കുറിച്ച് പറയപ്പെട്ടതെല്ലാം കേട്ട് അവന്റെ പിതാവും മാതാവും അത്ഭുതപ്പെട്ടു"(ലൂ.2,33). ശിശുവിനെ വധിക്കാൻ ഒരുമ്പെട്ട ഹേറോദേസിനെ ഭയന്ന് ശിശുവിനെയും കൊണ്ട് ഈജിപ്തിലേക്ക് മറിയത്തിനും യൗസേപ്പിനും ഒളിച്ചോടേണ്ടിവന്നു. ദൈവപുത്രനും അവിടുത്തെ മാതാവിനും യൗസേപ്പിനും സംഭവിച്ച ദൗർഭാഗ്യം! ഹേറോദേസിന്റെ മരണംവരെ അവർ വിദേശത്തു പാർത്തു. പിന്നീട് നസ്രത്തിൽ വന്ന് താമസിച്ചു. പെസഹാപ്പെരുന്നാളിനു പോയപ്പോൾ ബാലനായ യേശു പണ്ഡിതരുടെ ഇടയിൽ കയറിയിരുന്ന് അവരോട് സംസാരിക്കുന്നതുകണ്ട് "മാതാപിതാക്കൾ വിസ്മയിച്ചു" (ലൂ.2,48). ബാലനെ കാണാതെ വന്നപ്പോഴുണ്ടായ ഹൃദയവ്യഥ വിവരണാതീതമാണ്! പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് അവർക്കു വിധേയനായി ജീവിച്ചു (ലൂ.2,51).

"ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്ന് ദൂതനോട് പറഞ്ഞ പ്രത്യുത്തരം ജീവിതത്തിൽ ഉടനീളം മറിയം ഓർത്തു. "ഇതാ, ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും" എന്നു മറിയം പ്രവചനമായി പറഞ്ഞത്, ദൈവത്തിന്റെ തിരുസഭ യാഥാർഥ്യമാക്കുന്നു. അവൾ സർവതും ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് ശെമയോന്റെ പ്രവചനം: "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും". പുത്രന്റെ പീഡാസഹനവും മരണ

വുമാകുന്ന യാഥാർഥ്യത്തിലേക്ക് ആ പ്രവാചകൻ വിരൽ ചൂണ്ടുകയായിരുന്നു. പുത്രനെപ്പറ്റി യഹൂദപ്രമാണികളും പുരോഹിതന്മാരും മഹാപുരോഹിതനും പരീശന്മാരും നിയമജ്ഞരും പറഞ്ഞ അപവാദങ്ങളും ദൂഷണങ്ങളും അവളുടെ ഹൃദയത്തിലേക്ക് തുളച്ചുകയറി. പുത്രൻ സഹിച്ച പീഡകളും പുത്രന്റെ കുരിശുമരണവും തുളച്ചുകയറിയ വാളായിരുന്നു. "ഇതാ, നിന്റെ മകൻ" എന്നു പറഞ്ഞ് യോഹന്നാനെ മറിയത്തിനു നൽകി. "ഇതാ, നിന്റെ അമ്മ" എന്നു പറഞ്ഞ് മറിയത്തെ യോഹന്നാനും നൽകി. കല്ലറയിൽ ആദ്യം എത്തിയത് ഈ അമ്മയായിരുന്നു എന്ന് ഒരു സജീവ സുറിയാനിപാരമ്പര്യം മാർ അപ്രേം ഉദ്ധരിക്കുന്നു.

പുത്രന്റെ ഉത്ഥാനാനന്തരം ശിഷ്യന്മാർ മറിയത്തിന്റെ നേതൃത്വത്തിലാണ് പ്രാർഥനാനിരതരായി പരിശുദ്ധാത്മാവിനെ പ്രാപിച്ചത്. യൗസേപ്പ് അപ്പോഴേക്കും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞിരുന്നു എന്നു വേണം കരുതുവാൻ. പുത്രനോടൊപ്പം കുരിശിന്റെ പാതയിലൂടെ നടന്ന കാരുണ്യമൂർത്തിയായ അമ്മയാണ് മറിയം; ഒപ്പം യൗസേപ്പും നടന്നു. അവർ നിരന്തരം ദൈവഹിതം മാത്രം തേടി. ദൈവപുത്രനെ ഈ ഭൂമിയിൽ അവർ വളർത്തി, കാത്തു പരിപാലിച്ചു. പുത്രന്റെ മഹത്വപൂർണമായ ഉത്ഥാനത്തിനും മറിയം സാക്ഷിയായി. അവസാനം നിത്യമഹത്വത്തിലേക്ക് അവൾ എടുക്കപ്പെട്ടു. യൗസേപ്പും സഭയിൽ എന്നും അനുസ്മരിക്കപ്പെടുന്നു. സഭയുടെ ഒന്നാമത്തെ പുത്രിയായി സഹനത്തിന്റെയും അതിലൂടെ ലഭിക്കുന്ന ദൈവകൃപയുടെയും സാക്ഷ്യം നൽകിക്കൊണ്ട് ഭാഗ്യവതിയായ അമ്മ കടന്നുപോയി. എന്നാൽ ആ അമ്മ ഇന്നും നമ്മോടൊത്ത് വസിക്കുന്നു, കാനായിലേപ്പോലെ, നമുക്കുവേണ്ടി തന്റെ പുത്രനോട് അഭ്യർഥിക്കുന്നു. കുരിശിൻ ചുവട്ടിലേപ്പോലെ നമ്മെ തന്റെ മക്കളായി സ്വീകരിക്കുന്നു. ആ അമ്മ നല്ല സാക്ഷ്യം തന്നുകൊണ്ട് ശോഭ പരത്തുന്നു.



# 3

# വി. സ്തേഫാനോസ്

ശ്ലീഹന്മാർ തന്നെ നിയമിച്ച ഏഴ് ഡീക്കന്മാരിൽ പ്രമുഖനും ആദ്യരക്തസാക്ഷിയുമാണ് വി. സ്തേഫാനോസ്. അവൻ "കൃപാവരവും ശക്തിയും കൊണ്ട് നിറഞ്ഞ് പല അത്ഭുതങ്ങളും വലിയ അടയാളങ്ങളും" പ്രവർത്തിച്ചു. അവൻ പലരോടും ദൈവവചനം പ്രസംഗിക്കുകയും തർക്കിക്കുകയും ചെയ്തു. അവന്റെ ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നിൽക്കാൻ അവർക്കു കഴിഞ്ഞില്ല. അപ്പോൾ അവർ അവനെതിരെ കള്ളസാക്ഷികളെ നിരത്തി: "അവൻ മോശയ്ക്കും ദൈവത്തിനും എതിരായി ദൂഷണം പറയുന്നത് ഞങ്ങൾ കേട്ടു." "ഇവൻ ഈ വിശുദ്ധ സ്ഥലത്തിനും നിയമത്തിനും എതിരായി സംസാരിക്കുന്നതിൽ നിന്ന് ഒരിക്കലും വിരമിക്കുന്നില്ല. നസ്രായനേശു ഈ സ്ഥലം നശിപ്പിക്കുകയും മോശ നൽകിയ ആചാരങ്ങൾ മാറ്റുകയും ചെയ്യുമെന്ന് ഇവൻ പ്രസ്താവിക്കുന്നത് ഞങ്ങൾ കേട്ടു"

ഈ കള്ളസാക്ഷികളുടെ വ്യാജമൊഴികൾ കേട്ട് പുരോഹിതപ്രമാണികൾ അവനെ ന്യായാധിപസംഘത്തിന്റെ മുമ്പാകെ ബന്ധിച്ചു കൊണ്ടുവന്നു."അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖംപോലെ കാണപ്പെട്ടു." തുടർന്ന് മഹാപുരോഹിതന്റെ ചോദ്യത്തിനു മറുപടിയായി അബ്രഹാം മുതലുള്ള അവരുടെ ചരിത്രവും തെരഞ്ഞെടുപ്പും അവൻ വിവരിച്ചു പറഞ്ഞു. ദൈവം ജോസഫിനോടുകൂടെ ഉണ്ടായിരുന്ന കാര്യവും, "അവിടുന്ന് അവനെ എല്ലാ ദുരിതങ്ങളിൽനിന്നും സംരക്ഷിച്ചതും" വിവരിച്ചു. "ജോസഫിനെ അറിയാത്ത ഒരു രാജാവ്" ഈജിപ്തിൽ അധികാരത്തിൽ വന്നതും "വാക്കിലും പ്രവൃത്തിയിലും കരുത്തനായിരുന്ന മോശ" ഉയർന്നുവന്നതും അവൻ വിവരിച്ചു. "ഞങ്ങളുടെമേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു?" എന്നു പറഞ്ഞ് അവർ നിരാകരിച്ച മോശയെത്തന്നെ ദൂതൻവഴി ദൈവം അവരുടെ വിമോചകനും വിധികർത്താവുമാക്കി.

യേശുവിനെപ്പറ്റി പ്രവചിച്ചുകൊണ്ട് മോശ ജനത്തെ പുറപ്പെടുവിച്ച്

ചെങ്കടൽ കടത്തി: "ദൈവം നിങ്ങളുടെ സഹോദരന്മാരിൽ നിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കായി ഉയർത്തും" എന്ന് മോശ പറഞ്ഞതും അവൻ അനുസ്മരിച്ചു. തുടർന്ന് "ദൈവപ്രീതി ലഭിച്ച ദാവീദിനെപ്പറ്റിയും ആലയത്തെപ്പറ്റിയും പറഞ്ഞശേഷം, ജനങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് അവൻ പറഞ്ഞു: "നിങ്ങൾ എപ്പോഴും പരിശുദ്ധാത്മാവിനെതിരെ മല്ലടിക്കുന്നു. നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെപ്പോലെയാണ്. നിങ്ങളുടെ പിതാക്കന്മാർ പീഡിപ്പിക്കാത്തതായി ഏത് പ്രവാചകനുണ്ട്? നീതിമാന്റെ ആഗമനം പ്രവചിച്ചവരെയൊക്കെ നിങ്ങൾ കൊന്നു". തുടർന്ന് യേശുവിനെ കൊന്നതിലേക്ക് സ്തേഫാനോസ് കടന്നു: "നിങ്ങൾ അവനെ ഒറ്റിക്കൊടുക്കുകയും കൊല്ലുകയും ചെയ്തു."

ഇത്രയും നേരം നിശ്ശബ്ദമായി ശ്രവിച്ച ആ പ്രമാണിമാർ "കോപാക്രാന്തരായി പല്ലുകടിച്ചു. അവനാകട്ടെ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്," ദൈവമഹത്വം ദർശിച്ചു: "ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു". അവർക്കതു സഹിച്ചില്ല. അവർ അവനെ നഗരത്തിനു പുറത്താക്കി കല്ലെറിഞ്ഞുകൊന്നു. "കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമെ; കർത്താവേ, ഈ പാപം അവരുടെ മേൽ ആരോപിക്കരുതേ." ഇതു പറഞ്ഞ് അവൻ മരണനിദ്ര പ്രാപിച്ചു (നടപടി,7). പരിശുദ്ധാത്മശക്തിയാലാണ് സ്തേഫാനോസ് അവരോട് യേശുവിനെപ്പറ്റി സംസാരിച്ചത്. എന്നാൽ അപ്പോൾ ശ്രോതാക്കളിൽ മനംമാറ്റം ഉണ്ടായില്ല. അവൻ പറഞ്ഞവയെല്ലാം സത്യമായിരുന്നു.

കള്ളസാക്ഷികൾ സാക്ഷ്യപ്പെടുത്തിയ സംഗതികളൊന്നും അവന്റെ വായിൽനിന്ന് വന്നില്ല. യഹൂദർ എല്ലാ പ്രവാചകന്മാരെയും പീഡിപ്പിച്ച ചരിത്രമാണ് പഴയനിയമത്തിലുള്ളത്. ആഹാബിന്റെ കാലത്ത് ഏലിയാ പ്രവാചകനെ ദൈവം തെരഞ്ഞെടുത്ത് തന്റെ ആത്മാവിനാൽ നിറച്ചു. വിഗ്രഹാരാധനയിൽ നിന്നും അധർമത്തിൽ നിന്നും പിന്തിരിയാൻ അവൻ പ്രസംഗിച്ചു (1രാജാ.17). "കർത്താവിന്റെ കരം ഏലിയായോടുകൂടെ ഉണ്ടായിരുന്നു" (1രാജാ. 18,46). എങ്കിലും ജസബേലിനെ ഭയന്ന് ഏലിയാ പ്രാണരക്ഷാർഥം പലായനം ചെയ്തു. അവൻ നടന്ന് അവശനായി ഒരു മുൾച്ചെടിച്ചുവട്ടിലിരുന്ന് മരണം കാംക്ഷിച്ചു:"കർത്താവേ, മതിയായി. എന്റെ പ്രാണനെ സ്വീകരിച്ചാലും! ഞാൻ എന്റെ പിതാക്കന്മാരേക്കാൾ മെച്ചമല്ല"(1രാജാ. 19,4). അവൻ അവിടെ കിടന്ന് ഉറങ്ങിപ്പോയി. അപ്പോൾ ദൈവദൂതൻ അവന് അപ്പവും വെള്ളവും നൽകി. "അതിന്റെ ശക്തികൊണ്ട് നാൽപ്പതു രാവും നാൽപ്പതു പകലും നടന്ന് ഹോറേബ് മലയിലെത്തി"(19,8). അവിടെ ഒരു ഗുഹയിൽ പാർത്തു. അവിടെവച്ച് കർത്താവ് അവനെ വിളിച്ചു. അവൻ പ്രതിവചിച്ചു:"സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതി ഞാൻ അതീവ



തീക്ഷ്ണതയാൽ ജ്വലിക്കുകയാണ്"(19.10). ജനം ദൈവത്തെ ഉപേക്ഷിച്ചതും പ്രവാചകന്മാരെ വധിച്ചതും തന്നെ വേട്ടയാടുന്നതും പറഞ്ഞ് ഏലിയാ കരഞ്ഞു. അപ്പോൾ മലയിൽ കയറി നിൽക്കാനുള്ള നിർദേശം അവനു ലഭിച്ചു. കർത്താവിന്റെ മഹത്വം ഏലിയാ ദർശിച്ചു: "കർത്താവിന്റെ മുമ്പിൽ മലകൾ പിളർന്നു, പാറകൾ തകർത്തുകൊണ്ട് കൊടുങ്കാറ്റടിച്ചു, ഭൂകമ്പമുണ്ടായി, അഗ്നിയുണ്ടായി." അഗ്നി അടങ്ങിയപ്പോൾ അവൻ കർത്താവിന്റെ മൃദുസ്വരംകേട്ടു. അതിന് അവൻ ആദ്യത്തെ മറുപടി നൽകി: "ഞാൻ മാത്രമേ ശേഷിച്ചിട്ടുള്ളു" (19,14). ഏലിയായെ പിടിക്കാൻ ഇസ്രായേൽ രാജാവായ അഹസിയാ അയച്ച പടയാളികളെല്ലാം ശിക്ഷിക്കപ്പെട്ടു:"ആകാശത്തു നിന്ന് അഗ്നി ഇറങ്ങി അവരെ ദഹിപ്പിച്ചു" (2രാജാ. 1,10). ഒരു ചുഴലിക്കാറ്റിൽ ആഗ്നേയരഥത്തിൽ ദൈവം സ്വർഗത്തിലേക്ക് എടുത്ത ഏലിയായ്ക്ക് എത്രമാത്രം ക്ലേശങ്ങളുണ്ടായി എന്ന് നാം കണ്ടു. ദൈവമഹത്വം മുഖാമുഖം ദർശിച്ച ദൈവികപ്രവാചകനോട് ദൈവജനം ചെയ്തത് ഇതാണ്!

മാതാവിന്റെ ഉദരത്തിൽ രൂപീകരിക്കപ്പെടുന്നതിനു മുമ്പേ ദൈവം അറിഞ്ഞവനാണ് ജറമിയാ പ്രവാചകൻ. ജനനത്തിനു മുമ്പ് വിശുദ്ധീകരിക്കപ്പെട്ടവനാണവൻ (ജറമി.1,4-5). ദൈവം അവനെ ജനത്തിനു പ്രവാചകനായി തെരഞ്ഞെടുത്തെങ്കിലും, ജനത്തിൽ നിന്ന് അവനുണ്ടായ പീഡനങ്ങൾ കഠിനതരമാണ്. ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ അറിയിച്ചതിന് മറ്റാരേക്കാളും കൂടുതൽ ക്ലേശങ്ങൾ അവൻ അനുഭവിച്ചു. അവനെ ജനം പൊട്ടക്കിണറ്റിൽ പട്ടിണിക്കിട്ടു (ജറമി. 38,6).

ജറമിയായുടെ സങ്കടം "വിലാപങ്ങളായി" പുറത്തേക്കൊഴുകി. "ശമനമില്ലാത്ത ദുഃഖത്തിലാണ് ഞാൻ. കദനഭാരം ഹൃദയത്തെ മഥിക്കുന്നു....എന്റെ ജനത്തിന്റെ മുറിവ് എന്റെ ഹൃദയത്തെയും വ്രണിതമാക്കുന്നു. ഞാൻ ദുഖിതനാണ്. ഭീതി എന്നെ ഗ്രസിച്ചിരിക്കുന്നു" (ജറമി.8,18-22). വീണ്ടും, "കൊലയ്ക്കു കൊണ്ടുപോകുന്ന ശാന്തനായ കുഞ്ഞാടിനെപ്പോലെ ആയിരുന്നു ഞാൻ. 'ഫലത്തോടു കൂടെത്തന്നെ വൃക്ഷത്തെ നമുക്ക് നശിപ്പിക്കാം. ജീവിക്കുന്നവരുടെ നാട്ടിൽനിന്ന് നമുക്കവനെ പിഴുതെറിയാം. അവന്റെ പേര് ആരും ഓർമിക്കരുത്' എന്നുപറഞ്ഞ് അവർ ഗൂഢാലോചന നടത്തിയത് എനിക്കെതിരെയാണെന്ന് ഞാൻ അറിഞ്ഞില്ല"(ജറമി. 11,18-19). "കർത്താവേ, അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു. ഞാൻ വഞ്ചിതനായി. അങ്ങ് വിജയിച്ചിരിക്കുന്നു. ദിവസം മുഴുവൻ ഞാൻ പരിഹാസപാത്രമായി എല്ലാവരും എന്നെ അപഹസിക്കുന്നു. ..കർത്താവിന്റെ വചനം എനിക്ക് ഇടവിടാതെ നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിരിക്കുന്നു. ...പലരും അടക്കം പറയുന്നതു ഞാൻ കേൾക്കുന്നു: സർവത്ര ഭീതി! 'അവനെതിരെ ആരോപണം നടത്തുക. നമുക്ക് അവനെതിരെ കുറ്റാരോപണം നടത്താം.' ഞാൻ വീഴുന്നതു കാണാൻ എന്റെ സ്നേഹിതരായിരുന്നവർ കാത്തിരിക്കുന്നു. 'അവനു

വഴിതെറ്റിയേക്കാം. അപ്പോൾ നമുക്ക് അവന്റെമേൽ വിജയം നേടാം, പ്രതികാരം നടത്തുകയും ചെയ്യാം'.... ഞാൻ പിറന്ന ദിവസം ശപിക്കപ്പെട്ടതാകട്ടെ. എന്റെ അമ്മ എന്നെ പ്രസവിച്ച ദിവസം അനുഗ്രഹിക്കപ്പെടാതിരിക്കട്ടെ. എന്തിനാണ് ഞാൻ ഉദരത്തിൽ നിന്ന് പുറത്തുവന്നത്? അധ്വാനവും സങ്കടവും കാണാനോ? എന്റെ ദിനങ്ങൾ അവമാനത്തിൽ കഴിച്ചുകൂട്ടാനോ?" (ജറമി. 20,7–18). "കർത്താവിന്റെ ക്രോധത്തിന്റെ ദണ്ഡനം അനുഭവിച്ചറിഞ്ഞവനാണു ഞാൻ. പ്രകാശത്തിലേക്കല്ല, കൂരിരുട്ടിലേക്കാണ് അവിടുന്ന് എന്നെ തള്ളിവിട്ടത്. ....അവിടുന്ന് എന്നെ വഴിതെറ്റിച്ചു കൊണ്ടുപോയി, ചീന്തിക്കീറി ഏകനായി ഉപേക്ഷിച്ചു. അവിടുന്ന് ആവനാഴിയിലെ അമ്പ് എന്റെ ഹൃദയത്തിലേക്കയച്ചു. ഞാൻ ജനതകൾക്ക് പരിഹാസപാത്രമായി. എന്റെ ആത്മാവിനു സ്വസ്തതയില്ല. സന്തോഷമെന്തെന്നു ഞാൻ മറന്നു. അതുകൊണ്ട് എന്റെ ശക്തിയും കർത്താവിലുള്ള പ്രത്യാശയും പൊയ്പ്പോയെന്ന് ഞാൻ വിലപിക്കുന്നു (വിലാ 3,1–18).

എങ്കിലും ഈ ക്ലേശങ്ങൾക്കിടയിൽ ഒരു കാര്യം അവൻ അനുസ്മരിച്ചു: "ഒരു കാര്യം ഞാൻ ഓർമിക്കുന്നു; അത് എനിക്കു പ്രത്യാശ തരുന്നു, കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. കർത്താവാണ് എന്റെ പ്രത്യാശ. കർത്താവ് നല്ലവനാണ്. എന്തെന്നാൽ കർത്താവ് എന്നേക്കുമായി ഉപേക്ഷിക്കുകയില്ല." "വീരയോദ്ധാവിനെപ്പോലെ കർത്താവ് എന്റെ പക്ഷത്തുണ്ട്"(വിലാ.3,21–31; ജറമി. 20,11).

സ്തേഫാനോസ് സാക്ഷിച്ചതിന് രണ്ടു ദൃഷ്ടാന്തങ്ങൾ മാത്രം. എല്ലാ പ്രവാചകന്മാർക്കും ഇതുതന്നെ സംഭവിച്ചു. പ്രവാചകകന്മാരുടെ നാഥന്റെയും ഗതി മറിച്ചായിരുന്നില്ല. നമ്മുടെ കർത്താവിനു വഴിയൊരുക്കാനെത്തിയ സ്നാപകനെപ്പറ്റി ചിന്തിക്കാം. നാമെന്തിനു പഴയ കാര്യങ്ങൾ പരിഗണിക്കുന്നു! യഹൂദർ പഴയനിയമ പ്രവാചകരോടും പുതിയനിയമ ജേതാക്കളോടും ഒരുപോലെ പ്രവർത്തിച്ചു. കർത്താവ് തന്നെ നല്ല സാക്ഷ്യം നൽകി യോഹന്നാനെ പ്രകീർത്തിച്ചു: "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ സ്നാപക യോഹന്നാനേക്കാൾ വലിയവനില്ല" (മത്താ.11,11). അവൻ പ്രവാചകന്മാരേക്കാൾ വലിയവനാണ്. ഇടംവലം നോക്കാതെ, ദൈവാത്മാവിന്റെ പ്രചോദനം അനുസരിച്ച് പാപികളെ അനുതാപത്തിലേക്ക് അവൻ ക്ഷണിച്ചു. അനുതപിച്ചവർക്ക് അവൻ യോർദാൻ നദിയിൽ സ്നാനം നൽകി. വഴിയൊരുക്കാനായി അവനെ ദൈവമാണയച്ചത്. ഏലിയാപ്രവാചകന്റെ ശക്തിയോടും ആത്മാവോടും കൂടെ അവൻ കടന്നുവന്നു. "വരാനിരുന്ന ഏലിയാ ഇവനാകുന്നു" എന്ന് നമ്മുടെ കർത്താവ് അവനെപ്പറ്റി പിന്നെയും സാക്ഷ്യം നൽകി. യോഹന്നാൻ വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നു (യോഹ.1,7–8). താൻ ക്രിസ്തുവല്ലെന്ന് അവൻ അസന്നിഗ്ദ്ധമായി പറഞ്ഞു. താൻ മരുഭൂമിയിൽ



വിളിച്ചുപറയുന്ന വെറും സ്വരം മാത്രം. പിന്നാലെ വരുന്നവനാണ് മഹാൻ. അവന്റെ ചെരിപ്പിന്റെ വാറഴിക്കാൻ പോലും താൻ അനർഹനാണെന്ന് യോഹന്നാൻ പ്രഖ്യാപിച്ചു. (യോഹ.1, 15. 27. 34). "ഇതാ, ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവകുഞ്ഞാട് "എന്ന് യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവൻ പരസ്യപ്പെടുത്തി. സ്നാനാവസരം അവന് അതിനുള്ള ഉറപ്പ് ഉന്നതത്തിൽ നിന്നു ലഭിക്കുകയും ചെയ്തു:"ഇവൻ എന്റെ പ്രിയപുത്രൻ".

ഹേറോദേസിന്റെ നിയമലംഘനത്തിനെതിരെ ശക്തിയായി പ്രതികരിച്ചതിന് പ്രതികരണമായി യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അവിടെവച്ചും അവൻ യേശുവിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു. വെറുമൊരു പൊട്ടിപ്പെണ്ണിനെ തൃപ്തിപ്പെടുത്താൻ യോഹന്നാൻ ശിരച്ഛേദം ചെയ്യപ്പെട്ടു. അവന്റെ നാവടച്ചാൽ തുടർന്നും ജീവിക്കാമെന്ന് ദുഷ്ടനായ ഹേറോദേസ് കരുതി. "നിന്റെ സഹോദരന്റെ ഭാര്യയെ സ്വീകരിക്കുന്നത് തെറ്റാണ്" എന്ന് യോഹന്നാൻ ഉറക്കെ വിളിച്ചുപറഞ്ഞതിനാണ് യോഹന്നാന് തന്റെ ശിരസ്സ് നഷ്ടമായത്. യോഹന്നാന്റേത് കടുപ്പമേറിയ ഭാഷയായിരുന്നു. ദുഷ്ടന്മാർക്കും കഠിനഹൃദയർക്കും രുചിക്കുന്ന ഭാഷയായിരുന്നില്ല അത്. അവൻ പ്രതികരണം നോക്കിയില്ല. ഫലത്തെപ്പറ്റിയും ചിന്തിച്ചില്ല. തന്റെ ദൗത്യമെന്താണെന്ന് ഗ്രഹിച്ചുകഴിഞ്ഞപ്പോൾ, അത് തുറന്നുപറയാൻ അവൻ ഒട്ടും മടികാണിച്ചില്ല. സത്യം മയപ്പെടുത്തിയുമില്ല. അത് അനേകർക്ക് ഇഷ്ടപ്പെട്ടില്ല. അവരുടെയൊക്കെ പ്രതിനിധിയായി ക്രൂരനായ ഹേറോദേസ് അവനെ വകവരുത്തി, നാവടച്ചു. വലിയൊരു വിരുന്നിന്റെ അവസരം ഒരു മഹാന്റെ രക്തം വാർന്നൊഴുകുന്ന തല താലത്തിൽ അതിഥികളുടെ മുമ്പിൽ പ്രദർശിപ്പിക്കുക എത്ര നീചമായ പ്രവൃത്തിയാണ്! അതും ഉൾപ്പെടുത്തിയാണ് സ്തേഫാനോസ് തന്റെ പ്രസംഗത്തിൽ യഹൂദരെ കുറ്റപ്പെടുത്തിയതും വിമർശിച്ചതും: "ഏതു പ്രവാചകനുണ്ട് നിങ്ങളുടെ പിതാക്കന്മാർ പീഡിപ്പിക്കാത്തതായി?" മഹാപെരുന്നാളായ പെസഹായിൽ മനുഷ്യരെ കൊല്ലാറില്ല. എന്നാൽ യഹൂദർ യേശുവിനെ കൊന്നു. മോശ നടപ്പാക്കിയ പെസഹായ്ക്ക് കടകവിരുദ്ധമായിരുന്നു അവരുടെ നടപടി. ചെറിയ ആഘോഷത്തിൽ യോഹന്നാനും വലിയ പെസഹായിൽ മിശിഹായും കൊല്ലപ്പെട്ടു. ഇതൊക്കെ സ്തേഫാനോസ് അനുസ്മരിച്ചത് യഹൂദപ്രമാണികൾക്ക് രസിച്ചില്ല.

# 4

# വി. പൗലോസ് ശ്ലീഹാ

ശൗൽ എന്നു വിളിക്കപ്പെട്ട പൗലോസ് നമ്മുടെ കർത്താവിന്റെ ഒരു വിശ്വസ്തസാക്ഷി ആയിരുന്നു. തീക്ഷ്ണത നിറഞ്ഞ ഒരു ഫരിസേയനായിരുന്നു ഈ തർസോസുകാരൻ. ജറുസലേമിൽ ഗമാലിയേലിന്റെ കീഴിൽ "പിതാക്കന്മാരുടെ നിയമത്തിൽ നിഷ്കൃഷ്ടമായ ശിക്ഷണം നേടി". ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ ക്രിസ്തുശിഷ്യരെ ഉപദ്രവിക്കാൻ മുന്നിട്ടിറങ്ങി. ഡമാസ്ക്കസിലേക്കുള്ള യാത്രാമധ്യേ ശൗലിന് ക്രിസ്തുവിന്റെ ദർശനം ഉണ്ടായി. അതോടെ അദ്ദേഹം മാനസ്സാന്തരപ്പെട്ടു. ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ മൂന്നിടത്ത് അദ്ദേഹത്തിന്റെ മാനസ്സാന്തരചരിത്രം വിവരിക്കുന്നു (9,1;22,4-16;26,9-18). ഒന്നാമത്തേത് നൽകുന്നത് നടപടി ഗ്രന്ഥകാരനായ ലൂക്കായാണ്. രണ്ടാമത്തേത്: ജറുസലേമിൽ വച്ച് ബന്ധിതനായപ്പോൾ, സഹസ്രാധിപന്റെയും യഹൂദരുടെയും സാന്നിധ്യത്തിൽ പൗലോസ് തന്നെയാണ് തന്റെ മാനസ്സാന്തരചരിത്രം വിവരിക്കുന്നത്. മൂന്നാമത്തേത് കേസറിയായിൽവച്ച്, തന്റെ കാരാഗൃഹവാസത്തിനിടെ, യഹൂദനായ അഗ്രിപ്പാരാജാവിന്റെയും ഫെസ്തുസ് എന്ന പ്രൊക്കുറേറ്ററിന്റെയും സാന്നിധ്യത്തിൽ തന്റെ ന്യായീകരണം നടത്തുമ്പോൾ ചെയ്ത വിവരണമാണ്. മൂന്നും ഒരുപോലെയാണ്. ഈ സംഗതി ഗലാതൃലേഖനത്തിലും (1,12.) കൊറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിലും പൗലോസ് പരാമർശിക്കുന്നു (15,8)

തനിക്കുണ്ടായ ദിവ്യദർശനം പൗലോസ് വിവരിക്കുന്നു. ആ പ്രകാശധാരയെ എതിർക്കാൻ ശക്തനും തീക്ഷ്ണനുമായ പൗലോസിന് കഴിഞ്ഞില്ല. അവനെ സ്നാനപ്പെടുത്താൻ ഭയപ്പെട്ട ഹനനിയാസിനോട് കർത്താവ് പറഞ്ഞു: "പോകുക. വിജാതിയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണവൻ. എന്റെ നാമത്തെപ്രതി അവൻ എത്രമാത്രം സഹിക്കേണ്ടിവരുമെന്ന് ഞാൻ അവന് കാണിച്ചുകൊടുക്കും" (നട.9,15-16). ഹനനിയാസ് ശൗലിനോട് പറഞ്ഞു "നീ കാണുകയും കേൾക്കുകയും ചെയ്തതിനെക്കുറിച്ച് എല്ലാ മനുഷ്യരുടെയും മുമ്പാകെ നീ അവനു സാക്ഷിയായിരിക്കും" (22,15). ശൗൽ ഡമാസ്കസിൽവച്ച് സ്നാനമേറ്റ്, പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ചു. ഹനനിയാസിൽ നിന്നാണ് സ്നാനം സ്വീകരിച്ച്, ക്രിസ്തുശിഷ്യനായത്. തുടർന്ന് "യേശു ദൈവപുത്രനാണെന്ന് ഡമാസ്കസിലെ സിനഗോഗുകളിൽ പ്രസംഗിക്കാൻ തുടങ്ങി." യേശു തന്നെയാണ് ക്രിസ്തു എന്ന് തെളിയിച്ചു കൊണ്ട് യഹൂദരെ ഉത്തരം മുട്ടിച്ചിരുന്നു. ഉത്തരം മുട്ടിയപ്പോൾ അവർ അവനെ ഗൂഢമായി വധിക്കാൻ ദുരാലോചന നടത്തി. എന്നാൽ ശിഷ്യന്മാർ രാത്രിയിൽ അവനെ ഒരു കൊട്ടയിൽ മതിലിലൂടെ ഇറക്കിവിട്ടു.



തുടർന്ന് ജറുസലേമിൽ വച്ച് അറസ്റ്റ്ചെയ്യപ്പെടാനുണ്ടായ സാഹചര്യം നടപടിപ്പുസ്തകം വിവരിക്കുന്നു: "ജറുസലേമിൽ വച്ച് കർത്താവായ യേശുവിന്റെ നാമത്തെ പ്രതി ബന്ധനം മാത്രമല്ല, മരണംപോലും സ്വീകരിക്കാൻ ഞാൻ തയാറാണ്" എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് അവൻ പോയത്. പലരും തടഞ്ഞെങ്കിലും അവൻ അത് കൂട്ടാക്കിയില്ല. അവസാനം "കർത്താവിന്റെ ഹിതം നിറവേറട്ടെ"എന്നു പറഞ്ഞുകൊണ്ട് സ്നേഹിതർ പിന്മാറി (നട.21,14). പൗലോസിനെ ദേവാലയത്തിൽ കണ്ട, ആസിയായിൽ നിന്നുള്ള ചില യഹൂദർ ജനക്കൂട്ടത്തെ ഇളക്കുകയും അവനെ പിടികൂടുകയും ചെയ്തു. നഗരം മുഴുവൻ പ്രക്ഷുബ്ധമായി. ആളുകൾ ഓടിക്കൂടി. അവർ പൗലോസിനെ പിടിച്ച് ദേവാലയത്തിനു പുറത്തേക്ക് വലിച്ചിഴച്ചുകൊണ്ടുവന്നു (21,30). സഹസ്രാധിപൻ വന്ന് അവനെ പിടിച്ചു. അവനെ രണ്ട് ചങ്ങലകൾ കൊണ്ട് ബന്ധിക്കാൻ കൽപ്പിച്ചു. "അവനെ കൊല്ലുക" എന്നു വിളിച്ചു പറഞ്ഞുകൊണ്ട് ജനക്കൂട്ടം പിറകേ കൂടി (നട.21,36). ഈ പശ്ചാത്തലത്തിലാണ് പൗലോസ് യഹൂദരോട് പ്രസംഗിച്ച് തന്റെ മാനസ്സാന്തരകഥ വിവരിക്കുന്നത്.

ഡമാസ്കസിൽ നിന്ന് തിരികെ ജറുസലേമിൽ എത്തി, "ദേവാലയത്തിൽ പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ എനിക്കൊരു ദിവ്യാനുഭൂതി ഉണ്ടായി.. കർത്താവ് എന്നോട് സംസാരിച്ചുകൊണ്ട് നിൽക്കുന്നത് ഞാൻ കണ്ടു: നീ വേഗം ജറുസലേമിനു പുറത്തുകടക്കുക. കാരണം, എന്നെക്കുറിച്ചുള്ള നിന്റെ സാക്ഷ്യം അവർ സ്വീകരിക്കുകയില്ല.... നീ പോകുക. അങ്ങു ദൂരെ വിജാതിയരുടെ അടുക്കലേക്ക് ഞാൻ നിന്നെ അയക്കും" (നട.22,17-21). ഇതുകേട്ട യഹൂദർ "സ്വരമുയർത്തി വിളിച്ചുപറഞ്ഞു: ഈ മനുഷ്യനെ ഭൂമിയിൽ നിന്നു നീക്കം ചെയ്യുക. ഇവൻ ജീവനോടിരിക്കാൻ പാടില്ല." തുടർന്ന് നാടകീയ രംഗങ്ങളാണുണ്ടായത്: ''അവർ ആക്രോശിച്ചുകൊണ്ട് തങ്ങളുടെ മേൽവസ്ത്രം കീറുകയും അന്തരീക്ഷത്തിലേക്ക് പൂഴി വാരി എറിയുകയും ചെയ്തു. കുറ്റമെന്തെന്നറിയാൻ സഹസ്രാധിപൻ അവനെ ചമ്മട്ടികൊണ്ടടിച്ച്, തെളിവെടുക്കാൻ കൽപ്പിച്ചു. അപ്പോൾ പൗലോസ് അവനോട് ന്യായവാദം നടത്തി: "റോമാപൗരനായ ഒരുവനെ വിചാരണചെയ്ത് കുറ്റം

വിധിക്കാതെ ചമ്മട്ടികൊണ്ട് അടിക്കുന്നത് നിയമാനുസൃതമാണോ?" അപ്പോൾ അയാൾ ഭയപ്പെട്ട് പിന്മാറി (നട.22).

പിറ്റേദിവസം സഹസ്രാധിപൻ എല്ലാ പുരോഹിതപ്രമുഖന്മാരെയും ആലോചനാസംഘം മുഴുവനെയും വരുത്തി പൗലോസിനെ അവരുടെ മുമ്പിൽ കൊണ്ടുവന്നു നിർത്തി. അവരുടെ മുമ്പാകെ പൗലോസ് തന്റെ ഭാഗം വാദിച്ചു:

"സഹോദരന്മാരേ, ഇന്നേവരെ ദൈവത്തിന്റെ മുമ്പിൽ നല്ല മനസ്സാക്ഷിയോടെയാണ് ഞാൻ ജീവിച്ചത്."

ഈ പ്രസ്താവനയിൽ എന്താണ് തെറ്റ്? ഇതിന്റെ വാസ്തവികത അവർക്ക് അന്വേഷിച്ചറിയാമായിരുന്നല്ലോ. അതിന് മുതിരാതെ, പൗലോസിന്റെ മുഖത്ത് അടിക്കാൻ പ്രധാനപുരോഹിതനായ അനനിയാസ് നിർദേശിച്ചു. ഇതാണ് മഹാപുരോഹിതന്റെ നീതി! ഇതാണ് മഹാപുരാഹിതന്റെ മര്യാദ! ഉടനേ പൗലോസ് അവനോട് ചോദിച്ചു:

"എന്നെ നിയമാനുസൃതം വിധിക്കാനാണ് നീയിവിടെ ഇരിക്കുന്നത്. എന്നിട്ടും നിയമവിരുദ്ധമായി പ്രഹരിക്കാൻ നീ കൽപ്പിക്കുന്നുവോ?" (നട.23,1-3).

അതൊന്നും മഹാപുരാഹിതനും അവന്റെ കൂടെയുള്ളവരും ശ്രദ്ധിച്ചില്ല. അവർക്ക് അവനെ തകർക്കണമായിരുന്നു. തുടർന്ന് യഹൂദർക്ക് തർക്കിക്കാനൊരു വകുപ്പ് പൗലോസ് എറിഞ്ഞുകൊടുത്തു: "മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള പ്രത്യാശയെ സംബന്ധിച്ചാണ് ഞാൻ വിചാരണ ചെയ്യപ്പെടുന്നത്"(23,6). ഉടനേ ഫരിസേയരും സദൂക്യരും തമ്മിൽ തർക്കമുണ്ടായി. "ഈ മനുഷ്യനിൽ ഞങ്ങൾ ഒരു കുറ്റവും കാണുന്നില്ല" എന്ന് ഫരിസേയരിൽ ചിലർ പ്രസ്താവിച്ചു. അപ്പോൾ തർക്കം മൂത്തു. സഹസ്രാധിപൻ അവനെ പാളയത്തിലേക്ക് കൊണ്ടുപോയി. അവിടെ രാത്രിയിൽ കർത്താവ് അവന് കാണപ്പെട്ടു: "ജറുസലേമിൽ എന്നെക്കുറിച്ച് നീ സാക്ഷ്യം നൽകിയതുപോലെ, റോമായിലും സാക്ഷ്യം നൽകേണ്ടിയിരിക്കുന്നു"(23,11). അവനെ രഹസ്യമായി വധിക്കാൻ യഹൂദർ പദ്ധതിയിണക്കിയതറിഞ്ഞ സഹസ്രാധിപൻ അവനെ കേസറിയായിലേക്ക് അയച്ചു. "വധശിക്ഷയോ, കാരാഗൃഹമോ അർഹിക്കുന്ന ഒരാരോപണവും ഉണ്ടായിരുന്നില്ല" എന്ന കുറിപ്പും കൊടുത്ത് ദേശാധിപതിയായ ഫേലിക്സിന്റെ പക്കലേക്കയച്ചു. അവിടെ പോയി തർക്കം പരിഹരിക്കാൻ യഹൂദർക്ക് അവൻ നിർദേശവും നൽകി.

യഹൂദർ അവിടെച്ചെന്ന് ഇപ്രകാരം ആരോപണം ഉന്നയിച്ചു: "ഈ മനുഷ്യൻ ശല്യക്കാരനും ലോകം മുഴുവനുമുള്ള യഹൂദരുടെയിടയിൽ ഒരു പ്രക്ഷോഭകാരിയും ആണെന്ന് ഞങ്ങൾ ഗ്രഹിച്ചിരിക്കുന്നു. ഇവൻ നസ്രായ



പക്ഷത്തിന്റെ പ്രമുഖനേതാവുമാണ്." അതിന് പൗലോസ് ശാന്തമായി മറുപടി പറഞ്ഞു:

"ഇപ്പോൾ എനിക്കെതിരെ കൊണ്ടുവരുന്ന ആരോപണങ്ങൾ തെളിയിക്കാൻ ഇവർക്കു സാധിക്കയില്ല. ദൈവത്തിന്റെയും മനുഷ്യരുടെയും നേർക്ക് എല്ലായ്പ്പോഴും നിഷ്ക്കളങ്കമായ മനസ്സാക്ഷി പുലർത്താൻ ഞാൻ അത്യന്തം ശ്രദ്ധാലുവാണ്. ദേവാലയത്തിൽ ആയിരിക്കുമ്പോഴാണ് ഇവരെന്നെ കണ്ടത്. എന്റെ കൂടെ ജനക്കൂട്ടമൊന്നും ഇല്ലായിരുന്നു; ബഹളമൊന്നും ഉണ്ടായതുമില്ല" (24,16-18).

ഫേലിക്സ് വിസ്താരം മറ്റൊരവസരത്തിലേക്ക് മാറ്റിവച്ചു. ഏതാണ്ട് രണ്ടുവർഷത്തോളം അയാൾ പൗലോസിനെ തടങ്കലിൽ പാർപ്പിച്ചു. പൗലോസിന്റെ കേസ് അവസാനിപ്പിക്കാതെ അയാൾ സ്ഥലം മാറിപ്പോയി.

തുടർന്നുവന്ന ഫെസ്തുസിനെ യഹൂദന്മാർ സ്വാധീനിച്ചു. അവർ "ഗുരുതരമായ പല കുറ്റങ്ങളും അവന്റെ ചുറ്റുംനിന്ന് ആരോപിച്ചു. എന്നാൽ, തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല." ജറുസലേമിൽവച്ച് വിസ്തരിക്കപ്പെടുന്നതിന് പൗലോസിന് താൽപ്പര്യമില്ലാത്തതിനാൽ, റോമിൽ സീസറിന്റെ സമക്ഷം തന്നെ അയക്കണമെന്ന് അവൻ അഭ്യർഥിച്ചു:

"ഞാൻ സീസറിന്റെ ന്യായാസനത്തിങ്കലാണ് നിൽക്കുന്നത്. അവിടെത്തന്നെയാണ് ഞാൻ വിചാരണ ചെയ്യപ്പെടേണ്ടതും. യഹൂദരോട് ഞാനൊരു തെറ്റും ചെയ്തിട്ടില്ല. ഞാൻ തെറ്റുകാരനും വധശിക്ഷ അർഹിക്കുന്ന എന്തെങ്കിലും ചെയ്തവനുമാണെങ്കിൽ മരിക്കാൻ ഒരുക്കമാണ്. എന്നാൽ അവർ എന്റെമേൽ ചുമത്തുന്ന കുറ്റങ്ങളിൽ കഴമ്പില്ലെങ്കിൽ, എന്നെ അവർക്ക് വിട്ടുകൊടുക്കാൻ ആർക്കും കഴിയുകയില്ല. ഞാൻ സീസറിന്റെ അടുത്ത് ഉപരിവിചാരണ ആവശ്യപ്പെടുന്നു" (25,10-11).

കുറേ ദിവസങ്ങൾക്കുശേഷം അഗ്രിപ്പാരാജാവ് കേസറിയായിലെത്തിയപ്പോൾ പൗലോസിനെ ശ്രവിക്കാൻ താൽപര്യം കാണിച്ചു. അഗ്രിപ്പായോടു ഫെസ്തുസ് പറഞ്ഞു:

"വാദിയെ മുഖാമുഖം കണ്ട്, തന്റെമേൽ ആരോപിതമായ കുറ്റങ്ങളെ കുറിച്ച് സമാധാനം ബോധിപ്പിക്കാൻ പ്രതിക്ക് അവസരം കൊടുക്കാതെ, അവനെ ഏൽപ്പിച്ചുകൊടുക്കുക റോമാക്കാരുടെ പതിവല്ലല്ലോ..."

"വാദികൾ കുറ്റാരോപണം ആരംഭിച്ചപ്പോൾ, സങ്കൽപ്പിച്ച ഒരു തിന്മയും അവന്റെ മേൽ ചുമത്തിക്കണ്ടില്ല... ഇവനെതിരായിട്ടാണ് യഹൂദജനത മുഴുവൻ ജറുസലേമിലും ഇവിടെവച്ചും 'ഇവന് ഇനി ജീവിക്കാൻ അർഹതയില്ല' എന്നുപറഞ്ഞ് ബഹളംകൂട്ടി എന്നോട് പരാതിപ്പെട്ടത്. എങ്കിലും, വധ

ശിക്ഷയ്ക്ക് അർഹമായ കുറ്റമൊന്നും ഇവൻ ചെയ്തിട്ടുള്ളതായി ഞാൻ കണ്ടില്ല...ഇവനെക്കുറിച്ച് സീസറിന് എന്താണ് എഴുതേണ്ടതെന്ന് എനിക്ക് നിശ്ചയമില്ല"(നട.25,16–26).

കൂടിയിരുന്ന വൻസദസ്സിനോട് പൗലോസ് ഇപ്രകാരം പറഞ്ഞു: "ഇപ്പോൾ ഞാനിവിടെ പ്രതിക്കൂട്ടിൽ നിൽക്കുന്നത് ഞങ്ങളുടെ പിതാക്കന്മാരോട് ദൈവം ചെയ്ത വാഗ്ദാനത്തിൽ ഞാൻ പ്രത്യാശ വച്ചതുകൊണ്ടാണ്." തുടർന്ന് അവൻ തന്റെ മാനസ്സാന്തരചരിത്രം വിവരിച്ചു കേൾപ്പിച്ചു: "കർത്താവ് കാണപ്പെട്ട് എന്നോട് പറഞ്ഞു: നീ എഴുന്നേൽക്കുക. ഇപ്പോൾ നീ എന്നെപ്പറ്റി കണ്ടതും ഇനി കാണാനിരിക്കുന്നതുമായവയ്ക്ക് സാക്ഷിയും ശുശ്രൂഷകനുമായി നിന്നെ നിയമിക്കാനാണ് ഞാൻ നിനക്ക് പ്രത്യക്ഷപ്പെട്ടിരിക്കുന്നത്...ഞാൻ സ്വർഗീയദർശനത്തോട് അനുസരണക്കേട് കാണിച്ചില്ല... ഇക്കാരണത്താലാണ് യഹൂദന്മാർ ദേവാലയത്തിൽവച്ച് എന്നെ പിടികൂടുകയും വധിക്കാൻ ശ്രമിക്കുകയും ചെയ്തത്. ഇന്നുവരെ ദൈവത്തിൽ നിന്നുള്ള സഹായം എനിക്കുണ്ട്. അതുകൊണ്ടാണ് ചെറിയവരുടെയും വലിയവരുടെയും മുമ്പിൽ സാക്ഷ്യം നൽകിക്കൊണ്ട് ഞാൻ ഇവിടെ നിൽക്കുന്നതും" (നട. 26,6–21).

ഫെസ്തുസ് ഇടയ്ക്കു കയറി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:"പൗലോസ്, നിനക്ക് ഭ്രാന്താണ്. നിന്റെ വലിയ വിജ്ഞാനം നിന്നെ ഭ്രാന്തനാക്കുന്നു" പൗലോസ് പറഞ്ഞു:"ഞാൻ ഭ്രാന്തനല്ല. സുബോധത്തോടെ സത്യം പറയുകയാണ്. എന്തെന്നാൽ ഇത് ഒഴിഞ്ഞ കോണിൽ സംഭവിച്ച കാര്യമല്ല... ഇന്ന് എന്റെ വാക്ക് കേട്ടുകൊണ്ടിരിക്കുന്ന എല്ലാവരും ഈ ചങ്ങലയുടെ കാര്യത്തിലൊഴികെ എന്നെപ്പോലെ ആകണമെന്നാണ് ഞാൻ ദൈവത്തോട് പ്രാർഥിക്കുന്നത്"(26,24 –26). അങ്ങനെ അന്നത്തെ ചർച്ച അവസാനിച്ചു. അവർ പോകുമ്പോൾ പരസ്പരം പറഞ്ഞു: "മരണമോ വിലങ്ങോ അർഹിക്കുന്നതൊന്നും ഈ മനുഷ്യൻ ചെയ്തതായി കാണുന്നില്ല"(26,31). തുടർന്ന് നടപടിപ്പുസ്തകം റോമിലേക്കുള്ള യാത്ര വിവരിക്കുന്നു.

തനിക്ക് യൂദന്മാരിൽ നിന്നും വിജാതിയരിൽ നിന്നും ഉണ്ടായിട്ടുള്ള ക്ലേശങ്ങളിൽ ചിലത് പൗലോസ് സൂചിപ്പിക്കുന്നു. തനിക്കെതിരെ അപവാദം പറഞ്ഞു നടന്ന കപടപ്രഘോഷകർക്കെതിരെ കൊറിന്തോസുകാരോട് പൗലോസ് ന്യായവാദം നടത്തുന്നു: "ആരെങ്കിലും പ്രശംസിക്കാൻ ധൈര്യപ്പെടുന്ന എന്തിനേക്കുറിച്ചും പ്രശംസിക്കാൻ ഞാനും ധൈര്യപ്പെടും എന്ന് ഒരു ഭോഷനെപ്പോലെ ഞാൻ പറയുന്നു... അവർ ക്രിസ്തുവിന്റെ ദാസന്മാരാണോ? ഉന്മത്തനെപ്പോലെ ഞാനും പറയുന്നു. ഞാൻ കുറേക്കൂടി മെച്ചപ്പെട്ട ദാസനാണ്. അവരേക്കാൾ വളരെയേറെ ഞാൻ അധ്വാനിച്ചു. വളരെ കൂടുതൽ കാരാഗൃഹവാസം അനുഭവിച്ചു. എണ്ണമറ്റവിധം പ്രഹരമേറ്റു; പല



തവണ മരണവക്ത്രത്തിൽ അകപ്പെട്ടു. അഞ്ചുപ്രാവശ്യം യഹൂദരുടെ കൈകളിൽനിന്ന് ഒന്നു കുറയെ നാൽപത് അടി വീതം ഞാൻ കൊണ്ടു. മൂന്നുപ്രാവശ്യം വടികൊണ്ട് അടിക്കപ്പെട്ടു. ഒരിക്കൽ കല്ലേറിയപ്പെട്ടു. മൂന്നുപ്രാവശ്യം കപ്പലപകടത്തിൽ പെട്ടു. ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകിനടന്നു. തുടരെത്തുടരെയുള്ള യാത്രകൾക്കിടയിൽ, നദികളിൽവച്ചും കൊള്ളക്കാരിൽനിന്നും സ്വന്തക്കാരിൽനിന്നും വിജാതിയരിൽനിന്നും എനിക്ക് അപകടങ്ങളുണ്ടായി. നഗരത്തിൽവച്ചും വിജനപ്രദേശത്തുവച്ചും കടലിൽവച്ചും അപകടങ്ങളിൽ അകപ്പെട്ടു. വ്യാജസഹോദരന്മാരിൽ നിന്നുള്ള അപകടങ്ങൾക്കും ഞാൻ അധീനനായി. കഠിനാധ്വാനത്തിലും വിഷമസന്ധികളിലും നിരവധി രാത്രികളിലെ ജാഗരണത്തിലും വിശപ്പിലും ദാഹത്തിലും പലപ്പോഴും ഉപവാസത്തിലും തണുപ്പിലും നഗ്നതയിലും ഞാൻ ജീവിച്ചു. അവയ്ക്കെല്ലാം പുറമേ, സകല സഭകളെയും കുറിച്ചുള്ള എന്റെ ഉത്കണ്ഠ അനുദിനം എന്നെ അലട്ടിക്കൊണ്ടുമിരിക്കുന്നു"(2കൊറി.11, 21–28).

തന്റെ ലേഖനങ്ങളിൽ ഉടനീളം തന്റെ ജീവിതലക്ഷ്യം എന്താണെന്ന് പൗലോസ് വ്യക്തമാക്കിയിരുന്നു:

"യേശുക്രിസ്തുവിനെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെ കുറിച്ചല്ലാതെ, മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു. നിങ്ങളുടെ മുമ്പിൽ ഞാൻ ദുർബലനും ഭയചകിതനുമായിരുന്നു. എന്റെ വചനവും പ്രസംഗവും വിജ്ഞാനം കൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു" (1കൊറി.2,2–4).

"ആത്മാവ് ഞങ്ങളെ പഠിപ്പിച്ചതനുസരിച്ച്, ആത്മാവിന്റെ ദാനങ്ങൾ പ്രാപിച്ചവർക്കുവേണ്ടി ആത്മീയസത്യങ്ങൾ ഞങ്ങൾ വ്യാഖ്യാനിക്കുന്നു" (2,13). കൊറിന്തോസുകാരോട് വളരെ ധൈര്യപൂർവം പറയാൻ പൗലോസിന് കഴിഞ്ഞു: "നിങ്ങളോ, ഏതെങ്കിലും ന്യായാസനമോ എന്നെ വിചാരണ ചെയ്യുന്നെങ്കിൽ അതു ഞാൻ കാര്യമാക്കുന്നില്ല. ഞാനും എന്നെ വിധിക്കുന്നില്ല. ഞാൻ ഏതെങ്കിലും തരത്തിൽ കുറ്റക്കാരനാണെന്ന് എനിക്ക് ബോധ്യമില്ല. എന്നാൽ അതുകൊണ്ടുമാത്രം ഞാൻ നീതീകരിക്കപ്പെട്ടു എന്ന് അർഥമില്ല. എന്നെ വിധിക്കുന്നവൻ കർത്താവാണ്"(4,3–4).

കൊറിന്തോസുകാരിൽ ചിലർ ശ്ലീഹന്മാരെ മറികടന്ന് പ്രവർത്തിക്കാൻ മുതിർന്നപ്പോഴാണ് പൗലോസ് ഇപ്രകാരം തന്നെത്തന്നെ ന്യായീകരിക്കാൻ മുതിർന്നത്. അദ്ദേഹം തുടരുന്നു:

"ദൈവം അപ്പസ്തോലന്മാരായ ഞങ്ങളെ മരണത്തിനു വിധിക്കപ്പെട്ടവരെപ്പോലെ ഏറ്റവും അവസാനത്തെ നിരയിൽ പ്രദർശിപ്പിച്ചിരിക്കുന്നു എന്ന്

ഞാൻ കരുതുന്നു. കാരണം, ഞങ്ങൾ ലോകത്തിനും ദൂതന്മാർക്കും മനുഷ്യർക്കും പ്രദർശനവസ്തുക്കൾ ആയിത്തീർന്നിരിക്കുന്നു, ഞങ്ങൾ ക്രിസ്തുവിനെ പ്രതി ഭോഷന്മാർ, നിങ്ങൾ ക്രിസ്തുവിൽ ജ്ഞാനികൾ; ഞങ്ങൾ ബലഹീനർ, നിങ്ങൾ ബലവാന്മാർ; നിങ്ങൾ ബഹുമാനിതർ, ഞങ്ങൾ അവമാനിതർ. ഈ നിമിഷം വരെ ഞങ്ങൾ വിശന്നും ദാഹിച്ചും നഗ്നരായും പ്രഹരങ്ങളേറ്റും പാർപ്പിടമില്ലാതെയും കഴിയുന്നു. സ്വന്തം കൈകൊണ്ട് ഞങ്ങൾ അധ്വാനിക്കുന്നു. നിന്ദിക്കപ്പെടുമ്പോൾ ഞങ്ങൾ അനുഗ്രഹിക്കുന്നു; പീഡിപ്പിക്കപ്പെടുമ്പോൾ അടിപതറാതെ നിൽക്കുന്നു. ദൂഷണം പറയുന്നവരോട് ഞങ്ങൾ നല്ലവാക്കു പറയുന്നു. ഞങ്ങൾ ഇപ്പോൾ ലോകത്തിന്റെ ചപ്പും ചവറും പോലെയും എല്ലാറ്റിന്റെയും ഉച്ഛിഷ്ടം പോലെയും ആയിത്തീർന്നിരിക്കുന്നു"(1കൊറി.4,9–13).

ശ്ലീഹാ എന്ന നിലയിൽ തനിക്ക് അവകാശപ്പെട്ടവപോലും താൻ ആവശ്യപ്പെടുന്നില്ലെന്ന് അവൻ തീർത്തുപറയുന്നു. എല്ലാവർക്കും എല്ലാമാകാൻ അവൻ എല്ലാവരുടെയും ദാസനായി, തന്നെത്തന്നെ വ്യയം ചെയ്തു. ക്രിസ്തുവിന്റെ സുവിശേഷം പ്രതിഫലം കൂടാതെ പ്രസംഗിച്ചുകൊണ്ട് ജനങ്ങളുടെ ഉത്ക്കർഷത്തിനുവേണ്ടി അവൻ തന്നെത്തന്നെ താഴ്ത്തി. ഞെരുക്കം ഉണ്ടായെങ്കിലും ആരെയും ബുദ്ധിമുട്ടിക്കാതെ ജീവിച്ചു (1കൊറി. 9.18 –23). അത് "ദൈവത്തിനറിയാം" എന്ന് പൗലോസ് സമാശ്വസിക്കുന്നു. വൈദികരെ സംബന്ധിച്ച് പലപ്പോഴും അവർ ശുശ്രൂഷിക്കുന്ന ജനങ്ങളും സഹപ്രവർത്തകരും അധ്യക്ഷന്മാരും അവരെ മനസ്സിലാക്കാതെ വരാം, തെറ്റിദ്ധരിച്ചരിക്കാം, കുറ്റംവിധിച്ച് വിചാരണകൂടാതെ ശിക്ഷിച്ചേക്കാം. അപ്പോൾ പൗലോസിന്റെ വാക്ക് അനുസ്മരിക്കുക: "അത് ദൈവത്തിനറിയാം". ദൈവം അറിഞ്ഞുകഴിഞ്ഞാൽ പിന്നെ എന്താണ് വേണ്ടത്!

മറ്റുള്ളവരേക്കാൾ കൂടുതലായി ദൈവകൃപയാൽ അധ്വാനിക്കാൻ തനിക്ക് കഴിഞ്ഞെന്ന് പൗലോസ് പറയുന്നു: "ഞാൻ എന്തായിരിക്കുന്നുവോ, അത് ദൈവകൃപയാലാണ്. എന്റെ മേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല. നേരേമറിച്ച് മറ്റെല്ലാവരേയുംകാൾ അധികം ഞാൻ അധ്വാനിച്ചു. എന്നാൽ ഞാനല്ല, എന്നിലുള്ള ദൈവകൃപയാണ് അധ്വാനിച്ചത്"(15,10).

അവൻ വീണ്ടും പറയുന്നു: "സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്. അവിടുന്ന് ഞങ്ങളെ ആത്മാവിനാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാക്കിയിരിക്കുന്നു....ദൈവകൃപയാൽ ഞങ്ങൾക്കു ലഭിച്ച ഈ ശുശ്രൂഷയിൽ ഞങ്ങൾ ഭഗ്നാശരല്ല"(2കൊറി.3,5–6;4,1).



വീണ്ടും, "പരമമായ ശക്തി ദൈവത്തിന്റേതാണ്, ഞങ്ങളുടെതല്ല. ഞങ്ങൾ എല്ലാവിധത്തിലും ഞെരുക്കപ്പെടുന്നു, എങ്കിലും തകർക്കപ്പെടുന്നില്ല. വിഷമിപ്പിക്കപ്പെടുന്നു, എങ്കിലും ഭഗ്നാശരാകുന്നില്ല. പീഡിപ്പിക്കപ്പെടുന്നു, എങ്കിലും പരിത്യക്തരാകുന്നില്ല. അടിച്ചുവീഴ്ത്തപ്പെടുന്നു, എങ്കിലും നശിപ്പിക്കപ്പെടുന്നില്ല. യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടുത്തെ മരണം ഞങ്ങൾ എല്ലായ്പ്പോഴും ശരീരത്തിൽ സംവഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ പ്രത്യക്ഷമാകേണ്ടതിന് ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ യേശുവിനെ പ്രതി സദാ മരണത്തിന് ഏൽപ്പിക്കപ്പെടുന്നു"(2കൊറി.4,7–11).

തങ്ങൾ യേശുവിനെയാണ് പ്രഘോഷിക്കുന്നതെന്ന് അവൻ അവരെ അനുസ്മരിപ്പിക്കുന്നു: "ഞങ്ങൾ ഉദ്ഘോഷിക്കുന്നത് ഞങ്ങളെക്കുറിച്ചല്ല, പ്രത്യുത, യേശുക്രിസ്തുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" ( 2 കൊറി 4,5). അടുത്തായാലും അകലെയായാലും അവിടുത്തെ പ്രസാദിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം (2 കൊറി 5,9). "ഞങ്ങൾ എന്താണെന്ന് ദൈവത്തിനറിയാം. അത് നിങ്ങൾക്കും നന്നായി അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു" ( 2 കൊറി 5,11). "ഞങ്ങൾ ഉന്മത്തരാണെങ്കിൽ അത് ദൈവത്തിനുവേണ്ടിയാണ്. ഞങ്ങൾ സമചിത്തരാണെങ്കിൽ അത് നിങ്ങൾക്കുവേണ്ടിയാണ്" (2 കൊറി 5,13).

"ഞങ്ങളുടെ ശുശ്രൂഷയിൽ ആരും കുറ്റം കാണാതിരിക്കേണ്ടതിന് ഞങ്ങൾ ആർക്കും ഒന്നിനും പ്രതിബന്ധം ഉണ്ടാക്കുന്നില്ല. മറിച്ച്, എല്ലാവിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു. വലിയ സഹനത്തിൽ, പീഡകളിൽ, ഞെരുക്കങ്ങളിൽ, അത്യാഹിതങ്ങളിൽ, മർദനങ്ങളിൽ, കാരാഗൃഹങ്ങളിൽ, ലഹളകളിൽ, അധ്വാനങ്ങളിൽ, ജാഗരണത്തിൽ, വിശപ്പിൽ, ശുദ്ധതയിൽ, ജ്ഞാനത്തിൽ, ക്ഷമയിൽ, ദയയിൽ, പരിശുദ്ധാത്മാവിൽ, നിഷ്ക്കളങ്കസ്നേഹത്തിൽ, സത്യസന്ധമായ വാക്കിൽ, ദൈവത്തിന്റെ ശക്തിയിൽ, വലത്തുകൈയിലും ഇടത്തുകൈയിലുമുള്ള നീതിയുടെ ആയുധത്തിൽ, ബഹുമാനത്തിലും അവമാനത്തിലും, സത്കീർത്തിയിലും ദുഷ്കീർത്തിയിലും ഞങ്ങൾ അഭിമാനിക്കുനനു. വഞ്ചകരെപ്പോലെ ഞങ്ങൾ കരുതപ്പെടുന്നു; എങ്കിലും ഞങ്ങൾ സത്യസന്ധരാണ്. അറിയപ്പെടാത്തവരെപ്പോലെ ആണെങ്കിലും ഞങ്ങൾ അറിയപ്പെടുന്നവരാണ്. മരിക്കുന്നവരെപ്പോലെ ആണെങ്കിലും, ഇതാ, ഞങ്ങൾ ജീവിക്കുന്നു. ശിക്ഷിക്കപ്പെട്ടവരെപ്പോലെ ആണെങ്കിലും സദാ സന്തോഷിക്കുന്നു. ദരിദ്രരെപ്പോലെ ആണെങ്കിലും അനേകരെ സമ്പന്നരാക്കുന്നു. ഒന്നുമില്ലാത്തവരെപ്പോലെ ആണെങ്കിലും എല്ലാം ആർജിച്ചിരിക്കുന്നു" (2കൊറി. 6,3–10).

കൊറിന്തോസുകാർ ഓരോരോ തരത്തിൽ പൗലോസിനെ അലട്ടിക്കൊ

ണ്ടിരുന്നു. അതുകൊണ്ട് തുടർച്ചയായി അവരോട് ന്യായവാദം നടത്തേണ്ടി വന്നു. അദ്ദേഹം മറ്റൊരിടത്ത് പറയുന്നു: "ഞങ്ങളെ ജഡികന്മാരായി കരുതുന്ന ചിലരുണ്ട്. അവരെ ധീരമായി നേരിടാമെന്ന ആത്മവിശ്വാസം എനിക്കുണ്ട്. ഞങ്ങൾ ജീവിക്കുന്നത് ജഡത്തിലാണെങ്കിലും, ജഡികപോരാട്ടമല്ല ഞങ്ങൾ നടത്തുന്നത്. ഞങ്ങളുടെ സമരായുധങ്ങൾ ജഡികമല്ല. ദുർഗമങ്ങളായ കോട്ടകൾ തകർക്കാൻ ദൈവത്തിൽ അവ ശക്തങ്ങളാണ്. ദൈവത്തെപ്പറ്റിയുള്ള അറിവിനെതിരായ വാദമുഖങ്ങളെയും ഔദ്ധത്യപൂർണമായ എല്ലാ പ്രതിബന്ധങ്ങളെയും ഞങ്ങൾ തകർക്കുകയും ക്രിസ്തുവിനെ അനുകരിക്കേണ്ടതിന് എല്ലാ ചിന്താഗതികളെയും കീഴ്പ്പെടുത്തുകയും ചെയ്യുന്നു" (10, 2-4).

തനിക്ക് സ്വന്തമായി അഭിമാനിക്കാൻ ഒന്നുമില്ലെന്നും എന്തെങ്കിലുമുണ്ടെങ്കിൽ തന്റെ ബലഹീനതയിൽ മാത്രമാണെന്നും പൗലോസ് പറയുന്നു: "അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ. എന്തെന്നാൽ തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല, കർത്താവ് പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ (2കൊറി.10,17-18). "എനിക്ക് പ്രശംസിക്കണമെന്നുണ്ടെങ്കിൽ, എന്റെ ബലഹീനതകളെ കുറിച്ചായിരിക്കും ഞാൻ പ്രശംസിക്കുക... എന്നെക്കുറിച്ച് സ്വന്തം ബലഹീനതകളിലല്ലാതെ ഞാൻ അഭിമാനം കൊള്ളുകയില്ല. വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അധികം ആഹ്ലാദിക്കാതിരിക്കാൻ ശരീരത്തിൽ ഒരു മുള്ള് എനിക്ക് നൽകപ്പെട്ടിരിക്കുന്നു." അതു നീങ്ങിക്കിട്ടാൻ മൂന്നു പ്രാവശ്യം കർത്താവിനോട് പ്രാർഥിച്ചെങ്കിലും, തന്റെ കൃപയിൽ ആശ്രയിക്കാൻ കർത്താവ് അവനോട് പറഞ്ഞു: "നിനക്ക് എന്റെ കൃപ മതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെ കുറിച്ച് പ്രശംസിക്കും. അതുകൊണ്ട്, ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ ക്രിസ്തുവിനെപ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ ബലഹീനൻ ആയിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്"(11,30-12,10).

ലേഖനത്തിന്റെ അവസാനഭാഗത്ത് അവരെ തന്റെ വ്യഗ്രത അറിയിക്കുന്നു: "ഞാൻ നിസ്സാരനാണെന്നിരിക്കിലും, ഈ അപ്പസ്തോലപ്രമാണികളേക്കാൾ ഒട്ടും കുറഞ്ഞവനല്ല. തെളിവുകളോടും അത്ഭുതങ്ങളോടും ശക്തികളോടും കൂടെ എല്ലാത്തരത്തിലുമുള്ള സഹനങ്ങളിലും ഒരു അപ്പസ്തോലനു ചേർന്ന അടയാളങ്ങൾ നിങ്ങൾക്ക് നൽകപ്പെട്ടു. ഞാൻ നിങ്ങൾക്ക് ഒരു ഭാരമായി തീർന്നിട്ടില്ല. ഞാൻ കാംക്ഷിക്കുന്നത് നിങ്ങളെയാണ് നിങ്ങൾക്കുള്ളതല്ല. ഞാൻ അതീവ സന്തോഷത്തോടെ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി എനിക്കുള്ളതെല്ലാം ചെലവഴിക്കുകയും എന്നെത്തന്നെ



സമർപ്പിക്കുകയും ചെയ്യും. നിങ്ങളുടെ അഭ്യുന്നതിക്കു വേണ്ടി ദൈവസമക്ഷം സമസ്തവും ക്രിസ്തുവിലാണ് ഞങ്ങൾ പ്രസംഗിച്ചിരുന്നത്. ക്രിസ്തു എന്നിലൂടെ സംസാരിക്കുന്നു എന്നതിന് തെളിവാണല്ലോ നിങ്ങൾ ആഗ്രഹിക്കുന്നത്. നിങ്ങളോട് ഇടപെടുന്നതിൽ അവൻ ദുർബലനല്ല, ശക്തനാണ്. അവൻ ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു. എന്നാൽ ദൈവത്തിന്റെ ശക്തിയാൽ ജീവിക്കുന്നു. ക്രിസ്തുവിൽ ഞങ്ങളും ബലഹീനരാണ്. എന്നാൽ നിങ്ങളോട് പെരുമാറുമ്പോഴാകട്ടെ, ഞങ്ങൾ അവനോടുകൂടെ ദൈവത്തിന്റെ ശക്തികൊണ്ട് ജീവിക്കും...സത്യത്തിനുവേണ്ടിയല്ലാതെ സത്യത്തിനെതിരെ ഒന്നും ചെയ്യാൻ ഞങ്ങൾക്ക് സാധ്യമല്ല. കർത്താവ് എന്നെ അധികാരപ്പെടുത്തിയിരിക്കുന്നത് നിങ്ങളെ വളർത്തിയെടുക്കാനാണ്, നശിപ്പിക്കാനല്ല"(2കൊറി. 12,11-13,10).

ഗലാത്യലേഖനത്തിലും പൗലോസ് തന്റെ മാനസ്സാന്തര ചരിത്രം ചുരുക്കി വിവരിക്കുന്നു. ദൈവം തന്നെ തെരഞ്ഞെടുത്ത കാര്യവും തനിക്കു ലഭിച്ച വെളിപാടും തനിക്ക് മറ്റ് ശ്ലീഹന്മാരിൽ നിന്നു കിട്ടിയ അംഗീകാരവും ചില കാര്യങ്ങളിൽ അവരുമായുണ്ടായ അഭിപ്രായവ്യത്യാസവും ഒക്കെ വിവരിക്കുന്നു: "ഞാൻ പ്രസംഗിച്ച സുവിശേഷം മാനുഷികമല്ല. യേശുക്രിസ്തുവിന്റെ വെളിപാടിലൂടെയാണ് അതെനിക്ക് ലഭിച്ചത്. ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു. തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു. തന്റെ പുത്രനെപ്പറ്റി വിജാതിയരുടെ ഇടയിൽ പ്രസംഗിക്കാൻ അവനെ എനിക്കു വെളിപ്പെടുത്തി." അവസാനം പറയുന്നു, "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ് എന്റെ ഇപ്പോഴത്തെ ഐഹികജീവിതം" (ഗലാ.1,11-16;2,20).

ഫിലിപ്യലേഖനത്തിലും പൗലോസ് ക്രിസ്തുവുമായി തനിക്കുള്ള ബന്ധം പരാമർശിക്കുന്നു. തന്നെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യത്തെപ്പറ്റിയും അവൻ എഴുതുന്നു: "എനിക്കു സംഭവിച്ചതെല്ലാം സുവിശേഷത്തിന്റെ പുരാഗതിക്ക് കാരണമായി. ഞാൻ ക്രിസ്തുവിനു വേണ്ടിയാണ് ബന്ധനസ്ഥനായത്. സുവിശേഷത്തിന്റെ സംരക്ഷണത്തിന് ഞാൻ നിയുക്തനായിരിക്കുന്നു. എല്ലാവിധത്തിലും ക്രിസ്തു പ്രസംഗിക്കപ്പെടുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എപ്പോഴും എന്നപോലെ ഇപ്പോഴും ക്രിസ്തു എന്റെ ശരീരത്തിൽ മഹത്വപ്പെടണമെന്ന് എനിക്ക് തീവ്രമായ ആഗ്രഹവും പ്രതീക്ഷയുമുണ്ട്. എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്. മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ് എന്റെ ആഗ്രഹം. കാരണം, അതാണ് കൂടുതൽ ശ്രേഷ്ഠം... ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി

സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു" (ഫിലി.1,12-29).

ക്രിസ്തുവാകുന്ന ലക്ഷ്യത്തിലേക്കുള്ള തന്റെ ഓട്ടത്തെപ്പറ്റി അവൻ കൂട്ടിച്ചേർക്കുന്നു. തന്റെ മാനസ്സാന്തരത്തിനു മുമ്പുള്ള ജീവിതത്തെപ്പറ്റിയും അവൻ പരാമർശിക്കുന്നു. യഹൂദമതത്തിൽ ആയിരുന്നപ്പോൾ അവൻ തികഞ്ഞ ഒരു മതതീവ്രവാദിയായിരുന്നു. അതിന് അവൻ ചില ദൃഷ്ടാന്തങ്ങളും നൽകുന്നു: "എന്നാൽ എനിക്ക് ലാഭമായിരുന്ന ഇവയെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്. ഇത് ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയാണ്" (ഫിലി.3,6-9). ഈ ഭൂമിയിൽ ആയിരിക്കുന്നിടത്തോളം കാലം പൂർണമായി ഇത് നേടിയിട്ടില്ലെന്ന് അവൻ പറയുന്നു: "ഇതെനിക്ക് കിട്ടിക്കഴിഞ്ഞെന്നോ, ഞാൻ പരിപൂർണനായെന്നോ അർഥമില്ല. ഇത് സ്വന്തമാക്കാൻ വേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്. യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു. ഞാൻ തന്നെ ഇനിയും അത് സ്വന്തമാക്കിയെന്നു കരുതുന്നില്ല. എന്നാൽ ഒരു കാര്യം ഞാൻ ചെയ്യുന്നു. എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു" (ഫിലി.3,12-13).

തന്റെ സഹനം മിശിഹായെ പ്രതിയാണെന്ന് മറ്റൊരിടത്ത് അവൻ കൂട്ടിച്ചേർക്കുന്നു: "നിങ്ങളെ പ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി മിശിഹായ്ക്ക് സഹിക്കേണ്ടി വന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു. നിങ്ങൾക്കുവേണ്ടി ദൈവം എന്നെ ഭരമേൽപ്പിച്ച ദൗത്യംവഴി ഞാൻ സഭയിലെ ശുശ്രൂഷകനായി. ദൈവവചനം പൂർണമായി വെളിപ്പെടുത്തുക എന്നതായിരുന്നു ആ ദൗത്യം" (കൊളോ. 1,24-25).

കർത്താവിൽ നിന്ന് തനിക്ക് ലഭിച്ചതായി പൗലോസ് രണ്ടുകാര്യങ്ങൾ ഉയർത്തിക്കാട്ടുന്നു. വി.കുർബാനയെപ്പറ്റിയും ക്രിസ്തുവിന്റെ ഉയിർപ്പിനെപറ്റിയുമുള്ള പാരമ്പര്യങ്ങൾ: "കർത്താവിൽ നിന്ന് എനിക്ക് ലഭിച്ചതും നിങ്ങളെ ഭരമേൽപ്പിച്ചതുമായ കാര്യം ഇതാണ്" എന്നുപറഞ്ഞുകൊണ്ടാണ് കുർബാനസ്ഥാപനവിവരണം നൽകുന്നത്. അതുപോലെ, ക്രിസ്തുവിന്റെ ഉത്ഥാനത്തെപ്പറ്റിയും: "എനിക്കു ലഭിച്ചത് സർവപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചുതന്നു" (1കൊറി.11,23;15,3.).



കർത്താവായ മിശിഹായെ വെളിപാടുവഴിയാണെങ്കിൽ പോലും വളരെയധികം മനസ്സിലാക്കാൻ പൗലോസിനു കഴിഞ്ഞു. അത് ലേഖനങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തു: യേശുവാണ് മിശിഹായെന്ന് അവൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. അതായത്, യഹൂദർ പ്രതീക്ഷിച്ചിരുന്ന വ്യക്തി യേശു തന്നെയാണ്. ഡമാസ്കസിലേക്ക് പോകുന്ന വഴിയിൽവച്ച് പൗലോസ് യേശുവിനെ കണ്ടു. "ഞാൻ നീ പീഡിപ്പിക്കുന്ന യേശുവാകുന്നു" (നട.9,5) എന്ന സ്വരം തന്റെ കുതിരപ്പുറത്തുനിന്നുള്ള വീഴ്ചക്കിടയിൽ അവൻ കേട്ടു. "ക്രൂശിതനായ യേശുവിനെ" പ്രസംഗിക്കാൻ അവൻ വിളിക്കപ്പെട്ടു (1കൊറി.2,2). യേശുക്രിസ്തുവിനെ മഹത്വത്തിന്റെ കർത്താവായും (1കൊറി.2,8;കൊളോ.4,5) അവസാനത്തെ ആദാമായും ജീവദാതാവായ ആത്മാവായും (1കൊറി.15,45) അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമായും (കൊളോ.1,15;2കൊറി.4,4) എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനായും (കൊളോ.1,15) പൗലോസ് കാണുന്നു. ദൈവത്വത്തിന്റെ പൂർണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു. അവൻ എല്ലാ ആധിപത്യങ്ങളുടെയും അധികാരങ്ങളുടെയും ശിരസ്സാണ്(കൊളോ. 2,9-10). ദൈവത്തിന്റെ പുത്രൻ കാലത്തിന്റെ പൂർത്തീകരണത്തിൽ ദാവീദിന്റെ വംശത്തിൽ നിന്ന് ഒരു സ്ത്രീയിൽ നിന്നു ജാതനായി (ഗലാ.4,4;റോമ.1,4). അവൻ നിയമത്തിന് അധീനനായി ജനിച്ചു (ഗലാ.4,4).

ദൈവപുത്രൻ മനുഷ്യരൂപം സ്വീകരിച്ച് മനുഷ്യനായി പിറന്നു. അവൻ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല. അവൻ സ്വയം ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ചു. മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി.2,6-7). "അവൻ ദൈവത്തിന്റെ രൂപത്തിലായിരുന്നു (ഫിലി.2,6). അതായത്, യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ പുത്രനാണ്. "എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനാണ്." അതായത്, സൃഷ്ടിക്കും സമയത്തിനും കാലത്തിനും അതീതൻ എന്നർഥം. നിത്യനായ പിതാവിനോടുകൂടെ നിത്യതയിലേ അവിടുന്ന് പുത്രനായിരുന്നു എന്നു സാരം."ദൈവത്തിന്റെ രൂപം", "ദൈവത്തിന്റെ പ്രതിരൂപം എന്നത് പിതാവിനോട് പുത്രനുള്ള സത്തയിലെ സമാനത സ്പഷ്ടമാക്കുന്നു.

അവൻ ദൈവത്വത്തിന്റെ രഹസ്യങ്ങൾ നമുക്കു മനസ്സിലാക്കിത്തന്നു. ദൈവം നമ്മുടെ പിതാവാണ് എന്ന് മനുഷ്യർക്ക് വെളിപ്പെടുത്തിത്തന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ തന്റെ ജീവൻ കുരിശിൽ ഒരു യാഗമായി സമർപ്പിച്ചു. കുരിശിലെ മരണംവഴി അവൻ നമുക്കുവേണ്ടി ശാപമായിത്തീർന്നു (ഗലാ.3,13). അവൻ കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും തന്റെ മരണംവഴി സ്വന്തം ഭൗതികശരീതത്തിൽ മനുഷ്യരെ

അനുരഞ്ജിപ്പിക്കുകയും ചെയ്തു (കൊളോ. 1,22). എല്ലാവർക്കും വേണ്ടി ഒരു മോചനമൂല്യമായി അവൻ സ്വയം സമർപ്പിച്ചു (1തിമോ.2,5-6). ക്രിസ്തു നമുക്കുവേണ്ടി മരിച്ചു (റോമ.5,8). അവന്റെ നീതിപൂർവകമായ പ്രവൃത്തി എല്ലാവർക്കും ജീവദായകമായ നീതീകരണത്തിന് ഹേതുവായി (റോമ.5,18). നമ്മുടെ പാപമോചനത്തിനായി അവൻ മരണത്തിന് ഏൽപ്പിക്കപ്പെട്ടു. നമ്മുടെ നീതീകരണത്തിനായി അവൻ ഉയിർപ്പിക്കപ്പെടുകയും ചെയ്തു (റോമ.4,24-25). ദൈവം അവനെ മരിച്ചവരിൽ നിന്നുയർത്തി, എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം അവനുകൊടുത്തു (ഫിലി. 2,9). അവൻ എല്ലാറ്റിന്റെയും ആരംഭവും മരിച്ചവരിൽ നിന്നുള്ള ആദ്യജാതനുമാണ്. എല്ലാ കാര്യങ്ങളിലും അവൻ ഒന്നാമനായി. അവനിൽ സർവ സമ്പൂർണതയും നിവസിക്കണമെന്ന് ദൈവം തിരുമനസ്സായി (കൊളോ.1,15-20). അവനിലൂടെ നാം ദൈവത്തിന്റെ ദത്തുപുത്രന്മാരായിത്തീർന്നു (ഗലാ.4,4-5). അവനെപ്പോലെ നാമും ഉയിർപ്പിക്കപ്പെടുന്നതിനാൽ, അവൻ നമ്മിൽ ഒന്നാമനായി. ഈ കാരണങ്ങളാൽ അവനെ 'ആദ്യജാതൻ' എന്നു വിളിക്കുന്നു. അനേകം സഹോദരന്മാർ ഉള്ളവനാണല്ലോ ആദ്യജാതൻ. ഏകജാതനായ ദൈവപുത്രൻ തന്റെ മനുഷ്യാവതാരം വഴി അനേകം സഹോദരന്മാരിൽ ഒന്നാമനായ ആദ്യജാതനായിത്തീർന്നു. "അവൻ അനേക സഹോദരന്മാരിൽ ആദ്യജാതനാണ്" എന്ന് പൗലോസ് പറയുന്നു (റോമ. 8,29). ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ചവനാണ് യേശുക്രിസ്തു. എങ്കിലും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനംവഴി ശക്തിയിൽ ദൈവപുത്രനായി അവൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നു (റോമ.1,4). അവൻ മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേററു (റോമ.6,4).

യേശുക്രിസ്തു എന്ന ദൈവപുത്രൻ നമ്മുടെ രക്ഷകനാണ് (തീത്തോ. 1,4). അവൻ നമ്മുടെ രക്ഷയുടെ നാഥനാണ് (എബ്രാ.2,10). അവൻ പരിപൂർണനാക്കപ്പെട്ടതുവഴി തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി (എബ്രാ. 5,9). അവൻ സഭയാകുന്ന ശരീരത്തിന്റെ ശിരസ്സാണ്. എല്ലാം അവൻവഴി സൃഷ്ടിക്കപ്പെടുകയും എല്ലാം അവൻവഴി രക്ഷിക്കപ്പെടുകയും ചെയ്തു. " സ്വർഗത്തിലും ഭൂമിയിലുമള്ള എല്ലാ ദൃശ്യാദൃശ്യവസ്തുക്കളും അവനിൽ സൃഷ്ടിക്കപ്പെട്ടു...സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിച്ചു (കൊളോ.1,15-20).

അവൻ നമ്മുടെ ജീവനാണ് (കൊളോ.3,4). ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഏക മധ്യസ്ഥനുമാണ് (1തിമോ. 2,5-6).അവൻ ശ്രേഷ്ഠപുരോഹിതനാണ് (എബ്രാ.3,1). അവൻ സ്വർഗത്തിലേക്ക് കടന്നുപോയി മഹിമയുടെ സിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു (എബ്രാ.4,14;8,1). തന്റെ



ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു (എബ്രാ.10,20). പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ ഈ മഹാപുരോഹിതൻ സ്വർഗത്തിനുമേൽ ഉയർത്തപ്പെട്ടിരിക്കുന്നു (എബ്രാ.12,23;7,26). ഈ രക്ഷകൻ വീണ്ടും വരുമെന്നു നാം വിശ്വസിക്കുന്നു. ഈ നാഥനെ നാം നോക്കിപ്പാർത്തുകൊണ്ടിരിക്കയാണ്: "വീണ്ടും വരാനിരിക്കുന്ന രക്ഷകനെ സ്വർഗത്തിൽ നിന്നു നാം കാത്തിരിക്കുന്നു" (ഫിലി.3,20-21). അവനാണ് ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ ഇരിക്കുന്നവൻ (2തിമോ.4,13;1തെസ്സ.2,19;3,13;4,15-17).

അവൻ വരുമ്പോൾ അവനിൽ നിദ്ര പ്രാപിച്ചവർ അനശ്വരരായി ഉത്ഥാനം ചെയ്യും. "ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും" (1കൊറി.15,22). മനുഷ്യനായി ത്തീർന്ന ദൈവപുത്രൻ ആദത്തിലൂടെ കടന്നുവന്ന പാപത്തേയും മരണത്തേയും, നീക്കിക്കളഞ്ഞു (റോമ.5,12-21). യേശുക്രിസ്തു വഴിയാണ് നാം ദൈവസ്നേഹം എന്താണെന്ന് മനസ്സിലാക്കിയത്. യേശുക്രിസ്തുവാണ് നമ്മെ പിതാവുമായി രമ്യതപ്പെടുത്തിയത്. നമ്മെ അവൻ ദൈവമക്കളാക്കിത്തീർത്തു. മനുഷ്യർ തമ്മിലുള്ള ഐക്യവും യേശുക്രിസ്തുവിലാണ് നടക്കുന്നത് (എഫേ.2,14-16). ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. അതുകൊണ്ട് "ദൈവത്തോട് രമ്യതപ്പെടുവിൻ", " യേശുക്രിസ്തുവിനെ ധരിക്കുവിൻ", "പഴയ മനുഷ്യനെ ഉരിഞ്ഞുകളയുവിൻ" എന്നെല്ലാം പൗലോസ് ഉദ്ബോധിപ്പിക്കുന്നു (2കൊറി.5,17-20;എഫേ.4,24). "കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുവാൻ" പിതാവ് ആഗ്രഹിക്കുന്നു (എഫേ.1,10).

അതുപോലെ അവൻ വീണ്ടും പറയുന്നു: "അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാനായിരുന്നു അത്" (2കൊറി.8,9). "യേശു കർത്താവാണെന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല (1കൊറി.12,3). "ക്രിസ്തു ബലഹീനതയിൽ ക്രൂശിക്കപ്പെട്ടു. എന്നാൽ ദൈവത്തിന്റെ ശക്തിയിൽ ജീവിക്കുന്നു" (2കൊറി. 13,4). പിതാവിനെപ്പറ്റിയും പരിശുദ്ധാത്മാവിനെപ്പറ്റിയും പൗലോസിന് തികഞ്ഞ അവബോധമുണ്ടായിരുന്നു. കത്തോലിക്കാസഭയുടെ പ്രബോധനത്തിന്റെ അടിസ്ഥാനം ഉറപ്പിക്കുന്നതിൽ പൗലോസ് നിർണായകപങ്കു വഹിച്ചു.

പൗലോസിന് പലപ്പോഴും തനിച്ച് ന്യായവാദം നടത്തേണ്ടിവന്നു: "എന്റെ ന്യായവാദങ്ങൾ ഞാൻ ആദ്യം അവതരിപ്പിച്ചപ്പോൾ ആരും എന്റെ ഭാഗത്തില്ലായിരുന്നു. എല്ലാവരും എന്നെ ഉപേക്ഷിച്ചു. ആ കുറ്റം അവരുടെ മേൽ ആരോപിക്കാതിരിക്കട്ടെ. എന്നാൽ കർത്താവ് എന്റെ ഭാഗത്തുണ്ടായി

രുന്നു. എല്ലാ വിജാതിയരും കേൾക്കത്തക്കവിധം വചനം പൂർണമായി പ്രഖ്യാപിക്കുന്നതിനുവേണ്ട ശക്തി അവിടുന്ന് എനിക്കു നൽകി. അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽ നിന്ന് രക്ഷിക്കപ്പെട്ടു. കർത്താവ് എല്ലാ തിന്മകളിൽ നിന്നും എന്നെ മോചിപ്പിച്ച്, തന്റെ സ്വർഗരാജ്യത്തിലേക്കായി എന്നെ കാത്തുകൊള്ളും." (2തിമോ.4,1618).

പലപ്പോഴും ഇത് ആവർത്തിക്കപ്പെടുന്നതായി കാണാനാകും. കൂടെയുണ്ടായിരുന്നവരെല്ലം ഉപേക്ഷിച്ച്, പരിത്യക്തനായി, ഒരാശ്വാസവാക്കു പറയാനാരുമില്ലാതെ, നില്ക്കുന്ന രംഗം ജീവിതത്തിലെപ്പോഴെങ്കിലും പലർക്കുമുണ്ടാകാം. അപ്പോൾ ഏകനായി പീലാത്തോസിന്റെയും ഹേറോദേസിന്റെയും സന്നിധിയിൽ നിന്ന നമ്മുടെ കർത്താവിനെ ഓർക്കുക. ആകെയുണ്ടായിരുന്നത് കുരിശെടുക്കാൻ സഹായിച്ച സൈറീൻകാരൻ ശെമയോനും, മുഖം തൂവാലകൊണ്ട് തുടച്ച ഒരു സ്ത്രീയും അകലെ കരഞ്ഞുകൊണ്ടു നിന്ന കുറേ സ്ത്രീകളും മാത്രം! ദൈവപുത്രന് ഇതാണ് ലഭിച്ചതെങ്കിൽ പിന്നെ അവന്റെ അനുയായികളാരും ആശ്വാസവചനങ്ങൾക്കായി കാതോർക്കേണ്ടതില്ല. "എന്റെ പിന്നാലെ വരിക" എന്ന അവിടുത്തെ സ്വരത്തിനു മാത്രം ചെവികൊടുക്കുക!

ദൈവം പ്രത്യേകം തെരഞ്ഞെടുത്ത പാത്രമായ പൗലോസ് റോമാസാമ്രാജ്യത്തിലുടനീളം ഓടിനടന്ന് തീക്ഷ്ണതാപൂർവം രക്ഷയുടെ സുവിശേഷം യഹൂദരോടും ഗ്രീക്കുകാരോടും പ്രസംഗിച്ചു. എന്നാൽ ക്രിസ്തുവിനെപ്രതി നിരവധി ക്ലേശങ്ങളും കഷ്ടപ്പാടുകളും അവന് സഹിക്കേണ്ടിവന്നു. "ശരീരത്തിലെ മുള്ളും" അവനെ കുത്തി നോവിച്ചുകൊണ്ടിരുന്നു. എന്നാൽ ദൈവകൃപ എപ്പോഴും അവനോടുകൂടെ ഉണ്ടായിരുന്നു. "ക്രൂശിതനായ കർത്താവിനെയല്ലാതെ മറ്റൊന്നും അറിയുന്നതായി" അവൻ നടിച്ചില്ല. കർത്താവിലായിരുന്നു അവന്റെ പ്രശംസ മുഴുവൻ. ക്ലേശഭൂയിഷ്ഠമായ ജീവിതത്തിന്റെ അന്ത്യത്തിൽ റോമിൽവച്ച് ശിരച്ഛേദം ചെയ്യപ്പെട്ട് രക്തസാക്ഷിമകുടം ചൂടി. റോമിലെ ത്രെഫൊന്താനാ എന്ന സ്ഥലത്തുവച്ചാണ് മരിച്ചത്. തല തെറിച്ചുവീണിടത്ത് മൂന്ന് ഉറവകൾ ഉണ്ടായി എന്നു പറയപ്പെടുന്നു. മൃതശരീരം ഇപ്പോൾ പൗലോസിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ബസിലിക്കായിൽ സംസ്കരിച്ചിരിക്കുന്നു. രണ്ട് ജ്യോതിർഗോളങ്ങൾ പോലെ ശോഭപരത്തിക്കൊണ്ട് ലോകഗുരുക്കന്മാരായ പൗലോസും പത്രോസും റോമിൽ നിദ്രകൊള്ളുന്നു. പൗലോസ് ഓസ്തിയൻവഴിയിലും പത്രോസ് വത്തിക്കാനിലും!



# 5

# അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (+110)

അന്ത്യോക്യൻ സഭയിലെ പ്രശസ്തസ്തംഭമായിരുന്നു വി. ഇഗ്നേഷ്യസ്. ദൈവസ്നേഹത്താൽ ഉജ്ജ്വലിച്ചിരുന്ന അദ്ദേഹം അഗ്നിമയൻ (നൂറോനോ) എന്ന് വിളിക്കപ്പെട്ടു. അദ്ദേഹം തന്നെത്തന്നെ 'ദൈവവാഹകൻ' (തെയോഫൊറോസ്) എന്ന് വിശേഷിപ്പിച്ചിരുന്നു. ക്രിസ്തീയവിശ്വാസത്തിനുവേണ്ടി നാഥനെ അനുഗമിച്ച് ജീവൻ ഹോമിക്കുന്നത് മഹാഭാഗ്യമായി അദ്ദേഹം കരുതി. തനിക്കും മനുഷ്യകുലത്തിനും വേണ്ടി മരിച്ച യേശുക്രിസ്തുവിനുവേണ്ടി ജീവൻ ഹോമിക്കുന്നതിനേക്കാൾ അഭികാമ്യമായി അദ്ദേഹത്തിന് ഒന്നുമില്ലായിരുന്നു. ശാരീരികമരണം യഥാർഥ ജീവിതത്തിന്റെ ആരംഭമായി അദ്ദേഹം കരുതി. പത്രോസിനും പൗലോസിനും മറ്റു ശ്ലീഹന്മാർക്കും ശേഷം, അന്ത്യോക്യൻ സഭയെ കെട്ടിപ്പടുക്കാൻ അദ്ദേഹം അഹോരാത്രം അധ്വാനിച്ചു. അദ്ദേഹം നഗരത്തിൽ ഉടനീളം ചുറ്റിനടന്ന് നമ്മുടെ കർത്താവിന്റെ സുവിശേഷം പ്രസംഗിച്ചു. പാവപ്പെട്ടവരെയും അനാഥരെയും ദരിദ്രരെയും വിധവകളെയും രോഗികളെയും പ്രത്യേകം പരിഗണിച്ചു. ദൈവസ്നേഹം അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളെയും നിയന്ത്രിച്ചു. ക്രൂശിതനായ ക്രിസ്തുവിന്റെ ചിത്രം വളരെ സജീവമായി അദ്ദേഹത്തിൽ നിലനിന്നു.

ഒരു മനുഷ്യനും യാതൊരുപദ്രവവും ചെയ്യാതെ, നന്മ മാത്രം ചെയ്തു ജീവിച്ച അദ്ദേഹത്തെ ക്രിസ്ത്യാനിയും ക്രിസ്തീയ സഭാധ്യക്ഷനും എന്ന കാരണത്താൽ അന്നത്തെ റോമൻ സാമ്രാജ്യാധിപന്മാർ അറസ്റ്റുചെയ്ത് പീഡിപ്പിച്ചു. അദ്ദേഹത്തെ ചങ്ങലകൾ കൊണ്ട് ബന്ധിച്ച് , റോമിലെ കൊളോസിയത്തിൽ വച്ച് വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കാനായി റോമിലേക്ക് കൊണ്ടുപോയി. കരയിലും കടലിലും കൂടി അദ്ദേഹം യാത്ര ചെയ്തു. "നന്നായി പെരുമാറുന്തോറും കൂടുതൽ ക്രുദ്ധരാകുന്ന" പത്ത് പട്ടാളക്കാരുടെ മധ്യത്തിലാണ് ബന്ധിതനായി അദ്ദേഹത്തെ കൊണ്ടുപോയത്. "പത്തു പുള്ളിപ്പുലികൾ" എന്നാണ് അദ്ദേഹം അവരെ വിശേഷിപ്പിച്ചിരിക്കുന്നത് (റോമാക്കാർക്കുള്ള ലേഖനം 5,1).

യാത്രയ്ക്കിടയിൽ ഏഷ്യാമൈനറിലെ വിവിധ ക്രിസ്തീയ സമൂഹങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അവർക്ക നന്ദി പറഞ്ഞ് അയച്ച കത്തുകളിലൂടെ അദ്ദേഹത്തിന്റെ ആധ്യാത്മികത ഗ്രഹിക്കാനാവും. റോമിൽ എത്തിയ അദ്ദേഹത്തെ ക്രിസ്ത്യാനി എന്ന കാരണത്താൽ വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുത്തു. അങ്ങനെ അദ്ദേഹം അന്ത്യോക്യൻ സഭയിലെ അറിയപ്പെടുന്ന ആദ്യരക്തസാക്ഷിയായി.

റോമിൽ എത്തുന്നതിനുമുമ്പ് അവിടെയുള്ള ക്രിസ്തീയ സമൂഹത്തിന് അദ്ദേഹം അയച്ച കത്തിൽ നിന്ന് ചില വാചകങ്ങൾ ഉദ്ധരിക്കാം. റോമിൽ സർക്കാരിന്റെ പക്കൽ സ്വാധീനമുള്ള ക്രിസ്ത്യാനികളാരും തനിക്കുവേണ്ടി ന്യായവാദം നടത്തി രക്തസാക്ഷിത്വത്തിൽ നിന്ന് അകറ്റാൻ യാതൊന്നും ചെയ്യരുതെന്ന് അപേക്ഷിച്ചുകൊണ്ടാണ് അദ്ദേഹം റോമാക്കാർക്ക് കത്തെഴുതുന്നത്. ആ കത്തിലാണ് അദ്ദേഹം തന്റെ ഹൃദയം തുറക്കുന്നത്: "യേശുമിശിഹായുടെ തടവുകാരൻ എന്ന നിലയിൽ നിങ്ങളെ ആശ്ലേഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ലക്ഷ്യം പ്രാപിക്കാൻ ഇടയാക്കണമേ എന്നാണ് എന്റെ പ്രാർഥന. തടസ്സംകൂടാതെ എന്റെ അവകാശം പ്രാപിക്കാനുള്ള ഭാഗ്യം എനിക്കുണ്ടാകട്ടെ (റോമ. 1,1-2). അദ്ദേഹം പ്രസ്താവിക്കുന്ന "അവകാശം" രക്തസാക്ഷിത്വത്തിലൂടെ ലഭിക്കുന്ന സ്വർഗസൗഭാഗ്യമാണ്.

തുടർന്നുള്ള ഖണ്ഡികകളിൽ അത് വ്യക്തമാണ്: "ദൈവത്തെ പ്രാപിക്കാൻ എനിക്ക് ഇനിയൊരിക്കലും ഇതുപോലൊരവസരം കിട്ടുകയില്ല; അതുപോലെ നിങ്ങൾക്കും. നിങ്ങൾ നിശ്ശബ്ദരായി എന്നെ തഴഞ്ഞാൽ, ദൈവത്തിന്റെ വചനം നിങ്ങൾ എന്നിൽ ദർശിക്കും. എന്നാൽ എന്റെ ജഡത്തെ പ്രതി നിങ്ങൾ പ്രലോഭിതരായാൽ, ഞാൻ വെറും അർഥശൂന്യമായ ശബ്ദമായിത്തീരും. അടുത്തൊരൾത്താര ഒരുക്കപ്പെട്ടിരിക്കുമ്പോൾ, ദൈവത്തിനൊരു യാഗമായിത്തീരുക എന്നതിലുപരിയൊന്നും നിങ്ങൾ എനിക്ക് അനുവദിക്കേണ്ട....ദൈവസന്നിധിയിൽ ഉദിക്കാനായി, ദൈവത്തിനുവേണ്ടി ലോകത്തെ ഉപേക്ഷിച്ചുകൊണ്ട് അസ്തമിക്കുക എന്നത് മഹത്കാര്യം തന്നെയാണ് (റോമ.2,1-2).

അദ്ദേഹം തുടരുന്നു: "ഞാൻ രക്തസാക്ഷിത്വത്തെപ്പറ്റി വെറുതെ സംസാരിക്കുക മാത്രം ചെയ്യാതെ, യഥാർഥമായി അതാഗ്രഹിക്കുന്നതിന് ആത്മശരീരശക്തി കിട്ടാൻ പ്രാർഥിക്കുവിൻ. ക്രിസ്ത്യാനി എന്നു വിളിക്കപ്പെടുക മാത്രമല്ല, യഥാർഥമായി അങ്ങനെ ആയിത്തീരണം. അതു തെളിയിച്ചാൽ മാത്രമേ ലോകം എന്നെ കാണാതിരിക്കുമ്പോഴും ഞാൻ നിരാക്ഷേപമായി തെളിഞ്ഞ ഒരു ക്രിസ്ത്യാനി ആകുകയുള്ളു... ക്രിസ്തുമതം പ്രേരണയുടെ പ്രവൃത്തിയല്ല, പിന്നെയോ, അതിനെ ലോകം വെറുക്കുമ്പോൾ അത് ശക്തിയുടെ പ്രവൃത്തിയാണ്" (റോമ. 3,2). അദ്ദേഹത്തിന്റെ ചിന്തയിൽ



യഥാർഥശിഷ്യത്വം രക്തസാക്ഷിത്വത്തിലൂടെയാണ് കരഗതമാകുന്നത്. തനിക്ക് ഇപ്പോൾ അതിനുള്ള അവസരം ലഭിച്ചിരിക്കുന്നു. അതിനാരും തടസ്സം നിൽക്കരുതെന്ന് റോമാക്കാരോട് അപേക്ഷിക്കയാണ്: "ഞാൻ സ്വന്ത ഇഷ്ടത്താൽ മരിക്കയാണെന്ന് സഭകളെയെല്ലാം ഞാൻ മനസ്സിലാക്കുകയാണ്. നിങ്ങൾ ഇക്കാര്യത്തിൽ ഇടപെടരുത് എന്നുമാത്രം. കാലോചിതമല്ലാത്ത ദാക്ഷിണ്യം എന്നോട് കാട്ടരുതെന്ന് ഞാൻ നിങ്ങളോട് യാചിക്കുന്നു" (റോമ.4,1). "എന്റെ സഹോദരരേ, എന്നോട് ക്ഷമിക്കുവിൻ. ജീവനിലേക്കുള്ള എന്റെ പ്രയാണത്തിൽ നിങ്ങൾ വിഘാതമായി നിൽക്കരുത്. എന്റെ മരണം ആഗ്രഹിക്കരുത്. ദൈവത്തിന്റേതാകുവാൻ ആഗ്രഹിക്കുന്നവനെ ലോകത്തിന് തിരികെ കൊടുക്കരുത്. ഭൗമിക വസ്തുക്കളാൽ എന്നെ വഞ്ചിക്കരുത്. ഞാൻ പ്രഭാപൂരത്തിലേക്ക് പ്രവേശിക്കട്ടെ. അവിടെ പ്രവേശിച്ചുകഴിയുമ്പോൾ ഞാൻ പൂർണമനുഷ്യനായിത്തീരും. എന്റെ ദൈവത്തിന്റെ പീഡാനുഭവം ഞാൻ അനുകരിക്കട്ടെ" (റോമ.6,2-3).

മറ്റൊരു കത്തിൽ യഥാർഥ മിസ്റ്റിക്കായ ഇഗ്നേഷ്യസ് പ്രത്യക്ഷനാകുന്നു: "ഞാനൊരു തടവുകാരൻ ആയതുകൊണ്ടും മാലാഖമാരുടെ നിരകൾ, ശക്തന്മാരുടെ സമൂഹങ്ങൾ, ദൃശ്യാദൃശ്യവസ്തുക്കൾ തുടങ്ങിയ സ്വർഗീയ രഹസ്യങ്ങൾ ഗ്രഹിക്കാൻ കഴിയുന്നതു കൊണ്ടും ഞാൻ ഒരു യഥാർഥ ശിഷ്യനാണെന്ന് ഇപ്പോഴും നടിക്കുന്നില്ല. ദൈവത്തെ പ്രാപിക്കാൻ നാം നിരവധി സംഗതികൾ ഉപേക്ഷിക്കണം" (ത്രാള്ളിയർക്കുള്ള ലേഖനം. 5,2). ദർശനങ്ങൾ ഉണ്ടായാലും ഒരാൾ പൂർണമായി യഥാർഥ ശിഷ്യനായി തീരണമെന്നില്ല. ഇഗ്നേഷ്യസിനെ സംബന്ധിച്ച് പീഡാനുഭത്തിന്റെ അനുകരണത്തിലൂടെ മാത്രമേ യഥാർഥ ശിഷ്യനാകാൻ കഴിയൂ.

വീണ്ടും തന്റെ മിസ്റ്റിക്കൽ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് അദ്ദേഹം റോമാക്കാരോട് പറയുന്നു: "ഞാൻ വന്യമൃഗങ്ങളുടെ വയ്ക്കോലായിത്തീരട്ടെ. അങ്ങനെയാണ് എനിക്ക് ദൈവത്തെ പ്രാപിക്കാൻ സാധിക്കുക. ഞാൻ ദൈവത്തിന്റെ ഗോതമ്പാണ്. ക്രിസ്തുവിന് പാവനമായ അപ്പമുണ്ടാക്കാൻ, ഞാൻ വന്യമൃഗങ്ങളുടെ പല്ലുകളാൽ പൊടിക്കപ്പെടട്ടെ. വന്യമൃഗങ്ങൾ എന്റെ കല്ലറയാകുവാനും എന്റെ ശരീരത്തിന്റെ ഒരു തരിപോലും അവശേഷിപ്പിക്കപ്പെടാതിരിക്കാനും അവയോട് കെഞ്ചി യാചിക്കാൻ ഞാൻ ആഗ്രഹിക്കുന്നു....ഇതുവഴി ഞാൻ ദൈവത്തിന്റെ യാഗമായിത്തീരാൻ നിങ്ങൾ എനിക്കുവേണ്ടി ക്രിസ്തുവിനോട് പ്രാർഥിക്കുവിൻ. ഒരു തടവുകാരനായിരിക്കുമ്പോൾ തന്നെ എന്റെ അഭിലാഷങ്ങൾ പരിത്യജിക്കാൻ ഞാൻ പഠിക്കുകയാണ്" (റോമ.4,2-3).

വീണ്ടും, "അവിശ്വാസികൾക്ക് തടങ്കൽ പാറയും നമുക്ക് രക്ഷയും നിത്യജീവനുമായ കുരിശിനുവേണ്ടി ഞാൻ എന്റെ ജീവശ്വാസം വയ്ക്കുന്നു"

എന്ന് എഫേസ്യർക്കുള്ള ലേഖനത്തിൽ അദ്ദേഹം പറയുന്നു (18,1). സ്മിർണായിലെ പോളിക്കാർപ്പിനുള്ള ലേഖനത്തിൽ നന്ദിപൂർവം അദ്ദേഹം അനുസ്മരിക്കുന്നു: "കാലാതീതനും കാലരഹിതനും അദൃശ്യനുമായ ഏകനെപ്പറ്റി ചിന്തിക്കുക. അവൻ നമുക്കുവേണ്ടി ദൃശ്യനായി. സ്പർശനത്തിനും സഹനത്തിനും അതീതനായ അവൻ നമുക്കുവേണ്ടി സഹനവിധേയനാകുകയും എല്ലാം സഹിക്കുകയും ചെയ്തു" (3,2). "നമുക്കുവേണ്ടി, നമ്മെ രക്ഷിക്കാൻ വേണ്ടിയാണ് ക്രിസ്തു സഹിച്ചത്" (സ്മിർണാ. 2). ദൈവത്തിനുവേണ്ടി നാമും സഹിക്കണമെന്ന് പോളിക്കാർപ്പിനെ ഉദ്ബോധിപ്പിക്കുന്നു: "വലിയൊരു കായികാഭ്യാസി വളരെയധികം സഹിച്ചേ പറ്റൂ. ദൈവത്തെപ്രതി നാം സഹിച്ചാൽ, അവനും നമ്മോടു ക്ഷമിക്കും" (പോളിക്കാർപ്പിനുള്ള ലേഖനം, 3,1).

യേശുമിശിഹായെ പ്രാപിക്കാനുള്ള തീവ്രമായ ആഗ്രഹം ലേഖനങ്ങളിൽ വ്യക്തമാണ്. തന്റെ ദൈവിക ലക്ഷ്യത്തിൽ നിന്ന് തന്നെ പിന്തിരിപ്പിക്കാൻ ഈ ലോകത്തിന്റെ പ്രഭു പരിശ്രമിക്കുന്ന കാര്യം അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു (റോമ.7,1). റോമായിലുള്ളവരാരും പിശാചിന്റെ പക്ഷത്താകാൻ പാടില്ല, മറിച്ച്, ദൈവത്തിന്റെ പക്ഷത്തായിരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു: "യേശുമിശിഹായിലേക്കുള്ള എന്റെ പാത ഒരുക്കപ്പെടുമ്പോൾ ദൃശ്യാദൃശ്യങ്ങളായ ഒന്നും എന്നെ വശീകരിക്കരുത്. അഗ്നിയോ, കുരിശോ, വന്യമൃഗങ്ങളോടുള്ള മല്ലിടലോ, അസ്ഥികൾ തകർക്കപ്പെടലോ, അവയവങ്ങളുടെ പിച്ചിച്ചീന്തലോ, ശരീരം മുഴുവൻ തകർക്കപ്പെടലോ, പിശാചിന്റെ ക്രൂരമായ പീഡനങ്ങളോ, എന്തും വരട്ടെ, എനിക്ക് യേശുമിശിഹായെ പ്രാപിച്ചാൽ മതി" (റോമ. 5,3). "ജീവിച്ചിരിക്കുന്നെങ്കിലും മരിക്കാനുള്ള അടങ്ങാത്ത അഭിവാഞ്ചയോടെയാണ് ഞാനിതെഴുതുന്നത്. എന്റെ ആഗ്രഹങ്ങൾ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഭൗതികവസ്തുക്കളോട് യാതൊരു പ്രതിപത്തിയും എനിക്കില്ല. പിതാവിലേക്കടുക്കുക എന്ന് എന്നോട് നിരന്തരം സംസാരിക്കുന്ന സജീവജലം എന്റെ ഉള്ളിലുണ്ട്" (റോമ. 7,2).

ഭൗമികഭക്ഷണത്തിലോ ഈ ജീവിതത്തിലെ സുഖഭോഗവസ്തുക്കളിലോ തനിക്ക് താൽപര്യമില്ലെന്നും കർതൃശരീരരക്തങ്ങളാണ് തന്റെ ഭക്ഷണപാനീയങ്ങളെന്നും റോമാക്കാരോട് പറയുന്നു: "ദാവീദിന്റെ വംശത്തിൽ നിന്നുദിച്ച ക്രിസ്തുവിന്റെ ശരീരമായ ദൈവിക അപ്പമാണ് എനിക്കു വേണ്ടത്. എനിക്കു കുടിക്കാൻ അവിടുത്തെ രക്തവും. അത് നിശ്ചയമായും അമർത്യസ്നേഹത്തിന്റെ പൊരുളത്രേ (റോമ.7,3). അതുപോലെ മെത്രാനോട് യോജിച്ചുകൊണ്ട് കുർബാനയിൽ പങ്കെടുക്കാൻ ഫിലാഡെൽഫിയാക്കാരെ ആഹ്വാനം ചെയ്യുന്നു: "ഒരേ കുർബാനയിൽ പങ്കെടുക്കാൻ ശ്രമിപ്പിൻ. എന്തെന്നാൽ വൈദികസമൂഹത്തോടും എന്റെ സഹപ്രവർത്തകരായ ശെമ്മാശ്ശന്മാരോടുംകൂടെ ഒരു മെത്രാനെന്നപോലെ, നമ്മുടെ കർത്താവായ യേശുമിശിഹായുടെ ശരീരവും നമ്മെ ഒന്നാക്കിത്തീർക്കുന്ന രക്തത്തിന്റെ കാസായും ബലിപീഠവും ഏകമാണ്" (4). വിശ്വാസകൾ മെത്രാനോട് യോജിച്ചു പ്രവർത്തിക്കണമെന്ന് ഏഷ്യാമൈനറിലെ സഭകൾക്കുള്ള കത്തുകളിലെല്ലാം അദ്ദേഹം ശക്തിയായി ഉദ്ബോധിപ്പിക്കുന്നു.



തന്റെ അപ്പോഴത്തെ സ്ഥിതിയെപ്പറ്റി എഫേസോസുകാർക്ക് അദ്ദേഹം ഇപ്രകാരം എഴുതുന്നു:: "ഞാൻ ആരാണെന്നും ഞാൻ ആർക്കാണ് എഴുതുന്നതെന്നും ഞാൻ മനസ്സിലാക്കുന്നു. ഞാൻ വിധിക്കപ്പെട്ട ഒരു വ്യക്തി, നിങ്ങളോ സ്വതന്ത്രർ. ഞാൻ ആപത്തിൽ ഇരിക്കുന്നു, നിങ്ങളോ സുരക്ഷിതർ. ദൈവത്തിന്റെ രക്തസാക്ഷികൾക്കുവേണ്ടിയുള്ള പാതയാണ് നിങ്ങൾ" (12,1). റോമിൽ ചെല്ലുമ്പോൾ വന്യമൃഗങ്ങളെ കണ്ട് ചഞ്ചലപ്പെട്ട് ക്രിസ്തുവിനെ തള്ളിപ്പറയാനുള്ള ആപത്ത് തന്റെ മുമ്പിലുണ്ട്, അത്തരം ഒരു സാഹചര്യത്തിലല്ല നിങ്ങൾ എന്നാണ് അവരോട് പറയുന്നത്.

യേശുവിന്റെ കുരിശിനെയും പീഡാനുഭവത്തെയും ഇഗ്നേഷ്യസ് ആഴമായി സ്നേഹിച്ചിരുന്നു. ക്രൂശിതനായ ക്രിസ്തുവിനെ എല്ലാ രീതിയിലും അനുകരിക്കാൻ അവൻ പരിശ്രമിച്ചു. "അവിശ്വാസികൾക്ക് തടങ്കൽപാറയും നമുക്ക് രക്ഷയും നിത്യജീവനുമായ കുരിശിനുവേണ്ടി ഞാൻ എന്റെ ജീവശ്വാസം വയ്ക്കുന്നു. കുരിശുമായി താരതമ്യപ്പെടുത്തുമ്പോൾ എന്റെ ജീവൻ വലിയ മൂല്യമുള്ളതുകൊണ്ടല്ല" (എഫേ.18,1).

ഏഷ്യാമൈനറിലെ ചില സഭകളിൽ നിലനിന്ന അബദ്ധോപദേശങ്ങൾക്കെതിരെ വളരെ ശക്തിയായി ലേഖനങ്ങളിൽ മുന്നറിയിപ്പു നൽകുകയും അവ ഒഴിഞ്ഞിരിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീരം മായയാണെന്നും പീഡാനുഭവവും മരണവും ജാലവിദ്യയാണെന്നും കരുതിയിരുന്ന കുറേ അബദ്ധോപദേശകർ ഉണ്ടായി. ഡോസെറ്റിസ്റ്റുകൾ എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. അവർക്കെതിരെ ജാഗരൂകരായിരുന്ന് ശ്ലൈഹികപ്രബോധനം മുറുകെ പിടിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു:

"ദൈവത്തിന് ഉചിതമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന ചിലർ ദുഷിച്ചതും വഞ്ചനാത്മകവുമായ സ്വഭാവത്തോടെ നാമത്തെ അധരങ്ങളിൽ പേറി ചുറ്റിനടക്കുന്നു. വന്യമൃഗങ്ങളിൽ നിന്ന് എന്നപോലെ അവരിൽ നിന്ന് ഒഴിഞ്ഞുമാറുവിൻ. കാരണം, തന്ത്രപൂർവം കടിക്കുന്ന പേപ്പട്ടികളെപ്പോലെയാണവർ. അവരുടെ കടി ഭേദപ്പെടുത്താൻ വിഷമമായതിനാൽ അവരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. നമുക്ക് കർത്താവേശുമിശിഹാ എന്ന ഒരേഒരു വൈദ്യൻ മാത്രമേയുള്ളു. ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ (എഫേ.7,1 –2). വീണ്ടും, മഗ്നേഷ്യാക്കാർക്ക് എഴുതുന്നു: "നിരർത്ഥകങ്ങളായ അബദ്ധവീക്ഷണങ്ങളാലോ, കെട്ടുകഥകളാലോ നിങ്ങൾ വഴിതെറ്റിപ്പോകരുത്... അതു

കൊണ്ട് പഴയ പുളിമാവ് നീക്കിക്കളയുവിൻ (മഗ്നേഷ്യ. 8,1;10,2). ഇവിടെ അബദ്ധ പ്രബോധകരായ യഹൂദരെ പരാമർശിക്കുന്നു.

ത്രാള്ളിയാക്കാർക്ക് എഴുതുന്നു: "ക്രിസ്തീയ ഭക്ഷണം മാത്രം കഴിക്കുവിൻ. പാഷണ്ഡതയാകുന്ന പാഴ്ച്ചെടികളിൽനിന്ന് ഒഴിഞ്ഞുനിൽക്കുക. കൃത്രിമമായും വഞ്ചനോദ്ദേശത്തോടു കൂടെയും നിങ്ങളുടെ വിശ്വാസം ആർജിക്കാൻ യേശുമിശിഹായെ തങ്ങളുടെ പ്രബോധനവുമായി അബദ്ധോപദേശകർ കൂട്ടിക്കുഴയ്ക്കുന്നു. മാരകവിഷം മധുരമുള്ള വീഞ്ഞു ചേർത്ത് കൊടുക്കുമ്പോൾ സന്ദേഹമില്ലാതെ സന്തോഷപൂർവം മനുഷ്യർ അതു സ്വീകരിക്കുകയും മാരകമായ മാധുര്യത്തോടെ തങ്ങളുടെ മരണം ഊറ്റിക്കുടിക്കുകയും ചെയ്യുന്നതു പോലെയാണത്. ഇത്തരമാളുകളെ നിങ്ങൾ സൂക്ഷിച്ചു കൊള്ളണം" (ത്രാള്ളിയ. 6,1-2;7,1). "അവിടുത്തെ പീഡാനുഭവം വെറുമൊരു കാപട്യമായിരുന്നെങ്കിൽ, ഞാനെന്തിന് വന്യമൃഗങ്ങളോട് യുദ്ധം ചെയ്യാനായി പ്രാർഥിക്കുന്നു? ..മാരകമായ ഫലം പുറപ്പെടുവിക്കുന്ന ഇത്തരം ദുഷിച്ച മുളകളിൽ നിന്ന് ഓടിയകലുവിൻ. അതു രുചിച്ചുനോക്കുന്നവൻ അപ്പോഴേ മരിക്കുന്നു. അവയൊന്നും പിതാവിന്റെ കൃഷിയല്ല. അവർ പിതാവിന്റെ കൃഷി ആയിരുന്നെങ്കിൽ, അവർ കുരിശിന്റെ ശിഖരങ്ങളായി കാണപ്പെടുകയും അനശ്വരഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുമായിരുന്നു" (ത്രാള്ളിയ. 10-11).

ഫിലാഡെൽഫിയാക്കാർക്കുള്ള ലേഖനത്തിലും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു: "ശീശ്മയിൽ നിന്നും അബദ്ധ പ്രബോധനങ്ങളിൽ നിന്നും അകന്നുമാറുവിൻ. ദൈവികമായ ഓട്ടം ഓടുന്ന ആടുകളെ ദുഷ്ടസന്തോഷങ്ങളാൽ പിടിക്കുന്ന കപടധാരികളായ ചെന്നായ്ക്കൾ വളരെയുണ്ട്. യേശുമിശിഹാ ഉഴാത്ത നിലത്ത് വളരുന്ന വിഷമുള്ളുകളിൽ നിന്ന് അകന്നുമാറുവിൻ. അവ പിതാവിന്റെ കൃഷിയല്ല" (2-3,1). സ്മിർണാക്കാർക്കെഴുതുന്നു: "ആർക്കും വഴിതെറ്റേണ്ട. സ്വർഗവാസികളാകട്ടെ, മാലാഖമാരുടെ ശോഭയാകട്ടെ, ദൃശ്യാദൃശ്യങ്ങളായ അധികാരികളാകട്ടെ, ക്രിസ്തുവിന്റെ രക്തത്തിൽ വിശ്വസിക്കുന്നതിൽ പരാജയപ്പെട്ടാൽ അവരും നശിച്ചതു തന്നെ ....തിന്മയുടെ ഉറവിടമായ ശീശ്മയിൽനിന്ന് ഓടിയകലുവിൻ (6,1; 8,1).

ഇങ്ങനെ സഭാസംഗതികളെപ്പറ്റി വളരെ കൃത്യമായി ഗ്രഹിക്കയും പഠിപ്പിക്കുകയും ചെയ്ത ഒരു മഹാത്മാവായിരുന്നു ഇഗ്നേഷ്യസ്. നമുക്കുവേണ്ടി ജനിക്കുകയും ജീവിക്കുകയും ചെയ്ത യേശുക്രിസ്തു ഇഗ്നേഷ്യസിന്റെ ഓരോ നാഡിയിടിപ്പിലും ജീവിച്ചു. ക്രിസ്തുവിന്റെ സഭയെ 'കത്തോലിക്കാസഭ' എന്ന് ആദ്യമായി വിളിച്ചതും ഇഗ്നേഷ്യസാണ് (സ്മിർണ.8,2). റോമാസഭയോട് അദ്ദേഹത്തിന് പ്രത്യേകസ്നേഹം ഉണ്ടായിരുന്നു: "റോമൻ പ്രദേശത്തിന്റെ പ്രധാനസ്ഥലത്ത് അധ്യക്ഷ ആയിരിക്കുന്ന സഭ", "സ്നേഹത്തിൽ അധ്യക്ഷസ്ഥാനത്തിരിക്കുന്ന സഭ" എന്നിങ്ങനെ റോമാസഭയെ അദ്ദേഹം



അഭിസംബോധന ചെയ്യുന്നു. ക്രിസ്ത്യാനികൾ ക്രിസ്തുവാഹകരാണ്. "അവിടുന്ന് നമ്മിൽ വസിക്കുന്നു എന്ന രീതിയിൽ നമുക്ക് വ്യാപരിക്കാം" എന്ന് എഫേസോസുകാരോട് പറയുന്നു (15,3). "നിങ്ങളെല്ലാവരും സഹതീർഥകരാണ്. നിങ്ങൾ ദൈവവാഹകരും ദേവാലയവാഹകരും ക്രിസ്തുവാഹകരും വിശുദ്ധിവാഹകരും അത്രേ"എന്നും അവരോട് പറയുന്നു (9,2). വിശ്വാസത്തിലും അനുസരണയിലും ദൈവാരാധനയിലും മെത്രാനോട് യോജിച്ചിരുന്നെങ്കിൽ മാത്രമേ ക്രിസ്ത്യാനികൾ ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കുന്നെന്ന് പറയാനാവൂ.

പരമപരിശുദ്ധനായ ദൈവത്തിന്റെ ഈ ശുശ്രൂഷകൻ തന്റെ സ്ഥാനം എന്താണെന്ന് ശരിയായി മനസ്സിലാക്കിയിരുന്നു. തന്നെ പീഡിപ്പിച്ച് വന്യമൃഗങ്ങൾക്ക് ഇട്ടുകൊടുത്തവരോട് അദ്ദേഹം വെറുപ്പോ, വിദ്വേഷമോ പുലർത്തിയില്ല. രക്തസാക്ഷിത്വമാണ് ദൈവം തനിക്ക് ഒരുക്കിയിരിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. അതിന് ഉപകരണമായവരെ എന്തിന് പഴിക്കുന്നു! അവർ വെറും സേവകരായി തങ്ങളുടെ ദൗത്യം നിർവഹിക്കുന്നു എന്നുമാത്രം!

അന്ത്യോക്യൻസഭയിൽ ഇപ്പോഴുള്ള അഞ്ച് പാത്രിയർക്കീസന്മാരും കുറേക്കാലമായി തങ്ങളുടെ പേരിനോടുകൂടെ ഈ മഹാത്മാവിന്റെ പേരെടുക്കുന്നു. അദ്ദേഹത്തിന്റെ അരൂപി ക്രിസ്ത്യാനികളെല്ലാം സ്വീകരിക്കണമെന്ന ആഹ്വാനമാണ് ഈ പിതാക്കന്മാർ പേരെടുക്കുന്നതിലൂടെ വിശ്വാസികൾക്ക് നൽകുന്ന സന്ദേശം. ക്രിസ്തു നമുക്കുവേണ്ടി സഹിച്ചെങ്കിൽ, നാമും തന്റെ സഹനത്തിൽ പങ്കാളികളാകണം. നമ്മുടെ ക്ലേശങ്ങളും രോഗങ്ങളും വിഷമതകളും തെറ്റിദ്ധാരണകളും അവഗണനയും അവന്റെ സഹനത്തോടുചേർത്ത് കാഴ്ച വയ്ക്കണം എന്ന ആഹ്വാനമാണ് വി. ഇഗ്നേഷ്യസ് എല്ലാവർക്കും നൽകുന്നത്. അവ എവിടെ നിന്നു വരുന്നെന്ന് നോക്കേണ്ട, അവ ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ നമ്മെ പങ്കുകാരാക്കുന്നെങ്കിൽ സന്തോഷപൂർവം സ്വീകരിക്കുക! അങ്ങനെ നാം അവന്റെ ശിഷ്യരായിത്തീരും!

# 6

# വി. ജസ്റ്റിൻ (+165)

രണ്ടാം നൂറ്റാണ്ടിലെ ഗ്രീക്ക് വിശ്വാസസമർഥകരിൽ അഗ്രഗണ്യനായിരുന്നു രക്തസാക്ഷിയായ വി. ജസ്റ്റിൻ. ഗ്രീക്കുതത്വശാസ്ത്രവും റോമൻ നിയമങ്ങളും യഹൂദരുടെ ബൈബിളും ഉപയോഗിച്ച് ക്രിസ്തുമതത്തെ ന്യായീകരിച്ചവരാണ് വിശ്വാസസമർഥകർ. റോമൻചക്രവർത്തിമാരുടെ മതമർദനങ്ങൾക്കും ഗ്രീക്കുകാരുടെ കാപട്യം നിറഞ്ഞ ആരോപണങ്ങൾക്കും യഹൂദരുടെ അസൂയക്കും എതിരായി ക്രിസ്തുമതത്തെ ന്യായീകരിക്കാൻ വിശ്വാസസമർഥകർ എന്ന സഭാപിതാക്കന്മാർ മുന്നോട്ടുവന്നു.

തങ്ങൾ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും നൂറുശതമാനം സത്യമാണെന്ന് താത്വികരീതിയിൽ തെളിയിച്ചുകൊണ്ട് ഇവർ എഴുതിയത് സഭാചരിത്രത്തിൽ നൂതന കാൽവയ്പ്പായിരുന്നു. 'ക്രിസ്ത്യാനികൾക്കെതിരെ കുപ്രചരണം നടത്തുന്നത് അപരാധമാണ്. ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നതും രാജാവിനെ ആരാധിക്കാത്തതും രാജ്യദ്രോഹമല്ല. ഈ പുതിയ മതം റോമൻ സാമ്രാജ്യത്തിന് ഭീഷണിയല്ല' എന്നീ കാര്യങ്ങൾ ശക്തമായ ഭാഷയിൽ ഉത്തമബോധ്യത്തോടുകൂടെ വിശ്വാസസമർഥകർ എഴുതുകയും പ്രസംഗിക്കുകയും ചെയ്തു.

വിശ്വാസസമർഥകർ മൂന്നു കാര്യങ്ങൾ നേടിയെടുക്കാൻ ശ്രമിച്ചു: 1. ക്രിസ്ത്യാനികൾക്കെതിരെയുള്ള തെറ്റായ ആരോപണങ്ങളെ ഖണ്ഡിക്കുക. 2. ഗ്രീക്കുകാരുടെ അന്ധവിശ്വാസങ്ങളെയും അധാർമിക പ്രവർത്തനങ്ങളെയും കെട്ടുകഥകളെയും സാങ്കൽപ്പിക ദേവന്മാരെയും മറതുറന്ന പ്രദർശിപ്പിക്കുക. 3. മാനുഷികബുദ്ധിയിൽ മാത്രം ആശ്രയിച്ച ഗ്രീക്ക് താത്വികരുടെ വാദമുഖങ്ങൾ ഒന്നുകിൽ ഇപ്പോഴും ഇരുട്ടിൽ തപ്പിത്തടയുകയാണ്, അല്ലെങ്കിൽ അപൂർണസത്യത്തിൽ കുരുങ്ങിക്കിടക്കുകയാണ്. നിരവധി തെറ്റുകളുമായി കൂടിക്കലർന്നതാണ് അവർ കണ്ടെത്തിയ സത്യം. ക്രിസ്തുമതമാകട്ടെ, സത്യം അതിന്റെ പൂർണതയിൽ ഉൾക്കൊള്ളുന്നു. ദൈവവചനം



തന്നെ വെളിപ്പെടുത്തിയ സത്യമാണ് ക്രൈസ്തവർക്കുള്ളത്. ക്രിസ്തുമതം ഗ്രീക്കുകാരുടെ തത്വചിന്തയേക്കാൾ അനേകമടങ്ങ് ശ്രേഷ്ഠമാണ്. സത്യ മതമായിട്ടാണ് അവർ ക്രിസ്തുമതത്തെ ചിത്രീകരിച്ചത്. ക്രിസ്തുമതത്തിന്റെ വേരുകൾ യഹൂദമതത്തിൽ ആഴത്തിൽ ഓടിയിട്ടുണ്ട്. അതുകൊണ്ട് ഗ്രീക്കുകാരുടെ താത്വികരേക്കാൾ അതിന് പ്രാചീനത്വമുണ്ട്. സഭ പുതിയൊരു പ്രസ്ഥാനമല്ല. മോശ എല്ലാ താത്വികർക്കും മുമ്പ് ജീവിച്ചു. എല്ലാ മതങ്ങളേക്കാളും തത്വചിന്തകളേക്കാളും മഹനീയമാണ് ക്രിസ്തുമതം.

മനസ്സാക്ഷി സ്വാതന്ത്ര്യത്തിനുവേണ്ടി അവർ ശക്തിയായി വാദിച്ചു. എല്ലാ യഥാർഥ ആരാധനകളുടെയും അടിസ്ഥാനം അതായിരിക്കണം. സ്വാതന്ത്ര്യം കൂടാതെ യഥാർഥമായ ആരാധനയില്ല. മതത്തിന് നിലനിൽപ്പില്ല. നിർബന്ധിച്ച് ദേവന്മാരെ ആരാധിപ്പിക്കാൻ റോമാക്കാർക്ക് കഴിഞ്ഞേക്കാം. എന്നാൽ അത് വെറും മതാഭാസം മാത്രമേ ആകൂ.

പ്രധാനമായി മൂന്ന് ദുരാരോപണങ്ങളാണ് ക്രിസ്ത്യാനികൾക്കെതിരെ ഉയർത്തിയിരുന്നത്: 1. റോമൻ ദേവന്മാരെ ആരാധിക്കാത്തതിനാൽ ക്രിസ്ത്യാനികൾ നിരീശ്വരന്മാരാണ്. 2. ക്രിസ്ത്യാനികൾ രഹസ്യമായി ഒന്നിച്ചുകൂടി മനുഷ്യമാംസം ഭക്ഷിക്കുന്നു. 3. അവർ ലൈംഗിക വൈകൃതമുള്ളവരാണ്.

ഈ മൂന്ന് ആരോപണങ്ങൾക്കും അവർ മാന്യമായ രീതിയിൽ മറുപടി നൽകി.

(1) ക്രിസ്ത്യാനികൾ സത്യദൈവത്തെ മാത്രം ആരാധിക്കുന്നു. അവർ ഏകദൈവ വിശ്വാസികളാണ്. അക്കാരണത്താൽ നിരീശ്വരന്മാർ എന്ന മുദ്ര ക്രിസ്ത്യാനികൾക്ക് ഒരിക്കലും ചേർന്നതല്ല. വചനംകൊണ്ടും പ്രവൃത്തികൊണ്ടും ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതത്തിൽ ക്രിസ്തുമതത്തിന്റെ ഔന്നത്യം വരച്ചുകാട്ടുന്നു. അവർ ദേവന്മാരെ ആരാധിക്കുകയേയില്ല. ദൈവസൃഷ്ടികളെ സ്രഷ്ടാവായി ഒരിക്കലും കണക്കാക്കില്ല.

(2) ക്രിസ്ത്യാനികൾ ഒരിക്കലും സഹജീവികളെ കൊന്നു ഭക്ഷിക്കാറില്ല. അവർ ആരെയും കൊല്ലാറില്ല. മറ്റുള്ളവർ കൊല്ലുമ്പോൾ അത് ദർശിക്കാൻപോലും കൂട്ടാക്കുന്നില്ല. മറ്റുള്ളവരേക്കാൾ മനുഷ്യത്വത്തെ കൂടുതലായി ബഹുമാനിക്കുന്നവർ ക്രിസ്ത്യാനികളാണ്.

(3) വിദ്വേഷത്തിന്റെ ആളിക്കത്തൽ കൊണ്ടാണ് ലൈംഗികവൈകൃതം ക്രിസ്ത്യാനികളുടെ മേൽ ആരോപിക്കപ്പെടുന്നത്. സുകൃതത്തെ തിന്മ പീഡിപ്പിച്ചതിന്റെ ചരിത്രമാണ് ലോകത്തിലുള്ളത്. ശുദ്ധതയ്ക്കെതിരായി വിചാരത്തിൽ പോലും ക്രിസ്ത്യാനികൾ പാപം ചെയ്യില്ല.

വി. ജസ്റ്റിൻ പലസ്തീനയിലെ ഷേക്കേമിൽ അക്രൈസ്തവ മാതാപി

താക്കളിൽ നിന്ന് ജനിച്ചു. അദ്ദേഹം പലതരം തത്വശാസ്ത്ര സ്കൂളുകൾ പരീക്ഷിച്ചുനോക്കി. അവയൊന്നും സത്യാന്വേഷിയായ അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല. അവസാനം പ്രവാചകന്മാർ പ്രഘോഷിച്ച സത്യത്തിൽ അദ്ദേഹം എത്തിച്ചേർന്നു. പലസ്തീനായിൽ പ്രത്യക്ഷമായ ആ സത്യം സ്വീകരിച്ച് ജസ്റ്റിൻ സന്തുഷ്ടനായി. ക്രിസ്ത്യാനികൾ മരണത്തെ തൃണവൽക്കരിച്ചുകൊണ്ട് യേശുവിനെ പ്രഘോഷിച്ച സംഭവങ്ങൾ ജസ്റ്റിന് പ്രചോദനമരുളി. എഫേസോസിൽ വച്ച് 130-ൽ ജസ്റ്റിൻ ക്രിസ്ത്യാനിയായി. തുടർന്നുള്ള ജീവിതം മുഴുവൻ ക്രിസ്തീയവിശ്വാസം സംരക്ഷിക്കാൻ അദ്ദേഹം വിനിയോഗിച്ചു. അവസാനം റോമിലെത്തിച്ചേർന്ന് അവിടൊരു വിദ്യാപീഠം സ്ഥാപിച്ചു. കുറേനാൾ അവിടെ പഠിപ്പിച്ചു. റോമിൽവച്ച് 165-ാമാണ്ടിൽ പ്രീഫെക്ട് ജൂനിയുസ് റുസ്തിക്കുസ് ഭരണത്തിലിരിക്കുമ്പോൾ ജസ്റ്റിനും ആറ് കൂട്ടുകാരും കൊല്ലപ്പെട്ടു.

ജസ്റ്റിൻ നിരവധി കൃതികൾ എഴുതിയിട്ടുണ്ടെങ്കിലും മൂന്നെണ്ണം മാത്രമേ നമുക്ക് കൈവന്നിട്ടുള്ളു: ക്രൈസ്തവ വിശ്വാസത്തെ ന്യായീകരിച്ചുകൊണ്ടുള്ള രണ്ട് കൃതികളും (അപ്പോളജികളും) ട്രീഫോ എന്ന യൂദനുമായുള്ള ഒരു സംവാദവും. തുറന്ന മനസ്സും സത്യസന്ധതയുമുള്ള ഒരു ഗ്രന്ഥകാരനെയാണ് കൃതികളിൽ കാണാൻ കഴിയുക. തന്റെ എതിരാളികളുമായി ധാരണയിൽ എത്താൻ അദ്ദേഹം പരിശ്രമിക്കുന്നു: “സത്യം സംസാരിക്കാൻ കഴിവുണ്ടായിരിക്കുകയും എന്നാൽ സത്യം സംസാരിക്കാതിരിക്കുകയും ചെയ്യുന്നവനെ ദൈവം ശിക്ഷിക്കും” എന്ന അഭിപ്രായമാണ് ജസ്റ്റിനുള്ളത് (സംവാദം,82). ക്രൈസ്തവ ചിന്തയെയും ഗ്രീക്ക് തത്വശാസ്ത്രത്തെയും അനുരഞ്ജിപ്പിക്കാൻ അദ്ദേഹം ഒരു ശ്രമം നടത്തി.

ജസ്റ്റിൻ റോമിൽവച്ച് 148-നും 161-നും ഇടയ്ക്ക് ക്രിസ്തുമതത്തെ ന്യായീകരിച്ചുകൊണ്ട് രണ്ട് അപ്പോളജികൾ എഴുതി റോമൻചക്രവർത്തിക്ക് സമർപ്പിച്ചു. ഒന്നാമത്തേതിന് 68 അധ്യായങ്ങളും രണ്ടാമത്തേതിന് 15 അധ്യായങ്ങളുമുണ്ട്. രണ്ടാമത്തേത് പ്രത്യേകമായി റോമൻ സെനറ്റിനാണ് സമർപ്പിച്ചിരിക്കുന്നത്.

(1) ഒന്നാം അപ്പോളജി: ബഹുജനങ്ങളുടെ ആരവാരമല്ല, സത്യമാണ് ചക്രവർത്തി സ്വീകരിക്കേണ്ടതെന്നും ക്രിസ്ത്യാനികൾക്കെതിരെയുള്ള കേസുകൾ ചക്രവർത്തി നേരിട്ട് കൈകാര്യം ചെയ്യണമെന്നും ആമുഖത്തിൽതന്നെ അദ്ദേഹം ആവശ്യപ്പെടുന്നു. ക്രിസ്തുമതത്തിനെതിരെയുള്ള ഔദ്യോഗികമനോഭാവത്തെ ഒന്നാംഭാഗത്ത് (4-12) നിശിതമായി വിമർശിക്കുന്നു. കോടതികളിൽ സർക്കാർ അനുവർത്തിക്കുന്ന നയം, ക്രിസ്ത്യാനികൾക്കെതിരായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ എന്നിവയും അദ്ദേഹം ചോദ്യം ചെയ്യുന്നു: ‘ക്രിസ്ത്യാനി’ എന്ന നാമം നിമിത്തം തന്റെ സഹവിശ്വാസികൾ പീഡിപ്പിക്കപ്പെടുന്നത് ക്രൂരതയാണ്. താത്വികൻ എന്ന് ഒരാൾ പേരെടുത്താൽ റോമാക്കാർ അയാളെ പീഡിപ്പിക്കുന്നില്ലല്ലോ. അത് അവന്റെ കുറ്റമോ നിഷ്ക്കളങ്കതയോ വ്യക്തമാക്കുന്നില്ല. അതുപോലെയാണ് ക്രിസ്ത്യാനി എന്ന നാമവും. തെറ്റിനല്ലേ ശിക്ഷയുള്ളു. തെറ്റ് ചെയ്തു എന്ന് കോടതി തെളിയിക്കണം. ക്രിസ്ത്യാനികൽ ചെയ്തെന്ന് ആരോപിക്കപ്പെടുന്ന തെറ്റുകൾ വെറും ദുരാരോപണങ്ങൾ മാത്രമാണ്. വിഗ്രഹാരാധന നിന്ദ്യമായതിനാലാണ് ക്രിസ്ത്യാനികൾ അതിന് ഒരുമ്പെടാത്തത്. രണ്ടാംഭാഗം (13-67) ക്രിസ്തുമതത്തിന്റെ ഒരു ന്യായീകരണമാണ്. സഭയിലെ ആരാധനയും സഭാസിദ്ധാന്തങ്ങളും ചരിത്രത്തിൽ അതിനുള്ള അടിസ്ഥാനവും നിലനിൽപ്പിനുള്ള കാരണവും വരച്ചുകാട്ടുന്നു. അവസാനഭാഗം(68) ചക്രവർത്തിയോടുള്ള ഒരുപദേശമാണ്.



ഹഡ്രിയാൻ ചക്രവർത്തി 125-ൽ ഏഷ്യയിലെ പ്രോകോൺസുൾ മിനൂചിയുസ് ഫുൻദാനുസിനയച്ച ഒരു കത്തു കൂടി ജസ്റ്റിൻ ഇതിനോട് ചേർത്തിട്ടുണ്ട്. ക്രിസ്ത്യാനികളെ വിസ്തരിക്കുമ്പോൾ അനുവർത്തിക്കേണ്ട നാലു കാര്യങ്ങളെപ്പറ്റി ഹഡ്രിയാൻ സംസാരിക്കുന്നു: “1. ക്രിമിനൽ കോടതികളിലെ സാധാരണ നടപടി അനുസരിച്ച് ക്രിസ്ത്യാനികൾ വിധിക്കപ്പെടണം. 2. റോമൻ നിയമത്തിനെതിരെ തെറ്റുചെയ്തെന്ന് തെളിയിക്കപ്പെട്ടാലേ ശിക്ഷിക്കാവൂ. 3. തെറ്റിന്റെ സ്വഭാവവും ഗൗരവവും അനുസരിച്ചാണ് ശിക്ഷിക്കേണ്ടത്. 4. ദുരാരോപകർ ശിക്ഷിക്കപ്പെടണം.”

(2) രണ്ടാം അപ്പോളജി: അടുത്ത കാലത്ത് റോമിൽ നടന്ന ഒരു സംഭവം വിവരിച്ചു കൊണ്ടാണ് ഇത് തുടങ്ങുന്നത്. ക്രിസ്ത്യാനികളെന്ന് പ്രഖ്യാപിച്ച കാരണത്താൽ റോമിലെ പ്രീഫെക്ട് മൂന്നു ക്രിസ്ത്യാനികളെ തലവെട്ടിക്കൊന്നു. ഈ അപ്പോളജി റോമൻ ജനതയോട് ജസ്റ്റിൻ നേരിട്ട് തന്റെ എതിർപ്പ് പ്രകടിപ്പിക്കുന്നു. നിന്ദ്യമായ ക്രൂരതയ്ക്കെതിരെ അദ്ദേഹം ശക്തിയായി പ്രതിഷേധിക്കുകയും ദുരാരോപണങ്ങൾക്ക് മറുപടി പറയുകയുമാണ്. സത്യത്തിനും സുകൃതത്തിനുമെതിരായി പ്രവർത്തിക്കുന്ന പിശാചുക്കളുടെ പ്രേരണ മൂലമാണ് ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നത്. തന്റെ ദാസന്മാരെ പരീക്ഷണവിധേയരാക്കാൻ ദൈവം അനുവദിച്ചെങ്കിൽ മാത്രമേ അവർക്കെതിരെ എന്തെങ്കിലും ചെയ്യാൻ അവന് സാധിക്കൂ. ക്രിസ്തുമതത്തിന്റെ ശ്രേഷ്ഠത പ്രഘോഷിക്കാൻ ഒരവസരമാണ് മതപീഡനം. സത്യവും ധർമവും മുൻനിർത്തി മാത്രമേ ക്രിസ്ത്യാനികളെ വിധിക്കാൻ പാടുള്ളു എന്ന അപേക്ഷയോടുകൂടെ ഈ കൃതി അവസാനിപ്പിക്കുന്നു.

(3) ട്രീഫോയുമായുള്ള സംവാദം: ഇതിന് മൊത്തം 142 അധ്യായങ്ങളുണ്ട്. തന്റെ ആദ്യകാലജീവിതത്തെപ്പറ്റിയും മാനസ്സാന്തരത്തെപ്പറ്റിയും ചർച്ച ചെയ്തുകൊണ്ട് കൃതി ആരംഭിക്കുന്നു (2-8). ഒന്നാംഭാഗം(9-47) പഴയനിയ

മത്തെക്കുറിച്ചുള്ള ക്രിസ്തീയവീക്ഷണം വിവരിക്കുന്നു. മോശയുടെ നിയമം താത്ക്കാലികമാണ്. ക്രിസ്തുമതമാകട്ടെ, സർവമനുഷ്യർക്കും വേണ്ടിയുള്ള നവീനവും നിത്യവുമായ നിയമമാണ്. രണ്ടാം ഭാഗം (48-108) ക്രിസ്തുവിനെ ദൈവമായി ആരാധിക്കുന്നത് ന്യായീകരിക്കുന്നു. മൂന്നാംഭാഗം (109-142) ക്രിസ്തുവിൽ വിശ്വസിക്കുകയും തന്റെ നിയമം അനുസരിക്കുകയും ചെയ്യുന്നവരെ പുതിയ ഇസ്രായേലായി ചിത്രീകരിക്കുന്നു. പഴയനിയമത്തെ ആധാരമാക്കിയാണ് ഇതിൽ ജസ്റ്റിൻ തന്റെ തെളിവുകൾ നിരത്തുന്നത്. ഇതിൽ കുർബാനയെപ്പറ്റി പരാമർശമുണ്ട് (41,1-3;70,4; 117,1).

ഒന്നാം അപ്പോളജിയുടെ അവസാനം മാമോദീസായെയും കുർബാനയേയും സംബന്ധിച്ച് ജസ്റ്റിൻ നൽകുന്ന വിവരണം വിലപ്പെട്ടതാണ് (61). കുർബാനയെപ്പറ്റി വീണ്ടും 65-67 അധ്യായങ്ങളിൽ ചർച്ചചെയ്യുന്നു. അത് ഞായറാഴ്ച തോറുമുള്ള കുർബാനയുടെ വിവരണമാണ്. രണ്ടു വിവരണങ്ങളും ഒരുപോലെയാണ്. അപ്പവും, വീഞ്ഞും വെള്ളവും കലർത്തിയ കാസായും സ്തോത്രാർപ്പണത്തിന് ഉപയോഗിക്കുന്നു. കർത്താവ് കൃതജ്ഞതാസ്തോത്രം അർപ്പിച്ച് അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമാക്കി ശിഷ്യന്മാർക്കു നൽകി. "ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ. ഇത് എന്റെ ശരീരമാകുന്നു. ഇത് എന്റെ രക്തമാകുന്നു" എന്ന് കർത്താവ് ശിഷ്യന്മാരോട് കൽപ്പിച്ചതനുസരിച്ച് അവർ ഈ രഹസ്യം ആചരിച്ചു. പിൻതലമുറയ്ക്ക് ഈ രഹസ്യം കൈമാറി. ഈ ആഹാരം "എവുക്കറിസ്തിയാ" എന്ന് അറിയപ്പെടുന്നു. ഇത് അവതരിച്ച കർത്താവിന്റെ ശരീരവും രക്തവുമാണ്. സാധാരണ അപ്പവും വീഞ്ഞുമല്ല. കുർബാനയ്ക്കായി ക്രിസ്ത്യാനികൾ ഒന്നിച്ചുകൂടുമ്പോൾ ആവശ്യക്കാരായ സഹോദരങ്ങളെ സഹായിക്കാനായി സംഭാവനകൾ കൊടുത്തിരുന്ന പതിവിനെപ്പറ്റി ജസ്റ്റിൻ സൂചിപ്പിക്കുന്നു.

മലാക്കിയുടെ പ്രവചനം (1,10-12) ക്രിസ്തീയ ബലിയെക്കുറിച്ചാണെന്ന് ജസ്റ്റിൻ പറയുന്നു. ക്രിസ്തുവിന്റെ കൽപ്പനയാണ് ക്രിസ്തീയബലിയുടെ ഉത്ഭവകാരണം. ബലി യോഗ്യരായ മനുഷ്യരുടെ പ്രാർഥനകളിലും കൃതജ്ഞതാസ്തോത്രങ്ങളിലും അടങ്ങിയിരിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. കർത്താവിന്റെ പീഡാനുഭവം അനുസ്മരിച്ചുകൊണ്ട് ഇപ്രകാരം ചെയ്യാനാണ് പാരമ്പര്യം പഠിപ്പിച്ചിരിക്കുന്നത്. മറ്റു ബലികളെപ്പറ്റി ക്രിസ്ത്യാനികൾക്കറിവില്ല. ലോകം മുഴുവനുമുള്ള ദൈവജനം എല്ലായിടത്തും അർപ്പിക്കുന്ന ബലിയാണിത്. ഇത് സാർവത്രികബലിയാണ്. ഇത് അനുസ്മരണയാണ്. തന്റെ ജനത്തിന് ദൈവം ചെയ്ത കാര്യങ്ങൾ അനുസ്മരിക്കുക എന്നാൽ തന്റെ സജീവസാന്നിധ്യം പുതുക്കുക എന്നാണർഥം. ഇപ്പോൾ ഇവിടെ അത് യാഥാർഥ്യവൽക്കരിക്കുന്നു എന്നാണ് അതിന്റെ അർഥം. കുർബാനയിലെ അനുസ്മരണ കർത്താവിന്റെ പീഡാനുഭവത്തിന്റെ അനുസ്മരണയാണ്. ഈ അനുസ്മരണ നടത്താൻ അവിടുന്ന് ഉദ്ദേശിക്കുകയും കൽപ്പിക്കുകയും



ചെയ്തതിനാലാണ് ഇത് യാഥാർഥ അനുസ്മരണ ആയിത്തീരുന്നത്. മനുഷ്യനുവേണ്ടി പ്രപഞ്ചത്തെ സൃഷ്ടിച്ചതിനും യേശുക്രിസ്തു വഴി തിന്മയുടെമേൽ വിജയം വരിച്ചതിനും ദൈവത്തിനു നന്ദി പറയുകയും മിശിഹായുടെ പീഡാനുഭവം അനുസ്മരിക്കുകയും ചെയ്തുകൊണ്ട് കുർബാനയപ്പം കാഴ്ച വയ്ക്കുന്നതാണ് ക്രൈസ്തവബലി.

ജസ്റ്റിനെയും കൂട്ടുകാരെയും റോമൻ പടയാളികൾ പിടിച്ച്, ക്രിസ്ത്യാനികളാണെന്ന കാരണത്താൽ വിസ്തരിച്ച് തലവെട്ടിക്കൊന്നു. അങ്ങനെ അവർ ധീരരക്തസാക്ഷികളായി. അവരുടെ രക്തസാക്ഷിത്വവിവരണം ലഭ്യമാണ്. ജസ്റ്റിനും കൂട്ടുകാരും തങ്ങൾ ക്രിസ്ത്യാനികളാണെന്നും വെറും മനുഷ്യൻ മാത്രമായ ചക്രവർത്തിയെയും അയാളുടെ ദേവന്മാരെയും ആരാധിക്കയില്ലെന്നും തീർത്തുപറഞ്ഞു. അവരെ വിസ്തരിച്ച കോടതിനടപടി അതേപടി നമുക്ക് ലഭിച്ചിട്ടുണ്ട്. അതിൽ നിന്ന് അൽപ്പം ഉദ്ധരിക്കാം:

ക്രിസ്ത്യാനികളെ തേടിപ്പിടിച്ച് റുസ്തിക്കുസ് എന്ന റോമൻ പ്രീഫെക്ടിന്റെ മുമ്പിൽ ഹാജരാക്കി. അപ്പോൾ അയാൾ ജസ്റ്റിനോട് കൽപിച്ചു: "ഒന്നാമതായി ദേവന്മാരെ അനുസരിക്കൂ, ചക്രവർത്തിമാർക്ക് വിധേയരായിരിക്കൂ."

അപ്പോൾ ജസ്റ്റിന്റെ മറുപടി: "ഞങ്ങളുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ കൽപ്പനകൾ അനുസരിക്കുന്നത് ആക്ഷേപാർഹമോ കുറ്റകരമോ അല്ല."

എന്താണ് നീ വിശ്വസിക്കുന്നതെന്ന് ജസ്റ്റിനോട് ചോദിച്ചപ്പോൾ തന്റെ വിശ്വാസത്തിന്റെ ചുരുക്കം നല്കുന്നു. ഇതൊരു ചെറിയ വിശ്വാസപ്രമാണമാണ്: "ക്രിസ്ത്യാനികളുടെ ദൈവത്തെ സംബന്ധിച്ച് ഭക്തിപൂർവം ഞങ്ങൾ ഏറ്റുപറയുന്ന കാര്യം: ദൃശ്യാദൃശ്യങ്ങളായ സൃഷ്ടി മുഴുവന്റേയും നിർമാതാവും പണിക്കാരനും ആരംഭം മുതലേ സ്ഥിതിചെയ്യുന്നവനുമായ ഏക ദൈവമായ അവനിൽ ഞങ്ങൾ വിശ്വസിക്കുന്നു. അതുപോലെ ദൈവപുത്രനായ ഞങ്ങളുടെ കർത്താവേശുക്രിസ്തുവിനെ സംബന്ധിച്ച്: യഥാർഥ ശിഷ്യരുടെ ഗുരുവായും രക്ഷയുടെ അറിയിപ്പുകാരനായും മനുഷ്യകുലത്തിന്റെ പക്കലേക്ക് വരാനിരിക്കുന്നവനെന്ന് പ്രവാചകന്മാർ അവിടുത്തെപ്പറ്റി മുൻകൂട്ടി പ്രഘോഷിച്ചിരുന്നു. അവിടുത്തെ അനന്തമായ ദൈവത്വവുമായി താരതമ്യപ്പെടുത്തുമ്പോൾ, വെറുമൊരു മനുഷ്യനായ ഞാൻ പറയുന്നത് നിസ്സാരമാണ്. എന്നാൽ പ്രവചനത്തിന് ശക്തിയുണ്ട്. അത് ഞാൻ അംഗീകരിക്കുന്നു. ദൈവപുത്രനെന്ന് ഞാൻ ഇപ്പോൾ പറഞ്ഞ ആളിനെപ്പറ്റി നേരത്തേതന്നെ പ്രവചനം നടന്നിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ഇടയിലേക്കുള്ള അവിടുത്തെ വരവിനെ സംബന്ധിച്ച് ആരംഭം മുതലേ പ്രവാചകന്മാർ പ്രവചിച്ചിരുന്നെന്ന് നമുക്കറിയാം."

തുടർന്ന് ഓരോരുത്തരോടും പ്രീഫെക്ടിന്റെ ചോദ്യം: "നീയൊരു ക്രിസ്ത്യാനിയാണോ?"

ജസ്റ്റിൻ: "അതേ, ഞാനൊരു ക്രിസ്ത്യാനിയാണ്."

ജസ്റ്റിന്റെ കൂട്ടുകാരായ ഓരോരുത്തരും ഇപ്രകാരം തന്നെ മറുപടി പറഞ്ഞു.

പ്രീഫെക്ട് കരീതോനോട്: "കരീതോൻ, എന്നോടു പറയുക. നീയും ഒരു ക്രിസ്ത്യാനിയാണോ?"

കരിതോൻ: "ദൈവകല്പനയാൽ ഞാനൊരു ക്രിസ്ത്യാനിയാണ്."

ജസ്റ്റിന്റെ മറ്റൊരു കൂട്ടുകാരനായ കരീതോയും ഇതുപോലെ പറഞ്ഞു: "ദൈവകൃപയാൽ ഞാനൊരു ക്രിസ്ത്യാനിയാണ്."

എവുഎൽപിസ്തുസ് പറഞ്ഞു: "ഞാനും ഒരു ക്രിസ്ത്യാനിയാണ്. ക്രിസ്തു എന്നെ സ്വതന്ത്രനാക്കി. ക്രിസ്തുവിന്റെ കൃപയാൽ അതേ പ്രത്യാശയിൽ ഞാൻ പങ്കുകാരനായി."

ഹിയെരാക്സ് പറഞ്ഞു: "അതേ, ഞാൻ ക്രിസ്ത്യാനിയാണ്."

പേയോൻ എന്നയാൾ എഴുന്നേറ്റു പറഞ്ഞു: "ഞാനും ഒരു ക്രിസ്ത്യാനിയാണ്."

ലിബേരിയൻ: "ഞാനും ഒരു ക്രിസ്ത്യാനിയാണ്. കാരണം, ഞാൻ വിശ്വാസിയാണ്. ഏക സത്യദൈവത്തെ ഞാൻ ആരാധിക്കുന്നു."

പ്രീഫെക്ട് ജസ്റ്റിനോട്: "നിന്നെ പ്രഹരിച്ചശേഷം നിന്റെ തല വെട്ടിയാൽ നീ സ്വർഗത്തിലേക്ക് കയറുമെന്ന് കരുതുന്നുണ്ടോ?"

ജസ്റ്റിൻ: "ഞാൻ അവ സഹിച്ചാൽ അവന്റെ ദാനങ്ങൾ എനിക്ക് കിട്ടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അപ്രകാരം ജീവിക്കുന്ന എല്ലാവർക്കും സർവലോകത്തിന്റെയും അവസാനം വരെ ദൈവത്തിന്റെ സൗജന്യദാനം ലഭിക്കുമെന്ന് എനിക്കറിയാം. എനിക്ക് പൂർണബോധ്യമുണ്ട്."

ദേവന്മാർക്ക് ബലിയർപ്പിച്ചില്ലെങ്കിൽ, കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ ജസ്റ്റിൻ പറഞ്ഞു: "ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനുവേണ്ടി ശിക്ഷിക്കപ്പെടുകയാണെങ്കിൽ, രക്ഷിക്കപ്പെടുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. ലോകത്തെ മുഴുവൻ വിധിക്കുന്ന നമ്മുടെ കർത്താവും രക്ഷിതാവുമായ അവിടുത്തെ ഭയങ്കര ന്യായാസനത്തിൻ മുമ്പാകെ ഇതായിരിക്കും ഞങ്ങളുടെ രക്ഷയും ആത്മധൈര്യവും."



എല്ലാവരും ഒരുപോലെ പറഞ്ഞു: "നിനക്കിഷ്ടമുള്ളത് ചെയ്യുക. ഞങ്ങൾ ക്രിസ്ത്യാനികളാണ്. ഞങ്ങൾ വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കയില്ല."

പ്രീഫെക്ട് ഉടനെ വിധി പ്രസ്താവിച്ചു: "ദേവന്മാർക്ക് ബലിയർപ്പിക്കുകയും ചക്രവർത്തിയുടെ കല്പനയ്ക്ക് വിധേയരാകുകയും ചെയ്യാത്തവരെ ദണ്ഡിപ്പിച്ച് നിയമമനുസരിച്ച തലവെട്ടി കൊല്ലാനായി കൊണ്ടുപോകട്ടെ."

തുടർന്ന് രേഖയിൽ ഇപ്രകാരം കാണുന്നു: "വിശുദ്ധ രക്തസാക്ഷികൾ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് കൊലക്കളത്തിലേക്ക് പോയി. തങ്ങളുടെ രക്ഷകനെ ഏറ്റുപറഞ്ഞുകൊണ്ട് അവർ സാക്ഷ്യം പൂർത്തിയാക്കി. വിശ്വാസികളിൽ ചിലർ രഹസ്യമായി അവരുടെ ശരീരമെടുത്ത് സൗകര്യപ്രദമായ സ്ഥലത്ത് മറവു ചെയ്തു. നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ കൃപ അവരോടുകൂടെ പ്രവർത്തിച്ചിരുന്നു. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മീൻ."

ഇവരാരും മരണത്തെയും ഭീകര പീഡനങ്ങളെയും ലവലേശം ഭയന്നില്ല. രക്ഷകനായ ക്രിസ്തു തങ്ങൾക്കുവേണ്ടി പീഡ അനുഭവിച്ചു മരിച്ചു. ഓരോരുത്തരും താന്താങ്ങളുടെ കുരിശുമെടുത്ത് തന്നെ അനുഗമിക്കാൻ അവിടുന്ന് ആഹ്വാനം ചെയ്തു. ആ ക്രിസ്തുവിനുവേണ്ടി മരിക്കുക സൗഭാഗ്യമായി അവർ കരുതി. ആ വിശ്വാസമാണ് അവർ നമുക്ക് കൈമാറിത്തന്നത്. അതുതന്നെ നമ്മുടെ അടുത്ത തലമുറയ്ക്കും കൈമാറാം.

# 7

# സ്മിർണായിലെ വി. പോളിക്കാർപ്പ് (+156)

യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്ന പോളിക്കാർപ്പ് ഏഷ്യാ മൈനറിൽ സ്മിർണായിലെ മെത്രാനായിരുന്നു. അദ്ദേഹത്തെ സ്മിർണായിലെ മെത്രാനാക്കിയത് ശ്ലീഹന്മാരാണെന്നു പറയപ്പെടുന്നു. ഇദ്ദേഹത്തിനാണ് ഇഗ്നേഷ്യസ് ഒരു കത്തയച്ചത്. ക്രിസ്തീയസഭാനേതാവ് എന്ന കാരണത്താൽ, വി. ഇഗ്നേഷ്യസിനെപ്പോലെ അദ്ദേഹത്തെയും റോമൻ പട്ടാളക്കാർ അറസ്റ്റുചെയ്ത് കൊല നടത്തി. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വ വിവരണം നമുക്ക് ലഭിച്ചിട്ടുണ്ട്. ക്രൂശിതനായ ക്രിസ്തുവിന്റെ മരണവുമായി വളരെയധികം സാമ്യമുള്ളതായിരുന്നു അദ്ദേഹത്തിന്റെ മരണം.

നമുക്കുവേണ്ടി മരിച്ച യേശുവിനോടുള്ള സ്നേഹത്താൽ പ്രേരിതരായി സഹിക്കാനും മരിക്കാനും സന്നദ്ധരായ നൂറുകണക്കിന് രക്തസാക്ഷികളുടെ പ്രശസ്തനായ പ്രതിനിധിയാണ് അദ്ദേഹം. "കാഴ്ചക്കാരിൽ സഹാനുഭൂതിയും സങ്കടവും ഉളവാകത്തക്ക രീതിയിൽ അവർ വളരെ ക്ഷമാപൂർവം സഹിച്ചു." കരയുകയോ, നിലവിളിക്കുകയോ ചെയ്യാതെ അവർ അസാമാന്യ ധീരത കാട്ടി. ശരീരത്തിൽ വസിച്ചെങ്കിലും ക്രിസ്തുവിൽ ജീവിച്ചു എന്ന് പീഡനസമയത്ത് ഈ ധീരരക്തസാക്ഷികൾ കാണിച്ചുതന്നു. ക്രിസ്തുവിന്റെ കൃപയ്ക്ക് തങ്ങളെത്തന്നെ ഭരമേൽപ്പിച്ചുകൊണ്ട് അവർ ഈ ലോകത്തിലെ പീഡനങ്ങളെ അവഗണിച്ചു. ഒറ്റ മണിക്കൂർകൊണ്ട് അവർ തങ്ങൾക്കായി നിത്യജീവൻ വിലയ്ക്കുവാങ്ങി. മൃഗീയപീഡനങ്ങളുടെ അഗ്നി അവർക്ക് തണുപ്പായിരുന്നു. നിത്യവും അനന്തവുമായ അഗ്നിയിൽ നിന്നുള്ള മോചനത്തിൽ അവർ ദൃഷ്ടി പതിപ്പിച്ചു. ക്ഷമാപൂർവം സഹിക്കുന്നവർക്കുള്ള നല്ല വസ്തുക്കൾ ഹൃദയ നയനങ്ങളാൽ അവർ ദർശിച്ചു. കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയത്തിൽ തോന്നിയിട്ടില്ലാത്തതുമായ സംഗതികൾ കർത്താവ് അവർക്ക് കാട്ടിക്കൊടുത്തു. അവർക്കെതിരെ പിശാച് പ്രയോഗിച്ച ഉപായങ്ങളൊന്നും വിജയിച്ചില്ല. അവരിൽ ചിലർ അടികളാൽ പിച്ചിച്ചീന്തപ്പെട്ടു. ഉള്ളിലെ രക്തധമനികൾ ദൃശ്യമാകത്തക്കവിധം



ശരീരഘടന വ്യക്തമാക്കപ്പെട്ടു. വന്യമൃഗങ്ങൾക്ക് എറിയപ്പെട്ടും ഭീകര ശിക്ഷകൾക്കുശേഷം മൂർച്ചയുള്ള വാളുകളാൽ കീറപ്പെട്ടും മറ്റു പല ഭീകര രീതികളിലും അവർ പീഡിപ്പിക്കപ്പെട്ടു. മടിച്ചുനിന്ന വന്യമൃഗങ്ങളെ അവർ മാടിവിളിച്ച് തങ്ങളുടെ പക്കലേക്കടുപ്പിച്ചു.

ക്രിസ്ത്യാനികളെ 'നിരീശ്വരന്മാർ' എന്നു വിളിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ചവരെ വെറുതെ വിട്ടിരുന്നു. തന്നെ പിടിക്കാൻ പട്ടാളക്കാർ വരുന്നു എന്ന് കേട്ടപ്പോൾ പോളിക്കാർപ്പ് കുലുങ്ങിയില്ല. പട്ടണത്തിൽ തന്നെ താമസിക്കാൻ ആഗ്രഹിച്ചു. എന്നാൽ വിശ്വാസികളുടെ നിർബന്ധത്താൽ, അകലെയല്ലാത്ത ഒരു കൃഷിസ്ഥലത്തേക്ക് മാറിത്താമസിച്ചു. "അവന്റെ പതിവായിരുന്നതുപോലെ എല്ലാ മനുഷ്യർക്കുവേണ്ടിയും ലോകം മുഴുവനുമുള്ള സഭയ്ക്കുവേണ്ടിയും രാപകൽ പ്രാർഥിക്കുക മാത്രം ചെയ്തുകൊണ്ടിരുന്നു" (5,1). അവൻ എവിടെയാണെന്ന് അറിയാമായിരുന്ന രണ്ട് അടിമകളിൽ ഒരുവൻ പീഡിപ്പിക്കപ്പെട്ടപ്പോൾ അവൻ എവിടെയാണെന്ന് വെളിപ്പെടുത്തി.

പോളിക്കാർപ്പിന്റെ രക്തസാക്ഷിവിവരണം നമുക്ക് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മരണത്തിന് സാക്ഷികളായിരുന്ന ആരോ പിന്നീട് എഴുതിയതാണിത്. ക്രിസ്തുവിനെപ്രതി ജീവൻ ഹോമിച്ച ഒരാളെപ്പറ്റിയുള്ള ആദ്യവിവരണമാണിത്. ആ വിവരണത്തിൽ നിന്ന് ഇടയ്ക്കിടെ ഉദ്ധരിക്കാം. "ഒരു വെള്ളിയാഴ്ച അത്താഴസമയത്ത് ആ അടിമയെയും കൂട്ടി ഒരു കള്ളന്റെ പിന്നാലെ എന്നവണ്ണം അവരുടെ പതിവനുസരിച്ച് ആയുധധാരികളായി അവർ പുറപ്പെട്ടു. വളരെ വൈകി അവർ അവനുമായി അവിടെയെത്തി. ഒരു ചെറിയ വീടിന്റെ മുകളിലത്തെ മുറിയിൽ ഒരു കട്ടിലിൽ അവർ അവനെ കണ്ടെത്തി. അപ്പോഴും അവന് മറ്റൊരിടത്ത് ഒളിക്കാമായിരുന്നു. എന്നാൽ "ദൈവേഷ്ടം നടക്കട്ടെ" എന്നു പറഞ്ഞ് അവൻ അവിടെത്തന്നെ തങ്ങി. അവരുടെ വരവിനെപ്പറ്റി അറിഞ്ഞപ്പോൾ താഴെച്ചെന്ന് അവൻ അവരുമായി സംസാരിച്ചു. അവർക്ക് ആവശ്യമുള്ള ആഹാരം കൊടുക്കാൻ അവൻ കൽപ്പിച്ചു. എന്നിട്ട് തനിക്ക് ശല്യംകൂടാതെ പ്രാർഥിക്കാൻ ഒരു മണിക്കൂർ സമയം അനുവദിക്കണമെന്ന് അവൻ ആവശ്യപ്പെട്ടു. ദൈവകൃപയാൽ നിറഞ്ഞ് കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട് അവൻ രണ്ടുമണിക്കൂർ സമയം പ്രാർഥിച്ചു" (7,1-3).

തന്റെ ജനത്തിനുവേണ്ടി പ്രാർഥിക്കുക എന്നത് മെത്രാന്റെ സുപ്രധാന കടമയായി അദ്ദേഹം മനസ്സിലാക്കി. തന്റെ ജീവിതകാലത്ത് ഉടനീളം അദ്ദേഹം അപ്രകാരം ചെയ്തിരുന്നു. തന്നെ പിടിക്കാൻ വന്നവരോടുപോലും ആതിഥ്യമര്യാദ കാണിക്കാനും അദ്ദേഹം മറന്നില്ല. അവരെ ശപിക്കാനോ, വെറുക്കാനോ മുതിരാതെ "ദൈവേഷ്ടം നടക്കട്ടെ" എന്നുമാത്രം പറഞ്ഞു. വളരെ ആഴമായ ദൈവാനുഭവം ഉള്ളവർക്കു മാത്രമേ ഇപ്രകാരം ചിന്തി

ക്കാനും പറയാനും പ്രവർത്തിക്കാനും സാധിക്കുകയുള്ളു. യേശുക്രിസ്തുവിന്റെ തിരുഹിതം തന്റെ ജീവിതത്തിൽ യാഥാർഥ്യമാകുന്നതിൽ അവൻ സന്തോഷിച്ചു. അവന്റെ ജീവിതം ദൈവത്തിലായിരുന്നതിനാൽ, ജീവിതാനുഭങ്ങളിലൊന്നും അവൻ അടിപതറിയില്ല. അസാധാരണമായ എന്തെങ്കിലും സംഭവിച്ചു എന്ന മട്ടിൽ അദ്ദേഹം ക്ലേശിക്കയാകട്ടെ, പിറുപിറുക്കുകയാകട്ടെ ചെയ്തില്ല. തന്റെ നാഥന്റെ പിന്നാലെ തന്റെ കുരിശെടുത്തു നടക്കുകയാണ് തന്റെ കടമയെന്ന് അദ്ദേഹം കൃത്യമായി മനസ്സിലാക്കി. തന്റെ അജഗണത്തിന് മഹനീയമാതൃക നൽകിക്കൊണ്ട് സഭാനേതാവായി അദ്ദേഹം മുമ്പിൽ നടന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എനിക്കു ഭവിക്കട്ടെ" എന്നു പരിശുദ്ധ കന്യകാമറിയം പറഞ്ഞതു തന്നെയാണ് പോളിക്കാർപ്പ് പറഞ്ഞത്. ഇതാണ് യഥാർഥത്തിലുള്ള ആധ്യാത്മികത: "ദൈവേഷ്ടം നടക്കട്ടെ" എന്ന് ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും പറയാൻ ആർക്ക് സാധിക്കും!

"തന്റെ ജീവിതകാലത്ത് എപ്പോഴെങ്കിലും കണ്ടുമുട്ടിയ ചെറിയവരും വലിയവരും പ്രസിദ്ധരും അപ്രസിദ്ധരുമായ എല്ലാവരെയും ലോകം മുഴുവനുമുള്ള കത്തോലിക്കാസഭയെയും അവൻ തന്റെ പ്രാർഥനയിൽ അനുസ്മരിച്ചു." അവൻ തന്റെ പ്രാർഥനയിൽ ആരെയും ഒഴിവാക്കിയില്ല. എല്ലാവരെയും ദൈവസമക്ഷം സമർപ്പിക്കുകയാണ് ചെയ്തത്. അതാണ് യഥാർഥ പ്രാർഥന! പ്രാർഥന കഴിഞ്ഞപ്പോൾ അവൻ അവരോടൊപ്പം ഇറങ്ങിപ്പോയി. അവനിൽ അനുകമ്പ തോന്നിയ ഉദ്യോഗസ്ഥൻ അവനെ വശീകരിക്കാൻ ശ്രമിച്ചു:

"കർത്താവായ സീസർ എന്നുപറഞ്ഞ് ധൂപവും അതുപോലുള്ള വസ്തുക്കളും അർപ്പിച്ച് സ്വയം രക്ഷിക്കുന്നതിൽ എന്താണ് തെറ്റ്?"

അവൻ പ്രത്യുത്തരിച്ചു:"നിങ്ങൾ ഉപദേശിക്കുന്നത് ഞാൻ ചെയ്യാൻ പോകുന്നില്ല".

അവനെ പ്രോകോൺസുളിനടുത്ത് എത്തിച്ചപ്പോൾ അയാൾ പറഞ്ഞു:

"നിന്റെ പ്രായത്തെ ബഹുമാനിക്കുക. സീസറിന്റെ ഭാഗ്യത്തെച്ചൊല്ലി സത്യം ചെയ്യുക. നിന്റെ മനസ്സു മാറ്റുക. പറയുക: നിരീശ്വരന്മാർ തുലയട്ടെ."

ക്രിസ്ത്യാനികളെ നിരീശ്വരന്മാർ എന്നു വിളിച്ചിരുന്നതിനാൽ, അവർക്കെതിരായി ശാപം ഉച്ചരിക്കാനാണ് ഉദ്യോഗസ്ഥൻ നിർദേശിച്ചത്. എന്നാൽ മറ്റൊരർഥത്തിൽ പോളിക്കാർപ്പ് പറഞ്ഞു:

"നിരീശ്വരന്മാർ തുലയട്ടെ."

സത്യദൈവത്തെ ആരാധിക്കാത്ത വിഗ്രഹാരാധന തകരട്ടെ എന്നാണ്



പോളിക്കാർപ്പ് അർഥമാക്കിയത്. എങ്കിലും ഇങ്ങനെ ഒരു പ്രസ്താവന അവന്റെ വായിൽ നിന്ന് കേട്ടതിൽ ഉദ്യോഗസ്ഥൻ സന്തുഷ്ടനായി. അയാളുടെ മനസ്സിലുള്ള അർഥത്തിൽ അയാൾ അതെടുത്തു. ആ സന്തോഷത്തിൽ അയാൾ തുടർന്നു:

"സത്യം ചെയ്യുക. ഞാൻ നിന്നെ മോചിപ്പിക്കാം. ക്രിസ്തുവിനെ ശപിക്കുക."

അതിന് മറുപടിയായിട്ടാണ് പോളിക്കാർപ്പ് തന്റെ വളരെ പ്രശസ്തമായ പ്രസ്താവന് നടത്തിയത്:

"എൺപത്തിയാറുവർഷം ഞാൻ അവനെ സേവിച്ചു. അവൻ എനിക്ക് ഒരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ രക്ഷിച്ച രാജാവിനെ പിന്നെ ഞാൻ എങ്ങനെ ശപിക്കും?.... നിങ്ങൾ പറയുന്നതുപോലെ ഞാൻ സീസറിന്റെ ഭാഗ്യത്തെച്ചൊല്ലി സത്യം ചെയ്യുമെന്ന് നിങ്ങൾ വെറുതെ കരുതുകയും ഞാൻ ആരെന്ന് നിങ്ങൾക്ക് അറിയില്ലെന്ന് നടിക്കുകയും ചെയ്യുന്നെങ്കിൽ, വ്യക്തമായി കേൾക്കുക: ഞാനൊരു ക്രിസ്ത്യാനിയാണ്."

അതിനു മറുപടിയായി പ്രോകോൺസുൾ ഭീഷണിപ്പെടുത്തി പറഞ്ഞു: "എനിക്ക് ക്രൂരമൃഗങ്ങളുണ്ട്. നീ നിന്റെ മനസ്സ് മാറ്റിയില്ലെങ്കിൽ, നിന്നെ അവയ്ക്ക് എറിഞ്ഞുകൊടുക്കും."

പോളിക്കാർപ്പ് ഉടനെ മറുപടി പറഞ്ഞു: "അവയെ വിളിക്ക്. കാരണം, മെച്ചമായതിൽ നിന്ന് ദുഷിക്കപ്പെട്ടതിലേക്കുള്ള മാറ്റം ഞങ്ങൾക്ക് അനുവദനീയമല്ല. എന്നാൽ തിന്മയിൽ നിന്ന് നീതിയിലേക്കുള്ള മാറ്റം തികച്ചും മാന്യമാണ്".

പ്രോകോൺസൂൾ: "നീ നിന്റെ മനസ്സുമാറ്റാതെ വന്യമൃഗങ്ങളെ നിന്ദിച്ചാൽ ഞാൻ നിന്നെ തീയിൽ ദഹിപ്പിക്കും."

പോളിക്കാർപ്പ്: "നീ ഭീഷണിപ്പെടുത്തുന്ന അഗ്നി ഒരു മണിക്കൂർ മാത്രം കത്തുകയും പിന്നെ കെടുകയും ചെയ്യുന്നു. അഭക്തരുടെമേൽ വന്നുപതിക്കുന്ന നിത്യശിക്ഷയുടെയും വിധിയുടെയും ഘോരാഗ്നിയെപ്പറ്റി നിനക്കൊന്നും അറിയില്ല. എന്നാൽ നീയെന്തിന് താമസിക്കുന്നു? ചെന്ന് നിനക്ക് ഇഷ്ടമുള്ളത് ചെയ്യുക."

ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ പോളിക്കാർപ്പ് ധൈര്യവും സന്തോഷവും നിറഞ്ഞവനായി. അവന്റെ മുഖം കൃപാവരത്താൽ നിറഞ്ഞു. കേട്ടവയെപ്പറ്റി അവൻ അൽപ്പംപോലും സംഭ്രമിച്ചില്ല. "എന്നെപ്രതി തന്റെ ജീവൻ നഷ്ടപ്പെടുത്തുന്നവൻ നിത്യജീവനു വേണ്ടി അത് വീണ്ടെടുക്കും" എന്ന കർതൃവചനം അവന് ശക്തി പകർന്നു. അതുപോലെ പീഡ അനുഭവിച്ച്

മഹത്വീകരിക്കപ്പെട്ട കർത്താവിന്റെ ദൃഷ്ടാന്തം അവൻ തന്റെ കൺമുമ്പിൽ സജീവമായി നിലനിർത്തി. പ്രോകോൺസുളാകട്ടെ, അന്ധാളിച്ചുപോയി.

മല്ലരംഗത്തു ചെന്ന് അറിയിപ്പുകാരൻ ഇപ്രകാരം ഉച്ചത്തിൽ മൂന്നു പ്രാവശ്യം വിളിച്ചുപറഞ്ഞു: "താൻ ഒരു ക്രിസ്ത്യാനിയാണെന്ന് പോളിക്കാർപ്പ് പ്രഖ്യാപിച്ചിരിക്കുന്നു."

അപ്പോൾ കൂടിനിന്ന ജനക്കൂട്ടം മുഴുവൻ അനിയന്ത്രിതമായ ഉച്ചസ്വരത്തിൽ അലറി: "ഏഷ്യയിലെ ഗുരുവും ക്രിസ്ത്യാനികളുടെ പിതാവും ദേവധ്വംസകനും ബലിയർപ്പിക്കേണ്ടെന്നും ആരാധിക്കേണ്ടെന്നും പലരേയും പഠിപ്പിക്കുന്നവനും ഇവനാണ്."

മൃഗങ്ങളുടെ കളി അവസാനിപ്പിച്ചിരുന്നതിനാൽ അവനെ അഗ്നിയിൽ ദഹിപ്പിക്കാൻ തീരുമാനിച്ചു. അവനെ ജീവനോടെ ദഹിപ്പിക്കണമെന്ന് ജനക്കൂട്ടം ഏകസ്വരത്തിൽ അട്ടഹസിച്ചു. ജനക്കൂട്ടം തടിയും വിറകും വേഗത്തിൽ എത്തിച്ചു. തുടർന്നുള്ള വിവരണം ഉദ്ധരിക്കാം:

"അഗ്നി ഒരുക്കപ്പെട്ടപ്പോൾ അവന്റെ വസ്ത്രങ്ങളെല്ലാം അഴിച്ചുമാറ്റപ്പെട്ടു. അവന്റെ ഇടക്കെട്ടഴിച്ചു. അവൻ തന്നെ അവന്റെ പാദരക്ഷ അഴിക്കാൻ തുടങ്ങി. അവൻ അത് ഇതുവരെ ചെയ്തിരുന്നില്ല. കാരണം, വിശ്വാസികൾ അവന്റെ ശരീരം സ്പർശിക്കാൻ അഹമഹമിഹയാ മുന്നോട്ടു വന്നിരുന്നു. അവന്റെ രക്തസാക്ഷിത്വത്തിനു മുമ്പുതന്നെ തന്റെ പരിശുദ്ധ ജീവിതം കൊണ്ട് അവൻ ബഹുമാനിക്കപ്പെട്ടിരുന്നു. ഒരുക്കിയ ചിതയിലേക്ക് അവർ അവനെ ആനയിച്ചു. അവർ അവന്റെ ശരീരം ആണിയാൽ ബന്ധിക്കാൻ തുടങ്ങിയപ്പോൾ അവൻ പറഞ്ഞു:

"എന്നെ വിടുവിൻ. കാരണം ഈ അഗ്നി സഹിക്കാൻ എനിക്കു ശക്തി നൽകുന്നവൻ, ആണികളിൽ നിന്ന് നിങ്ങൾ പ്രതീക്ഷിക്കുന്ന മുൻകരുതൽ കൂടാതെ തന്നെ നിശ്ചലമായി ചിതയിൽ നില്ക്കാൻ എനിക്ക് കഴിവു തരും."

അതുകൊണ്ട് അവനെ ആണികൊണ്ട് ബന്ധിച്ചില്ല. "ഒരു വലിയ ആട്ടിൻകൂട്ടത്തിൽനിന്ന് ശ്രേഷ്ഠമായ ഒരു മുട്ടാടിനെ ബലിക്കെന്നപോലെ ഒരുക്കപ്പെട്ടതും ദൈവത്തിനു സ്വീകാര്യവുമായ ഒരു ദഹനയാഗം പോലെ, അവന്റെ കൈകൾ പിറകിൽ പിടിച്ചു കെട്ടപ്പെട്ടു". അപ്പോൾ അവൻ സ്വർഗത്തിലേക്ക് നോക്കി ഒരു പ്രാർഥന നടത്തി. അക്കൂട്ടത്തിൽ അവൻ ഇതും പറഞ്ഞു:

"ഈ ദിവസത്തേക്കും ഈ നാഴികയ്ക്കും നിന്റെ രക്തസാക്ഷികളുടെ കൂട്ടത്തിൽ എന്റെ ഭാഗം അഭിനയിക്കാൻ നീ എന്നെ യോഗ്യനായി കരുതി. ക്രിസ്തുവിന്റെ കാസായിലും ആത്മശരീരങ്ങളുടെ നിത്യജീവനിലേക്കുള്ള ഉത്ഥാനത്തിനുവേണ്ടി പരിശുദ്ധാത്മാവിന്റെ അമർത്യതയിലും സമൃദ്ധവും



സ്വീകാര്യവുമായ ബലിയായി അവരോടൊപ്പം നിന്റെ സന്നിധിയിൽ ഞാനിന്ന് സ്വീകരിക്കപ്പെടട്ടെ."

എന്നാൽ അവന് ഉപദ്രവമൊന്നും വന്നില്ല. പഴയനിയമത്തിൽ മൂന്നു ബാലന്മാരെ അഗ്നിയിൽ എറിഞ്ഞെങ്കിലും അവർക്കൊരു കേടും സംഭവിക്കാത്തതുപോലെ, പോളിക്കാർപ്പും അഗ്നിയിൽ നിലകൊണ്ടു. അപ്പോൾ ഒരു കൊലയാളി കത്തികൊണ്ട് അദ്ദേഹത്തെ കുത്തിക്കൊന്നു. എന്നിട്ട് ശരീരം ദഹിപ്പിച്ചു. അങ്ങനെ ഭാഗ്യവാനായ പോളിക്കാർപ്പ് രക്തസാക്ഷിമകുടം ചൂടി.

"നിശ്ചയമായും ഏറ്റവും ശ്ലാഘനീയനായ പോളിക്കാർപ്പ് തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരുവനായിരുന്നു. അവന്റെ കാലത്ത് ഞങ്ങളുടെ ഇടയിൽ അവൻ അപ്പസ്തോലികവും പ്രവാചകതുല്യവുമായ ഗുരുവും സ്മിർണായിലെ കത്തോലിക്കാസഭയിലെ മെത്രാനുമായി തന്നെത്തന്നെ കാട്ടി" എന്നാണ് ഈ രക്തസാക്ഷിവിവരണം എഴുതിയ ആളുടെ കുറിപ്പ് (16,2). "ഞങ്ങൾ അവസാനം അവന്റെ അസ്ഥികളെടുത്തു. അവ വിലയേറിയ രത്നങ്ങളേക്കാളും സ്വർണത്തേക്കാളും പ്രിയംകരമാണ്. അതിനു യോജിച്ച സ്ഥലത്ത് ഞങ്ങൾ അത് പ്രതിഷ്ഠിച്ചു. അവിടെ അവന്റെ രക്തസാക്ഷിത്വദിനം ജനനദിവസം പോലെ ആനന്ദത്തോടും ആശ്വാസത്തോടും ആചരിക്കാൻ കർത്താവ് ഞങ്ങളെ അനുവദിക്കും. നമുക്കു മുമ്പേ പോയ യോദ്ധാക്കളെ ഓർക്കുന്നതിനും വരാനിരിക്കുന്നവരെ ഒരുക്കുന്നതിനും സുസജ്ജരാക്കുന്നതിനും വേണ്ടിയാണിത്" എന്ന് അയാൾ കൂട്ടിച്ചേർക്കുന്നു (18,2-3).

"അവൻ മറ്റാരേക്കാളധികം എല്ലാവരാലും സ്മരിക്കപ്പെടുന്നു. എല്ലാ സ്ഥലത്തുമുള്ളവർ അവനെ സ്മരിക്കുന്നു. അവൻ ശ്രേഷ്ഠനായ ഗുരുവും പ്രശസ്തനായ രക്തസാക്ഷിയുമായിരുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തിന് അനുസൃതമായ അവന്റെ രക്തസാക്ഷിത്വം അനുകരിക്കാൻ എല്ലാവരും ആഗ്രഹിക്കുന്നു. തന്റെ ക്ഷമാപൂർണമായ സഹനത്താൽ അവൻ ദുഷ്ടന്യായാധിപനെ ജയിച്ചു. അമർത്യതയുടെ കിരീടം അവകാശമാക്കി. സർവശക്തനായ പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുന്നതിലും നമ്മുടെ ആത്മാക്കളുടെ രക്ഷകനും നമ്മുടെ ശരീരങ്ങളുടെ നിയന്താവും ലോകം മുഴുവനുമുള്ള കത്തോലിക്കാസഭയുടെ ഇടയനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ വാഴ്ത്തുന്നതിലും അവൻ ശ്ലീഹന്മാരോടും എല്ലാ നീതിമാന്മാരോടും ഒപ്പം സന്തോഷിക്കുന്നു." (19,1-2).

രക്തസാക്ഷികളോടുള്ള വണക്കം സംബന്ധിച്ച ഏറ്റവും പുരാതന രേഖയാണിത്. മൃഗീയമായ നരവേട്ടയുടെ ദൃക്സാക്ഷിവിവരണമാണിത്. പോളിക്കാർപ്പിന്റെ മഹനീയവ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഈ വിവരണം. പോളിക്കാർപ്പിനെപ്പറ്റി രസകരമായ ഒരുസംഭവം ഐറേനിയസ് വിവരിക്കുന്നു: പാഷണ്ഡിയായ മാർസ്യൻ ഒരിക്കൽ 'തന്നെ അറി

യുമോ' എന്ന് പോളിക്കാർപ്പിനോട് ചോദിച്ചു. 'തീർച്ചയായും! സാത്താന്റെ ആദ്യജാതനെ എനിക്കറിയാം' എന്ന് പോളിക്കാർപ്പ് പ്രത്യുത്തരിച്ചു.

പോളിക്കാർപ്പ് ഫിലിപ്പിയിലെ സഭയ്ക്ക് ഒരു കത്തയച്ചു. പ്രായോഗിക ജീവിതത്തിന് സഹായകമായ പല ഉപദേശങ്ങളും അദ്ദേഹം പ്രസ്തുത കത്തിൽ നൽകുന്നു. വൈദികസ്ഥാനികൾക്കു നൽകുന്ന ഉപദേശത്തിൽ നിന്ന് ചിലത് ഉദ്ധരിക്കാം: "വൈദികരും അനുകമ്പയും എല്ലാവരോടും ദയയും ഉള്ളവരായിരിക്കണം. വഴിതെറ്റിപ്പോയവരെ തിരിച്ചുകൊണ്ടുവരണം. രോഗികളെ ശുശ്രൂഷിക്കണം. വിധവകളെയും അനാഥരെയും ദരിദ്രരെയും അവഗണിക്കരുത്. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ബഹുമാന്യമായത് ചെയ്യണം. അവർ കോപത്തിൽ നിന്നും പക്ഷപാതത്തിൽ നിന്നും നീതിയില്ലാത്ത വിധിയിൽ നിന്നും ധനമോഹത്തിൽ നിന്നും അകന്നിരിക്കണം. ആരുടെയും കുറ്റങ്ങളെപ്പറ്റി വേഗത്തിൽ വിശ്വസിക്കരുത്. നമുക്കെല്ലാം കുറ്റങ്ങൾ ഉണ്ടെന്നറിഞ്ഞുകൊണ്ട് മറ്റുള്ളവരെ വിധിക്കുമ്പോൾ കർക്കശരായിരിക്കരുത്. നമ്മുടെ കർത്താവിനോട് ക്ഷമിക്കണമേ എന്നു നാം അപേക്ഷിക്കുമ്പോൾ, നാം തന്നെ ക്ഷമിക്കേണ്ടിയിരിക്കുന്നു... നന്മയിൽ നമുക്ക് ശുഷ്ക്കാന്തിയുള്ളവരായിരിക്കാം" (6).

അബദ്ധോപദേശകർക്കെതിരെ അവൻ ശക്തിയായി താക്കീതു നൽകുന്നു:

"യേശുക്രിസ്തു ശരീരത്തിൽ വന്നെന്ന് പ്രഖ്യാപിക്കാത്തവൻ എതിർക്രിസ്തുവാകുന്നു. അതുപോലെ കുരിശിന്റെ സാക്ഷ്യം പ്രഘോഷിക്കാത്തവൻ പിശാചിന്റേതാകുന്നു. തന്റെ ദുഷ്കാമത്തിനുവേണ്ടി കർതൃ വചനങ്ങളെ കോട്ടിമാട്ടുകയും ഉയിർപ്പും ന്യായവിധിയും ഇല്ലെന്നു പറയുകയും ചെയ്യുന്നവൻ സാത്താന്റെ ആദ്യജാതനാകുന്നു" (7,1).

ക്രിസ്തു നമുക്കുവേണ്ടി സഹിച്ചതുപോലെ സഹിക്കാൻ അവൻ ആഹ്വാനം ചെയ്യുന്നു: "നമ്മുടെ പ്രത്യാശയും നമ്മുടെ നീതീകരണത്തിന്റെ അച്ചാരവുമായ യേശുമിശിഹായെ ദൃഢമായും നിരന്തരമായും മുറുകെപ്പിടിക്കാം. പാപം ചെയ്യാതിരുന്നിട്ടും, തന്റെ വായിൽ വഞ്ചന ഇല്ലാതിരുന്നിട്ടും, മരത്തിൽവച്ച് തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെല്ലാം അവൻ വഹിച്ചു. അവനിൽ നാം ജീവിക്കാനായി അവൻ നമ്മെപ്രതി എല്ലം സഹിച്ചു. അതുകൊണ്ട് അവന്റെ ക്ഷമാപൂർവമായ സഹനത്തെ നമുക്ക് അനുകരിക്കാം. അവന്റെ നാമത്തെപ്രതി സഹിച്ചുകൊണ്ട് അവനെ നമുക്ക് മഹത്വപ്പെടുത്താം. അവൻ നമുക്ക് ഒരു ദൃഷ്ടാന്തം തന്നിരിക്കുന്നു. അതാണ് നാം വിശ്വസിച്ചത്". ഇത് തന്റെ ജീവിതത്തിൽ അവൻ പ്രായോഗികമാക്കി. പരീക്ഷകളിൽ അടിപതറാതെ ധീരമായി അവയെ നേരിടാൻ അവൻ പ്രേരണ നൽകുന്നു.



# 8

# ധീരരക്തസാക്ഷികൾ

കർത്താവായ യേശുവിനുവേണ്ടി സന്തോഷപൂർവം ജീവൻ ഹോമിച്ച നിരവധി വിശ്വാസികൾ സഭയിൽ ഉണ്ടായിട്ടുണ്ട്. തങ്ങൾക്കുവേണ്ടി മരിച്ച യേശുവിനുവേണ്ടി മരിക്കുക സൗഭാഗ്യമായി അവർ കരുതി. വിവിധ സ്ഥലങ്ങളിൽ പീഡ അനുഭവിച്ച് രക്തസാക്ഷികളായി മരിച്ചവരുടെ ചരിത്രം നമുക്ക് ലഭിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ രക്തസാക്ഷിത്വവിവരണം പരിശോധിക്കാം.

**1. ആഫ്രിക്കയിലെ രക്തസാക്ഷികൾ**

ഒന്നാമതായി ആഫ്രിക്കയിൽ ഷില്ലിയിലെ രക്തസാക്ഷികളുടെ സാക്ഷ്യം വിവരിക്കാം : അവരുടെ രക്തസാക്ഷിത്വത്തിന് വഴിതെളിച്ച കോടതി നടപടി ലഭ്യമാണ്. കോടതിയിൽ നടന്ന ചോദ്യങ്ങളും അവയ്ക്ക ധീര രക്തസാക്ഷികൾ നൽകിയ മറുപടികളും വിധിവാചകവും പ്രസ്തുത രേഖയിൽ കാണാം. ആഫ്രിക്കയിൽ നിന്നുള്ള ഏറ്റവും പുരാതനമായ സഭാരേഖയാണിത്, അതുപോലെ അവിടെ നിന്നുള്ള ഏറ്റവും പുരാതന ലത്തീൻ രേഖയുമാണിത്. സതൂർണീനുസ് എന്ന പ്രോകോൺസുൾ 180 ജൂലൈ 17-ാം തീയതി കുറേ ക്രിസ്ത്യാനികളെ വിസ്തരിച്ച് കൊലയ്ക്ക് വിധിച്ചു. ഈ രേഖയിൽ പന്ത്രണ്ടോളം പേരുടെ നാമങ്ങൾ കൊടുത്തിട്ടുണ്ട്.

പ്രോകോൺസുൾ: "നിങ്ങൾ സുബുദ്ധിയിലേക്കു വന്നാൽ നമ്മുടെ നാഥനായ രാജാവിന്റെ ആനുകൂല്യത്തിന് നിങ്ങൾ അർഹരാകും".

സ്പെരാത്തുസ്: "ഞങ്ങൾ ആർക്കും ഒരുപദ്രവവും ചെയ്തിട്ടില്ല. ഞങ്ങൾ ദുഷ്ടതയ്ക്ക് ഞങ്ങളെത്തന്നെ കയ്യാളിച്ചിട്ടില്ല. ആരേപ്പറ്റിയും ദൂഷണം പറഞ്ഞിട്ടില്ല. പിന്നെയോ, അവഹേളിക്കപ്പെട്ടപ്പോൾ നന്ദി പറയുകയാണ് ചെയ്തത്. കാരണം, ഞങ്ങൾ നമ്മുടെ ചക്രവർത്തിയെ സംപൂജ്യമായി കരുതുന്നു".

പ്രോകോൺസുൾ: "നമ്മുടെ നാഥനായ ചക്രവർത്തിയുടെ അമാനു

ഷിക ശക്തിയുടെ നാമത്തിൽ ഞങ്ങൾ ശപഥം ചെയ്യുന്നു. നിങ്ങളും അപ്രകാരം ചെയ്യണം."

സ്പെരാത്തുസ്: "ഒരു മനുഷ്യനും കണ്ടിട്ടില്ലാത്ത, കാണാൻ കഴിയാത്ത ദൈവത്തെ ഞാൻ സേവിക്കുന്നു. ഞാൻ മോഷ്ടിച്ചിട്ടില്ല. ഞാൻ വാങ്ങുന്നവയ്ക്ക് നികുതി കൊടുക്കുന്നു."

പ്രോകോൺസുൾ: "നിങ്ങൾ ഇതിൽ നിന്ന് പിന്മാറുവിൻ".

സ്പെരാത്തുസ്:"ഞങ്ങൾ കൊലപാതകം ചെയ്യണമെന്നോ, കള്ള സാക്ഷി പറയണമെന്നോ പറയുന്നതാണ് തെറ്റ്".

പ്രോകോൺസുൾ:"ഈ വിഭ്രാന്തയിൽ നിങ്ങൾ പങ്കുകാരാകരുത്".

ചിത്തീനുസ്:"സ്വർഗസ്ഥനായ ഞങ്ങളുടെ ദൈവമായ കർത്താവിനെയല്ലാതെ മറ്റാരെയും ഞങ്ങൾക്ക് ഭയക്കാനില്ല."

ഡൊണാത്താ: "സീസർ എന്നുള്ള നിലയിൽ സീസറിനുള്ള ബഹുമാനം കൊടുക്കാം. എന്നാൽ ദൈവത്തെ ഭയപ്പെടുക.

വെസ്തിയാ: "ഞാനൊരു ക്രിസ്ത്യാനിയാണ്".

സെക്കുൻദാ: "ഞാൻ ആയിരിക്കുന്നതല്ലാതെ മറ്റൊന്നും ആകാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

പ്രോകോൺസുൾ സ്പെരാത്തുസിനോട്: "ക്രിസ്ത്യാനി ആയിരിക്കുന്നതിൽ നീ ഉറച്ചു നിൽക്കുന്നുവോ?"

സ്പെരാത്തുസ്: "ഞാനൊരു ക്രിസ്ത്യാനിയാണ്."

മറ്റുള്ളവരെല്ലാം അതംഗീകരിച്ചു.

പ്രോകോൺസുൾ: "നിങ്ങളുടെ പെട്ടിയിൽ എന്താണ്?"

സ്പെരാത്തുസ്: "ഗ്രന്ഥങ്ങളും പൗലോസ് എന്ന ഒരു നീതിമാന്റെ ലേഖനങ്ങളും...ഞാൻ ഒരു ക്രിസ്ത്യാനിയാണ്." മറ്റുള്ളവരെല്ലാം ഏകസ്വരത്തിൽ അവനോടു ചേർന്നു.

പ്രോകോൺസുൾ തന്റെ നോട്ടുബുക്കിൽ നിന്ന് വിധിവാചകം വായിച്ചു:"സ്പെരാത്തുസ്, നർത്സാലുസ്, ചിത്തീനുസ്, ഡൊണാത്ത, വെസ്തിയാ, സെക്കുൻദാ എന്നിവരും ബാക്കിയുള്ളവരും ക്രിസ്ത്യാനികളുടെ മതപരമായ കർമങ്ങൾ അനുസരിച്ച് ജീവിക്കുന്നെന്ന് ഏറ്റുപറഞ്ഞിരിക്കുന്നു. റോമാക്കാരുടെ രീതിയിലേക്ക് തിരികെവരാൻ ഒരവസരം നൽകിയിട്ടും അവർ തങ്ങളുടെ മർക്കടമുഷ്ടിയിൽ ഉറച്ചു നിന്നതിനാൽ, അവർ വാൾകൊണ്ട് കൊല്ലപ്പെടണമെന്ന് നാം പ്രഖ്യാപിക്കുന്നു."



സ്പെരാത്തുസ്: "ദൈവത്തിനു നന്ദി."

നർത്സാലുസ്: "ഇന്നു ഞങ്ങൾ സ്വർഗത്തിൽ രക്തസാക്ഷികളാണ്. ദൈവത്തിനു നന്ദി."

ഇതേപ്പറ്റി വിളംബരം പ്രസിദ്ധീകരിക്കാൻ പ്രോകോൺസുൾ കൽപ്പിച്ചു:"സ്പെരാത്തുസ്, നർത്സാലുസ്, ചിത്തീനുസ്, വെതൂരിയുസ്, ഫേലിക്സ്, അക്വിലീനുസ്, ലെതാൻസ്യൂസ്, ജാനുവാരിയാ, ജെനെറോസാ, വെസ്തിയാ, ഡൊണാത്താ, സെക്കുൻദാ ആദിയായവരെ കൊലയ്ക്ക് കൊണ്ടുപോകാൻ ഞാൻ കൽപ്പിച്ചിരിക്കുന്നു."

അവർ എല്ലാവരും പറഞ്ഞു: "ദൈവത്തിനു നന്ദി."

അവരെല്ലാവരും ഒന്നിച്ച് രക്തസാക്ഷിമകുടം ചൂടി പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും കൂടെ നിത്യമായി വാഴുന്നു."

അവരെ പിന്തുടർന്ന് അനേകായിരങ്ങൾ ആഫ്രിക്കൻസഭയിൽ ധീരരക്തസാക്ഷികളായി വിജയമകുടം ചൂടി . അവരുടെയെല്ലാം നിശ്ചയധാർഢ്യം തികച്ചും അനുകരണീയമാണ്. തിരുസഭ ഈ നീതിമാന്മാരെ അനുദിന ബലിയിൽ അനുസ്മരിക്കുകയും ക്രിസ്തുനാഥനെ അനുകരിക്കാനുള്ള മഹാഭാഗ്യം അവർക്ക് നൽകിയതിന് ദൈവത്തിന് കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു. അവരെ അനുകരിക്കാനുള്ള ആഹ്വാനം തിരുസഭ നടത്തുന്നു. ഭീഷണികളുടെയോ, നാശനഷ്ടങ്ങളുടെയോ നടുവിൽ ഒരിക്കലും നഷ്ടധൈര്യരാകാതെ, ക്രൂശിതനായ കർത്താവിനെ മാത്രം മുന്നിൽ കണ്ടുകൊണ്ട് കുരിശുമെടുത്ത് അവന്റെ പിന്നലെ പോകാൻ അവർ ഒന്നടങ്കം ആഹ്വാനം ചെയ്യുന്നു. പീഡനങ്ങളുടെ മധ്യത്തിൽ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടാണ് അവർ ആരാച്ചാരന്മാർക്ക് തങ്ങളുടെ കഴുത്ത് കുനിച്ചുകൊടുത്തത്. ദൈവമാണ് ഇത് തങ്ങൾക്കായി സജ്ജമാക്കിയതെന്നായിരുന്നു അവരുടെ ചിന്ത. അത് വളരെ ശരിയാണ്.

**2. എവുസേബിയൂസിന്റെ വിവരണം**

ഇനിയും സഭാചരിത്രകാരനായ എവുസേബിയസ് വിവരിക്കുന്ന കുറേ രക്തസാക്ഷികളെപ്പറ്റി ചർച്ചചെയ്യാം. എവുസേബിയസ് പലസ്തീനായിലെ രക്തസാക്ഷികളെപ്പറ്റി ഒരു ഗ്രന്ഥം എഴുതിയെങ്കിലും അത് നഷ്ടപ്പെട്ടുപോയി. തന്റെ സഭാചരിത്രത്തിൽ നിരവധി രക്തസാക്ഷികളെപ്പറ്റി അദ്ദേഹം വിവരിക്കുന്നു. അവയിൽ ചിലത് ഉദ്ധരിക്കാം. റോമൻസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ രീതികളിൽ വിവിധ കാലഘട്ടങ്ങളിൽ ക്രിസ്ത്യാനികളെന്ന ഒറ്റക്കാരണത്താൽ ദൈവവിശ്വാസികൾ നിഷ്ക്കരുണം പീഡിപ്പിക്കപ്പെട്ടു. ഏതാണ്ട് 300 വർഷം ക്രിസ്ത്യാനികൾ പീഡനമേറ്റു. അവർ സഹിച്ച പീഡകൾ വിവരണാതീതമാണ്.

" ഡയക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് (302/3) രക്ഷകന്റെ പീഡാസഹനാചരണം അടുത്തപ്പോൾ, രാജകീയവിളംബരം എല്ലായിടത്തും പ്രസിദ്ധപ്പെടുത്തി. പള്ളികളെല്ലാം ഇടിച്ചുനിരത്താനും വിശുദ്ധ ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കാനും അതിൽ ആവശ്യപ്പെട്ടിരുന്നു. ബഹുമാന്യസ്ഥാനങ്ങൾ അലങ്കരിച്ചിരുന്നവരെ തരംതാഴ്ത്താനും വിശ്വാസത്തിൽ ഉറച്ചുനിന്ന വീട്ടുജോലിക്കാർക്ക് സ്വാതന്ത്ര്യം നിഷേധിക്കാനും അവയിലൂടെ ആജ്ഞാപിച്ചു.... എല്ലായിടത്തുമുള്ള സഭാധികാരികളെ ജയിലിൽ അടയ്ക്കാനും എന്തു കൗശലം പ്രയോഗിച്ചും ബലിയർപ്പിക്കാൻ നിർബന്ധിക്കാനും കൽപ്പിച്ചു" (തിരുസഭാചരിത്രം, 8,2. 4–5).

മതപീഡനത്തിന്റെ രീതികളിൽ ചിലത് എവുസേബിയസ് ചിത്രീകരിക്കുന്നു: "ചിലരുടെ ശരീരം ദണ്ഡുകൊണ്ട് പ്രഹരിക്കപ്പെട്ടു. മറ്റുചിലർ അസഹനീയമാംവിധം ശരീരം വലിച്ചുനീട്ടപ്പെട്ടും മാന്തിക്കീറിയും ശിക്ഷിക്കപ്പെട്ടു. ചിലർ വിവിധ സംഘട്ടനങ്ങൾക്ക് വിധേയരായി. അങ്ങനെ, ഒരാളെ ചുറ്റും നിന്നവർ ബലം പ്രയോഗിച്ച് ഞെരുക്കുകയും നിന്ദ്യവും അശുദ്ധവുമായ ബലിയർപ്പണത്തിലേക്ക് വലിച്ചിഴച്ചിട്ട്, ബലിയർപ്പിച്ചെന്ന് ആരോപിച്ച് ഇറക്കിവിടുകയും ചെയ്തു. ചിലർ ആരോപണം നിശ്ശബ്ദമായി സഹിച്ചുകൊണ്ട് ഇറങ്ങിപ്പോയി. മൃതപ്രായനായ ഒരാളെ മരിച്ചവനെപ്പോലെ വലിച്ചെറിഞ്ഞു....നിലത്തു കിടന്ന ഒരാളെ വളരെ ദൂരം വലിച്ചിഴച്ചിട്ട് ബലിയർപ്പിച്ചവരുടെ കൂട്ടത്തിൽ എണ്ണി. എല്ലാവരും തന്നെ ബലിയർപ്പിക്കുന്നതിലുള്ള എതിർപ്പ് പ്രകടിപ്പിച്ചു. തങ്ങൾ ക്രിസ്ത്യാനികളാണെന്ന് അവർ ഉറക്കെ പ്രഖ്യാപിച്ചു. മറ്റൊരാൾ, താൻ ഒരിക്കലും വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ചിട്ടില്ലെന്നും ബലിയർപ്പിക്കയില്ലെന്നും തീർത്തുപറഞ്ഞു. പട്ടാളക്കാർ അവരുടെ മുഖത്തടിച്ച് അവരെ നിശ്ശബ്ദരാക്കാൻ ശ്രമിച്ചു. അവരുടെ മുഖവും കവിളുകളും അടിച്ചുതകർത്തു; ബലിയർപ്പിച്ചെന്നാരോപണത്തോടുകൂടി ബലം പ്രയോഗിച്ച് തള്ളിപ്പുറത്താക്കി... അവരെപ്പറ്റിയുള്ള വിവരണത്തിന് ഏത് വാക്ക് പര്യാപ്തമാകും!" (8,3.1–4).

റോമൻ സർക്കാർ "രഹസ്യമായും മുന്നറിയിപ്പുകൂടാതെയും സഭകൾക്കെതിരെ പദ്ധതികൾ തയാറാക്കിയിരുന്നു." സൈന്യത്തിൽ നടപ്പാക്കിയ പദ്ധതികളെപ്പറ്റി എവുസേബിയസ് വിവരിക്കുന്നു. ഒന്നുകിൽ വിഗ്രഹാരാധന നടത്തി സൈനികസ്ഥാനത്തും ബഹുമതിയിലും നിൽക്കുക, അല്ലെങ്കിൽ അവയൊക്കെ നഷ്ടപ്പെടുത്തി പീഡനമേൽക്കുക. "ക്രിസ്തുവിന്റെ രാജ്യത്തിലെ വളരെയധികം പടയാളികൾ" യാതൊരു വൈമനസ്യവും കൂടാതെ എല്ലാം വലിച്ചെറിഞ്ഞ് തങ്ങളുടെ വിശ്വാസം പ്രഖ്യാപിച്ചു എന്ന് എവുസേബിയസ് അഭിമാനപൂർവം പറയുന്നു (8,4.1–5).

നിക്കൊമേദിയായിലെ രക്തസാക്ഷികളെപ്പറ്റിയും എവുസേബിയസ് പരാമർശിക്കുന്നു. അതുപോലെ, ചക്രവർത്തിയുടെ കൊട്ടാരത്തിലെ വിശ്വാസികൾ എപ്രകാരം വിശ്വാസം ഏറ്റുപറഞ്ഞ് രക്തസാക്ഷികളായെന്ന് വിവരിക്കുന്നു. അവർക്കൊക്കെ "ശകാരങ്ങളും പരീക്ഷണങ്ങളും പല തരത്തിലുള്ള മരണവും നേരിടേണ്ടിവന്നു" (8,6.1). "നിക്കൊമേദിയായിലെ അന്തീമുസ് മെത്രാൻ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചുകൊണ്ട് ശിരസ്ഛേദം ചെയ്യപ്പെട്ടു". നിക്കൊമേദിയായിൽ എങ്ങനെയോ ഉണ്ടായ ഒരഗ്നിബാധ ക്രിസ്ത്യാനികളുടെമേൽ കെട്ടിവച്ച്, കഠിന പീഡകൾക്ക് അവരെ വിധേയരാക്കി. അനേകരെ അഗ്നിയാലും വാളാലും കൊന്നൊടുക്കി. പലരെ ഒന്നിച്ചു കൂട്ടിക്കെട്ടി വഞ്ചികളിൽ കയറ്റി കടലിന്റെ ആഴത്തിലേക്ക് വലിച്ചെറിഞ്ഞിരുന്നു. കൊലയാളികൾക്കും ശവക്കല്ലറകൾ കവർച്ച ചെയ്യുന്നവർക്കും വേണ്ടി ഒരുക്കിയിരുന്ന ജയിലുകളിൽ ക്രിസ്ത്യാനികളെ കുത്തിനിറച്ചു. അക്കൂട്ടത്തിൽ മെത്രാന്മാരും വൈദികരും ഡീക്കന്മാരും മറ്റ് സഭാശുശ്രൂഷകരും ഉണ്ടായിരുന്നു.

തുടർന്ന്, പലസ്തീനാ, ഫിനീഷ്യയിലെ ടയർ, ഈജിപ്ത്, തേബായിസ്, അലക്സാണ്ഡ്രിയാ, ഫ്രീജിയാ എന്നിവിടങ്ങളിലെ രക്തസാക്ഷികളെപ്പറ്റി വിവരിക്കുന്നു: "അവരെ കണ്ടാൽ ആരാണ് ചാട്ടവാറടികൾ കൊണ്ടുണ്ടായ സംഖ്യാതീതമായ വടുക്കളിലും മതത്തിന്റെ യഥാർഥ പോരാളികളായ ഇവർ പ്രദർശിപ്പിച്ച ഉറപ്പിലും ആശ്ചര്യഭരിതരാകാത്തത്? ദണ്ഡനങ്ങൾക്കുശേഷം ഉടൻതന്നെ രക്തദാഹികളായ വന്യമൃഗങ്ങളുടെയും പുലികളുടെയും, അഗ്നികൊണ്ടും ചുട്ടുപഴുപ്പിച്ച ഇരുമ്പുദണ്ഡുകൊണ്ടും ഇളക്കിവിട്ട വിവിധതരം കരടികളുടെയും പന്നിക്കൂറ്റന്മാരുടെയും കാളക്കൂറ്റന്മാരുടെയും മുമ്പിൽ എറിയപ്പെടുമ്പോൾ അവയുമായുള്ള പോരാട്ടത്തിലും അവയുടെ മുമ്പിൽ കാട്ടിയ സഹനത്തിലും ആരാണ് ആശ്ചര്യഭരിതരാകാത്തത്! .....മനുഷ്യരെ വിഴുങ്ങുന്ന ആ വന്യമൃഗങ്ങൾ അവരെ സ്പർശിക്കുന്നതിനോ, സമീപിക്കുന്നതിനോ വളരെ നേരത്തേക്ക് അറച്ചുനിന്നിരുന്നു. പകരം അവയെ ഉത്തേജിപ്പിക്കുന്ന സേവകരുടെ നേരേ കുതിച്ചിരുന്നു. നഗ്നരായി നിർത്തപ്പെട്ട വിശുദ്ധ പോരാളികൾ മൃഗങ്ങളെ കൈകൊട്ടി വിളിച്ചിട്ടും അവ അവരെ സമീപിക്കാതെ ഒഴിഞ്ഞുമാറി. ഏതോ ദൈവികശക്തി കൊണ്ടെന്നപോലെ അവ പിൻവാങ്ങിയിരുന്നു" (8,7).

തുടർന്ന്, പല രക്തസാക്ഷികളെപ്പറ്റിയും എടുത്തെടുത്ത് വിവരിക്കുന്നത് സഭാചരിത്രത്തിൽ വായിക്കാവുന്നതാണ് (8,7.3–6). മൃഗങ്ങളൊന്നും സമീപിക്കാത്തപ്പോൾ, പടയാളികൾ അവരെ വാളിനിരയാക്കി കടലിലെ തിരമാലകൾക്ക് എറിഞ്ഞുകൊടുത്തിരുന്നു. ടയറിലെ ഈജിപ്തുകാരെ ബഹുവിധ പീഡനങ്ങൾക്ക് വിധേയരാക്കി: "അവിടെ പുരുഷന്മാരും സ്ത്രീകളും കുട്ടികളുമായി ആയിരങ്ങൾ ക്രിസ്തുവിന്റെ പ്രബോധനങ്ങളെപ്രതി ഈ ലോകജീവിതം ത്യജിച്ചുകൊണ്ട് മരണം വരിച്ചു.... മാന്തിക്കീറലിന്റെയും

ശരീരം വലിച്ചു നീട്ടലിന്റെയും കഠിനമായ ചമ്മട്ടിയടികളുടെയും മറ്റ് നിരവധി പീഡനങ്ങളുടെയും ശേഷം, ചിലർ അഗ്നിക്കിരയായി, ചിലരെ കടലിൽ എറിഞ്ഞുകൊന്നു, ചിലർ തങ്ങളുടെ ശിരസ്സുകൾ ധൈര്യസമേതം കൊലയാളികൾക്കു നൽകി, ചിലർ പീഡനങ്ങൾകൊണ്ടും മറ്റുചിലർ പട്ടിണികൊണ്ടും മരിച്ചു. ചിലർ ക്രൂശിക്കപ്പെട്ടു, ചിലരെ കുറ്റവാളികൾക്കു നൽകിയിരുന്ന ശിക്ഷാരീതി അനുസരിച്ചും മറ്റുചിലരെ ക്രൂരമാംവിധം തലകീഴായി കുരിശിൽ തറച്ചും വിശപ്പുകൊണ്ട് മരിക്കുന്നതുവരെ കുരിശിൽ തൂക്കിയിട്ടുകൊണ്ടും പീഡിപ്പിച്ചു" (8,8).

തേബായിസിലെ രക്തസാക്ഷികളുടെ "ശരീരമാസകലം കക്കാകളുടെ തോടുകൊണ്ട്, മരിക്കുന്നതുവരെ ചുരണ്ടിയിരുന്നു. സ്ത്രീകളെ ഒരു കാലിൽ കെട്ടി യന്ത്രങ്ങൾ ഉപയോഗിച്ച് വായുവിൽ ഉയർത്തി നിർത്തി. അവരെ നഗ്നരാക്കി, ഏറ്റവും ലജ്ജാകരവും ക്രൂരവും മനുഷ്യത്വരഹിതവുമായ ദൃശ്യമായി പ്രദർശിപ്പിച്ചിരുന്നു. മറ്റുള്ളവരെ മരങ്ങളുടെ ശിഖരങ്ങളിലും തടിയിലും ബന്ധിച്ചു നിർത്തിയിരുന്നു. അവർ ബലമേറിയ ശിഖരങ്ങൾ യന്ത്രങ്ങൾ ഉപയോഗിച്ച് അടുപ്പിച്ച് കൊണ്ടുവരികയും രക്തസാക്ഷികളുടെ അവയവങ്ങളെ അവയോട് ചേർത്ത് ബന്ധിക്കുകയും പിന്നീട് ആ ശിഖരങ്ങളെ പൂർവസ്ഥാനം പ്രാപിക്കാൻ അനുവദിച്ചുകൊണ്ട്, ക്ഷണനേരംകൊണ്ട് അവരുടെ അവയവങ്ങളെ വെവ്വേറെ കീറുകയും ചെയ്തിരുന്നു"(8,9). എന്നാൽ ധീരരക്തസാക്ഷികൾ "തങ്ങൾ ക്രിസ്ത്യാനികളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് യാതൊരു കൂസലും കൂടാതെ മതത്തിനുവേണ്ടി നിലകൊണ്ടു"(8,9).

ഫീലെയാസ് എന്ന രക്തസാക്ഷി തന്റെ കൃതികളിൽ വിവരിക്കുന്ന ചിലകാര്യങ്ങൾ എവുസേബിയസ് ഉദ്ധരിക്കുന്നു:"ചിലർ അവരെ ഗദകൾകൊണ്ടും മറ്റുചിലർ ദണ്ഡുകൾകൊണ്ടും വേറേ ചിലർ ചാട്ടകൾകൊണ്ടും തോൽവാറുകൊണ്ടും കയറുകൊണ്ടും പ്രഹരിച്ചു..... ചിലരെ കൈകൾ പിറകിൽ ബന്ധിച്ച് തടിക്കുറ്റികളിൽ തൂക്കിയിട്ടു. യന്ത്രങ്ങൾ ഉപയോഗിച്ച് അവരുടെ അവയവങ്ങൾ ഓരോന്നും വലിച്ചുനീട്ടിയിരുന്നു. പിന്നീട് അവരുടെ ശരീരം മുഴുവനും കുത്തിക്കീറി. അവരുടെ പാർശ്വങ്ങളും ഉദരങ്ങളും മുട്ടുകളും കവിളുകളും കുത്തിക്കീറിയിരുന്നു. മറ്റുചിലരെ ഒറ്റക്കൈയിൽ കെട്ടിത്തൂക്കി വായുവിൽ ഉയർത്തി നിർത്തിയിരുന്നു. അങ്ങനെ അവർ സന്ധികളുടെയും അവയവങ്ങളുടെയും വലിച്ചുനീട്ടൽവഴി ക്രൂരമായ പീഡകൾ സഹിച്ചു. മറ്റുചിലരെ തൂണുകളിൽ, കാൽ തറയിൽ തൊടാത്തവിധം ബന്ധിച്ചിട്ടു.... അവരുടെ അവസാന ശ്വാസത്തിന്റെ അവസരം നിലത്തെറിഞ്ഞ് വലിച്ചിഴച്ചിരുന്നു. ചിലരെ കൊടുംക്രൂരതകൾക്കുശേഷം തടികൾക്കു മുകളിൽ വച്ച്, അവരുടെ ഇരുകൈകാലുകളും പീഡനോപകരണത്തിന്റെ ദ്വാരങ്ങളിൽ കയറ്റി വലിച്ചുനീട്ടി... പാതി മരിച്ചവരെ ജയിലിൽ അടച്ചു. അവർ വേദന സഹിച്ചുകൊണ്ട് ഏതാനും ദിവസങ്ങൾക്കുള്ളിൽ മരിച്ചു"(8,10).



ഫ്രീജിയായിലെ ക്രിസ്ത്യാനികളെ അഗ്നി വർഷിച്ച് പട്ടാളം ചുട്ടുചാമ്പലാക്കി. വിവിധതരം പീഡനങ്ങളെപ്പറ്റി എവുസേബിയസ് മറ്റൊരിടത്ത് പറയുന്നു:"അറേബ്യയിൽ സംഭവിച്ചതുപോലെ, ചിലർ കോടാലികൊണ്ട് വധിക്കപ്പെട്ടു. കപ്പഡോഷ്യയിൽ സംഭവിച്ചതുപോലെ, ചിലരുടെ അവയവങ്ങൾ ഒടിച്ചു ചതച്ചു. മെസൊപ്പൊട്ടേമിയായിൽ ചെയ്തതുപോലെ, ചിലരെ താഴെ അഗ്നികുണ്ഠമുണ്ടാക്കി അഗ്നിക്കുമുകളിൽ തല കീഴായി ഉയർത്തി നിർത്തി. അഗ്നിയിൽ കത്തിയെരിയുന്ന തടിയുടെ പുകകൊണ്ട് ശ്വാസംമുട്ടിച്ചു കൊന്നു. അലക്സാണ്ഡ്രിയായിൽ ചെയ്തതുപോലെ, അവരുടെ മൂക്കുകളും ചെവികളും കൈകളും ഛേദിച്ചും ശരീരത്തിലെ മറ്റവയവങ്ങൾ നുറുക്കിക്കളഞ്ഞും പീഡിപ്പിച്ചു. അന്ത്യോക്യയിലുള്ള ചിലരെ ഇഞ്ചിഞ്ചായി കൊല്ലുന്നതിനുവേണ്ടി ഇരുമ്പുചട്ടത്തിൽ വറുത്തതിന്റെ ഓർമ ഞങ്ങൾ എന്തിനാണ് പുനരുജ്ജീവിപ്പിക്കുന്നത്?....പോന്തുസിൽ മറ്റുചിലർ ഭീതികരമാം വിധമുള്ള പീഡനങ്ങൾ സഹിച്ചു. കൂർത്തുമൂർത്ത മുള്ളുകൾ അവരുടെ വിരലുകളുടെ നഖങ്ങളുടെ ഇടയിൽ കുത്തിത്തുളച്ചു. ചൂടുകൊണ്ട് തിളച്ചുമറിയുന്നതും കുമിളകൾ ഉയരുന്നതും ഉരുകിയതുമായ ഈയം ചിലരുടെ പുറത്ത് ഒഴിക്കുകയും സൂക്ഷ്മശരീരഭാഗങ്ങൾ അഗ്നികൊണ്ട് പൊള്ളിക്കുകയും ചെയ്തിരുന്നു. ....ഞങ്ങളുടെ വലത്തുകണ്ണ് വാളുകൊണ്ടു ചുഴ്ന്നെടുത്തിട്ട്, അഗ്നികൊണ്ട് പൊള്ളിച്ചിരുന്നു. ഇടതുകാലിന്റെ സന്ധികൾ പൊള്ളിച്ച് കേടുവരുത്തി പ്രവിശ്യകളിലെ ചെമ്പുഖനികളിൽ കൊടുംയാതനകൾക്കും ദുരിതങ്ങൾക്കുമായി അയച്ചിരുന്നു. ഇത്തരക്കാരുടെ സംഖ്യ എണ്ണിയാൽ ഒടുങ്ങാത്തതാണ്!" (8,12.10).

അതിനുശേഷം രക്തസാക്ഷികളായ മെത്രാന്മാരെപ്പറ്റി പരാമർശിക്കുന്നു. നിക്കൊമേദിയായിലെ അന്തീമുസ് ശിരച്ഛേദം ചെയ്യപ്പെട്ടു. അന്ത്യോക്യൻ പുരോഹിതൻ ലൂസിയൻ രക്തസാക്ഷിയായി. ടയറിലെ ടിറാനിയോൻ, സീദോനിലെ സെനോബിയുസ്, എമേസായിലെ സിൽവാനുസ്, ഗാസ്സായിലെ സിൽവാനുസ്, കേസറിയായിലെ പംഫീലുസ്, അലക്സാണ്ഡ്രിയായിലെ പീറ്റർ എന്നിവരും മറ്റനേകരും രക്തസാക്ഷികളായി (8,13). ക്രിസ്തുവിന്റെ ശ്രേഷ്ഠരായ ഈ രക്തസാക്ഷികൾ ഈ പീഡനങ്ങളിൽ, സർവലോകത്തിന്റെയും മേൽ പ്രശസ്തരായി വിളങ്ങുകയും എല്ലാവരെയും അത്ഭുതപ്പെടുത്തുകയും ചെയ്തു. നമ്മുടെ രക്ഷകന്റെ ദൈവികവും അവാച്യവുമായ ശക്തിയുടെ തെളിവുകൾ അവരിലൂടെ പ്രകടമായി (8,12.11).

സ്ത്രീകളായ രക്തസാക്ഷികളെപ്പറ്റി എവുസേബിയസ് എടുത്തു പറയുന്നു: "ദൈവവചന പ്രബോധനത്തിന്റെ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല. അവർ പുരുഷന്മാരേക്കാൾ പീഡകൾ സഹിക്കുകയും സുകൃതത്തിനുള്ള പ്രതിഫലം നേടുകയും ചെയ്തു. ദുഷിച്ച ഉദ്ദേശ്യങ്ങൾക്കായി വലിച്ചിഴയ്ക്കപ്പെട്ടപ്പോൾ, തങ്ങളുടെ ശരീരങ്ങൾ അശു

ദ്ധിക്ക് അടിയറ വയ്ക്കുന്നതിനേക്കൾ ജീവൻ ഹോമിക്കുന്നതിന് അവർ തയാറായി (8,14,14). അവർ സഹിച്ച ക്ലേശങ്ങളെപ്പറ്റി അദ്ദേഹം വിവരിക്കുന്നു.

ഇതുപോലെ മറ്റനേകർ മറ്റിടങ്ങളിലും പീഡ സഹിക്കുകയും ധീര രക്തസാക്ഷികളാകുകയും ചെയ്തു. പ്രത്യേകിച്ച്, പേർഷ്യയിൽ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിരവധി രക്തസാക്ഷികൾ ഉണ്ടായി.

**3. വി.മാക്സിമുസ്**

പിൽക്കാലത്ത് ക്രിസ്തുവിനെപ്രതി കഠിനപീഡകൾ സഹിച്ച് മരിച്ച ഒരു വലിയ വിശുദ്ധനെക്കറിച്ചുകൂടി ചുരുക്കി വിവരിച്ചശേഷം ഈ ഭാഗം അവസാനിപ്പിക്കാം. വിശ്വാസസാക്ഷിയായ മാക്സിമുസ് (+662) സത്യവിശ്വാസത്തിനുവേണ്ടി വളരെയധികം സഹിച്ചയാളാണ്. കോൺസ്റ്റാന്റിനോപ്പിളിൽ അദ്ദേഹം ഒരു സന്യാസി ആയിരുന്നു. പല ആശ്രമങ്ങളിൽ പാർത്തശേഷം പേർഷ്യൻ ആക്രമണകാലത്ത് ആഫ്രിക്കയിലെത്തി, പതിനഞ്ചു വർഷം അവിടെ ഒരാശ്രമത്തിൽ താമസിച്ചു. ഏകചിത്താവാദം എന്നറിയപ്പെടുന്ന തർക്കം വ്യാപകമായ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നത്. യേശു ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ, ദൈവികേച്ഛയും മാനുഷികേച്ഛയും ഉണ്ടെന്ന് മാക്സിമുസ് പഠിപ്പിച്ചു. അതിനെതിരെ നിരവധിപേർ അണിനിരന്നു. അക്കൂട്ടത്തിൽ ചക്രവർത്തിയും ഉണ്ടായിരുന്നു. മാക്സിമുസിനെയും രണ്ട് ശിഷ്യന്മാരെയും 655-ൽ വിസ്തരിച്ച് ത്രേസിലേക്ക് നാടുകടത്തി. ആറു വർഷങ്ങൾക്കുശേഷം അവരെ കൊൺസ്റ്റാന്റിനോപ്പിളിൽ വരുത്തുകയും നാക്കും വലത്തുകൈയും ഛേദിച്ച്, കരിങ്കടൽ തീരത്തുള്ള ലാസിക്കായിലേക്ക് നാടുകടത്തുകയും ചെയ്തു. സത്യവിശ്വാസം പ്രസംഗിക്കാതിരിക്കാനാണ് നാക്കു മുറിച്ചത്. സത്യവിശ്വാസത്തിനുവേണ്ടി എഴുതാതിരിക്കാൻ വലത്തുകൈയും ഛേദിച്ചു. അതും ഒരു ക്രിസ്തീയരാജാവിന്റെ കീഴിൽ! വളരെയധികം പീഡ അനുഭവിച്ചശേഷം 662-ൽ അദ്ദേഹം മരിച്ചു. മാക്സിമുസ് പഠിപ്പിച്ചതാണ് ശരിയെന്ന് ആറാം എക്യുമേനിക്കൽ കൗൺസിൽ (681) അംഗീകരിച്ചു. സഭ വിശ്വാസസാക്ഷിയായ മാക്സിമുസിനെ ഇന്ന് വിശുദ്ധനായി സ്മരിക്കുന്നു. അപമാനിതനായി നാടുകടത്തപ്പെടുകയും അംഗവൈകല്യം സംഭവിക്കുകയും ചെയ്തെങ്കിലും, മാക്സിമുസ് ഇന്നും ജീവിക്കുന്നു. അധികാരപ്രമത്തരായ അധികാരികൾക്ക് ഇന്നും മാക്സിമുസ് പേടിസ്വപ്നമാണ്! അദ്ദേഹം എന്തിനുവേണ്ടി നിലകൊണ്ടു എന്നത് അക്കാലത്ത് പലരും പരിഗണിച്ചില്ല. തങ്ങൾ പറഞ്ഞതിന് എതിരായി പറഞ്ഞത് അവർക്കു പിടിച്ചില്ല. അവർക്ക് അധികാരമുണ്ടായിരുന്നു. ചക്രവർത്തി തനിച്ചല്ല ഇവയൊക്കെ ചെയ്തത്, പിന്നെയോ, പല സഭാനേതാക്കന്മാരുടെയും പ്രേരണയാലാണ് അദ്ദേഹത്തിന് തന്റെ നാക്കും വലത്തുകൈയും നഷ്ടപ്പെട്ടത്. എന്നാൽ ക്രിസ്തുവിന്റെ സത്യത്തിനുവേണ്ടിയാണ് താൻ സഹിക്കുന്നതെന്ന ചിന്ത അദ്ദേഹത്തിന് ധൈര്യം പകർന്നു.



# 9

# ഒരിജൻ (+253)

ഈജിപ്തിലെ അലക്സാൺഡ്രിയൻ സഭയിൽ ജീവിച്ച അതിപ്രതിഭാശാലിയായിരുന്നു ഒരിജൻ. അദ്ദേഹം പതിനെട്ടാം വയസ്സിൽ അലക്സാൺഡ്രിയൻ മതപഠനസ്കൂളിലെ പ്രധാനാധ്യാപകനായി. അദ്ദേഹം 6000 -ഓളം കൃതികൾ എഴുതി എന്ന് വി. എപ്പിഫാനിയസും 2000 എന്ന് വി. ജറോമും പറയുന്നു. നമുക്ക് എണ്ണൂറ് കൃതികളുടെ പേരുകളറിയാം. അവയിൽ തന്നെ വളരെ കുറച്ചു കൃതികൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ഒരേസമയം ഏഴിലേറെ ചുരുക്കെഴുത്തുകാർ അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്ന. അദ്ദേഹം പറയുന്നവ അവർ അപ്പോഴപ്പോൾ കുത്തിക്കുറിച്ചിരുന്നു. ചുരുക്കെഴുത്തുകാരും പകർത്തിയെഴുത്തുകാരുമായി അനേകം സ്ത്രീപുരുഷന്മാർ അദ്ദേഹത്തിന്റെ സഹായത്തിനുണ്ടായിരുന്നു. ഒരിജനെ സഹായിച്ച പണക്കാരാണ് ജോലിക്കാർക്ക് ശമ്പളം കൊടുത്തിരുന്നത്.

ഒരിജനെപ്പോലെ ഒരാൾ പുരാതനസഭയിൽ ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ കാലത്താണ് അലക്സാൺഡ്രിയൻ മതാധ്യാപനകലാലയം കീർത്തിയുടെ പാരമ്യത്തിലെത്തിയത്. പ്രഗത്ഭനായൊരധ്യാപകൻ, പ്രശസ്തനായൊരു പണ്ഡിതൻ, കറ തീർന്ന വ്യക്തിത്വത്തിന്റെ ഉടമ, ഒരു വിശ്വവിജ്ഞാനകോശം, ലോകം കണ്ടിട്ടുള്ള ബുദ്ധിരാക്ഷസന്മാരിൽ ഒരാൾ - ഇതൊക്കെ ആയിരുന്നു ഒരിജൻ! എവുസേബിയസ് തന്റെ സഭാചരിത്രം ആറാംപുസ്തകത്തിന്റെ ഏറിയപങ്കും ഒരിജനുവേണ്ടി നീക്കിവച്ചു. ഒരിജന് പ്രഗത്ഭരായ നിരവധി ശിഷ്യന്മാരുണ്ടായിരുന്നു. പിൽക്കാലത്തെ പല പ്രശസ്ത പിതാക്കന്മാരും ഒരിജനിൽനിന്ന് സ്വാധീനം സ്വീകരിച്ചിട്ടുള്ളവരാണ്. അത്ഭുതപ്രവർത്തകനായ വി. ഗ്രിഗോറിയോസ്, പലസ്തീനയിലെ കലാലയത്തിൽ നിന്ന് ഒരിജനെ വേർപിരിഞ്ഞ അവസരം ചെയ്ത പ്രസംഗത്തിൽ നിന്ന് അദ്ദേഹത്തെപ്പറ്റി വളരെയധികം നമുക്ക് ഗ്രഹിക്കാനാവും.

എവുസേബിയസ് ഒരിജനെപ്പറ്റി കുറിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

"അദ്ദേഹത്തിന്റെ വാക്കുപോലെ ആയിരുന്നു ജീവിതവും; ജീവിതംപോലെ വാക്കും. ഇക്കാരണത്താൽ ദിവ്യശക്തിയുടെ സഹകരണത്തോടെ അനേകരെ തന്റെ തീക്ഷ്ണതയിൽ അദ്ദേഹം പങ്കുകാരാക്കി"(സഭാചരിത്രം,6,3.7). ഉരുക്കുമനുഷ്യൻ എന്നാണ് എവുസേബിയസ് അദ്ദേഹത്തെ വിളിക്കുന്നത്.

"ഏറ്റവും താത്വികമായ രീതിയിലത്രേ അദ്ദേഹം ജീവിച്ചിരുന്നത്. ചിലപ്പോൾ ഉപവാസത്തിൽ ആയിരിക്കാം അദ്ദേഹം സ്വയം പരിശീലിപ്പിച്ചിരുന്നത്. മറ്റുചിലപ്പോൾ ജാഗരണത്തിലായിരിക്കാം. അദ്ദേഹം തറയിലല്ലാതെ ഒരിക്കലും കട്ടിലിൽ കിടന്നിട്ടില്ല. രണ്ടുവസ്ത്രങ്ങളോ, രണ്ടുജോഡി ചെരുപ്പുകളോ പാടില്ല, ഭാവിയെപ്പറ്റിയുള്ള ചിന്തയാൽ ആകുലചിത്തരാകേണ്ട എന്നു തുടങ്ങിയ കർതൃപ്രബോധനങ്ങൾ ശരിയായി പാലിക്കണമെന്ന് അദ്ദേഹത്തിന് നിഷ്കർഷ ഉണ്ടായിരുന്നു" (സഭാ.6,3.9-10).

കീർത്തിയിൽ നിന്ന് പ്രശസ്തിയിലേക്കും പ്രശസ്തിയിൽ നിന്ന് പെരുമയിലേക്കും പെരുമയിൽ നിന്ന് ഉന്നതിയിലേക്കുമുള്ള കുതിച്ചുചാട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഗ്രീക്ക് തത്വശാസ്ത്രം, താത്വിക ദൈവശാസ്ത്രം, ഡയലെക്റ്റിക്സ്, ഫിസിക്സ്, കണക്ക്, ഭൂമിശാസ്ത്രം, വാനശാസ്ത്രം എന്നിവയുടെ പ്രരംഭപാഠങ്ങളായിരുന്നു അദ്ദേഹം ആദ്യം പഠിപ്പിച്ചിരുന്നത്. പിന്നീട് അവ ശിഷ്യന്മാരെ ഏൽപ്പിച്ചിട്ട്, കൂറേക്കൂടി ഗൗരവമേറിയ വിഷയങ്ങൾ അദ്ദേഹം കൈകാര്യം ചെയ്തു. വിവിധ സ്ഥലങ്ങളിലുള്ള സഭാപ്രശ്നങ്ങൾ പരിഹരിക്കാൻ സഭാധ്യക്ഷന്മാർ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. തന്റെ തിരക്കേറിയ ജീവിതത്തിനിടയിൽ ഇതിനായി അദ്ദേഹം നിരവധി യാത്രകളും നടത്തി.

അദ്ദേഹം ഇത്രമാത്രം പ്രഗത്ഭനും മഹാനുമായിരുന്നിട്ടും ക്ലേശങ്ങളും ദുരിതങ്ങളും കഷ്ടപ്പാടുകളും തെറ്റിദ്ധരിക്കപ്പെടലും ആട്ടിപ്പായിക്കപ്പെടലും തരംതാഴ്ത്തലും പുറന്തള്ളലും നന്ദികേടും തന്റെ സ്വന്തം മെത്രാനിൽ നിന്നും ശിഷ്യനിൽ നിന്നും റോമൻ സർക്കാരിൽ നിന്നും അദ്ദേഹത്തിനുണ്ടായി. ക്രിസ്തുവിനുവേണ്ടി അദ്ദേഹം സഹിച്ച പീഡകളെപ്പറ്റി എവുസേബിയസ് വിവരിക്കുന്നു (സഭാ.6,39.5). ജീവിതകാലത്തും മരണശേഷവും അദ്ദേഹം വിരുദ്ധതയുടെ അടയാളമായിരുന്നു. ഈ കാര്യത്തിൽ അദ്ദേഹം ക്രൂശിതനെ പൂർണമായി അനുകരിച്ചു. ഇത്രയും സ്നേഹതരും ഇത്രയും ശത്രുക്കളും ഉണ്ടായിരുന്ന ഒരാളും സഭാചരിത്രത്തിൽ ഉണ്ടായിട്ടില്ല. എപ്പോഴും സത്യവിശ്വാസി ആയിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ തീവ്രാഭിലാഷം."സഭാപരവും ശ്ലൈഹികവുമായ പാരമ്പര്യത്തിൽ നിന്ന് വ്യത്യാസമില്ലാത്തതു മാത്രമേ സത്യമായി അംഗീകരിക്കാവൂ" എന്ന് അദ്ദേഹം പറയുന്നു. അതനുസരിച്ച ജീവിക്കാൻ ശ്രമിച്ചു; സ്വന്തം രക്തംകൊണ്ട് അതുറപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.



പഴയനിയമത്തിന് ഒരു വിമർശനപ്പതിപ്പുണ്ടാക്കി എന്നത് അദ്ദേഹത്തിന്റെ വലിയ നേട്ടമായിരുന്നു. അന്നു ലഭിച്ച കൈയെഴുത്തു പ്രതികളെല്ലാം ശേഖരിച്ച് സെപ്ത്വജിന്ത് എന്നറിയപ്പെടുന്ന ഗ്രീക്കു ബൈബിളിൽ തിരുത്തലുകൾ വരുത്തി. അതുപയോഗിച്ചാണ് കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ നിർദേശാനുസരണം എവുസേബിയസ്, അന്നത്തെ വലിയ പള്ളികൾക്കുവേണ്ടി ബൈബിളിന്റെ അൻപത് കോപ്പികൾ ഉണ്ടാക്കിയത്. അതുപോലെ ദൈവശാസ്ത്രത്തിന്റെ മിക്കവാറും എല്ലാ തലങ്ങളും അദ്ദേഹം സ്പർശിച്ചു. മിക്ക ബൈബിൾ ഗ്രന്ഥങ്ങൾക്കും ഭാഷ്യങ്ങളെഴുതി. അവയെ ആധാരമാക്കി പ്രസംഗങ്ങൾ നടത്തി. മിക്കവാറും എല്ലാ ദിവസവും അദ്ദേഹം പ്രസംഗിച്ചിരുന്നു. യോഹന്നാന്റെ സുവിശേഷത്തിന് അദ്ദേഹം രചിച്ച ഭാഷ്യമാണ് സഭയിൽ അതിനുണ്ടായ ആദ്യത്തെ വലിയ ഭാഷ്യകൃതി.

ഒരിജന്റെ പ്രശസ്തിയിൽ അസൂയപൂണ്ട സ്വന്തം മെത്രാൻ ദെമെത്രിയുസ് മാനുഷിക ബലഹീനതകൾക്ക് വിധേയനായി, സിനഡു വിളിച്ചുകൂട്ടി ഒരിജനെ അലക്സാൺഡ്രിയൻ സഭയിൽനിന്ന് പുറത്താക്കി. മറ്റൊരു സിനഡ് ഒരിജന്റെ പട്ടവും എടുത്തുകളഞ്ഞു. ഇതിന് മെത്രാന്മാർ തൃപ്തികരമായ വിശദീകരണമൊന്നും നൽകിയില്ല.

ഒരിജൻ അൽമായനായിരിക്കെ പലസ്തീനയിലെ മെത്രാന്മാരുടെ നിർബന്ധത്താൽ അവരുടെ മുമ്പാകെ പ്രസംഗിച്ചു. അത് സഭാകാനന് എതിരായിരുന്നെന്ന് ദെമെത്രിയുസ് മെത്രാൻ വാദിച്ചു. മെത്രാൻ ഒരിജനെ തിരികെ വിളിക്കുകയും അദ്ദേഹം അത് അനുസരിക്കുകയും ചെയ്തു. പതിനഞ്ചു വർഷങ്ങൾക്കുശേഷം ഗ്രീസിലേക്ക് പോയവഴി കേസറിയായിൽ വച്ച് ജറുസലേം മെത്രാൻ അലക്സാണ്ഡറും കേസറിയാ മെത്രാൻ തെയോക്റ്റിറ്റസും ചേർന്ന് ഒരിജനെ വൈദികനാക്കി. ഇത് ദെമെത്രിയുസ് മെത്രാനെ രോഷാകുലനാക്കി. അതിന് അദ്ദേഹം പറഞ്ഞ ന്യായം ഒരിജൻ മത്തായി 19,12 വാച്യാർഥത്തിലെടുത്ത് പ്രായോഗികമാക്കി എന്നതായിരുന്നു. തുടർന്നാണ് മുടക്കും സഭയിൽനിന്നുള്ള പുറത്താക്കലും പട്ടം എടുത്തുകളയലും നടന്നത്.

ഉടനെ ഒരിജൻ അവിടം വിട്ടുപോയി. ആ മെത്രാൻ മരിച്ചപ്പോൾ, തിരികെയെത്തി. എന്നാൽ കലാലയത്തിൽ ഒരിജന്റെ ശിഷ്യനായിരുന്ന ഹെരാക്ലസ് മുടക്കാവർത്തിച്ചു. അതോടെ അലക്സാൺഡ്രിയൻ കലാലയത്തിലെ അദ്ദേഹത്തിന്റെ നേതൃത്വം അവസാനിച്ചു. അദ്ദേഹം അവിടംവിട്ട് കേസറിയായിലെത്തി. അവിടുത്തെ മെത്രാന്മാർ അലക്സാൺഡ്രിയൻ മെത്രാന്മാരുടെ മുടക്കുകൾ അവഗണിച്ച് ഒരിജനെ സ്വീകരിച്ചു. ഒരു വിദ്യാപാഠശാല തുടങ്ങാൻ അവർ അനുവദിച്ചു. കേസറിയായിൽ അദ്ദേഹം ഒരു വിദ്യാപാഠശാല തുടങ്ങി, ഇരുപതുവർഷത്തോളം അവിടെ പഠിപ്പിച്ചു.

തന്റെ ഗ്രന്ഥങ്ങളൊക്കെ പെറുക്കിയെടുത്ത് അലക്സാൺഡ്രിയാ യോട് വിടവാങ്ങിയ കാലത്താണ് യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം എഴുതിക്കൊണ്ടിരുന്നത്. ഈ മാറ്റത്തിന്റെ അലയടികൾ ഭാഷ്യത്തിൽ ദൃശ്യ മാണ്. ലൂക്കായുടെ സുവിശേഷത്തെ ആധാരമാക്കിയുള്ള പ്രസംഗത്തിലും ഇത് ദൃശ്യമാണ്:

"മിക്കപ്പോഴും ശ്രേഷ്ഠരായ വ്യക്തികളുടെ ചുമതലക്കാരായി ശ്രേഷ്ഠത കുറഞ്ഞവർ വരാറുണ്ടെന്ന് നാമോരോരുത്തരും മനസ്സിലാക്കണം. അധികാരത്തിൽ ഇരിക്കുന്നവനേക്കാൾ അധികാരത്തിനു വിധേയരായവർ കൂടുതൽ ശ്രേഷ്ഠരായി ചിലപ്പോഴൊക്കെ കാണപ്പെടാറുണ്ട്. ഉന്നതസ്ഥാനം അലങ്കരിക്കുന്നവർ ഇത് മനസ്സിലാക്കിക്കഴിഞ്ഞാൽ, താൻ വലിയവനാണെന്ന സംഗതിയാൽ അവൻ അഹങ്കരിക്കുകയില്ല" (ലൂക്കാപ്രസംഗം, 20,5).

'യേശു യൗസേപ്പിനു വിധേയനായിരുന്നു' എന്നതിനെ ആധാരമാക്കി യുള്ള വിവരണത്തിലാണിത്:

"തനിക്കു വിധേയനായിരിക്കുന്ന യേശു തന്നേക്കാൾ വലിയവനാ ണെന്ന് യൗസേപ്പ് മനസ്സിലാക്കിയിരുന്നെന്ന് എനിക്കു തോന്നുന്നു. തനിക്ക് വിധേയനായിരിക്കുന്നവൻ തന്നേക്കാൾ വലിയവനാണെന്ന് അവൻ അറിഞ്ഞതിനാൽ, അവനോടുള്ള ബഹുമാനം നിമിത്തം അവൻ തന്റെ അധി കാരം നിയന്ത്രിച്ചു" (അതേഭാഗം). തുടർന്നാണ് മുകളിൽ പറഞ്ഞ വാചകം. ചുരുക്കത്തിൽ, "യേശു യൗസേപ്പിന് വിധേയനായിരുന്നതുപോലെ, ശ്രേഷ്ഠ വ്യക്തികൾ തനിക്ക് വിധേയരായിട്ടുണ്ടെന്ന് അധികാരി മനസ്സിലാക്കും (അതേ ഭാഗം).

'യേശു തന്റെ ഭൗതിക മാതാപിതാക്കൾക്ക് വിധേയനായി' എന്ന ഭാഗ ത്തെപ്പറ്റി അദ്ദേഹം പറയുന്നതും ശ്രദ്ധാർഹമാണ്: "വലിയവൻ ചെറിയവർക്ക് വിധേയനായിരിക്കുന്നു. പ്രായത്തിൽ യൗസേപ്പ് തന്നേക്കാൾ വലിയവനാ ണെന്ന് യേശു മനസ്സിലാക്കി. അതുകൊണ്ട് അവൻ പിതാവിന് അർഹമായ ബഹുമാനം അവനു നൽകി...ദൈവപുത്രനായ യേശു യൗസേപ്പിനും മറിയ ത്തിനും വിധേയനായിരുന്നെങ്കിൽ, ഞാൻ മെത്രാനു വിധേയനായിരിക്കേ ണ്ടതല്ലേ? ദൈവം അയാളെ എനിക്ക് പിതാവായി നിയമിച്ചിരിക്കുന്നു. എനിക്ക് മുകളിലായി ദൈവതെരഞ്ഞെടുപ്പ് വച്ചിരിക്കുന്ന വൈദികന് ഞാൻ വിധേയ നായിരിക്കേണ്ടതല്ലേ?"(അതേഭാഗം).

ജറുസലേം ദേവാലയത്തിൽ നിന്ന് കച്ചവടക്കാരെ ആട്ടിയോടിച്ച ഭാഗം വ്യാഖ്യാനിക്കവേ ഒരിജൻ എഴുതുന്നു:

"അത്തരക്കാരിൽ ചിലരെ യേശു എപ്പോഴും ദേവാലയത്തിൽ കാണുന്നു. കാരണം, 'സജീവ ദൈവത്തിന്റെ ഭവനവും സത്യത്തിന്റെ



തൂണും അസ്ഥിവാരവുമായ' (1തിമോ.3,15) സഭ എന്നു നാം വിളിക്കുന്ന തിൽ കയറുകൊണ്ട് കർത്താവുണ്ടാക്കിയ ചമ്മട്ടികൊണ്ടുള്ള അടി ആവ ശ്യമുള്ളവരും നാണയങ്ങൾ തൂകിക്കളഞ്ഞ് മേശകൾ തട്ടിമറിച്ചിടാൻ ആവ ശ്യമായിരിക്കുന്നവരുമായ കുറേ നാണയമാറ്റക്കാർ ഇരിക്കാതിരുന്നിട്ടുള്ളത് എപ്പോഴാണ്? അവിടെ നേട്ടത്തിനായി കാളകളെ വിൽക്കാത്തവർ ഇല്ലാതി രുന്നിട്ടുള്ളത് എപ്പോഴാണ്? കലപ്പയ്ക്ക് കൈ കൊടുത്തിട്ട് പിന്തിരിയാതെ, അവർ ദൈവരാജ്യത്തിന് ചേരുന്നവരായി തീരാൻ അവരെ കലപ്പയ്ക്കായി സംരക്ഷിക്കണമോ? അവിടെ തങ്ങളെത്തന്നെ അലങ്കരിക്കാനുള്ള വസ്തു ക്കൾ അവർക്കു നൽകുന്ന ആടുകളേക്കാൾ, ദുഷ്ടതയുടെ മാമോനെ തെര ഞ്ഞെടുക്കുന്നവർ എപ്പോഴാണ് ഇല്ലാതിരുന്നിട്ടുള്ളത്? കയ്പ്പും പാരുഷ്യവും ഇല്ലാത്തതിനെയും ശുദ്ധമായതിനെയും നിന്ദിക്കുന്നവരും എപ്പോഴും ധാരാ ളമുണ്ട്. 'പ്രാവുകൾ' എന്ന് ആലങ്കാരികഭാഷയിൽ വിളിക്കപ്പെടുന്നവരുടെ പരിപാലന നികൃഷ്ടനേട്ടത്തിനായി അവർ ഉപേക്ഷിക്കുന്നു. അതുകൊണ്ട്, പിതാവിന്റെ ഭവനമായ ആലയത്തിൽ, കാളകളെയും ആടുകളെയും പ്രാവു കളെയും വിൽക്കുന്നവരെയും നാണയമാറ്റക്കാരെയും രക്ഷകൻ കാണു മ്പോൾ, കയറുകൊണ്ടുണ്ടാക്കിയ ചമ്മട്ടി ഉപയോഗിച്ച്, തങ്ങളുടെ കച്ചവട വസ്തുക്കളായ ആടുകളോടും കാളകളോടും കൂടെ അവരെ പുറത്താക്കു ന്നു. നാണയങ്ങളുടെ ഉപയോഗശൂന്യത കാണിച്ചതിനാൽ, അവയെ സൂക്ഷി ക്കുന്നതിൽ കഥയില്ല എന്നവണ്ണം അവൻ നാണയങ്ങൾ തുകിക്കളയുന്നു. ധനതൃഷ്ണയുള്ളവരുടെ ആത്മാക്കളിലെ മേശകൾ അവൻ തട്ടിമറിച്ചിടു ന്നു. ആലയത്തിൽ മേലിൽ കച്ചവടം നടത്താതിരിക്കാനായി, പ്രാവുകളെ വിൽക്കുന്നവരോട് 'ഇവിടെ നിന്ന് എടുത്തുകൊണ്ടുപോകുവിൻ' എന്നും പറയുന്നു (യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം, 10,134-137).

ഒരിജൻ തികഞ്ഞ ആത്മാർഥതയുള്ള വ്യക്തിയായിരുന്നു. എന്നാൽ അന്നത്തെ പശ്ചാത്തലത്തിൽ അലക്സാൺഡ്രിയൻ സഭയിൽ അതിന് വലിയ സ്ഥാനമില്ലായിരുന്നു. സ്വന്തം മെത്രാൻ ഇറങ്ങിപ്പോകാൻ കൽപിച്ച പ്പോൾ, നിശ്ശബ്ദമായി, പുസ്തകങ്ങൾ പെറുക്കിക്കെട്ടി അദ്ദേഹം നാടുവിട്ടു. അറുപത്തി ഒൻപതാം വയസ്സിൽ ടയറിൽ വച്ച് ജയിലിൽ കിടന്ന് പീഡന ങ്ങൾ സഹിച്ച് ഒരിജൻ മരിച്ചു. ഒരിജന്റെ പേരിലുണ്ടായ തർക്കങ്ങൾ പിൽക്കാ ലത്ത് അദ്ദേഹത്തിന്റെ പ്രശസ്തിക്ക് മങ്ങലേൽപ്പിച്ചു. എന്നാൽ മഹാന്മാ രായ സഭാപിതാക്കന്മാരിൽ അദ്ദേഹം ഇന്നും ജീവിക്കുന്നു.

# 10

# വി. സിപ്രിയാൻ (+258)

ആഫ്രിക്കയിൽ നിന്നുള്ള വലിയ ദൈവശാസ്ത്രജ്ഞനാണ് വിശുദ്ധ സിപ്രിയാൻ. തെർത്തൂല്യനും അഗസ്റ്റിനുമാണ് ആഫ്രിക്കയിൽ നിന്നുള്ള മറ്റു രണ്ട് പ്രശസ്തവ്യക്തികൾ. മനസ്സിന്റെയും ഹൃദയത്തിന്റെയും അനേകം വിശിഷ്ടഗുണങ്ങൾ നിറഞ്ഞ ഒരു വ്യക്തിയായിരുന്നു സിപ്രിയാൻ. സ്നേഹം, ശാന്തത വിവേകം ആദിയായ ഗുണങ്ങൾ അദ്ദേഹത്തിൽ നിഴലിച്ചുനിന്നു. ക്രിസ്ത്യാനി ആയശേഷം തനിക്കുള്ളതെല്ലാം അദ്ദേഹം പാവപ്പെട്ടവർക്ക് വിതരണം ചെയ്തു. ഒന്നുമില്ലാത്തവനായി അദ്ദേഹം വൈദികനും പിന്നെ കാർത്തേജിലെ മെത്രാനുമായി.

സിപ്രിയാന്റെ കാലത്ത് ആഫ്രിക്കയിൽ കഠിനമായ മതപീഡനമുണ്ടായി. വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കാത്തവരെ തേടിപ്പിടിച്ച് അക്കാലത്ത് റോമൻസർക്കാർ വധിച്ചിരുന്നു. അനേകം രക്തസാക്ഷികൾ ആഫ്രിക്കൻ സഭയിലുണ്ടായി. എന്നാൽ ചിലർ വിശ്വാസത്യാഗികളായി വിഗ്രഹങ്ങൾക്ക് ധൂപവും ബലിയും അർപ്പിച്ചു. അതിനുള്ള സർട്ടിഫിക്കറ്റുകൾ സർക്കാരിന്റെ പക്കൽ നിന്ന് അക്കൂട്ടർ സ്വന്തമാക്കുകയും ചെയ്തു. ഇത് ആഫ്രിക്കൻ സഭയിൽ ഗൗരവമേറിയ പ്രശ്നമായി. ഏതെങ്കിലും തരത്തിൽ വിശ്വാസധ്വംസനം നടത്തിയവരെ, തെറ്റിന്റെ ഗൗരവം അനുസരിച്ച് പ്രായശ്ചിത്തം ചെയ്തിട്ടു മാത്രമേ സഭാസംസർഗത്തിൽ ചേർക്കാവൂ എന്ന് സിനഡിന്റെ നേതാവെന്ന നിലയിൽ സിപ്രിയാൻ വാദിച്ചു. എന്നാൽ മറ്റുചിലർ ലാഘവബുദ്ധിയോടെ പ്രശ്നം കൈകാര്യം ചെയ്യാൻ മുതിരുകയും സഭയിൽ പിളർപ്പുണ്ടാക്കാൻ ഉദ്യമിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ മെത്രാന്മാരുടെ യോഗത്തിൽ സിപ്രിയാൻ ചെയ്ത പ്രസംഗം സുപ്രസിദ്ധമാണ്:'കത്തോലിക്കാസഭയുടെ ഐക്യം' എന്ന് ആ രേഖ അറിയപ്പെടുന്നു. ശീശ്മയും പാഷണ്ഡതയും പിശാചിന്റെ പണികളാണ്. "സഭയിൽ നിന്നുതന്നെ ആളുകളെ അകറ്റുകയും അബദ്ധാഭിപ്രായങ്ങളുടെ നവീനപാതയിലൂടെ നയിക്കയുമായിരുന്നു അവൻ ചെയ്തത്" (3). മതപീഡകരേക്കാൾ അപകടകാരികളാണ് ശീശ്മക്കാരും പാഷണ്ഡികളും. ശീശ്മ വിശ്വാസികളുടെ ഇടയിലെ ഐക്യം തകർക്കുന്നു; അത് സത്യം വളച്ചൊടിക്കുകയും ചെയ്യുന്നു.



"സഭയിൽ നിന്നു വിട്ടുമാറുന്നവൻ വേശ്യകളോടു കൂടെ സംസർഗം ചെയ്യുന്നു. സഭയുടെ വാഗ്ദാനം ചെയ്യപ്പെട്ട അവകാശത്തിൽ അവനൊരിക്കലും ഓഹരിയില്ല. ക്രിസ്തു ഉറപ്പു നൽകിയ പ്രതിഫലം ക്രിസ്തുവിന്റെ സഭയെ വിട്ടുപേക്ഷിച്ചവന് കിട്ടുമെന്ന് പ്രതീക്ഷിക്കാൻ ഒരിക്കലും സാധ്യമല്ല. അവൻ അന്യനും ഭ്രഷ്ടനും ശത്രുവും ആയിത്തീർന്നു. സഭയെ തന്റെ മാതാവായി കരുതാത്തവന് ദൈവത്തെ തന്റെ പിതാവായി കരുതാൻ സാധ്യമല്ല. തിരുസഭയിലല്ലാതെ മറ്റെവിടെയെങ്കിലും കൂട്ടിച്ചേർക്കുന്നവൻ ക്രിസ്തുവിന്റെ സഭയെ ചിതറിക്കുന്നു" (6).

സഭയിൽ ഐക്യത്തിന്റെ സ്രോതസ്സും അടിസ്ഥാന തത്വവുമായി അധികാരപൂർവം ക്രിസ്തു ഏർപ്പെടുത്തിയിരിക്കുന്നത് പത്രോസിന്റെ സിംഹാസനമാണെന്ന് പ്രസ്തുത രേഖയിൽ വി. സിപ്രിയാൻ പറയുന്നു: "മേയിക്കാനായി തന്റെ ആടുകളെ കർത്താവ് പത്രോസിനെയാണ് ഭരമേൽപ്പിച്ചത് (യോഹ.21,11). എല്ലാവർക്കും കർത്താവ് തുല്യാധികാരം നൽകുന്നെങ്കിലും അവരുടെ ഇടയിൽ ഒരധ്യക്ഷപീഠമേ സ്ഥാപിച്ചിട്ടുള്ളു. പത്രോസ് എന്തായിരുന്നുവോ, അത് മറ്റു ശ്ലീഹന്മാരും ആയിരുന്നു. എന്നാൽ പത്രോസിനായിരുന്നു പ്രാഥമ്യം. ഒരുസഭയും ഒരധ്യക്ഷപീഠവുമേ ഉള്ളെന്ന് കർത്താവ് അതുവഴി വ്യക്തമാക്കുകയായിരുന്നു. എല്ലാ ശ്ലീഹന്മാരും ഇടയന്മാരാണ്. എന്നാൽ പരസ്പര യോജിപ്പിൽ മേയിക്കപ്പെടേണ്ട ഒരജഗണമേ അവർക്കുള്ളെന്ന് അവൻ നമുക്ക് കാണിച്ചുതന്നു. പത്രോസിന്മേൽ അധിഷ്ഠിതമായ ഈ ഐക്യത്തോട് യോജിക്കാത്തവന് സത്യവിശ്വാസം ഉണ്ടെന്ന് കരുതാനാവുമോ?. സഭ പത്രോസിന്മേൽ പണിയപ്പെട്ടിരിക്കുന്നു. പത്രോസിന്റെ അധ്യക്ഷസ്ഥാനത്തോടുള്ള അനുസരണം ഉപേക്ഷിക്കുന്നവൻ, സഭയിൽ ഉൾപ്പെട്ടവനാണെന്ന് അവന് എങ്ങനെ കരുതാനാവും?" (4).

അദ്ദേഹം തുടരുന്നു: "ആത്മാർഥതയും യോജിപ്പുമാണ് സഭയിൽ നമുക്കാവശ്യം. നാം പ്രാവിനെപ്പോലെ സഹോദരങ്ങളെ സ്നേഹിക്കണം. ആടുകളെപ്പോലെ താഴ്മയും വിനയവും പാലിക്കണം. ചെന്നായ്ക്കളുടെ ക്രൂരത, നായ്ക്കളുടെ ഭ്രാന്ത്, സർപ്പങ്ങളുടെ മാരകവിഷം, വന്യമൃഗങ്ങളുടെ രക്തദാഹം-ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ ഇവയ്ക്കെന്തു സ്ഥാനം? ഇത്തരം സ്വഭാവക്കാർ സഭയിൽ നിന്ന് വേർപെട്ടു പോകുമ്പോൾ നമുക്ക് നന്ദിയുള്ളവരായിരിക്കാം. ...പരസ്പരവിരുദ്ധങ്ങളെ ഒന്നിച്ചു നിർത്താൻ സാധ്യമല്ല. കയ്പും മധുരവും, മഞ്ഞും സൂര്യപ്രകാശവും, മഴയും തെളിഞ്ഞ ആകാ

ശവും, യുദ്ധവും സമാധാനവും, ഉൽപാദനവും വന്ധ്യത്വവും, അരുവികളും വരൾച്ചയും, ശാന്തതയും കൊടുങ്കാറ്റും ഒന്നിച്ചു പോകയില്ല. നല്ല മനുഷ്യർ സഭയെ ഉപേക്ഷിക്കുമെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ. കാറ്റ് ധാന്യമണികളെ പറപ്പിച്ചുകൊണ്ടുപോകുന്നില്ല. കൊടുങ്കാറ്റ് ആഴത്തിൽ വേരുറച്ച വൃക്ഷത്തെ പിഴുതെറിയുന്നില്ല. ചെറുകാറ്റിൽ പോലും പാറിപ്പോകുന്നത് ശുഷ്ക്കിച്ച പതിരാണ്. വേരില്ലാത്ത ബലഹീനസസ്യങ്ങളാണ് കൊടുങ്കാറ്റിൽ കടപുഴകി എറിയപ്പെടുന്നത്. യോഹന്നാൻ അത്തരക്കാരെപ്പറ്റി പറയുന്നു (1യോഹ.2,19): 'അവർ നമ്മിൽ നിന്ന് അകന്നു. അവർ നമ്മുടേതല്ലായിരുന്നു. അവർ നമ്മുടേതായിരുന്നെങ്കിൽ, നമ്മോടൊത്ത് വസിക്കുമായിരുന്നു"(9).

"കലഹത്തിന്റെ വിഭ്രാന്തിയിൽ സഭയെ പിച്ചിച്ചീന്തുന്നവർ, വിശ്വാസം നശിപ്പിക്കുന്നവർ, സമാധാനം കലക്കുന്നവർ, പരസ്നേഹം ഭഞ്ജിക്കുന്നവർ, കൂദാശാപരമായ ജീവിതത്തെ പരിഹസിക്കുന്നവർ ആദിയായവർ ഏതു രീതിയിലുള്ള ഐക്യമാണ് പാലിക്കുന്നത്?" (15).

യഥാർഥ ശ്ലൈഹിക കൈവയ്പ്പില്ലാത്തവർ വേഷധാരികളായി ചമഞ്ഞു നടക്കുന്നുതിനെയും അദ്ദേഹം വിമർശിക്കുന്നു: "നൈയാമിക കൈവയ്പ്പില്ലാത്തവർ ഉന്നതസ്ഥാനമുണ്ടെന്ന് അവകാശപ്പെടുന്നു. ആരും അവർക്ക് മെത്രാഭിഷേകം നടത്തിയിട്ടില്ലെങ്കിലും, അവർ മെത്രാന്മാരെന്ന് പേരെടുക്കുന്നു" (10).

അത്തരക്കാർ സംസാരിക്കന്നത് കർതൃശബ്ദത്താൽ അല്ലെന്നു മാത്രം. "മെത്രാന്മാരെ നിന്ദിക്കുകയും ദൈവത്തിന്റെ വൈദികരെ വിട്ടുപേക്ഷിക്കുകയും ചെയ്തിട്ട്, വേറൊരൾത്താര പണിയാനും അതിൽ നിഷിദ്ധമായ ആരാധന അർപ്പിക്കാനും അത്തരക്കാർ ഒരുമ്പെടുന്നു"(17).

സഭയിലെ ഐക്യം കാത്തുസൂക്ഷിക്കാൻ എല്ലാവരും ജാഗരൂകരായിരിക്കണമെന്ന് അദ്ദേഹം നിർദേശിക്കുന്നു: "ദൈവം ഒരുവൻ, ക്രിസ്തു ഒരുവൻ, തന്റെ സഭയും ഒന്ന്, വിശ്വാസം ഒന്ന്. യോജിപ്പോടുകൂടി ഒരേ ശരീരത്തിന്റെ ഗാഢമായ ഐക്യത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന ജനവും ഒന്ന്. ആ ഐക്യത്തെ പിളർക്കാൻ ആർക്കും സാധിക്കയില്ല. ആ ശരീരം ഘടനാപരമായ വിള്ളലിലൂടെ പിളർക്കാനോ, കഷണങ്ങളായി കീറിമുറിക്കാനോ സാധിക്കുകയില്ല"(23).

"നമ്മുടെ ഇടയിലെ സ്നേഹം കുറയുമ്പോഴാണ് ഐക്യം താറുമാറാകുന്നത്" എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. "വിറ്റ് ദാനം ചെയ്യാൻ നമ്മുടെ കർത്താവ് പറഞ്ഞതിനെതിരെ, വാങ്ങിച്ചുകൂട്ടാനാണ് നാം തത്രപ്പെടുന്നത്. അത്രമാത്രം സജീവവിശ്വാസം നമ്മുടെ ഇടയിൽ മന്ദീഭവിച്ചു. അത്രമാത്രം വിശ്വാസത്തിലുള്ള ഉറപ്പ് നമ്മുടെ ആളുകൾക്ക് നഷ്ടപ്പെട്ടു... നമ്മുടെ



വിശ്വാസം ദൈവഭയത്തിലേക്കോ, നീതിയിലേക്കോ, സ്നേഹത്തിലേക്കോ, സത്പ്രവൃത്തികളിലേക്കോ നമ്മെ പ്രചോദിപ്പിക്കുന്നില്ല. ഭാവിയിൽ കാത്തിരിക്കുന്ന ഭീകരതയെപ്പറ്റി ആരും ചിന്തിക്കുന്നില്ല. കർത്താവിന്റെ ദിവസം, ദൈവത്തിന്റെ ക്രോധം, അവിശ്വാസികളെ കാത്തിരിക്കുന്ന ശിക്ഷകൾ, വിശ്വാസ ഘാതകർക്കുള്ള പീഡനങ്ങൾ എന്നിവയെപ്പറ്റി ആരും ചിന്തിക്കുന്നതേയില്ല. വിശ്വാസമുള്ള മനസ്സാക്ഷി ഭയക്കുന്നതൊന്നും, വിശ്വസിക്കാത്തതിനാൽ നമ്മുടെ മനസ്സാക്ഷി ഭയക്കുന്നില്ല. വിശ്വസിച്ചിരുന്നെങ്കിൽ, ശ്രദ്ധിക്കുമായിരുന്നു, ശ്രദ്ധിച്ചിരുന്നെങ്കിൽ, രക്ഷപെടുമായിരുന്നു" (26).

അദ്ദേഹം മെത്രാന്മാർക്കും അക്കൂട്ടത്തിൽ ഉപദേശം നൽകുന്നു. അവരുടെ നാവിൽ സത്യം മാത്രം ഉണ്ടായിരിക്കണമെന്നും അവർ സത്യം തന്നെയായ ദൈവപുത്രന് നിരന്തരം സാക്ഷ്യം വഹിക്കണമെന്നും ഒരുതരത്തിലും പിശാചിന്റെ പക്ഷം ചേരരുതെന്നും ഉപദേശിക്കുന്നു:

"സഭയിൽ അധ്യക്ഷസ്ഥാനം വഹിക്കുന്ന മെത്രാന്മാരായ നാം, എല്ലാറ്റിനുമുപരി, ഈ ഐക്യത്തോട് അവഗാഢം യോജിച്ചിരിക്കണം. മെത്രാന്മാരുടെ അധികാരം തന്നെ ഏകവും അവിഭാജ്യവുമാണെന്ന് കാണിക്കുന്നതുവഴി നാം അതിനെ സംരക്ഷിക്കണം. കള്ളം പറഞ്ഞ് നമ്മിലാരും സഹോദരങ്ങളെ വഞ്ചിക്കരുത്. സത്യവിരുദ്ധമായ പ്രസ്താവനകൾ വഴി നമ്മിലാരും സത്യത്തെ കളങ്കപ്പെടുത്തരുത്"(5).

സഭയിൽ അധ്യക്ഷസ്ഥാനം വഹിക്കുന്നവർ മനുഷ്യരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണെങ്കിലും, സാധാരണ മനുഷ്യരേക്കാൾ ഉയർന്ന നിലയിൽ വ്യാപരിക്കേണ്ടവരാണ്. തങ്ങളുടെ ചുറ്റുപാടുകൾ തങ്ങളെ സ്വാധീനിക്കുന്നതിനു പകരം അവർ ചുറ്റുപാടുകളെ സ്വാധീനിക്കണം. അവർ പരദൂഷണത്തിൽ നിന്നും പക്ഷപാതപരമായ പെരുമാറ്റത്തിൽ നിന്നും ഹൃദയകാഠിന്യത്തിൽ നിന്നും ധനതൃഷ്ണയിൽ നിന്നും അധികാര ദുർമോഹത്തിൽ നിന്നും അസൂയയിൽ നിന്നം അകന്നു കഴിയാൻ കടപ്പെട്ടവരാണ്. സർവോപരി സഭയുടെ ഐക്യം നിലനിർത്തുന്നതിൽ അവർ ജാഗരൂകരായിരിക്കണം. അവർ ഒരു കാരണവശാലും അടിസ്ഥാനരഹിതമായ ആരോപണങ്ങളിൽ വിശ്വസിക്കരുത്. അന്വേഷണം കൂടാതെ ആരെയും ശിക്ഷിക്കരുത്. ഒരു മനുഷ്യനോടും കഠിനമായി പെരുമാറരുത് എന്നു തുടങ്ങിയ ഉപദേശങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

അദ്ദേഹത്തിന്റെ കൃതികളെല്ലാം തന്നെ പ്രായോഗിക ചായ്വുള്ളവയാണ്, അജപാലനോന്മുഖമാണ്. അദ്ദേഹം കന്യകകൾക്കു നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്: "ക്രിസ്തുവിന്റെ മണവാട്ടി മോടിയായ വസ്ത്രങ്ങൾ കൂടാതെയും പൊയ്മുഖം വയ്ക്കാതെയും വ്യാപരിക്കണം. സുഗന്ധദ്രവ്യങ്ങളോ, സ്വർണാഭരണങ്ങളോ ഒന്നം കന്യകകൾക്കു പാടില്ല. ധനമുണ്ടെ

ങ്കിൽ ദരിദ്രരുടെ ഇടയിൽ ചെലവാക്കണം. കന്യകകൾ വിവാഹാഘോഷങ്ങളിലും പൊതുകളിസ്ഥലങ്ങളിലും പോകാൻ പാടില്ല. കാത്തിരിക്കുന്ന പ്രതിഫലത്തെ ലക്ഷ്യമാക്കി വ്യാപരിക്കണം" (കന്യകകളുടെ വസ്ത്രം).

വിഗ്രഹാരാധനവഴി വിശ്വാസത്തിൽ നിന്നു വീണുപോയവരെക്കുറിച്ച് അദ്ദേഹം പറയുന്നു. ജീവൻ നേടിയ രക്തസാക്ഷികളെ സ്തുതിക്കുന്നതോടൊപ്പം, വിശ്വാസം ത്യജിച്ചവരെപ്പറ്റി ഓർക്കുമ്പോൾ ഹൃദയം ദുഃഖപൂരിതമാകുന്നെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു: "ആരും നിർബന്ധിക്കാതെ തന്നെ ദേവന്മാർക്ക് ബലി കഴിച്ചവരുണ്ട്. കുഞ്ഞുങ്ങളെ ഇതിലേക്ക് വലിച്ചിഴച്ച മാതാപിതാക്കളുണ്ട്. ലൗകികസ്നേഹത്താൽ വസ്തുവകകളെപ്രതി വിശ്വാസം വിലയ്ക്ക് വിറ്റവരുണ്ട്. അവരോടു വേഗത്തിൽ ക്ഷമിക്കാൻ സാധ്യമല്ല... നാം കൂടുതൽ അയഞ്ഞ മനഃസ്ഥിതി കാട്ടിയാൽ അവർ വേണ്ടവണ്ണം അനുതപിക്കയില്ല. എന്നാൽ വലിയ പീഡനങ്ങൾക്കുശേഷം ഒരാൾ ബലഹീനതയാൽ വീണുപോയാൽ അവന്റെ തെറ്റിന്റെ കാഠിന്യം കുറയും. ഏതായാലും എല്ലാവരും അനുതപിക്കണം. ഏതെങ്കിലും രീതിയിൽ ഒരു സർട്ടിഫിക്കറ്റ് വാങ്ങിയവരെല്ലാം അനുതപിക്കയും പ്രായശ്ചിത്തം ചെയ്യുകയും വേണം" (വീണവരെക്കുറിച്ച്).

റോമാസാമ്രാജ്യത്തിലെ കെടുതികൾക്കെല്ലാം കാരണക്കാർ ക്രിസ്ത്യാനികളാണെന്ന ദുരാരോപണത്താലാണ് പലപ്പോഴും മതപീഡനം അഴിച്ചുവിട്ടിരുന്നത്. അതിനെതിരെ സിപ്രിയാൻ പറയുന്നു:

"ഭൂമിയിൽ എക്കാലവും ഒരുപോലെ വിളവുണ്ടാകുകയില്ല. ഭൂമിയുടെ ഫലപുഷ്ടി കുറയുമ്പോൾ ഫലം കുറയും. സൃഷ്ടിയുടെ ആരംഭത്തിൽ വിളവുണ്ടായതുപോലെ ഇപ്പോഴുണ്ടാകാത്തതിന് ക്രിസ്ത്യാനികളാണോ കാരണക്കാർ? ഭൂമി ഫലശൂന്യമായി തീരുന്നതിനുള്ള യഥാർഥകാരണം വിജാതിയരുടെ അസാന്മാർഗിക ജീവിതമാണ്. കുത്തഴിഞ്ഞ ജീവിതം ദൈവകോപം ക്ഷണിച്ചു വരുത്തുന്നു. ബിംബാരാധന, ക്രിസ്ത്യാനികളെ പീഡിപ്പിക്കൽ എന്നിവ ഇതിനാക്കം കൂട്ടുന്നു. സന്മാർഗത്തിലേക്ക് തിരിച്ചുവരിക മാത്രമേ ഇതിനു പ്രതിവിധിയുള്ളൂ" (ദെമെത്രിയാന്).

സത്പ്രവൃത്തികൾ ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു: "ധാരാളമായ കൃപയാൽ നമ്മെ അനുഗ്രഹിച്ച ദൈവത്തിന് പ്രതിനന്ദി കാണിക്കേണ്ടത് സത്പ്രവൃത്തികളം ദാനധർമങ്ങളും വഴിയാണ്. കൊടുത്താൽ ഒരിക്കലും കുറഞ്ഞുപോകയില്ല. കുഞ്ഞുങ്ങളെ യഥാർഥമായി സ്നേഹിക്കുന്നവരും അവർക്ക് നന്മ വരണമെന്ന് ആഗ്രഹിക്കുന്നവരും ദാനധർമങ്ങളിൽ മുന്നിട്ടു നിൽക്കണം" (സത്പ്രവൃത്തികളും ദാനധർമങ്ങളും).

പരസ്നേഹത്തിനു കാരുണ്യത്തിനും അദ്ദേഹം ആഹ്വാനം ചെയ്യുന്നു:



"ക്രിസ്ത്യാനികൾ അസൂയയിൽ നിന്നും കുശുമ്പിൽ നിന്നും അകന്നു ജീവിക്കണം. ആകാശത്തുനിന്ന് വീഴ്ചയുണ്ടായത് അസൂയ മൂലമാണ്. ഇതിനാൽ തന്നെയാണ് വീണവൻ മനുഷ്യരെയും വീഴ്ത്തിയത്. ഈ തിന്മ മറ്റനേകം തിന്മകളിലേക്ക് വഴിതുറക്കുന്നു. ഇത് സഭയുടെ ഐക്യത്തിന് വലിയ തടസ്സമാണ്. ഇതിനാൽ കർതൃസമാധാനത്തിന്റെ ശൃംഖല തകർക്കപ്പെടുന്നു. സഹോദരസ്നേഹം ഭഞ്ജിക്കപ്പെടുന്നു. സത്യം വ്യഭിചരിക്കപ്പെടുന്നു. ഐക്യം വിഭജിക്കപ്പെടുന്നു. മനുഷ്യർ ശീശ്മയിലേക്കും പാഷണ്ഡതയിലേക്കും വഴുതി വീഴുന്നു. വൈദികർ അപഹസിക്കപ്പെടുന്നു. മെത്രാന്മാർ നിന്ദിക്കപ്പെടുന്നു... ഇതിനൊരു മരുന്നേയുള്ളൂ. സഹോദരസ്നേഹം! അസൂയ മാരകരോഗമാണ്. മുമ്പ് നിങ്ങൾ ആരെയെങ്കിലും വെറുത്തിരുന്നെങ്കിൽ, അവരെ സ്നേഹിക്കുക. അടിസ്ഥാനരഹിതമായ ആരോപണങ്ങളാൽ നിങ്ങൾ ദ്വേഷിച്ചിരുന്നവർക്ക് ഉപകാരം ചെയ്യുക. നിങ്ങൾക്ക് കഴിയുമെങ്കിൽ നല്ല മനുഷ്യരെ അനുകരിക്കുക. അതിനു കഴിയില്ലെങ്കിൽ, അവരോടൊത്ത് സന്തോഷിക്കുക; നിങ്ങളേക്കാൾ നല്ലവരെ അഭിനന്ദിക്കുക. സ്നേഹത്താൽ അവരോടുകൂടെ നിങ്ങളേയും ഭാഗഭാക്കാക്കുക. സാഹോദര്യത്തിന്റെ കൂട്ടുകെട്ടിലും ഐക്യത്തിലും അവരുടെ പങ്കാളിയാകുക'' (അസൂയയും കുശുമ്പും).

സഭാധ്യക്ഷൻ എന്ന നിലയിൽ വി. സിപ്രിയാന്റെ ദർശനങ്ങൾ എക്കാലത്തും പ്രസക്തമാണ്. അദ്ദേഹത്തന്റെ സ്നേഹവും ശാന്തതയും എല്ലാവരോടുമുള്ള കരുതലും എക്കാലവും അധ്യക്ഷന്മാർക്ക് മാതൃകയാണ്. സാർവത്രിക സഭയിലെ ഒരു മഹാസ്തംഭമായി അദ്ദേഹം ഇന്നും ബഹുമാനിക്കപ്പെടുന്നു. ക്രിസ്തീയ സഭാധ്യക്ഷൻ എന്ന പേരിൽ അദ്ദേഹത്തെ റോമൻ പട്ടാളക്കാർ അറസ്റ്റുചെയ്തു. ആദ്യം നാടു കടത്തി; പിന്നീട് തിരികെ വിളിച്ച് വിസ്തരിച്ച് തലവെട്ടിക്കൊന്നു. അങ്ങനെ ക്രിസ്തുവിന്റെ ധീരരക്തസാക്ഷിയായി. ആഫ്രിക്കൻ മെത്രാന്മാരുടെ കൂട്ടത്തിലെ ആദ്യരക്തസാക്ഷിയാണ് വി. സിപ്രിയാൻ. വിസ്താരസമയത്ത് അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും അന്തരീക്ഷത്തിൽ മുഴങ്ങുന്നു:

"ഞാൻ ഒരു ക്രിസ്ത്യാനിയും ഒരു മെത്രാനുമാണ്. ആകാശവും ഭൂമിയും കടലും അവയിലുള്ള സകലതും സൃഷ്ടിച്ച ഏകസത്യദൈവത്തെ അല്ലാതെ മറ്റൊരു ദൈവത്തെ എനിക്കറിയില്ല."

അദ്ദേഹത്തെ നാടുകടത്താൻ ഉത്തരവിട്ട പ്രോകോൺസുളിനോട് അദ്ദേഹം പറഞ്ഞു: "ഞാൻ പോയേക്കാം; എനിക്കു മടിയില്ല!" "താഷിയുസ് സിപ്രിയാനെ തലവെട്ടിക്കൊല്ലാൻ നാം കൽപ്പിക്കുന്നു"എന്ന വിധിവാചകം കേട്ടപ്പോൾ, സിപ്രിയാൻ ദൈവത്തിനു നന്ദി പറഞ്ഞു:

"സെക്സ്റ്റസിന്റെ പറമ്പിലേക്ക് അവർ സിപ്രിയാനെ ആനയിച്ചു. അവിടെ അദ്ദേഹം തന്റെ പുറങ്കുപ്പായം മാറ്റിവച്ചു. നിലത്തു മുട്ടുകുത്തി കർത്താവിനോടു പ്രാർഥിക്കാനായി കുനിഞ്ഞു. അപ്പോൾ തന്റെ പുറങ്കുപ്പായം ഡീക്കന്മാരെ ഏൽപ്പിച്ചു. തന്റെ ലിനൻവസ്ത്രം മാത്രം ധരിച്ച് ആരാച്ചാരെ കാത്തുനിന്നു. ആരാച്ചാർ വന്നപ്പോൾ അയാൾക്ക് ഇരുപത്തഞ്ച് സ്വർണനാണയങ്ങൾ കൊടുക്കാൻ തന്റെ സ്നേഹിതരെ അദ്ദേഹം ചുമതലപ്പെടുത്തി. സഹോദരന്മാർ കൈത്തൂവാലകളും തുണിക്കഷണങ്ങളും അദ്ദേഹത്തിന്റെ മുമ്പിൽ വിരിച്ചു. അതിനുശേഷം ഭാഗ്യവാനായ സിപ്രിയാൻ തന്നെ തന്റെ കണ്ണുകൾ കെട്ടി. എന്നാൽ തനിയെ തൂവാലയുടെ അറ്റം കെട്ടാൻ കഴിയാതെ വന്നപ്പോൾ, അദ്ദേഹത്തിനുവേണ്ടി ജൂലിയാനോസ് എന്ന വൈദികനും ജൂലിയാനോസ് എന്ന സബ്ഡീക്കനു കൂടി അത് മുറുക്കിക്കെട്ടി. അങ്ങനെ ഭാഗ്യവാനായ സിപ്രിയാൻ മരിച്ചു. വിശ്വാസികൾ രാത്രിയിൽ അദ്ദേഹത്തിന്റെ ശരീരം അവിടെ നിന്ന് നീക്കി പ്രാർഥനാപൂർവം സംസ്ക്കരിച്ചു. കുറേ ദിവസങ്ങൾക്കുശേഷം പ്രോകോൺസുൾ ഗലേരിയുസ് മാക്സിമുസ് മരിച്ചു. സെപ്റ്റംബർ മാസം 14-ാംതീയതി അതിഭാഗ്യവാനായ സിപ്രിയാൻ രക്തസാക്ഷിമകുടം ചൂടി" (സിപ്രിയാന്റെ രക്തസാക്ഷി വിവരണത്തിൽ നിന്ന്).

സിപ്രിയാന്റെ രക്തസാക്ഷിത്വത്തെപ്പറ്റിയുള്ള വിവരണം നമുക്ക് കിട്ടിയിട്ടുണ്ട്. പ്രയാസം നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ സഭാനേതൃത്വകാലഘട്ടം (248-258). ഒന്നിനു പിറകേ ഒന്നായി കഠിനമായ മതപീഡനങ്ങൾ, വിശ്വാസധ്വംസനങ്ങൾ, ശീശ്മകൾ, പകർച്ചവ്യാധികൾ, നാടുകടത്തൽ, മറ്റ് തർക്കങ്ങൾ എന്നിവയാൽ കലുഷിതമായിരുന്നു വടക്കേ ആഫ്രിക്ക. എന്നാൽ ദൈവകൃപയിൽ ആശ്രയിച്ച് ഇവയെല്ലാം വിജയകരമായി അഭിമുഖീകരിക്കാനും ക്രിസ്തുവിന് സാക്ഷ്യം നൽകാനും അദ്ദേഹത്തിന് കഴിഞ്ഞു. സഭയിലെ ഒരു വലിയ വിശുദ്ധനും രക്തസാക്ഷിയുമായി അദ്ദേഹം അനുസ്മരിക്കപ്പെടുന്നു.



# 11

# വി. അത്തനാസ്യോസ് (+373)

ഈജിപ്തിലെ അലക്സാൺഡ്രിയൻ സഭയിലെ മെത്രാനായിരുന്നു വി. അത്ത്നാസ്യോസ്. 'സഭയുടെ' 'മഹാസ്തംഭം' എന്ന് അദ്ദഹം അറിയപ്പെടുന്നു. നിഖ്യാവിശ്വാസപ്രമാണത്തിനുവേണ്ടി ജീവിതകാലം മുഴുവൻ നിലകൊള്ളുകയും അതിനായി നിരവധി പീഡകൾ സഹിക്കുകയും ചെയ്തു. നിഖ്യായിൽ ഒരു ശെമ്മാശ്ശൻ എന്ന നിലയിൽ അലക്സാൺഡ്രിയൻ മെത്രാൻ അലക്സാണ്ഡറുടെ സെക്രട്ടറിയായി അദ്ദേഹം പങ്കെടുത്തു. നിഖ്യാ കഴിഞ്ഞ് അലക്സാൺഡർക്കുശേഷം സ്ഥലത്തെ മെത്രാനായി. അലക്സാൺഡ്രിയൻ മെത്രാന്മാരിൽ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനും സഭാപിതാവുമാണ് അത്തനാസ്യോസ്. എതിർപ്പുകൾ വകവയ്ക്കാതെ സത്യവിശ്വാസത്തിന്റെ പടയാളിയായി അവസാനംവരെ അദ്ദേഹം നിലകൊണ്ടു. ആരിയൻ അബദ്ധോപദേശത്തോട് സന്ധിയില്ലാസമരം ചെയ്തു. അവരുമായി യാതൊരു ഒത്തുതീർപ്പിനും അദ്ദേഹം തയാറായില്ല.

ആരിയസ് എന്ന അലക്സാൺഡ്രിയൻ വൈദികനാണ് ആരിയനിസം എന്ന പാഷണ്ഡതയുടെ ഉപജ്ഞാതാവ്. 'പുത്രൻ ഒരു സൃഷ്ടിയും നിർമിക്കപ്പെട്ട വസ്തുവുമാണ് (പൊയ്യേമാ, ക്തിസ്മാ), അവൻ ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നു' എന്നു പഠിപ്പിച്ച അബദ്ധോപദേശമാണ് ആരിയനിസം. ഈജിപ്തിൽ ഉടലെടുത്ത ഈ അബദ്ധോപദേശത്തിന് കാലാന്തരത്തിൽ നിരവധി അവാന്തരവിഭാഗങ്ങളുണ്ടായി. പുത്രൻതമ്പുരാന്റെ ദൈവത്വം നിഷേധിച്ചതിനാൽ, ക്രിസ്തുമതത്തിന്റെ തായ്വേരറക്കുന്ന കൊടിയ പാഷണ്ഡതയായിരുന്നു അത്. ആരിയസിന്റെ സഹപാഠികളായപലരും അക്കാലത്ത് മെത്രാന്മാരായി തീർന്നിരുന്നു. അവരൊക്കെ ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ ആരിയനിസത്തെ താലോലിച്ചു. നിഖ്യാസൂനഹദോസ് പിതാവിന്റെയും പുത്രന്റെയും സമസത്താഭാവം പ്രസ്പഷ്ടമാക്കാൻ ഉപയോഗിച്ച 'ഹോമോഉസിയോസ്' എന്ന പദം ഈ ആരിയൻ വിഭാഗക്കാ

രാരും ഉപയോഗിച്ചില്ല. എന്നാൽ അതിനെ ന്യായീകരിക്കാൻ മുൻപന്തിയിൽ നിന്ന പിതാക്കന്മാരിൽ അഗ്രഗണ്യനായിരുന്നു അത്തനാസ്യോസ്.

ആരിയൻ പക്ഷപാതികൾ അവരുടെ ഏറ്റവും വലിയ ശത്രുവായി അദ്ദേഹത്തെ കരുതുകയും വളരെയധികം ഉപദ്രവിക്കുകയും ചെയ്തു. അതിനായി അവർ മെത്രാന്മാരുടെ സിനഡുകളും രാജകീയശക്തിയും ഉപയോഗിച്ചു. അതിൽ അവർ വളരെയേറെ വിജയിക്കുകയും ചെയ്തു. അത്തനാസ്യോസിനെയും, നിഖ്യാസൂനഹദോസിനുവേണ്ടി നിലകൊണ്ട മെത്രാന്മാരെയും ഒന്നിനുപിറകേ ഒന്നായി തങ്ങളുടെ രൂപതകളിൽ നിന്ന് സ്ഥാനഭ്രഷ്ടരാക്കുന്നതിലും നാടുകടത്തുന്നതിലും ഇക്കൂട്ടർ വിജയിച്ചു. എന്നാൽ റോമൻ മെത്രാന്മാർ എപ്പോഴും നിഖ്യായുടെ പക്ഷത്തും സത്യവിശ്വാസികളായ പിതാക്കന്മാരുടെ കൂടെയും ആയിരുന്നു.

ചക്രവർത്തിമാർ ആരിയൻ സ്വാധീനത്തിൽ വന്നപ്പോഴൊക്കെ സത്യവിശ്വാസികളായ മെത്രാന്മാരെ നാടുകടത്തിയിരുന്നു. കിഴക്കൻ റോമൻ പ്രദേശത്തുള്ളവരെ പടിഞ്ഞാറോട്ടും പടിഞ്ഞാറുള്ളവരെ കിഴക്കോട്ടും നാടുകടത്തിയിരുന്നു. സത്യവിശ്വാസികളായ ചക്രവർത്തിമാർ അധികാരം ഏറ്റെടുത്തപ്പോഴൊക്കെ ഇവരെ തിരികെ വിളിച്ചിരുന്നു. നിരവധി സിനഡുകളിൽ ആരിയൻ പക്ഷപാതികളായ മെത്രാന്മാർ അത്തനാസ്യോസിനെതിരെ ദുരാരോപണങ്ങൾ ഉയർത്തിയിരുന്നു. അദ്ദേഹം അഞ്ചു തവണ നാടുകടത്തപ്പെട്ടു. മൊത്തം പതിനേഴു വർഷം അദ്ദേഹം വിപ്രവാസത്തിലായിരുന്നു. അതായത്, അദ്ദേഹത്തിന്റെ ഭരണകാലം സുഗമമല്ലായിരുന്നു. എന്നാൽ എതിർപ്പുകളൊന്നും അദ്ദേഹത്തെ പിൻതിരിപ്പിച്ചില്ല. ശരിയെന്ന് കരുതി അബദ്ധത്തിൽ വഴുതി വീണവരോട് അദ്ദേഹം സഹതാപം കാട്ടി.

(1) ആരിയൻ അബദ്ധോപദേശകരും മെലീഷ്യൻ ശീശ്മക്കാരും ഒരുപോലെ അത്തനാസ്യോസിനെ എതിർത്തുകൊണ്ടിരുന്നു. ഈ രണ്ട് കൂട്ടരുടെയും ഉത്ഭവം ഈജിപ്തിലാണ്. ആരിയനിസത്തെപ്പറ്റി പറഞ്ഞല്ലോ. മെലീഷ്യസ് എന്ന മെത്രാനിൽ നിന്നാണ് മെലഷ്യൻശീശ്മ. ഈ മെത്രാൻ ഈജിപ്തിലെ എല്ലാ രൂപതകളിലും ചുറ്റിനടന്ന് മതപീഡനകാലത്ത് മെത്രാന്മാർ ഒളിവിൽ പോയപ്പോൾ മെത്രാനടുത്ത കർമങ്ങൾ അനുഷ്ഠിച്ചു. മതപീഡനാനന്തരം മെത്രാന്മാർ തിരികെ വന്നപ്പോഴും മെലീഷ്യസ് പഴയപോലെ രൂപതകളിലെല്ലാം പ്രവർത്തിച്ചുകൊണ്ടിരുന്നു. അപ്പോൾ മെത്രാന്മാർ അയാളെ വിലക്കിയെങ്കിലും അത് വകവയ്ക്കാതെ തുടർന്നും പ്രവർത്തിച്ചതിനാൽ, മെത്രാന്മാരുടെ സിനഡ് അയാളെ മുടക്കി. അപ്പോൾ അയാൾ ഒരു ശീശ്മസമൂഹത്തിന്റെ നേതാവായി. അത് മെലീഷ്യൻ ശീശ്മയെന്നറിയപ്പെടുന്നു. രണ്ടു കൂട്ടരുടെയും പൊതുശത്രുവായിരുന്നു അത്തനാസ്യോസ് മെത്രാൻ! നിഖ്യാസൂനഹദോസ് കഴിഞ്ഞപ്പോൾ ആരിയസിനെ നാടുകടത്തിയെങ്കിലും ആരിയൻപക്ഷപാതികളുടെ ഉപജാപങ്ങളുടെ ഫലമായി ചക്രവർത്തി ആരിയസിനെ തിരികെ വിളിച്ചു. ആരിയസിനെ തിരികെ എടുക്കാൻ ചക്രവർത്തി കൽപ്പന ഇറക്കിയപ്പോൾ, അത്തനാസ്യോസ് അതിനെ എതിർത്തു. ടയറിൽ കൂടിയ 60 ആരിയൻ പക്ഷപാതികളായ മെത്രാന്മാർ (335) അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. ചക്രവർത്തി ഉടനെ അദ്ദേഹത്തെ ഗോളിലേക്ക് (ഫ്രാൻസിലേക്ക്) നാടുകടത്തി. ആ ചക്രവർത്തി മരിച്ചപ്പോൾ (337) അദ്ദേഹം തിരികെ വന്നു.



(2) എന്നാൽ നിക്കൊമേദിയായിലെ എവുസേബിയസ് എന്ന ആരിയൻ പക്ഷപാതിയായ മെത്രാന്റെ പ്രേരണയാൽ അന്ത്യോക്യൻ സിനഡ് (339) അത്തനാസ്യാസിനെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കി. അപ്പോൾ അത്തനാസ്യോസ് റോമിൽ അഭയം തേടി. ജൂലിയസ് മാർപാപ്പാ ഒരു റോമൻ സിനഡ് വിളിച്ചുകൂട്ടി (340) അത്തനാസ്യോസിന്റെ നിലപാട് അംഗീകരിച്ചു. അദ്ദേഹമാണ് അലക്സാൺഡ്രിയായിലെ യഥാർഥ മെത്രാനെന്ന് സാർദിക്കാ സിനഡ് (342/3) പ്രഖ്യാപിച്ചു. അദ്ദേഹം 346-ൽ അലക്സാൺഡ്രിയായിൽ തിരകെയെത്തി.

(3) വിവിധ ചിന്താഗതിക്കാർ ഈജിപ്തിൽ ഉണ്ടായിരുന്നതിനാൽ, വീണ്ടും ഉപജാപങ്ങൾ അദ്ദേഹത്തിനെതിരെ ഉണ്ടായി. ആൾസിലും (353) മിലാനിലും (355) കൂടിയ സിനഡുകൾ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. ഉടനെ അദ്ദേഹം ഈജിപ്തിലെ സന്യാസികളുടെ ഇടയിൽ അഭയം തേടി. ആറുവർഷം അവിടെ കഴിഞ്ഞു. ഇക്കാലത്ത് തന്റെ ഒളിച്ചോട്ടത്തെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹം ഒരു ന്യായീകരണമെഴുതി പ്രസിദ്ധീകരിച്ചു. അദ്ദേഹം 362-ൽ തിരികെ അലക്സാൺഡ്രിയായിലെത്തി.

(4) ആ വർഷം അത്തനാസ്യോസ് അലക്സാൺഡ്രിയായിൽ ഒരു സിനഡ് വിളിച്ചുകൂട്ടി, എല്ലാ വിഭാഗക്കാരെയും യോജിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി 'സമാധാന ധ്വംസകനെന്നും ദേവന്മാരുടെ ശത്രുവെന്നും മുദ്രകുത്തി' അദ്ദേഹത്തെ നാടുകടത്തി. ജൂലിയൻ മരിച്ചപ്പോൾ (363) അദ്ദേഹം തിരികെയെത്തി.

(5) വാലൻസ് ചക്രവർത്തി അധികാരത്തിലെത്തിയപ്പോൾ (364) അത്തനാസ്യോസ് അഞ്ചാം പ്രാവശ്യവും നാടുകടത്തപ്പെട്ടു. നാലുമാസം അദ്ദേഹം പട്ടണത്തിനുപുറത്ത് ഒരു ഗ്രാമത്തിൽ ഒളിച്ചുതാമസിച്ചു. ജനം ഇളകുമെന്നു കണ്ട് വാലൻസ് തന്നെ അദ്ദേഹത്തെ തിരികെ വിളിച്ചു. 366-ൽ തിരികെയെത്തിയ അദ്ദേഹം 373-ൽ മരിക്കുന്നതുവരെ അലക്സാൺഡ്രിയൻ സഭയെ നയിച്ചു.

ആരിയൻ പാഷണ്ഡികളും മെലീഷ്യൻ ശീശ്മക്കാരും അത്തനാ

സ്യോസിനെതിരെ ഉന്നയിച്ച ദുരാരോപണങ്ങളിൽ ചിലത് സൊക്രാട്ടസ് തന്റെ സഭാചരിത്രത്തിൽ ചേർത്തിട്ടുണ്ട്. അത്തനാസ്യോസ് ഈജിപ്തിൽ മെത്രാനായിരിക്കുന്നിടത്തോളം കാലം ആരിയനിസത്തിന് അവിടെ വേരുറയ്ക്കാനാവില്ല എന്ന് അവർക്ക് നന്നായി അറിയാമായിരുന്നു. നിക്കൊമേദിയായിലെ എവുസേബിയസായിരുന്നു മുഖ്യ ഗൂഢാലോചകൻ. നിക്യായിലെ തെയോഗ്നിസ്, കൽക്കദോനിയായിലെ മാരിസ്, സിൻജിദൂണുമിലെ ഉർസാചിയുസ്, മൂർസായിലെ വാലൻസ് എന്നീ മെത്രാന്മാരും കൂടെയുണ്ടായിരുന്ന. അവർ ചിലരെ കൈക്കൂലി കൊടുത്ത് വശത്താക്കി അത്തനാസ്യോസിനെതിരെ കള്ളക്കഥകൾ കെട്ടിച്ചമച്ച് പ്രചരിപ്പിച്ചു.

(1) ഈജിപ്തിലെ വിശ്വാസികളെല്ലാം അലക്സാൺഡ്രിയൻ സഭയ്ക്ക് ഉപഹാരമായി ഓരോ വസ്ത്രം നൽകണമെന്ന് അത്തനാസ്യോസ് ആജ്ഞ പുറപ്പെടുവിച്ചു എന്ന കഥ ആദ്യം പുറത്തിറക്കി. ഇതൊരു മെലീഷ്യൻ ദുരാരോപണമായിരുന്നു. ഇത് ദുഷ്പ്രചരണമാണെന്ന് രണ്ടു വൈദികർ തെളിയിച്ചതോടെ കഥ പൊളിഞ്ഞു. എങ്കിലും പ്രചരണം തുടർന്നുകൊണ്ടിരുന്നു.

(2) ചക്രവർത്തിക്കെതിരായി അത്തനാസ്യോസ് ഒരു ഗൂഢാലോചനയിൽ ഏർപ്പെട്ടു എന്ന് എവുസേബിയർ ആരോപിച്ചു. ഇതിനായി അത്തനാസ്യോസ് കൈക്കൂലി കൊടുത്തു എന്നും പ്രചരിപ്പിച്ചു. എന്നാൽ ചക്രവർത്തി തന്നെ നടത്തിയ അന്വേഷണത്തിൽ ഇത് ദുരാരോപണമാണെന്ന് തെളിഞ്ഞു.

(3) ഈജിപ്തിലെ മരെയോട്ടീസുകാരൻ ഒരു ഇസ്കീറാസ് നിക്കൊമേദിയായിലെ എവുസേബിയസിന്റെ സ്വാധീനത്തിൽ വന്നു. ഒരിക്കലും വൈദികപട്ടം കിട്ടാത്ത അയാൾ വൈദികനായി അഭിനയിക്കുകയും വൈദികർ മാത്രം അനുഷ്ഠിക്കുന്ന തിരുക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. ഈ ദൈവദൂഷക കൃത്യം കണ്ടുപിടിക്കപ്പെട്ടപ്പോൾ, അയാൾ അവിടെ നിന്ന് ഒളിച്ചോടി നിക്കൊമേദിയായിലെ എവുസേബിയസിന്റെ പക്കലെത്തി. അത്തനാസ്യോസിനെതിരെ പ്രവർത്തിച്ചാൽ മെത്രാനാക്കാം എന്നുവരെ എവുസേബിയസ് അയാൾക്ക് വാക്കുകൊടുത്തു: താൻ വളരെ ഭയങ്കരമായ രീതിയിൽ ആക്രമിക്കപ്പെട്ടു എന്നൊരു കഥ അയാൾ പറഞ്ഞുപരത്തി. താൻ ബലിയർപ്പിച്ചുകൊണ്ടിരുന്നപ്പോൾ, മക്കാരിയോസ് എന്ന വൈദികൻ കോപാവിഷ്ടനായി തന്റെ നേരേ പാഞ്ഞടുക്കുകയും മേശ തട്ടിമറിക്കുകയും കാസാ തകർക്കുകയും ചെയ്തുവെന്ന് കഥയുണ്ടാക്കി. തിരുലിഖിതങ്ങൾ കത്തിച്ചെന്നും അയാൾ കൂട്ടിച്ചേർത്തു. ഈ കഥ വിജയിച്ചാൽ, മേലധികാരിയായ അത്തനാസ്യോസിനെ കുടുക്കാമെന്ന് ഗൂഢാലോചനക്കാർ കരുതി.

(4) അർസേനിയോസ് എന്ന മെലീഷ്യൻ മെത്രാന്റെ കൈ അത്തനാസ്യോസ് വെട്ടിയെടുത്ത് മന്ത്രവാദത്തിന് ഉപയോഗിച്ചു എന്നൊരാരോപണം ശക്തിയായി എതിരാളികൾ പ്രചരിപ്പിച്ച്, 'വെട്ടപ്പെട്ട' കൈയുമായി ടയർ സിനഡിലെത്തി. അത്തനാസ്യോസ് വലിയ കുറ്റവാളിയാണെന്ന് വരുത്തിത്തീർക്കാനായിരുന്നു പദ്ധതി. അത്തനാസ്യോസിനോട് എന്തെങ്കിലും വിരോധം വച്ചു പുലർത്തിയിരുന്നവരെല്ലാം അദ്ദേഹത്തിനെതിരായി ഓരോരോ ആരോപണങ്ങളുമായി മുന്നോട്ടുവന്നു. സൊക്രാട്ടസ് തുടർന്ന് വിവരിക്കുന്നത് ഇപ്രകാരമാണ്: "പ്രത്യേകമായൊരു ദൈവനിശ്ചയം അർസേനിയോസിനെ ടയറിൽ എത്തിച്ചു. അയാളെ അത്തനാസ്യോസ് രഹസ്യമായി പിടിച്ചുനിർത്തി. സിനഡ് അത്തനാസ്യോസിനെ വിസ്തരിക്കാൻ വിളിപ്പിച്ചു. എതിരാളികൾ കൊണ്ടുവന്ന കൈ അവർ പ്രദർശിപ്പിക്കുകയും അത്തനാസ്യോസിൽ കുറ്റാരോപണം നടത്തുകയും ചെയ്തു." തുടർന്നുള്ള സംഭവവികാസങ്ങൾ സൊക്രാട്ടസ് വളരെ നാടകീയമായി വിവരിക്കുന്നു. അർസേനിയോസിനെ നേരിട്ടറിയാവുന്നവർ സദസ്സിലുണ്ടോ എന്ന് തിരക്കിയപ്പോൾ നിരവധി മെത്രാന്മാർ കൈപൊക്കി. മേൽക്കുപ്പായംകൊണ്ട് കൈരണ്ടും മറച്ച് അത്തനാസ്യോസ് അർസേനിയോസിനെ സഭയിൽ ഹാജരാക്കി. 'ഇതാണോ ഒരു കൈ നഷ്ടപ്പെട്ടതായി നിങ്ങൾ പറയുന്ന വ്യക്തി?' എന്ന് അദ്ദേഹം ചോദിച്ചു. 'അതേ,അതേ' എന്ന മറുപടി പലയിടങ്ങളിൽ നിന്നുണ്ടായി. തുടർന്ന് അത്തനാസ്യോസ് ഒരുവശത്തെ തുണി മാറ്റിയപ്പോൾ കൈ അവിടെ ഉണ്ടായിരുന്നു. അൽപ്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം മറ്റേവശത്തേ തുണി മാറ്റിയപ്പോൾ മറ്റേ കൈയും അവിടെ ഉണ്ടായിരുന്നു. 'അദ്ദേഹത്തിന്റെ മൂന്നാമത്തെ കൈ ഏതു ഭാഗത്തു നിന്നാണ് വെട്ടിയതെന്ന് എന്റെ കുറ്റാരോപകർ പറയട്ടെ' എന്ന് അദ്ദേഹം വെല്ലുവിളിച്ചു. കള്ളക്കഥകൾ കെട്ടിച്ചമച്ചവർ സ്തബ്ധരായി ഇരുന്നുപോയി. ഈ നാടകീയ രംഗങ്ങൾ അവർ ഒട്ടും പ്രതീക്ഷിച്ചില്ല. തുടർന്നുള്ള സംസാരത്തിനും ബഹളത്തിനുമിടയിൽ, അവർ രഹസ്യമായി സ്ഥലം വിട്ടു.



തന്റെ വാദഗതികളും തെളിവുകളും ആരും പരിഗണിക്കുന്നില്ലെന്നു കണ്ട് അത്തനാസ്യോസും രഹസ്യത്തിൽ സ്ഥലംവിട്ടു. തുടർന്ന് സിനഡ് അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തെ കുറ്റവാളിയെന്നു വിധിച്ചു. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കണമെന്ന് സിനഡ് തീരുമാനിച്ചു. ആ തീരുമാനം രേഖപ്പെടുത്തിയ കൂട്ടത്തിൽ, വളരെ ലജ്ജാകരങ്ങളായ വിശേഷണങ്ങളാണ് അദ്ദേഹത്തെക്കുറിച്ച് ഉപയോഗിച്ചിരിക്കുന്നത് എന്നാണ് സൊക്രാട്ടസിന്റെ കുറിപ്പ്. കൊലപാതക കഥയെപ്പറ്റി ഒരക്ഷരം പോലും രേഖപ്പെടുത്തിയില്ല. കൊല്ലപ്പെട്ടു എന്ന വാർത്തയ്ക്ക് വിഷയമായിരുന്ന അർസേനിയോസിനെ അവർ സഭാസംസർഗത്തിലേക്ക് സ്വീകരിക്കുകയും ഹിപ്സേലോപ്പൊളീസ് എന്ന രൂപതയുടെ മെത്രാനായി നിയമിക്കുകയും ചെയ്തു. മുമ്പ് മെലീഷ്യൻ ശീശ്മയിൽപെട്ട മെത്രാനായിരുന്ന അർസേനിയോസ്, ഹിപ്സേലോപ്പൊളീസ് മെത്രാൻ എന്ന നിലയിൽ അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്ന നടപടിയിൽ ഒപ്പുവച്ചു. അത്തനാസ്യോസ് കൊന്നു എന്ന് കരുതപ്പെ

ട്ട ആൾതന്നെ അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിൽ പങ്കാളിയാകാൻ ജീവിച്ചിരുന്നു.

(5) അലക്സാൺഡ്രിയായിൽ നിന്ന് കോൺസ്റ്റാന്റിനോപ്പിളിലേക്ക് പതിവായി ധാന്യം അയച്ചിരുന്നത് താൻ തടസ്സപ്പെടുത്തുമെന്ന് അത്തനാസ്യോസ് ഭീഷണിപ്പെടുത്തി എന്നായി മറ്റൊരു ദുരാരോപണം. അത്തനാസ്യോസിന്റെ അധരങ്ങളിൽ നിന്ന് തങ്ങൾ നേരിട്ട് കേട്ടെന്ന് മൂന്നാല് മെത്രാന്മാർ പച്ചക്കള്ളം പടച്ചുവിട്ടു. "അപവാദം പറയുന്നയാൾ വിശ്വാസയോഗ്യനാണെങ്കിൽ, കേൾക്കുന്നവർ വിശ്വസിച്ചു പോകുമല്ലോ" എന്നാണ് ഇതേപ്പറ്റി സൊക്രാട്ടസിന്റെ കമന്റ്. തുടർന്ന് ചക്രവർത്തി അദ്ദേഹത്തെ നാടുകടത്തി.

'ഒരിക്കൽ അദ്ദേഹം ഒളിച്ചോടി ഒരു കന്യകയുടെ ഭവനത്തിൽ എത്തിച്ചേരുകയും അവിടെ ഒളിച്ചുതാമസിക്കുകയും ചെയ്തു'എന്നൊരു വിവരണം പല്ലാഡിയുസ് നൽകുന്നു (ലൗസിയാക് ചരിത്രം,63). 'മൂന്നാമത്തെ ഒളിച്ചോട്ടം ഈജിപ്തിലെ സന്യാസികളുടെ പക്കലേക്കായിരുന്നു'എന്നതിന്റെ മറ്റൊരു പതിപ്പായിരിക്കാമിത്. അതിസുന്ദരിയായ അവളുടെ പക്കൽ സ്ഥലത്തെ മെത്രാൻ താമസിക്കുമെന്ന് ശത്രുക്കൾക്കും മിത്രങ്ങൾക്കും ചിന്തിക്കാൻ പോലും കഴിഞ്ഞില്ല. "നീ വഴിമാത്രം ഞാൻ രക്ഷപെടുമെന്ന് ഇപ്പോൾ ഈ രാത്രിയിൽ ദൈവം എനിക്ക് വെളിപ്പെടുത്തിത്തന്നു" എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം അവളുടെ ഭവനത്തിലേക്ക് കടന്നുചെന്നത്. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി മരിക്കുന്നതുവരെ അദ്ദേഹം അവളുടെ ഭവനത്തിൽ താമസിച്ചു.

ആരിയൻ പാഷണ്ഡതയുടെ കാലത്ത് സത്യവിശ്വാസികളായ മെത്രാന്മാർക്ക് ഇതുപോലെയുള്ള നിരവധി നാടുകടത്തലുകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ജറുസലേമിലെ സിറിൽ (+386) മൂന്നുതവണ നാടുകടത്തപ്പെട്ടു. മൊത്തം പതിനൊന്നു വർഷം അദ്ദേഹം വിപ്രവാസത്തിലായിരുന്നു. ജറുസലേം സഭയിലെ ഏറ്റവും പ്രഗത്ഭനായ മെത്രാനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ 'മതാധ്യാപനപ്രസംഗങ്ങൾ' സുപ്രസിദ്ധമാണ്. അദ്ദേഹത്തിന് മെത്രാൻപട്ടം കൊടുത്ത മെത്രാനിൽ നിന്നുപോലും അദ്ദേഹത്തിന് എതിർപ്പ് നേരിടേണ്ടിവന്നു. ഇത് ഒറ്റപ്പെട്ട സംഭവമല്ല! അജപാലകരും ദൈവസ്നേഹിതരെന്ന് കരുതപ്പെടുന്നവരുമായ സഭാധ്യക്ഷന്മാർ ആരിയൻ പാഷണ്ഡതാകാലത്ത് സത്യവിശ്വാസികളായ മെത്രാന്മാരോട് ചെയ്തവ വിവരണാതീതമാണ്. ഉപജാപങ്ങളും ദുരാരോപണങ്ങളും കലഹങ്ങളും അക്കാലത്ത് സർവസാധാരണമായിരുന്നു. അത്തരക്കാരൊക്കെ വിസ്മൃതിയിലാണ്ടുപോയി. ക്ലേശങ്ങൾ സഹിച്ച് പുത്രന്റെ ദൈവത്വം ഉയർത്തിപ്പിടിച്ച അത്തനാസ്യോസിനെ പോലെയുള്ളവരെ സാർവത്രികസഭ ഇന്നും ബഹുമാനിക്കുന്നു.



# 12

# വി. അപ്രേം (+373)

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവാണ് വി. അപ്രേം. ഇന്നത്തെ തുർക്കിയിലെ നിസിബിസ് (നുസൈബിൻ) നഗരത്തിലാണ് അദ്ദേഹം 306-ൽ ജനിച്ചത്. അദ്ദേഹം ജീവിതകാലം മുഴുവൻ ഡീക്കനായി സഭാശുശ്രൂഷ നടത്തി. നിസിബിസ് മെത്രാൻ മാർ യാക്കോബ്, മാർ അപ്രേമിനെ അവിടെ തുടങ്ങിയ മതാധ്യാപനസ്കൂളിലെ പ്രധാനാധ്യാപകനായി 326-നോടടുത്ത് നിയമിച്ചു. അദ്ദേഹം 363 വരെ അവിടെ താമസിച്ച് സഭാസേവനം നിർവഹിച്ചു. നിസിബിസ് നഗരം റോമൻ സാമ്രാജ്യത്തിലായിരുന്നു. അത് റോമൻ-പേർഷ്യൻ അതിർത്തിനഗരം ആയിരുന്നതിനാൽ, പല യുദ്ധങ്ങൾക്കും ആക്രമണങ്ങൾക്കും ഏറ്റുമുട്ടലുകൾക്കും സാക്ഷിയായി. എന്നാൽ 363 വരെ അത് പിടിച്ചെടുക്കാൻ പേർഷ്യാക്കാർക്ക് കഴിഞ്ഞില്ല. പട്ടണം കോട്ടകളാൽ സുരക്ഷിതമായിരുന്നു. യുദ്ധങ്ങളോടനുബന്ധിച്ചു സംഭവിക്കുന്ന ക്രൂരതകൾക്കൊക്കെ നഗരവാസികളും ചുറ്റുപാടുമുള്ളവരും വിധേയരാകുമായിരുന്നു. ചുറ്റുപാടുമുള്ള കൃഷിയിടങ്ങളൊക്കെ നശിപ്പിച്ച് സൈന്യങ്ങൾ മുന്നേറിയിരുന്നു. കൊള്ളയടിക്കൽ സാധാരണമായിരുന്നു. അതിന്റെ ഫലമായി ജലദൗർലഭ്യം, പട്ടിണി, ഒളിച്ചോടൽ എന്നിവയാൽ നട്ടംതിരിയുന്ന സ്ഥിതിവിശേഷം കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. ഈ സാഹചര്യങ്ങളിലൊക്കെ മെത്രാനോടൊത്ത് ജനങ്ങളുടെ മനോവീര്യം നിലനിർത്താൻ മാർ അപ്രേം പരിശ്രമിച്ചു.

വിശ്വാസത്യാഗിയായ ജൂലിയൻ എന്ന റോമൻ ചക്രവർത്തിയുടെ വിവേകരഹിതമായ പ്രവർത്തനത്താൽ പേർഷ്യാക്കാരുമായുള്ള യുദ്ധത്തിൽ (363) റോമാക്കാർ പരാജിതരായി. ഒത്തുതീർപ്പു വ്യവസ്ഥയനുസരിച്ച്, പിൻഗാമിയായ ജോവിയൻ ചക്രവർത്തി നിസിബിസ് പേർഷ്യാക്കാർക്ക് വിട്ടുകൊടുത്തു. മാർ അപ്രേം ഉൾപ്പെടെയുള്ള ക്രിസ്തീയ ജനങ്ങളെല്ലാം നിസിബിസ് നഗരം വിട്ട് റോമൻ പ്രദേശത്തേക്ക് കുടിയേറി. വീടും പറമ്പുമെല്ലാം ഉപേ

ക്ഷിച്ച്, എടുക്കാവുന്നവ മാത്രം എടുത്തുകൊണ്ട് അവരെല്ലാം സമീപനഗരമായ എഡേസ്സായിലെത്തി താമസമാക്കി. വിവരണാതീതമായ ക്ലേശങ്ങളാണ് ഈ കുടിയേറ്റത്തിൽ മാർ അപ്രേമിനുണ്ടായത്.

തുടർന്ന് ജീവിതാന്ത്യം വരെ അദ്ദേഹം എഡേസ്സായിൽ താമസമാക്കി ജനങ്ങളെ ശുശ്രൂഷിച്ചു. എഡേസ്സായിൽ 371/2-ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് ജനങ്ങൾ കഷ്ടപ്പെട്ടു. ഈ ദുരിതത്തിൽ കൈയും മെയ്യും മറന്ന് അദ്ദേഹം ജനങ്ങളെ ശുശ്രൂഷിച്ചു. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമൂഹ്യസേവനം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. അദ്ദേഹം 373 ജൂൺ 9-ന് മരിച്ചു.

മാർ അപ്രേം ഒരനുഗൃഹീത കവിയായിരുന്നു. 'ദൈവശാസ്ത്രജ്ഞനായ കവി'! നിമിഷ കവി' എന്ന് അദ്ദേഹത്തെ വിളിക്കാം. അദ്ദേഹം വായ് തുറക്കുമ്പോഴെല്ലാം ഗാനങ്ങൾ അനുസ്യൂതം ഒഴുകിയിരുന്നു. സത്യവിശ്വാസിയായ ക്രിസ്ത്യാനി ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ രചനകളെല്ലാം ക്രിസ്തീയമാണ് – സുറിയാനിസാഹിത്യം മൊത്തത്തിൽ ക്രിസ്തീയമാണ്. – ഓരോരോ അവസരം വരുമ്പോൾ അതിനനുസൃതമായി അദ്ദേഹം ഗാനങ്ങൾ ആലപിച്ചിരുന്നു. അവ സാധാരണജനങ്ങൾക്ക് പാടാൻ സാധിക്കുന്ന രീതികളിലായിരുന്നു. അവയിൽ പലതും സുറിയാനി ആരാധനക്രമത്തിൽ സുറിയാനിസഭകൾ ഉപയോഗിക്കുന്നു. പിൽക്കാലത്ത് പലരും ഗാനങ്ങൾ രചിച്ച് മാർ അപ്രേമിന്റെ പേരിൽ പ്രചരിപ്പിച്ചിട്ടുമുണ്ട്!

'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന ഈ പരിശുദ്ധപിതാവിന് നിസിബിസിൽ നിന്നുള്ള കുടിയേറ്റത്തിൽ നിരവധി കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നു. എല്ലാം നഷ്ടപ്പെട്ട്, ജീവിതക്രമത്തിൽ മാറ്റംവന്ന് ദീർഘകാലത്തെ പ്രബോധക തസ്തികയിൽ നിന്നു മാറി പുതുതായൊന്ന് ഏറ്റെടുക്കുക ശ്രമകരമായിരുന്നു. ഒന്നുമില്ലാത്ത അവസ്ഥയിലേക്കായിരുന്നു ആ പലായനം! എന്നാൽ ദൈവം അദ്ദേഹത്തെ കൈവിട്ടില്ല. പേർഷ്യൻ രാജാവിന്റെ ക്രൂരതയെ ഉല്ലംഘിക്കുന്നതായിരുന്നു ദൈവകാരുണ്യം. ദൈവം നയിച്ച പാതയിലൂടെ അദ്ദേഹം സഞ്ചരിച്ചു. അനേകം സ്നേഹിതർ മറ്റിടങ്ങളിൽ കുടിയേറി. അദ്ദേഹത്തിന് പഠിപ്പിക്കാതിരിക്കാൻ കഴിഞ്ഞില്ല; എഴുതാതിരിക്കാനും ഗാനങ്ങൾ ആലപിക്കാതിരിക്കാനും കഴിഞ്ഞില്ല. അതായിരുന്നു അദ്ദേഹത്തിന്റെ ദൈവനിയോഗം. അദ്ദേഹം എഡേസ്സായിൽ ഒരു പുതിയ കലാലയം തുടങ്ങി. നിസിബിസിലെ കലാലയത്തിന്റെ തുടർച്ചയായിരുന്നു അത്. തന്റെ ജീവിതകാലം മുഴുവൻ സഭയുടെ നന്മയെ മാത്രം ലാക്കാക്കി അദ്ദേഹം ജീവിച്ചു. മെത്രാന്മാരോട് സർവാത്മനാ സഹകരിച്ചു. മെത്രാന്മാർ അദ്ദേഹത്തെ ആത്മാർഥമായി സ്നേഹിക്കുകയും അദ്ദേഹത്തിന് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു.



പൗരോഹിത്യത്തിന് താൻ അയോഗ്യനാണെന്നുള്ള ചിന്തയാൽ, ഡീക്കൻപട്ടം വരെ മാത്രമേ അദ്ദേഹം സ്വീകരിച്ചുള്ളു. എന്നാൽ അദ്ദേഹം ഇന്നും അനുസ്മരിക്കപ്പെടുന്നു. ലത്തീനും ഗ്രീക്കും അല്ലാത്ത ദൈവശാസ്ത്രം തേടി പാശ്ചാത്യപണ്ഡിതന്മാർ യാത്രചെയ്യുമ്പോൾ, അവർ ചെന്നു നിൽക്കുന്നത് ഒന്നാമതായി മഹാനായ മാർ അപ്രേമിലാണ്. ഗ്രീക്ക് തത്വശാസ്ത്ര സ്വാധീനം കൂടാതെ സെമിറ്റിക് ശൈലിയിൽ കാവ്യാത്മകരീതിയിൽ ദിവ്യരഹസ്യങ്ങൾ അവതരിപ്പിക്കാനാകുമെന്ന് അദ്ദേഹം കാണിച്ചുതന്നു. പാശ്ചാത്യലോകത്തെ പല പ്രശസ്ത പണ്ഡിതന്മാരും ദൈവശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, മാർ അപ്രേം എന്ന സുറിയാനി ഉറവിടത്തിലേക്ക് തിരിയാറുണ്ട്. അതും നൂറ്റാണ്ടുകൾക്കുശേഷം! നന്മ അറിയപ്പെടാൻ അൽപ്പം സമയമെടുക്കും. തന്റെ ജീവിതകാലത്ത് സാധാരണ സ്ത്രീകൾ പാടിയിരുന്ന ഗീതങ്ങൾ ഇന്ന് പണ്ഡിതലോകമാണ് താൽപര്യപൂർവം വായിച്ചു പഠിക്കുന്നത്; സുറിയാനിസഭകൾ ദൈവത്തിന്റെ സഭയിൽ പാടി സ്തുതിക്കുന്നത്.

മനുഷ്യന്റെ മഹത്വം കാലമാണ് തെളിയിക്കുന്നത്. ദൈവം നൽകുന്ന മഹത്വം ഇല്ലാതാക്കാൻ പേർഷ്യൻ രാജാവിനോ, വിശ്വാസത്യാഗിയായ ജൂലിയനോ സാധിക്കയില്ല. നിസിബിസ് നഗരം പിടിച്ചെടുത്തതുകൊണ്ടോ, സർവവും ഉപേക്ഷിച്ച് ഓടിപ്പോകാൻ അവസരമുണ്ടാക്കിയതുകൊണ്ടോ അവസാനിക്കുന്നതല്ലായിരുന്നു മാർ അപ്രേമിന്റെ മഹത്വം. തിരുസഭ ഉള്ളിടത്തോളം കാലം ആ നക്ഷത്രം ശോഭയോടെ പ്രകാശിച്ചുകൊണ്ടിരിക്കും. കാലം ചെല്ലുന്തോറും അത് കൂടുതൽ ശോഭ പരത്തി പ്രകാശിക്കും. കാരണം, ആ മഹത്വം മനുഷ്യർ നൽകുന്നതല്ല, ദൈവം നൽകുന്നതാണ്. ദൈവത്തിനുവേണ്ടി മാത്രം ജീവിച്ചയാളിന് ദൈവം കൊടുക്കുന്ന പ്രതിഫലമാണിത്. അദ്ദേഹത്തിന് ജീവിതകാലത്ത് ഒളിച്ചോട്ടവും നാടുകടത്തലും തടവിലാക്കലും കഷ്ടപ്പാടുകളും മാത്രമായിരുന്നു കൈമുതൽ. എന്നാൽ ക്രിസ്തുവിനുവേണ്ടി പീഡ സഹിക്കാൻ സന്നദ്ധനായതിനാൽ, ഇന്ന് ജൂലിയനേക്കാളും പേർഷ്യൻ രാജാവിനേക്കാളും അദ്ദേഹം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. തകർന്നു പോകുമെന്ന് കരുതിയിടത്തും അദ്ദേഹം ദൈവത്തിൽ പ്രത്യാശ കണ്ടെത്തി. "ജ്ഞാനികൾ ആകാശവിതാനത്തിൽ പ്രഭപോലെ തിളങ്ങും. അനേകരെ നീതിയിലേക്കു നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും" എന്ന് ദാനിയേലിൽ നാം വായിക്കുന്നത് (12,3) മാർ അപ്രേമിൽ അന്വർഥമായി.

സുറിയാനിസഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920-ൽ മാർ അപ്രേമിനെ 'സാർവത്രിക

സഭാമൽപ്പാൻ' എന്നു വിളിച്ചു. അദ്ദേഹം ഒരേ സമയം ദൈവശാസ്ത്രജ്ഞ നും കവിയുമായിരുന്നു. ദൈവശാസ്ത്രം കാവ്യാത്മകമായി എങ്ങനെ അവ തരിപ്പിക്കാനാകുമെന്ന് അദ്ദഹം സുവ്യക്തമായി കാട്ടിത്തന്നു. വിശ്വാസം, ശര ണം, സ്നേഹം എന്നീ സുകൃതങ്ങൾ അപ്രേമിൽ നിറഞ്ഞു തുളുമ്പിനിന്നു. ദരിദ്രനായും സംശുദ്ധനായും അദ്ദേഹം ഈ ലോകത്തിൽ ജീവിച്ച് പരലോ കത്തെപ്പറ്റിയുള്ള പ്രത്യാശ പകർന്നു. ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ച തിനാൽ, പരസ്നേഹപ്രവൃത്തികളിൽ മുഴുകി. പകർച്ചവ്യാധി ബാധിച്ചവരെ തന്റെ മരണംവരെ ശുശ്രൂഷിച്ചു.

മാർ അപ്രേം വളരെയധികം എഴുതി. മിക്കതും ഗാനരൂപത്തിലായിരു ന്നു. കര കാണാത്ത കടലിന്റെ വ്യാപ്തിയോട് ചിലർ അദ്ദേഹത്തിന്റെ കൃതി കളെ ഉപമിക്കുന്നു. വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്ന മൊഴികൾ കൃതി കളിൽ ഉടനീളം ദൃശ്യമാണ്. അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ മനോഹര മാണ്. നദികൾ കടലിൽ ഒഴുകിച്ചേർന്ന് ലക്ഷ്യം പ്രാപിക്കുന്നതുപോലെ, മിശിഹായിലേക്ക് പ്രതീകങ്ങളും പ്രവചനവാക്യങ്ങളും ബിംബങ്ങളും ഉപമ കളും നിഴലുകളും നീങ്ങുകയാണ്. അവ മിശിഹായിൽ ചെന്നു നിൽക്കു മ്പോൾ, അവയ്ക്ക് അർഥപൂർണിമ കൈവരുന്നു. എല്ലാം മിശിഹായിൽ നിറ വേറാൻ പഴയനിയമം കാത്തിരുന്നു. ഇങ്ങനെ അദ്ദേഹം രക്ഷാകര രഹസ്യ ങ്ങളുടെ കലവറ തുറക്കുന്നു. ചില മൊഴികൾ ഉദ്ധരിക്കാം:

"ജീവിച്ചിരിക്കുന്നവരെല്ലാം ജീവനുള്ളവരല്ല; സംസ്കരിക്കപ്പെട്ടവ രെല്ലാം മരിച്ചവരുമല്ല" (ദിയാത്തെസ്സാറോൺഭാഷ്യം, 15,12).

"മാധുര്യമുള്ള നാവിന്റെ കൈക്കൂലിയോടുകൂടെ, മുഖസ്തുതിയുടെ രീതിയിൽ, ധനവാൻ ന്യായാധിപന്റെ പക്കലേക്ക് കടന്നുവന്നു" (15,1).

"മക്കൾ (യഹൂദർ) പിതാക്കന്മാരുടെ സമ്പത്തു മാത്രം കണ്ടു; അവ രുടെ നിതി അവരുടെ കണ്ണിൽ പെട്ടില്ല. വിജാതിയരാകട്ടെ അവരുടെ സമ്പത്ത് കണ്ടില്ല, എന്നാൽ അവരുടെ നീതി ദർശിച്ചു" (15,15).

"ജോലിയും ജോലിക്കു വിളിക്കാൻ ആളും ഇല്ലാത്തതിനാൽ, അല സരായിരുന്ന പരിശ്രമശാലികളെ ഒരു സ്വരം കൂലിക്കെടുക്കുകയും ഒരു വാക്ക് ഉണർത്തുകയും ചെയ്തു"(15,15).

ലാസറിനെ ഉയർപ്പിക്കുന്ന രംഗം: "കർത്താവിന്റെ കണ്ണുനീർ മഴപോ ലെയും ലാസർ ഗോതമ്പുമണിപോലെയും കല്ലറ ഭൂമിപോലെയും ആയി രുന്നു" (17,7).

"കർത്താവ് പുൽത്തൊട്ടി കൊണ്ട് ആരംഭിച്ചു. ഒരു കഴുതയെക്കൊ ണ്ട് അവസാനിപ്പിച്ചു. ബേത്‌ലഹേമിൽ പുൽത്തൊട്ടികൊണ്ട്, ജറുസലേമിൽ കഴുതയെക്കൊണ്ട്"(18,1).



മംഗലവാർത്തയെപ്പറ്റി: "ഹവ്വായുടെ കാതിലൂടെ മരണം കടന്നുക യറി; അതുപോലെ മറിയത്തിന്റെ കാതിലൂടെ ജീവൻ പ്രവേശിച്ചു" (20,32).

കടലിനെ ശാന്തമാക്കിയതിനെപ്പറ്റി: "ഉറങ്ങിയവനെ അവർ ഉണർത്തി. അവൻ കടലിനെ ഉറക്കി. ഒരിക്കലും ഉറങ്ങാത്ത അവന്റെ ദൈവത്വത്തിന്റെ ഉണർവിനെ ഇപ്പോൾ ശാന്തമായ കടലിന്റെ ഇളക്കത്തിലൂടെ കാണിക്കാനാ യിരുന്നു അത്" (6,25).

"പുബ്ളിയുസിനുള്ള കത്തിൽ" നല്ലവരുടെ സ്വർഗീയവാസസ്ഥലത്തെ ദർശിച്ചുകൊണ്ട് മാർ അപ്രേം പറയുന്നു: "ഞാൻ അവിടെ സുകൃതമുള്ള ആളുകളെ കണ്ടു. ഞാൻ അവരുടെ സൗന്ദര്യത്തിനായി അത്യധികം ആഗ്ര ഹിച്ചു. നല്ലവർ നിൽക്കുന്നിടം ഞാൻ കണ്ടു. അവരുടെ വാസസ്ഥലം താൽപ്പ ര്യപൂർവം കാമിച്ചു. വിളക്കില്ലാത്ത യാതൊരാൾക്കും കയറാൻ അനുവാദമി ല്ലാത്ത മണവറ എതിർവശത്തു ഞാൻ കണ്ടു. ഞാൻ അവരുടെ ആനന്ദം കണ്ടു. ആ മണവറയ്ക്ക് അർഹമായ ഒരു പ്രവൃത്തിയും എനിക്കില്ലെന്നു കണ്ട് ഞാൻ ദുഃഖിതനായി കുത്തിയിരുന്നു. അവർ പ്രകാശവസ്ത്രം ധരി ച്ചിരിക്കുന്നതായി ഞാൻ കണ്ടു. എനിക്കായി യാതൊരു ശ്രേഷ്ഠവസ്ത്രവും തയാറാക്കിയിട്ടില്ല എന്നതിൽ ഞാൻ ദുഃഖിച്ചു. വിജയത്താൽ അലംകൃത രായ അവരുടെ കിരീടങ്ങൾ ഞാൻ കണ്ടു. എന്നെ കിരീടം ധരിപ്പിക്കാനുത കുന്ന യാതൊരു വിജയശ്രീലാളിതകർമവും എനിക്കില്ല എന്നതിൽ ഞാൻ ദുഃഖിച്ചു. കന്യകകൾ അവിടെ വാതിൽക്കൽ മുട്ടുന്നത് ഞാൻ കണ്ടു. അത് അവർക്കുവേണ്ടി തുറക്കാൻ ആരുമില്ലായിരുന്നു. ആ സൗഭാഗ്യതലത്തിന്റെ കർമങ്ങളൊന്നും എനിക്കില്ലാത്തതിനാൽ ഞാൻ നിലവിളിച്ചു....അവരെ പ്പോലെ ഞാനും എപ്പോഴും അവിടുത്തെ നാമത്തിൽ അഭയം തേടിയിരു ന്നു. അവന്റെ ബഹുമാനങ്ങളാൽ ഞാൻ ബഹുമാനിതനായിരുന്നു. എന്റെ നിഗൂഢ തെറ്റുകൾക്കുമീതേ ഒരു പുതപ്പുപോലെ അവന്റെ നാമം എപ്പോഴും എന്നെ ചുറ്റിയിരുന്നു...നമ്മുടെ കർത്താവിന്റെ വിശുദ്ധ സുവിശേഷത്തിന്റെ ശോഭയുള്ള കണ്ണാടിയിൽ ഈ കാര്യങ്ങളൊക്കെ ഞാൻ കണ്ടപ്പോൾ എന്റെ ആത്മാവ് ബലഹീനമായിത്തീരുകയും എന്റെ അരൂപി ക്ഷീണിച്ച് തളരു കയും എന്റെ ശരീരം പൊടിയിലേക്ക് വളയുകയും ചെയ്തു" (പുബ്ളി. പേ. 170-177).

"കന്യാത്വഗീതത്തിൽ" ഒരിടത്ത് കന്യകകളെപ്പറ്റി പറയുന്നു: "ജീവ വൃക്ഷവുമായി ഒട്ടിക്കപ്പെട്ടവരാണ് കന്യകകൾ. അവർ നിത്യമണവാളന്റെ വധുവും ആലയവും രാജകൊട്ടാരവുമാണ്. അവർ നിത്യസൗന്ദര്യത്തെ നിര ന്തരം ധ്യാനിക്കുന്നു. ഉന്നതത്തിൽ കൂടുകെട്ടുകയും ഉയരത്തിൽ പറക്കുകയും ചെയ്യുന്ന വാനമ്പാടിയാണ് കന്യാത്വം".

പറുദീസായെപ്പറ്റി വിവരിക്കുന്നിടത്തുനിന്ന്: "പറുദീസാ വൃത്താകൃ

തിയിലാണ്. അത് വലിയ കടലിനെ ചുറ്റിക്കിടക്കുന്നു. അത് കരയെയും കടലിനെയും ചുറ്റിക്കിടക്കുന്നു. പ്രളയജലം അതിന്റെ അടിവാരംവരെ മാത്രമേ എത്തിയുള്ളു. ചുറ്റിത്തിരിയുന്ന വാളുമായി നിൽക്കുന്ന ക്രോബേ മാലാഖ അതിന്റെ അടിവാരത്തിലെ വേലി സംരക്ഷിക്കുന്നു. പറുദീസായുടെ ഏറ്റവും താഴത്തെ ഭാഗമാണ് ഈ മതിൽ. അവിടെ നിന്ന് പറുദീസായുടെ പകുതി ദൂരത്തിലാണ് അറിവിന്റെ വൃക്ഷം. അത് ഒരാന്തരിക അതിർത്തിയായി വർത്തിക്കുന്നു. അവിടം കൂറേക്കൂടി ഉയർന്നതാണ്. അവിടെ കയറാൻ ആദത്തിനും ഹവ്വായ്ക്കും അനുവാദമില്ലായിരുന്നു. കുറേക്കൂടി ഉയരമുള്ള അതിവിശുദ്ധ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ജീവവൃക്ഷത്തെ മറച്ചുകൊണ്ട് ഒരു വിരിപോലെ അറിവിന്റെ വൃക്ഷം നിന്നു. മലയുടെ കൊടുമുടിയിലത്രേ ദൈവസാന്നിധ്യം."

ഈ പറഞ്ഞവയൊന്നും വാച്യാർഥത്തിൽ എടുക്കേണ്ടവയല്ലെന്ന് അപ്രേമിനു തന്നെ അറിയാമായിരുന്നു. ഭാവനാസമ്പന്നനായ അപ്രേം പ്രതീകാത്മകമായിട്ടാണ് പറുദീസായെ വർണിച്ചിരിക്കുന്നത്. 'പറുദീസാ നമ്മുടെ ലോകത്തിൽ നിന്ന് വ്യത്യസ്തമാണ്. അത് വ്യത്യസ്ത തലത്തിലാണ്. അത് നമ്മുടെ സമയത്തിന് അതീതമാണ്. ഉപരിസ്ഥവുമാണ്. ഉത്ഥാനാനന്തരം നീതിമാന്മാരുടെ വാസസ്ഥലമാണ് പറുദീസാ. ഉത്ഥാനത്തോടുകൂടെ മാത്രമേ നമുക്ക് അതിൽ കയറാൻ സാധിക്കൂ. ആത്മാവും ശരീരവും ഒന്നിച്ചാണ് അവിടെ കയറുക' എന്നൊക്കെ അപ്രേം വിശ്വസിച്ചിരുന്നു (പറുദീസാഗീതങ്ങൾ).

"ജൂലിയനെതിരെയുള്ള ഗീതത്തിൽ": പേർഷ്യാക്കാർക്കെതിരെ യുദ്ധത്തിനു പോകുന്നതിനുമുമ്പ് അയാൾ സഭയ്ക്കെതിരെ വീമ്പിളിക്കി. യുദ്ധത്തിൽ അയാൾ പരാജിതനായി. അപ്പോൾ എഴുതിയതാണിത്: "ദൈവം തന്റെ സഭയെ ഒരിക്കലും കൈവിടുകയില്ല. അതുകൊണ്ട് ഭയത്തിന് സ്ഥാനമില്ല. ദുർഭരണം ഒരിക്കലും നീണ്ടുനിൽക്കില്ല. വിശ്വാസഹീനർ മാത്രമേ ജൂലിയന്റെ പക്ഷത്ത്ചേർന്ന് വിശ്വാസത്തെ ഒറ്റിക്കൊടുക്കുകയുള്ളു. ദൈവവും തന്റെ മാലാഖമാരും സഭയുടെ കൂടെയാണ്. സാത്താനും അവന്റെ സൈന്യങ്ങളും ശത്രുപക്ഷത്തും. ജൂലിയൻ പാഷണ്ഡികളെയും മന്ത്രവാദികളെയും യഹൂദരെയും സഭയുടെ എല്ലാ ശത്രുക്കളെയും തന്റെ കൂടെക്കൂട്ടി. ക്രൂരമൃഗങ്ങളെപ്പോലെ അവർ സഭയുടെമേൽ ചാടിവീണു. നാമമാത്ര ക്രിസ്ത്യാനികൾ ജൂലിയന്റെ പതനത്തോടുകൂടെ ലജ്ജിതരായി. ദൈവനീതിയാണ് ജൂലിയനെ തറപറ്റിച്ചത്."

ആയിരം മുഖങ്ങളുള്ള കണ്ണാടിയും പിടിച്ചാണ് അപ്രേമിന്റെ നിൽപ്പ്. ആലോചിക്കുന്തോറും അർഥവ്യാപ്തി ഏറിവരുന്ന രീതിയിൽ ഇരമ്പിയാർക്കുന്ന തിരമാലകൾ പോലെയാണ് അദ്ദേഹത്തിന്റെ കാവ്യഭാവന ഉയർന്നുപൊങ്ങുക. പുല്ലിലും പൂവിലും പക്ഷിമൃഗാദികളിലും ചരാചരങ്ങളിലും മനുഷ്യനിലും മൺതരിയിലും എന്നുവേണ്ട സൃഷ്ടപ്രപഞ്ചത്തിലുടനീളം ദൈവത്തിന്റെ അടയാളങ്ങൾ ദർശിച്ച ചിത്രകാരനാണ് അപ്രേം മൽപ്പാൻ. മനുഷ്യനു മനസ്സിലാകുന്ന നൂറുനൂറു ചിത്രങ്ങളിലൂടെ വാക്കുകളാകുന്ന ചായംകൊണ്ട് കഥ പറയുന്ന കലാകാരൻ എന്ന നിലയിൽ അദ്ദേഹം ചിത്രീകരണവിദഗ്ദ്ധനാണ്.



സഭാപിതാക്കന്മാർക്കിടയിലെ ദൈവശാസ്ത്രജ്ഞൻ, മരിയൻ വേദപാരംഗതൻ, സുറിയാനിക്കാരുടെ പ്രവാചകൻ, അറിവിന്റെ നിറകുടം, സിറിയായിലെ സിംഹം, സഭയുടെ നെടുംതൂൺ, രണ്ടാംമോശ, മഹാനായ അപ്രേം, കർതൃകരത്തിലെ വീശുമുറം, ക്രൈസ്തവലോകത്തെ ഏറ്റവും വലിയ ദൈവശാസ്ത്രകവി, ദൈവശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞന്മാരുടെ കവിയും, പ്രാവുകൾക്കിടയിലെ കഴുകൻ, സഭയിലെ യൂഫ്രട്ടീസ് നദി എന്നിങ്ങനെയുള്ള അപരനാമങ്ങളാൽ 'പരിശുദ്ധാത്മാവിന്റെ ഈ വീണ' അറിയപ്പെടുന്നു. പ്രാർഥനയും വിശ്വാസപ്രഖ്യാപനവും കോർത്തിണക്കി അദ്ദേഹം മിസ്റ്റിസിസവും ദൈവശാസ്ത്രവും ഒന്നിച്ചു നിർത്തുന്നു.

വചനം കൊണ്ട് വചനം വ്യാഖ്യാനിക്കുന്ന ശൈലിയാണ് അദ്ദേഹത്തിന്റേത്. തുടക്കം വേദഗ്രന്ഥത്തിലെ ഏതെങ്കിലും വാക്കോ, വാക്യമോ, ചിത്രീകരണമോ, പ്രതീകമോ ആയിരിക്കാം. വ്യാഖ്യാനപാത ഏതെന്ന് മുൻനിശ്ചയം കൂടാതെ തികഞ്ഞ സ്വാതന്ത്ര്യത്തോടെ മുന്നോട്ടൊഴുകുന്ന പ്രവാഹം, നൂറായിരം കൈവഴികളിലൂടെ പൊട്ടിയൊഴുകാൻ കഴിവുള്ള യൂഫ്രട്ടീസായി പരിണമിക്കുന്നു. വചനകേന്ദ്രീകൃതമായ ചിന്തകളുമായാണ് ആ കുത്തൊഴുക്ക്. മനുഷ്യർ എന്നെന്നും അനുസ്മരിക്കത്തക്കവിധം ദൈവം മാർ അപ്രേമിന്റെ നാമം അനന്തവിഹായസ്സിൽ ഉയർത്തി.

# 13

# വി. ബേസിലും വി. ഗ്രിഗറി നസ്യാൻസനും

കപ്പഡോഷ്യാ എന്ന പൗരസ്ത്യ റോമൻ പ്രദേശത്തെ രണ്ട് മഹാവ്യക്തികളാണ് ബേസിലും (+379) ഗ്രിഗറിയും (+390). ഇവർ 'കപ്പഡോഷ്യൻ പിതാക്കന്മാർ' എന്നാണ് അറിയപ്പെടുന്നത്. ഇവരുടെ കൂടെ വി. ഗ്രിഗറി നീസ്സായെയും ഉൾപ്പെടുത്താം. ഈ മൂവരും കൂടിയാണ് ഏഷ്യാമൈനർ പ്രദേശം ആരിയൻ പാഷണ്ഡതയിൽ നിന്ന് വിമുക്തമാക്കി, കത്തോലിക്കാ വിശ്വാസത്തിൽ ഉറപ്പിച്ചത്. ആരിയനിസത്തെ താത്വികമായും പ്രായോഗികമായും പരാജയപ്പെടുത്താൻ ഈ മൂവർ ചെയ്ത സംഭാവന വിലപ്പെട്ടതാണ്. സഭാനേതാവ്, ഉത്തമസംഘാടകൻ, ക്രിസ്തീയ തത്വസംഹിതയുടെ ഉത്തമ വ്യാഖ്യാതാവ്, സത്യവിശ്വാസ സംരക്ഷണത്തിൽ രണ്ടാം അത്തനാസ്യോസ്, പൗരസ്ത്യ സന്യാസത്തിന്റെ പിതാവ്, ആരാധനക്രമ പരിഷ്കർത്താവ് എന്നീ നിലകളിൽ സഭയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയതിനാൽ, ബേസിൽ 'മഹാൻ' എന്ന് അറിയപ്പെടുന്നു. കപ്പഡോഷ്യ ഇന്ന് തുർക്കിയിലാണ്. ബേസിൽ കപ്പഡോഷ്യയിലെ കേസറിയാ മെത്രാനായിരുന്നു; ഗ്രിഗറി, നസ്യാൻസസ് രൂപതാധ്യക്ഷനും.

**വി.ബേസിൽ (+379)**

ബേസിൽ തന്റെ സമ്പത്തെല്ലാം പാവങ്ങൾക്ക് വിതരണം ചെയ്തു. മെത്രാനായ ശേഷം പാവങ്ങൾക്കായി ആശുപത്രികൾ സ്ഥാപിക്കുന്നതിലും ഭവനങ്ങൾ നിർമിക്കുന്നതിലും പരദേശികളെ സൽക്കരിക്കുന്നതിലും അദ്ദേഹം ശ്രദ്ധ ചെലുത്തി. വിശപ്പും ദാഹവും സഹിക്കുകയും കഷ്ടപ്പെടുകയും വേദനിക്കുകയും രോഗഗ്രസ്തരായിരിക്കുകയും ചെയ്യുന്നവരുടെ നേരേ തിരിയാൻ സഭയ്ക്കും സഭാനേതാക്കന്മാർക്കും കഴിയണമെന്ന് അദ്ദേഹം പഠിപ്പിക്കുകയും കാണിച്ചു കൊടുക്കുകയും ചെയ്തു. ധനവാന്മാരെയും പൂഴ്ത്തിവയ്പ്പുകാരെയും അദ്ദേഹം നിശ്ശിതമായി വിമർശിക്കുകയും നിർദാക്ഷിണ്യം കുറ്റപ്പെടുത്തുകയും ചെയ്തു:



"വിശക്കുന്ന മനുഷ്യനോട് സ്നേഹത്തിന്റെ ഒരു ലാഞ്ചനപോലും കൂടാതെ കടന്നുപോകുന്നവൻ അർഹിക്കുന്ന ശിക്ഷ എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? എന്ന് ധനവാന്മാരോട് അദ്ദേഹം ചോദിക്കുന്നു. "നിങ്ങൾ പൂഴ്ത്തി വച്ചിരിക്കുന്ന അപ്പം പട്ടിണിപ്പാവങ്ങളുടേതാണ്; നിങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രം നഗ്നരുടേതാണ്. നിങ്ങൾ കുഴിച്ചിട്ടിരിക്കുന്ന പണം പാവങ്ങളുടേതാണ്. നിങ്ങളുടെ മുറികളിൽ ഇരുന്ന് ദ്രവിച്ചുപോകുന്ന ചെരിപ്പുകൾ നഗ്നപാദരുടേതാണ്. ആകയാൽ, കൊടുക്കാൻ കഴിവുണ്ടായിരുന്നിട്ടും കൊടുക്കാത്ത നിങ്ങൾ എല്ലാവരോടും അപരാധം ചെയ്യുന്നു".

അദ്ദേഹം തുടരുന്നു: "ഞാൻ നിങ്ങളോട് ചോദിക്കട്ടെ. എപ്പോഴത്തെ പ്രതിഫലമാണ് നിങ്ങൾക്കാവശ്യം? നിങ്ങൾ ജീവിക്കുന്ന കാലത്തേതോ, മരണശേഷമുള്ളതോ?" ധനവാന്മാർ ഇത്രമാത്രം പിശുക്കന്മാരും ഹൃദയമില്ലാത്തവരുമാണെന്ന് ബേസിൽ ധരിച്ചിരുന്നില്ല. അവരുടെ കരുണാരഹിതമായ പ്രവൃത്തികണ്ട് ബേസിലിന്റെ ഹൃദയം പൊട്ടിത്തകർന്നുപോയി. അദ്ദേഹം ചുറ്റി നടന്ന്, ദരിദ്രർക്ക് ഭക്ഷണവും വസ്ത്രവും ധനവും നൽകാൻ ധനവാന്മാരെ നിർബന്ധിച്ചു. എന്നാൽ ആരുമത് ശ്രദ്ധിച്ചില്ല. ധനതൃഷ്ണയ്ക്കെതിരെ അദ്ദേഹം ജനങ്ങളെ നിരന്തരം തന്റെ പ്രസംഗങ്ങളിൽ പ്രബോധിപ്പിച്ചു.

ബേസിൽ സ്വന്തം കൈകൊണ്ട് പാവങ്ങളെ തീറ്റിപ്പോറ്റി. അവരുടെ പാദം കഴുകി. പൊടിപിടിച്ച വസ്ത്രം ധരിച്ച് ഗ്രാമപ്രദേശങ്ങളിൽ ചുറ്റിനടന്ന്, വിശക്കുന്നവരെ സന്ദർശിച്ച് സംതൃപ്തരാക്കി. അദ്ദേഹം മറ്റുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തനായിരുന്നു. അത് അദ്ദേഹത്തെ വലിയവനാക്കി. സ്വർഗീയപിതാവ് തന്റെ ഏകജാതനിലൂടെ കാണിച്ച കരുണയുടെ ഒരംശം തന്റെ ജീവിതത്തിലൂടെ അദ്ദേഹം കാട്ടിക്കൊടുത്തു. അത് അദ്ദേഹത്തെ ധന്യനാക്കി. അങ്ങനെ 'മഹാൻ' എന്ന് അദ്ദേഹം അറിയപ്പെട്ടു-ഇന്നത്തെ ലോകം എത്ര വ്യത്യസ്തം!

ഇങ്ങനെയൊക്കെ ആണെങ്കിലും, ആരിയൻ പക്ഷപാതികളായ ചക്രവർത്തിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ശക്തമായ എതിർപ്പ് അദ്ദേഹത്തിന് നേരിടേണ്ടിവന്നു. എന്നാൽ അവരെയൊന്നും കൂസാതെ യേശുക്രിസ്തുവിന്റെ ദൈവത്വം പ്രഘോഷിക്കുന്നതിൽ അദ്ദേഹം ഉറച്ചുനിന്നു; അതിൽ വിജയിക്കുകയും ചെയ്തു. ആരിയനിസത്തെ അംഗീകരിക്കണം, അല്ലെങ്കിൽ 'കണ്ടുകെട്ടും, നാടുകടത്തും' എന്നൊക്കെ ഭീഷണിപ്പെടുത്തിയ മൊദെസ്തുസ് എന്ന പ്രീഫെക്ടിനോട് അദ്ദേഹം പറഞ്ഞു:

"ഒന്നുമില്ലാത്തവന് കണ്ടുകെട്ടൽ എന്തു ദോഷംചെയ്യും? എനിക്ക് ആകെയുള്ള ഈ തുണിയും കുറേ പുസ്തകങ്ങളുമായിരിക്കാം, നീ എന്നെ പീഡിപ്പിച്ചിട്ട് എടുക്കാൻ പോകുന്നത്. നാടുകടത്തൽ ഞാൻ അറിയുന്നില്ല. കാരണം, ഞാൻ ജീവിക്കുന്ന ഈ നാടും ഞാൻ നാടുകടത്തപ്പെടുന്ന ഏതു

നാടും എന്റേതായി ഞാൻ കരുതുന്നു; എല്ലാ നാടും ദൈവത്തിന്റേതാണ്. അവന്റെ വെറുമൊരു സേവകനാണ് ഞാൻ. ഈ ലോകത്തിൽ ഒരു പഥികനും തീർഥാടകനും മാത്രമാണ് ഞാൻ. പീഡനങ്ങൾക്ക് എന്നോട് എന്തു ചെയ്യാനാവും? എന്റെ ശരീരം ഒരുപക്ഷേ ഒറ്റയടിക്കുതകും. ഈ കാര്യങ്ങളിലേ നിനക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. എന്നാൽ എന്നെ സംബന്ധിച്ച് മരണം കരുണാർദ്രമായ ഒരു കർമം മാത്രമായിരിക്കും. കാരണം, അതെന്നെ ദൈവത്തോട് കൂടുതൽ അടുപ്പിക്കും. അവനുവേണ്ടി ഞാൻ ജീവിക്കുന്നു. അവനുവേണ്ടി ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവനുവേണ്ടി ഞാൻ മിക്കവാറും മൃതനാണ്. അവന്റെ പക്കലേക്ക് ഞാൻ കുതിക്കുന്നു" (പ്രഭാഷണം 43,49).

ഇതുകേട്ട ഉദ്യോഗസ്ഥൻ ഞെട്ടിപ്പോയി:

"ഇതുപോലാരും ഇത്ര നിർഭയമായി എന്നോട് സംസാരിച്ചിട്ടില്ല."

അതിനു മറുപടിയായി ബേസിൽ പറഞ്ഞു:

"ഒരുപക്ഷേ നീ ഇതിനുമുമ്പ് ഒരു മെത്രാനെ അറഞ്ഞിട്ടില്ലായിരിക്കാം. ദൈവം അപഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നിടത്ത് എല്ലാം ഇല്ലായ്മയായി കരുതപ്പെടുന്നു. അവനെ മാത്രമേ ഞങ്ങൾ ശ്രദ്ധിക്കുന്നുള്ളു. അഗ്നിയും വാളും വന്യമൃഗങ്ങളും ഭീകരങ്ങളായ പീഡനോപകരണങ്ങളും ഭയഹേതുക്കളായിട്ടല്ല, ആഹ്ലാദകരമായി ഞങ്ങൾ കരുതുന്നു. അബദ്ധസിദ്ധാന്തങ്ങളിലേക്ക് ഞങ്ങളെ വലിച്ചിഴയ്ക്കാൻ സാധ്യമല്ലെന്ന് ചക്രവർത്തിയോട് പറഞ്ഞേക്കൂ. ഭീഷണികളൊന്നും ഇവിടെ വിലപ്പോകില്ല (43,50). ഇതേപ്പറ്റി കേട്ട ചക്രവർത്തി തന്റെ ഉദ്യമത്തിൽ നിന്ന് പിന്മാറി!

ബേസിൽ കർമനിരതനായിരുന്നെങ്കിലും ഒരു ചിന്തകൻ കൂടി ആയിരുന്നു. സാർവത്രിക സഭാപിതാക്കന്മാരിൽ ഒന്നാമനായി അദ്ദേഹം നിലകൊള്ളുന്നു. ജീവിതകാലത്തുതന്നെ അദ്ദേഹത്തിന്റെ കൃതികൾ വളരെയധികം ബഹുമാനിക്കപ്പെട്ടിരുന്നു. അദ്ദേഹം രണ്ടു സന്യാസ നിയമങ്ങൾ എഴുതിയുണ്ടാക്കി. നിഖ്യാ വിശ്വാസപ്രമാണത്തിൽ മാറ്റം വരുത്താൻ അദ്ദേഹം സമ്മതിച്ചില്ല. ഗ്രീക്കിലുള്ള ഉസിയാ, ഹ്യുപ്പോസ്റ്റസിസ് എന്നീ പദങ്ങൾക്ക് അർത്ഥക്ലിപ്തത നൽകിയപ്പോൾ ഹോമോഉസിയോസ് എന്ന നിഖ്യായിലെ പദപ്രയോഗം പൊതുവെ സ്വീകാര്യമായി. 'ദൈവത്തിൽ ഏക ഉസിയായും മൂന്നു ഹിപ്പോസ്റ്റസിസും ഉണ്ട്' എന്ന് പഠിപ്പിച്ചു. ഉസിയാ അസ്തിത്വത്തെ അഥവാ സത്തയെ കുറിക്കുന്നു. അഥവാ ദൈവത്തിന്റെ സത്താപരമായ യാഥാർത്ഥ്യത്തെ കുറിക്കുന്നു. അതൊന്നേയുള്ളു. ഹിപ്പോസ്റ്റസിസ് പ്രത്യേകരീതിയിലുള്ള അസ്തിത്വത്തെ കുറിക്കുന്നു. ഓരോ ആളും ആയിരിക്കുന്ന അവസ്ഥ. അത് ഒന്നല്ല, മൂന്നാണ്. ഹോമോഉസിയോസ് എന്ന പദം സത്തയിൽ പുത്രന് പിതാവിനോടുള്ള സമത്വം



കുറിക്കുന്നു. അതുപോലെ സത്തയിലും സാരാംശത്തിലും പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും തുല്യനാണ്.

**വി.ഗ്രിഗറി നസ്യാൻസൻ (+390)**

ബേസിലിന്റെ സ്നേഹിതനായ ഗ്രിഗറിയും സഭയ്ക്ക് സാരവത്തായ സംഭാവന ചെയ്തയാളാണ്. നസ്യാൻസന്റെ പിതാവും മെത്രാനായിരുന്നു. പിതാവിന്റെ രൂപതയിൽ തന്നെ ഗ്രിഗറി സഭാശുശ്രൂഷ നടത്തി. രൂപതയുടെ പേരോട് ചേർത്താണ് നസ്യാൻസൻ എന്ന് അദ്ദേഹത്തെ വിളിക്കുന്നത്. ആഥൻസിലെ പഠനത്തിനിടയ്ക്കാണ് ഗ്രിഗറിയും ബേസിലും പരിചയപ്പെടുന്നത്. അത് ജീവിതകാലം മുഴുവൻ നിലനിന്നു. ഉന്നതവിദ്യാഭ്യാസാനന്തരം ബേസിലുമൊത്ത് ധ്യാനനിരതനായി ജീവിച്ചുവരവേ, സ്വന്ത ഇഷ്ടത്തിനെതിരായി പിതാവ് ഗ്രിഗറിയെ വൈദികനാക്കി. ഭയവിഹ്വലനായി അന്നുതന്നെ അദ്ദേഹം ഒളിച്ചോടിപ്പോയി ബേസിലിന്റെ പക്കലെത്തി. ഏതാണ്ട് ഒരുവർഷം അവിടെ താമസിച്ചു.

സഭാതലത്തിൽ ഉയർന്ന പദവികളോ, കർമനിരതമായ ജീവിതത്തിന്റെ വർണപ്പകിട്ടോ ഒന്നും അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. അദ്ദേഹം ഏകാന്തത ആഗ്രഹിച്ചു. എന്നാൽ അങ്ങനെ അറിയപ്പെടാത്തവനായി ജീവിക്കാൻ സാഹചര്യങ്ങൾ അനുവദിച്ചില്ല. ബേസിൽ അദ്ദേഹത്തെ 371-ൽ മെത്രാനാക്കി സാസിമാ എന്ന രൂപത ഏൽപ്പിച്ചു. എന്നാൽ ഗ്രിഗറിക്ക് അതിഷ്ടപ്പെട്ടില്ല. അതുകൊണ്ട് രൂപതാഭരണം ഏറ്റെടുക്കാൻ അവിടെ പോയില്ല. പ്രത്യുത, തന്റെ പിതാവിന്റെ കൂടെ താമസിച്ചുകൊണ്ട് രൂപതാഭരണത്തിൽ സഹായിച്ചു. പിതാവ് 374-ൽ മരിച്ചപ്പോൾ, അദ്ദേഹം നസ്യാസസ് രൂപതയുടെ ഭരണമേറ്റെടുത്തു.

കോൺസ്റ്റാന്റിനോപ്പിളിലെ പല പള്ളികളും അപ്പോഴും ആരിയൻ പക്ഷക്കാരുടെ കൈകളിലായിരുന്നു. അവിടെ ചെന്ന് സഭയെ ക്രമപ്പെടുത്തണമെന്ന അഭ്യർഥനയുമായി കുറേ സത്യവിശ്വാസികൾ ഗ്രിഗറിയെ സമീപിച്ചു. അദ്ദേഹം അതിനു സമ്മതിച്ചു. അവിടെ ഒരു ബന്ധുവിന്റെ ഭവനത്തിൽ താമസിച്ചുകൊണ്ട് പള്ളികൾ ഒന്നിനുപിറകെ ഒന്നായി ആരിയൻ പക്ഷക്കാരിൽ നിന്ന് വിമോചിപ്പിച്ചു. അവിടെ വച്ചാണ് സുപ്രസിദ്ധമായ അഞ്ച് ദൈവശാസ്ത്രപ്രസംഗങ്ങൾ നടത്തി, 'ദൈവശാസ്ത്രജ്ഞൻ' എന്ന പേര് സമ്പാദിച്ചത്.

കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ വച്ച് (381) മെത്രാന്മാർ ഗ്രിഗറിയെ അവിടുത്തെ മെത്രാനായി തെരഞ്ഞെടുത്തു. എന്നാൽ ഈജിപ്തിലേയും മാസിഡോണിയായിലേയും ചില മെത്രാന്മാരുടെ എതിർപ്പുമൂലം ഗ്രിഗറി പ്രസ്തുത സ്ഥാനം നിരസിച്ചു. കലഹങ്ങളിൽ വിവാദപുരുഷനാകാൻ അദ്ദേഹം താൽപ്പര്യപ്പെട്ടില്ല. ഒരു വിടവാങ്ങൽ പ്രസംഗം നടത്തി

യശേഷം അദ്ദേഹം നാട്ടിലേക്കു മടങ്ങി 384 വരെ സ്വന്തം രൂപതയുടെ ഭരണം നടത്തി. തുടർന്ന് തന്റെ സ്നേഹിതനായ എവുലാലിയോസിനെ രൂപതാഭരണം ഏൽപ്പിച്ചു. മരിക്കുന്നതുവരെ ധ്യാനത്തിലും പ്രാർഥനയിലും ചെലവഴിച്ചു.

ത്രിത്വരഹസ്യം വിശദീകരിക്കാൻ ഗ്രിഗറിയും ബേസിലിന്റെ ഒപ്പം നിന്നു: 'ഒരേ ഒരു ദൈവത്വവും ഒരേ ഒരു ശക്തിയും മൂന്നിലെ ഏകത്വത്തിൽ കാണുന്നു. എല്ലാ തരത്തിലും ഒരേ ഒരു ദൈവം. മൂന്ന് അനന്തതകളുടെ അനന്തമായ ഐക്യം. ഒറ്റയ്ക്ക് ഓരോരുത്തരും ദൈവമാണ്. പിതാവ് ദൈവമാകുന്നതുപോലെ പുത്രനും, പുത്രൻ ദൈവമാകുന്നതുപോലെ പരിശുദ്ധാത്മാവും ദൈവമാകുന്നു. ഓരോരുത്തരെയും വ്യത്യസ്തരാക്കുന്നത് അവരവരുടെ വ്യക്തിപരമായ സവിശേഷതകളത്രേ. ഒന്നായി ധ്യാനിക്കുമ്പോൾ ത്രിയേകദൈവം. സമസത്തവഴി ഓരോരുത്തരും ദൈവമാണ്.'

മഹാനായിരുന്നെങ്കിലും അദ്ദേഹം ഒരു സാധാരണ മനുഷ്യനായിരുന്നു. വലിയ ദൈവശാസ്ത്രജ്ഞൻ ആയിരുന്നെങ്കിലും, മാനുഷികവികാരങ്ങൾ പങ്കുവയ്ക്കുന്നതിൽ അദ്ദേഹം ലുബ്ധ് കാട്ടിയില്ല. ജനമധ്യത്തിൽ അദ്ദേഹം അസ്വസ്തനായിരുന്നു. ചെമ്പിച്ച പുരികവും ചുക്കിച്ചുളിഞ്ഞ മുഖവും നിരന്തരവേദന സ്പുരിക്കുന്ന മുഖഭാവങ്ങളും ഉപവാസവും ജാഗരണവും കൊണ്ട് വിരൂപമായ പ്രകൃതിയുമായിരുന്നു അദ്ദേഹത്തിന്റേത്. ദരിദ്രജീവിതം നയിച്ച അദ്ദേഹം വസ്ത്രധാരണത്തിൽ അൽപ്പംപോലും ശ്രദ്ധിച്ചില്ല. സംസാരത്തിൽ കുലീനശൈലി പുലർത്തിയില്ല. വളരെ വേഗത്തിലായിരുന്നു സംസാരരീതി. ഫലിതപ്രിയനായിരുന്നു അദ്ദേഹം; ഉടൻ തിരിച്ചടിക്കുക അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നു.

ബേസിലിന്റെയും തന്റെ പ്രിയപ്പെട്ടവരുടെയും മരണം ഗ്രിഗറിയിൽ കനത്ത ആഘാതമേൽപ്പിച്ചു. സ്നേഹിതനായ എവുഡോക്സിയോസിന് അദ്ദേഹം എഴുതുന്നു:

"എനിക്ക് സുഖമാണോ എന്ന് നീ ആരാഞ്ഞല്ലോ. ഞാൻ പറയാം. വേദന നിറഞ്ഞു കവിഞ്ഞൊഴുകുന്ന പാനപാത്രമാണ് ഞാൻ. ബേസിൽ എനിക്ക് നഷ്ടപ്പെട്ടു. എന്റെ സഹോദരനായ ചെസാറിയോസ് എനിക്കു നഷ്ടപ്പെട്ടു. എന്റെ ആരോഗ്യം നശിച്ചു. വാർധക്യം എന്റെ തലയ്ക്കുമീതേ തൂങ്ങിക്കിടക്കുന്നു. ബഹുവിധ പര്യാകുലതകളാൽ ഞാൻ മൂടപ്പെടുന്നു. എന്റെ സ്നേഹിതർ അവിശ്വസ്തരായിത്തീർന്നു. സഭയ്ക്ക് ഇടയൻ ഇല്ലാതായി. എല്ലാ ബഹുമാനവും നഷ്ടപ്പെട്ടു. തിന്മ നഗ്നമായി നമ്മുടെ മുമ്പിൽ കിടക്കുന്നു. നാം അന്ധകാരത്തിലേക്ക് യാത്ര ചെയ്യുന്നു. ഒരു ദീപവും അവിടെങ്ങും കാണുന്നില്ല. ക്രിസ്തു ഉറങ്ങിക്കിടക്കുകയാണ്. നമുക്ക് എന്തു സംഭവിക്കും! മരണമാകുന്ന വിടുതൽ അല്ലാതെ ഈ കെടുതികളിൽ നിന്ന്



ഞാനൊരു മോചനവും തേടുന്നില്ല. ഇവിടെയുള്ള സംഗതികളെക്കുറിച്ച് വിധിക്കയാണെങ്കിൽ, ശവക്കുഴിക്ക് അപ്പുറത്തുള്ളവയെക്കുറിച്ച ഞാൻ പരിഭ്രാന്തനാകുന്നു" (ലേഖനം, 80).

അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിൽ ആയിരുന്നപ്പോൾ, പലയിടങ്ങളിൽ നിന്ന് അദ്ദേഹത്തിന് എതിർപ്പുകൾ നേരിടേണ്ടിവന്നു. അതേപ്പറ്റി അദ്ദേഹം പറയുന്നു:

"മറ്റാളുകളുടെ നേരേ അവർ റോസാപ്പുഷ്പം വിതറുന്നു; എന്നാൽ എന്റെ നേരേ കല്ലുകളും".

കോൺസ്റ്റാന്റിനോപ്പിളിലെ ശബ്ദായമാനവും ചരടുവലികൾ നിറഞ്ഞതുമായ ജീവിതം അദ്ദേഹം ഇഷ്ടപ്പെട്ടില്ല. കൂടാതെ ചിലർ അദ്ദേഹത്തെ എതിർക്കുക കൂടി ചെയ്തപ്പോൾ അവിടെ തുടരാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അവിടെനിന്ന് പോകുന്നതിനുമുമ്പ് അദ്ദേഹം ഒരു വിടവാങ്ങൾ പ്രസംഗം നടത്തി. പ്രസംഗത്തിൽ പറയുന്നതിന്റെ നേരേ വിപരീതാർഥമാണ് ആരംഭത്തിൽ അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു വ്യക്തം:

"നാം മുമ്പു ചെയ്തിരുന്നതുപോലെ, നമ്മുടെ വിഭവസമൃദ്ധമായ ഭക്ഷണമേശയും വർണശബളമായ വസ്ത്രങ്ങളും നമ്മെ സന്ദർശിക്കുന്നവരോടുള്ള അവജ്ഞ നിറഞ്ഞ പെരുമാറ്റവും മൂലം നാം കുറ്റപ്പെടുത്തപ്പെട്ടേക്കാം. തങ്ങളുടെ വരുമാനം ചെലവാക്കാൻ ഒരു മാർഗവും ഇല്ലാത്ത കോൺസുൾമാർ, ഗവർണർമാർ, ജനറൽമാർ തുടങ്ങിയവരെ നാം കടത്തിവെട്ടണമെന്ന് എനിക്കറിയില്ലായിരുന്നു. അല്ലെങ്കിൽ പാവപ്പെട്ടവരുടെ വസ്തുവകകൾ അനുഭവിക്കാനും അവർക്കാവശ്യമായവ നമ്മുടെ സുഖഭോഗവസ്തുക്കൾക്കായി ചെലവഴിക്കാനും ബലിപീഠത്തിലേക്ക് കമഴ്ന്നുകിടന്ന് ഏമ്പക്കം വിടാനും നമ്മുടെ വയർ അത്യാർത്തി കാട്ടണമെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. അലങ്കരിക്കപ്പെട്ട കുതിരപ്പുറത്ത് യാത്ര ചെയ്യണമെന്നും വിശിഷ്ട രഥങ്ങളിൽ സംവഹിക്കപ്പെടണമെന്നും ജനകോടികൾ നമ്മുടെ മുമ്പിൽ പോകണമെന്നും കയ്യടിക്കുന്നവരാൽ ചുറ്റപ്പെടണമെന്നും വന്യമൃഗങ്ങളെ എന്നവണ്ണം മറ്റുള്ളവർ നമുക്ക് വഴി മാറിത്തന്ന് നമ്മുടെ വരവ് ദൂരെ നിന്നുതന്നെ കാണാൻ സൗകര്യപ്പെടുത്തണമെന്നും ഞാൻ അറിഞ്ഞിരുന്നില്ല. ഇതാണ് ഞാൻ ചെയ്ത തെറ്റെങ്കിൽ, അതൊക്കെ കഴിഞ്ഞകാല സംഭവങ്ങളായി കരുതിക്കൊള്ളുവിൻ. ഈ തെറ്റ് എന്നോട് ക്ഷമിക്കുവിൻ. ഭൂരിപക്ഷത്തെ സന്തോഷിപ്പിക്കുന്ന ഒരാളെ തെരഞ്ഞെടുക്കുവിൻ. എനിക്ക് എന്റെ മരുഭൂമിയും ഗ്രാമത്തിലെ ജീവിതവും എന്റെ ദൈവത്തേയും തന്നേക്കൂ. എനിക്ക് അവനെ മാത്രം പ്രസാദിപ്പിച്ചാൽ മതിയല്ലോ. എന്റെ സരളജീവിതം വഴി ഞാൻ അവനെ പ്രസാദിപ്പിക്കും."

അവസാനം അദ്ദേഹം ഇതും കൂട്ടിച്ചേർക്കുന്നു:

"കുറേ പേരെങ്കിലും എന്റെ രാജി അനുകരിച്ചാൽ, നിങ്ങൾക്ക് (പള്ളികൾക്ക്) സമാധാനം കിട്ടും എന്നതിന് ദൈവം തന്നെ സാക്ഷി. സിംഹാസനങ്ങൾ ഉപേക്ഷിക്കുന്നവർക്ക് ദൈവം കൂടി നഷ്ടപ്പെടുകയില്ല. പകരം മുകളിൽ സിംഹാസനം സജ്ജമാക്കപ്പെടും. അത് മറ്റതിനേക്കാൾ ശ്രേഷ്ഠവും സുരക്ഷിതവുമായിരിക്കും."

ആരിയൻ പാഷണ്ഡതയുടെയും കലഹത്തിന്റെയും പിളർപ്പിന്റെയും ഉപജാപങ്ങളുടെയും വെളിച്ചത്തിൽ അക്കാലത്തെ മെത്രാന്മാരുടെ യോഗങ്ങളെപ്പറ്റി ഗ്രിഗറിക്ക് നല്ല അഭിപ്രായമില്ലായിരുന്നു. പലപ്പോഴും വാഗ്വാദങ്ങളും തർക്കങ്ങളും വർദ്ധിക്കാനല്ലാതെ കലഹങ്ങൾ ശമിപ്പിക്കാൻ അവ സഹായകമായിരുന്നില്ല:

"സത്യം പറഞ്ഞാൽ എന്നെ സംബന്ധിച്ച് മെത്രാന്മാരുടെ എല്ലാ യോഗങ്ങളിൽനിന്നും ഒഴിഞ്ഞു നിൽക്കാനാണ് എന്റെ പ്രവണത. കാരണം, ഏതെങ്കിലും കൗൺസിൽ ശരിയായി അവസാനിച്ചതായോ, തിന്മകളുടെ പരിഹാരമായോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. മറിച്ച്, അത് വർധിപ്പിക്കുകയത്രേ ചെയ്തിട്ടുള്ളത്. അധികാരദുർമോഹവും കലഹപ്രിയവുമാണ് എവിടെയും മുന്നിട്ട് നിൽക്കുന്നത്!"

ഇപ്രകാരം ഒരു എക്യുമേനിക്കൽ കൗൺസിലിൽ നിന്നാണ് ഗ്രിഗറി ഇറങ്ങിപ്പോയത്. അതും കുറേ മെത്രാന്മാരുടെ എതിർപ്പുമൂലം! ഗ്രിഗറിയുടെ മഹത്വം മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞില്ല. തങ്ങളുടെ സ്വാർഥലക്ഷ്യങ്ങൾക്കുവേണ്ടി പരിശുദ്ധനായ ഗ്രിഗറിയെ അവർ അവഹേളിച്ചു. എന്നാൽ അവർ ചെയ്ത നടപടി തെറ്റായിരുന്നെന്ന് കാലം തെളിയിച്ചു. അവരെല്ലാം വിസ്മൃതിയിലാണ്ടു, ഗ്രിഗറി ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു; മേലാകാശത്തിൽ പ്രകാശം പരത്തുന്ന നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്നു. ക്രിസ്തീയസഭ മുഴുവൻ വലിയ സഭാപിതാവായി അദ്ദേഹത്തെ ബഹുമാനിക്കുകയും വണങ്ങുകയും ചെയ്യുന്നു. എല്ലാ സഭാപിതാക്കന്മാരും ദൈവശാസ്ത്രജ്ഞന്മാരാണെങ്കിലും പ്രത്യേകമാംവിധം ഗ്രിഗറി ആ പേരിൽ അറിയപ്പെടുന്നു. കാലത്തിനു മാത്രമേ മനുഷ്യന്റെ മഹത്വം തെളിയിക്കാൻ കഴിയൂ. അത് ചെയ്യുന്നത് കാലാതീതനായ ദൈവവും! ആ പരിശുദ്ധ എക്യുമേനിക്കൽ കൗൺസിലിലെ പരിശുദ്ധ പിതാക്കന്മാരുടെ ചെയ്തികളെല്ലാം പരിശുദ്ധമായിരുന്നില്ല!



# 14

# വി. ജോൺ ക്രിസോസ്തോം

അന്ത്യോക്യൻസഭയിലെ വളരെ പ്രശസ്തനായ സഭാപിതാവായിരുന്നു വി. ജോൺ ക്രിസോസ്തോം അഥവാ മാർ ഈവാനിയോസ്. നാല് വലിയ സഭാപിതാക്കന്മാരിൽ ഒരാളും മൂന്ന് എക്യുമേനിക്കൽ പിതാക്കന്മാരിൽ ഒരാളുമാണ് അദ്ദേഹം. അന്ത്യോക്യൻ മെത്രാൻ മെലേസ്യൂസ് 381-ൽ അദ്ദേഹത്തെ ഡീക്കനാക്കി. അന്ത്യോക്യയിലെ ഫ്ളാവിയൻ മെത്രാൻ 386 -ൽ അദ്ദേഹത്തെ വൈദികനാക്കി നഗരത്തിലെ പ്രധാനപള്ളിയിൽ പ്രസംഗകനായി നിയമിച്ചു. അവിടെ 397 വരെ വളരെ സ്തുത്യർഹമാംവിധം ഈ ശുശ്രൂഷ നിർവഹിച്ചു. അദ്ദേഹം വലിയ പ്രസംഗകനായി അറിയപ്പെട്ടു. അതിൽ നിന്നാണ് 'സ്വർണനാവുകാരൻ' എന്ന പേര് അദ്ദേഹത്തിന് ലഭിച്ചത്. ആറാം നൂറ്റാണ്ടു മുതൽ ഇത് അദ്ദേഹത്തിന്റെ പേരോടു ചേർത്ത് ഉപയോഗിക്കുന്നു. അദ്ദേഹം വളരെ തപശ്ചര്യകൾ നിറഞ്ഞ ജീവിതം നയിച്ചു. പാവപ്പെട്ടവരോട് വളരെ കാരുണ്യപൂർവം പ്രവർത്തിച്ചു.

കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാൻ നെക്താരിയുസ് 397-ൽ മരിച്ചപ്പോൾ, ചക്രവർത്തി ജോണിനെ തൽസ്ഥാനത്തേക്ക് നാമനിർദേശം ചെയ്തു. മെത്രാൻസ്ഥാനം സ്വീകരിക്കാൻ അദ്ദേഹം വൈമനസ്യം കാട്ടിയപ്പോൾ, ചക്രവർത്തിയുടെ കൽപ്പനയാൽ, ബലപ്രയോഗത്തിലും ചതിവിലുമാണ് അദ്ദേഹത്തെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് കൂട്ടിക്കൊണ്ടുപോയത്. അലക്സാൺഡ്രിയൻ മെത്രാൻ വി. തെയോഫിലസാണ് അദ്ദേഹത്തിന് മെത്രാൻപട്ടം നൽകിയത്.

മെത്രാനായി കഴിഞ്ഞപ്പോൾ നഗരത്തിലെ കുത്തഴിഞ്ഞ ജീവിതം ക്രമപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചു. അന്ത്യോക്യയിലെ ആശ്രമചുറ്റുപാടിലെ പാവനാന്തരീക്ഷവും കോൺസ്റ്റാന്റിനോപ്പിളിലെ വിഷലിപ്തമായ അന്തരീക്ഷവും

തമ്മിൽ തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കൊട്ടാരത്തിലെ ഉപജാപങ്ങളും ചരടുവലികളും കാണാൻ അശക്തമാംവിധം അത്ര പരിശുദ്ധവും കളങ്കരഹിതവുമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വം. അവരുടെ മ്ലേച്ഛതകളിലേക്ക് ഇറങ്ങിച്ചെല്ലാൻ മെത്രാനെന്ന നില അനുവദിച്ചില്ല. ഇറങ്ങിയിരുന്നെങ്കിൽ, എന്നും അവരുടെ സ്നേഹിതനായി കഴിയാമായിരുന്നു. എന്നാൽ തീവ്രവികാര പ്രകൃതിക്കാരനായ അദ്ദേഹം അവരെയൊന്നും പരിഗണിക്കാതെ ജീവിച്ചു. വൈദികരെയും ജനങ്ങളെയും നവീകരിക്കാനുള്ള പരിശ്രമം യാഥാർഥ്യത്തിന് യോജിച്ചതല്ലായിരുന്നു. അത് അദ്ദേഹത്തിന്റെ ശത്രുക്കളുടെ ശക്തികളെ സംയോജിപ്പിച്ചു. അവരെല്ലാം ഒത്തുകൂടി അദ്ദേഹത്തിനെതിരെ തിരിഞ്ഞു.

അദ്ദേഹം വളരെ ലാളിത്യപൂർണമായ ജീവിതമാണ് നയിച്ചത്. തന്റെ സ്വത്തിൽ അധികപങ്കും ആശുപത്രികളും ആതുരാലയങ്ങളും പണിയാനും പാവങ്ങളെ സംരക്ഷിക്കാനും സംഭാവന ചെയ്തെങ്കിലും, വൈദികരുടെയും ജനങ്ങളുടെയും ധാർമികനിലവാരം ഉയർത്താനുള്ള പരിശ്രമം കഠിനമായ എതിർപ്പിൽ കലാശിച്ചു. കുറ്റക്കാരായ കുറേ മെത്രാന്മാരെ എഫേസോസ് സിനഡിൽ (401) വച്ച് അദ്ദേഹം സ്ഥാനഭ്രഷ്ടരാക്കിയപ്പോൾ, അത് ഉച്ചകോടിയിലെത്തി. ഉടനെ നാട്ടിലും ദൂരെയുമുള്ള ശത്രുക്കളെല്ലാവരും ഒത്തുകൂടി അദ്ദേഹത്തെ തറപറ്റിക്കാൻ തീരുമാനിച്ചു. കൊട്ടാരത്തിൽ ഉണ്ടായിരുന്ന അനുഭാവവും ഈയവസരം തണുത്തുപോയി. ഏറ്റവും അടുത്ത സ്നേഹിതർ പോലും അദ്ദേഹത്തെ കൈവെടിഞ്ഞു.

എവുഡോക്സ്യാ രാജ്ഞി ഒരുസ്ഥലം കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ ക്രിസൊസ്തോം അവളെ കുറ്റപ്പെടുത്തി. അദ്ദേഹത്തിന് പട്ടം കൊടുത്ത അലക്സാൺഡ്രിയൻ മെത്രാനും അനുഭാവരഹിതമായ നിലപാടെടുത്തു. ഓക് സിനഡിൽവച്ച് (403) 36 മെത്രാന്മാർ യോഗംകൂടി ക്രിസൊസ്തോമിനെ വിസ്തരിക്കുകയും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. അർക്കേഡിയസ് ചക്രവർത്തി സിനഡിന്റെ തീരുമാനം അംഗീകരിച്ച് ജോണിനെ ബിഥീനിയായിലേക്ക് നാടുകടത്തി. ജനം ബഹളമുണ്ടാക്കുമെന്ന് ഭയന്നും കൊട്ടാരത്തിൽ ഉണ്ടായ അത്യാഹിതം നിമിത്തവും പിറ്റേദിവസം തന്നെ ചക്രവർത്തി അദ്ദേഹത്തെ തിരികെ വിളിച്ചു. ആഘോഷപൂർവം നഗരത്തിലെത്തിയ ക്രിസൊസ്തോം ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിയിൽ വച്ച് മനോഹരമായൊരു പ്രസംഗം നടത്തി. മറ്റൊരു പ്രസംഗത്തിൽ രാജ്ഞിയെ സ്തുതിച്ചുകൊണ്ട് പ്രസംഗിച്ചു (സൊസോമൻ, സഭാചരിത്രം, 8,18.8).

എന്നാൽ ഈ ശാന്തത അധികനാൾ നിലനിന്നില്ല. എവുഡോക്സ്യാ രാജ്ഞിയുടെ ഒരു പ്രതിമ കത്തീഡ്രൽ ദേവാലയത്തിനടുത്ത് സ്ഥാപിക്കാനുള്ള തിരക്കായി. കത്തീഡ്രലിനടുത്ത് വളരെ ഒച്ചപ്പാടാണെന്ന് ജോൺ പരാതിപ്പെട്ടു. അത് വ്യക്തിപരമായ അപമാനമായി രാജ്ഞി കരുതി. ജോണും വികാരഭരിതനായി. സ്നാപകയോഹന്നാന്റെ പെരുന്നാൾ ദിവസം രാജ്ഞിയെ ഉന്നംവച്ചുകൊണ്ട് ഒരു പ്രസംഗം നടത്തി:



"വീണ്ടും ഹേറോദ്യാ ശക്തി പ്രാപിക്കുന്നു. വീണ്ടും അവൾ ക്രുദ്ധയാകുന്നു. വീണ്ടും അവൾ നൃത്തം വയ്ക്കുന്നു. വീണ്ടും അവൾ യോഹന്നാന്റെ തല ആവശ്യപ്പെടുന്നു" (സൊക്രാട്ടസ്, സഭാചരിത്രം,6,18).

അത് ശത്രുക്കൾ കരുവായി ഉപയോഗിച്ചു. ചക്രവർത്തി അദ്ദേഹത്തെ സഭാജോലികളിൽ നിന്നെല്ലാം മുടക്കി. അദ്ദേഹം അത് കൂട്ടാക്കിയില്ല. ഉടനെ, 'ഒരു പള്ളിയിലും കയറിക്കൂടാ' എന്ന് ചക്രവർത്തി ഉത്തരവു പുറപ്പെടുവിച്ചു. കോൺസ്റ്റൻസിന്റെ കടവിൽ (404) ദുഃഖശനിയാഴ്ച സ്നാനശുശ്രൂഷയ്ക്കായി ജോണും വിശ്വസ്തരായ വൈദികരും ഒന്നിച്ചു കൂടിയപ്പോൾ ഭടന്മാർ ജനങ്ങളെ വിരട്ടി ഓടിക്കുകയും സ്നാനജലത്തിൽ രക്തം കലർത്തുകയും ചെയ്തു (പല്ലാഡിയുസ്, ലൗസിയാക് ചരിത്രം,33,34). നഗരം വിടാൻ 404 ജൂൺ 9-ന് ചക്രവർത്തി ഉത്തരവിടുകയും അർമേനിയായിലെ കൗക്കാസസിലേക്ക് നാടുകടത്തുകയും ചെയ്തു. യാതൊന്നും എടുക്കാതെ, എല്ലാം ഉപേക്ഷിച്ച്, അദ്ദേഹം നാടുവിട്ടു. മൂന്നുവർഷം അവിടെ താമസിച്ചു. ജനങ്ങൾ തീർഥയാത്രയായി അവിടേക്ക് ചെല്ലാൻ തുടങ്ങി. അപ്പോൾ അദ്ദേഹത്തെ എതിരാളികൾ കരിങ്കടലിന്റെ കിഴക്കേ തീരത്തുള്ള പിത്യൂസ് എന്ന വനപ്രദേശത്തക്ക് മാറ്റി. യാത്രാക്ലേശം കൊണ്ടും ക്ഷീണം കൊണ്ടും പ്രതികൂല കാലാവസ്ഥ കൊണ്ടും തകർന്ന് 407 സെപ്റ്റംബർ 14-ന് പോന്തുസിലെ കൊമാനായിൽ വച്ച് ജോൺ മരിച്ചു.

നാടുവിട്ട് പോകുന്നതിനുമുമ്പ് ജോൺ റോമിലെ മെത്രാനായ ഇന്നസെന്റിന് കത്തെഴുതിയിരുന്നു. പൗരസ്ത്യരും പാശ്ചാത്യരുമായ മെത്രാന്മാരുടെ സംഘത്തെക്കൊണ്ട് ഒരന്വേഷണം നടത്തണമെന്ന് റോം ആവശ്യപ്പെട്ടു. അത് നിരാകരിക്കപ്പെട്ടപ്പോൾ, ജോണിനെ പുനഃപ്രതിഷ്ഠിക്കുന്നതുവരെ സഭാസംസർഗമില്ലെന്ന് റോം കൽപിച്ചു. ജോണിനെ നീക്കിയശേഷം നിയമിതനായ അർസാചിയുസ് 404-ൽ തന്നെ മരിച്ചു. തുടർന്നു വന്ന അറ്റിക്കുസ് ജോണിന്റെ പേര് അനുസ്മരണപ്പട്ടികയിൽ ചേർത്തു. അതിനു ശേഷമാണ് റോം പൗരസ്ത്യസഭകളുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിച്ചത്. ജോണിന്റെ ഭൗതികാവശിഷ്ടങ്ങൾ 438 ജനുവരി 27-ന് കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്ന് ശ്ലീഹന്മാരുടെ പള്ളിയിൽ ആഘോഷമായി സംസ്ക്കരിച്ചു.

വളരെയധികം കൃതികളുടെ കർത്താവാണ് ജോൺ. കറതീർന്ന വ്യക്തിത്വവും ആത്മാർത്ഥത നിറഞ്ഞ ജീവിതവും ലൗകികദൃഷ്ട്യാ അദ്ദേഹത്തെ ദുരന്തത്തിലെത്തിച്ചു. എന്നാലത് അദ്ദേഹത്തിന്റെ മഹത്വവും പ്രശസ്തിയും വർദ്ധിപ്പിച്ചു. സ്വതസിദ്ധമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. കുലീനശൈലി, സ്വതസിദ്ധമായ ചിന്ത, നൈസർഗ്ഗികത എന്നിവ ഒത്തുവന്നപ്പോൾ ജോൺ സ്വർണനാവുകാരനായി. അന്നും ഇന്നും അദ്ദേഹത്തിന്റെ പ്രഭാഷണശൈലി സമുന്നതമായി നിൽക്കുന്നു. ഒരു കാലഘട്ടത്തിന്റെ നാനാവശങ്ങളെയും ഉൾക്കൊള്ളുന്നതാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ.

'വി.കുർബാനയുടെ ദൈവശാസ്ത്രജ്ഞൻ' എന്ന് ആധുനിക കാലത്ത് അദ്ദേഹം വിളിക്കപ്പെടുന്നു. കുർബാനയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം, കുർബാന ബലിയാണെന്ന സംഗതി എന്നിവ അദ്ദേഹം ചർച്ച ചെയ്യുന്നു. പരിശുദ്ധ ഭയത്തിന്റെ മേശ, ഭയഭക്തിജനകവും ദൈവികമായ മേശ, ഭീതികകരമായ രഹസ്യവും, ദിവ്യരഹസ്യങ്ങൾ, അവാച്യരഹസ്യങ്ങൾ, പാവന ഭീതിയുടെ കാസാ, ഭീതിജനകമായ രക്തം, അമൂല്യരക്തം" എന്നു തുടങ്ങിയ പ്രയോഗങ്ങൾ കുർബാന സംബന്ധമായി അദ്ദേഹം ഉപയോഗിക്കുന്നു.

ഇത്ര പരിശുദ്ധനും ശ്രേഷ്ഠനും കുലീനനും പ്രഗത്ഭനുമായ ജോണിനെ പട്ടംകൊടുത്ത അലക്സാൺഡ്രിയൻ മെത്രാനുൾപ്പെടെ 36 മെത്രാന്മാരാണ് മുടക്കിയത്. മെത്രാനായ ശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം ക്ലേശഭൂയിഷ്ടമായിരുന്നു. ജീവിതത്തിലെ ആനന്ദപ്രദമായ ഭാഗം അതോടെ അവസാനിച്ചു. സഭയുടെയും സഭാംഗങ്ങളുടെയും നന്മ മാത്രം അദ്ദേഹം കാംക്ഷിച്ചു. അതിനായി അഹോരാത്രം അധ്വാനിച്ചു. ആത്മാക്കളുടെ ഒരു യഥാർഥ വൈദ്യനായി തന്നെയാണ് അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. ജനഹൃദയങ്ങളെ സ്പർശിക്കുന്നതിനും അവരുടെ ശ്രദ്ധ പിടിച്ചുനിർത്തുന്നതിനും അദ്ദേഹത്തിന് അസാധാരണ കഴിവുണ്ടായിരുന്നു. ജനങ്ങളുടെ അഹന്ത, ധൂർത്ത്, ആഡംബരപ്രിയം എന്നിവയെ അദ്ദേഹം നിശ്ശിതമായി വിമർശിച്ചിരുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും അദ്ദേഹം പ്രവീണനായിരുന്നു.

വളരെ ആത്മാർഥത നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും അദ്ദേഹത്തിന്റെ നയനങ്ങൾക്കു മുമ്പിൽ സജീവമായി നിലനിന്നു. അവസാനം സ്ഥാനഭ്രഷ്ടനാക്കപ്പെട്ട്, പരിത്യക്തനായി നാടുകടത്തപ്പെടുകയും വിപ്രവാസത്തിൽ മരി



ക്കുകയും ചെയ്തു. അറിയപ്പെടാത്ത നാട്ടിൽ സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹം ക്രൂശിതനായ കർത്താവിന്റെ നാമത്തിൽ ഇവയെല്ലാം സന്തോഷപൂർവം സഹിച്ചതിനാൽ, മരണാനന്തരം മഹത്വീകരിക്കപ്പെട്ടു. ഭൗമികജീവിതകാലത്തുള്ള സ്തുതികളോ, അവഹേളനങ്ങളോ അല്ല മനുഷ്യന്റെ മഹത്വം പ്രസ്പഷ്ടമാക്കുന്നതെന്ന് ജോണിന്റെ ജീവിതവും ചൂണ്ടിക്കാട്ടുന്നു. മാനുഷികമായി പറഞ്ഞാൽ അസഹനീയമായിരുന്നു അദ്ദേഹത്തിനു കിട്ടിയ അപമാനം! അതിനെ മൂല്യമുള്ളതാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അന്ത്യോക്യൻ സഭാപാരമ്പര്യത്തിൽ പെട്ട വൈദികർ മെത്രാന്മാരാകുമ്പോൾ ഈ ഗ്രീക്കുമെത്രാന്റെ പേരെടുക്കാൻ തിടുക്കം കൂട്ടുന്നു. സഭ മുഴുവൻ അദ്ദേഹത്തിന്റെ ഓർമ സന്തോഷപൂർവം അനുസ്മരിക്കുന്നു.

●

## OIRSI PUBLICATIONS - RECENT BOOKS

| | | |
|---|---|---|
| 288. | G. Chediath | പട്രോളജി - വാല്യം 1, 2006, p.308, Rs.150.00 |
| 289. | G. Chediath | പട്രോളജി - വാല്യം 2, 2006, p.286, Rs.125.00 |
| 290. | G. Chediath | ജോൺ ക്രിസൊസ്തോം: ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, 2006 p.124, Rs. 40.00 |
| 299. | A.Mekkattukunnel | പ്രത്യാശയുടെ ചൂണ്ടുപലകകൾ, 2008, p.64, Rs.30.00 |
| 300. | G. Chediath | പട്രോളജി-III, 2008, p.276, Rs.80.00 |
| 301. | G. Chediath | മാർ അപ്രേം, വിശ്വാസഗീതങ്ങൾ, 2008, പേജ് 256, Rs.100.00 |
| 303. | J.Puliurumpil | The Early Christian Settlements of Kerala, 2008, p.172, Rs.90.00 |
| 304. | C.Pyngott | തിരുനാളുകൾ, 2008, p.396, Rs.210.00 |
| 305. | A.Mekkattukunnel | ദൈവവചനം: റൂഹായുടെ സിംഫണി, 2008, p.64,Rs.50.00 |
| 306. | J.Thamarasserry | Church:Sign and Sacrament of Unity, 2009, p.790, Rs.300.00 |
| 307. | L.Arangasserry | Order and Priesthood |
| 308. | J.Kattackal | Dharma Pada, 2009, p.147, Rs.100 |
| 309. | G. Chediath | മാർ അപ്രേം-നിസിബിയൻ ഗീതങ്ങൾ, 2009, p.232, Rs.100 |
| 310. | G. Chediath | മാർ അപ്രേം-സഭാഗീതങ്ങൾ, 2009 |
| 311. | A.Mekkattukunnel | പൗലോസ് ശ്ലീഹാ: ജനതകൾക്കൊരു പ്രകാശ ഗോപുരം, 2009, p.192, Rs.100.00 |
| 312. | G.Chediath | മാർ അപ്രേം-പെസഹാഗീതങ്ങൾ, 2009,p.96, Rs.40.00 |
| 313. | S.Kanyakonil | ലൈംഗികത: അർത്ഥവും സത്യവും. കത്തോലിക്കാ ധാർമ്മികവീക്ഷണം, 2009, p.180, Rs.80 |
| 314. | Bishop Sebastian Vadakkel -G. Madathikkunnel, | പൗരസ്ത്യസഭകളുടെ കാനോനകൾ - സഭാ ജീവിതത്തിൽ, (3rd Ed.) 2009, p.1015, Rs.400 |
| 315. | M.Alappattumedayil | സത്യത്തിൽ സ്നേഹം, 2009, Rs.70. |
| 316. | F.Eluvathingal | Patriarchal and Major Archiepiscopal Curia in the Eastern Catholic Legislations Based on CCEO Canons 114-125, 2009, p.525, Rs.250 |
| 317. | P.Kalluveettil | രഹസ്യവും ദാനവും |
| 318. | G.Chediath | മാർ അപ്രേം ഉപവാസഗീതങ്ങൾ, 2009, p.160, Rs.75. |
| 319. | G.Chediath | സാക്ഷികളുടെ നിര, 2009, p.108, Rs.50. |

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010